## നിയമനിർമ്മാണം

### 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്) : സർ, 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

### ചർച്ച

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ഒരു പുതിയ കേരള സൃഷ്ടിക്കായി കേരളത്തിലെ ജനങ്ങളിലാകെ വലിയ പ്രതീക്ഷയും ആവേശവും ഉണ്ടാക്കാവുന്ന രീതിയിൽ 2016-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിപ്പിച്ചിട്ടുള്ള ഡോ. ടി. എം. തോമസ് ഐസക്കിനെയും അദ്ദേഹത്തിന്റെ ബില്ലിനെയും ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

ഒരു പുതിയ കേരള സൃഷ്ടിക്കായി ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നാലുമാസത്തെ ഭരണനടപടികളും ഇടപെടലുകളും കേരളത്തിലെ ജനങ്ങളിൽ വലിയ മതിപ്പാണ് ഉളവാക്കിയിട്ടുള്ളത്. അനുഭവങ്ങളിൽ നിന്നും പാഠം പഠിച്ച് ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുന്നതിൽ യു.ഡി.എഫ്. പൂർണ്ണമായി പരാജയപ്പെടുകയാണ്. ഇതാണ് രാഷ്ട്രീയ നിരീക്ഷകരുടെയും കേരളത്തിലെ ജനങ്ങളുടെയും വിലയിരുത്തൽ. യു.ഡി.എഫ്. ഭരണം ജനങ്ങൾക്കുവേണ്ടി ആയിരുന്നില്ല. നേതാക്കൾക്കും മന്ത്രിമാർക്കും അഴിമതിയിലൂടെ വലിയ രീതിയിൽ പണം വാരികൂട്ടാനാണ് അവർ പരിശ്രമിച്ചിരുന്നത്. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ സോളാർ കേസ്സിൽ ബാംഗ്ലൂർ സെഷൻസ് കോടതി ശിക്ഷിച്ചിരിക്കുകയാണ്. ജയലളിതയെ ശിക്ഷിച്ച കോടതിയാണിത്. സോളാർ അഴിമതിക്കെതിരെ എൽ.ഡി.എഫ്. നടത്തിയ സെക്രട്ടേറിയറ്റ് സമരം എത്രമാത്രം ശരിയാണെന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു. തന്റെ അഴിമതി മറച്ചുവയ്ക്കാൻ, ശ്രീ. ഉമ്മൻ ചാണ്ടിയും കോൺഗ്രസ്സും കാട്ടിയ വ്യഗ്രതയാണ് നിങ്ങളെ ജനങ്ങളിൽ നിന്ന് കുടുതൽ കുടുതൽ ഒറ്റപ്പെടുത്തിയതെന്ന് മനസ്സിലാക്കണം. ഒരു കാര്യം കോൺഗ്രസ്സ് ആലോചിക്കണം. പലനാൾ കള്ളന്മാർ ഒരു നാളിൽ

പിടിക്കപ്പെടുമെന്നാണ് പഴമൊഴി. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ശിക്ഷയെപ്പറ്റി പ്രതിപക്ഷനേതാവുപോലും ഒന്നും പറയുന്നില്ല. കോൺഗ്രസ്സിന്റെ സമുന്നത നേതാക്കളായ ശ്രീ. എ.കെ. ആന്റണിയും ശ്രീ. വി.എം. സുധീരനും ഒന്നും മിണ്ടുന്നില്ലെന്ന് കാണാൻ കഴിയും. സോളാർ കേസ്സിലെ പരാതി മുക്കിയ അന്നത്തെ വിജിലൻസ് ഡയറക്ടർ ശ്രീ. എൻ. ശങ്കർറെഡ്ഡിയും നിയമനടപടികളെ നേരിടുകയാണ്.

കേരളത്തിന്റെ പുതിയ വികസനത്തിന്റെ അജണ്ടയ്ക്ക് രൂപം നല്കി ഇൻഡ്യയിലും ലോകത്തുമുണ്ടാകുന്ന മാറ്റങ്ങളെ കണക്കിലെടുത്ത് കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനുള്ള സമഗ്ര മാർഗ്ഗം ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് എൽ.ഡി.എഫ്. സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോകം ശ്രദ്ധിക്കുന്ന തിളങ്ങുന്ന വികസന മാതൃകയാണ് കേരള മോഡൽ. 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്. മന്ത്രിസഭയാണ് ഇതിന് തുടക്കം കുറിച്ചത്. പൊതുവിദ്യാഭ്യാസ കാഴ്ചപ്പാട്, ഭൂപരിഷ്കരണരംഗത്തെ ഇടപെടലുകൾ, അധികാരവികേന്ദ്രീകരണം, പോലീസ് തൊഴിൽ സമരങ്ങളിൽ ഇടപെടാൻ പാടില്ല എന്നീ സമീപനങ്ങൾക്ക് തുടക്കം കുറിച്ചത് ഇ.എം.എസ്. മന്ത്രിസഭ ആയിരുന്നു. 1957 ഏപ്രിൽ അഞ്ചിന് അധികാരത്തിൽ വന്ന ഇ.എം.എസ്. മന്ത്രിസഭയുടെ ആദ്യത്തെ സർക്കാർ ഉത്തരവ്

1957 ഏപ്രിൽ 11-ന് ഇറക്കിയത് ഇനി ആരേയും കുടിയൊഴിപ്പിക്കാൻ പാടില്ല എന്നായിരുന്നു.

'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യം സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ കോൺഗ്രസ്സ് ഉയർത്തിയത് അവർ പൂർണ്ണമായും ഉപേക്ഷിക്കുകയാണ് ചെയ്തിരുന്നത്. കോൺഗ്രസ്സ് ഭരിച്ച ഒരു സംസ്ഥാനത്തും ഇതിന് അവർ ശ്രമിച്ചിട്ടില്ല. 1947 മുതൽ 1957 വരെ ഇന്ത്യയിലാകെ കോൺഗ്രസ്സിന്റെ ഭരണക്കുത്തകയായിരുന്നു. 1957-ൽ കേരളത്തിലാണ് ഇന്ത്യയിൽ ആദ്യമായി കോൺഗ്രസ്സിന്റെ ഭരണം നഷ്ടപ്പെടുന്നത്. 1967-ൽ നിരവധി സംസ്ഥാനങ്ങളിൽ ഭരണമാറ്റമുണ്ടായി. ഇന്ന് കോൺഗ്രസ്സിന്റെ സ്ഥിതി അങ്ങേയറ്റം ദയനീയമാണെന്ന് കാണാൻ കഴിയും. ഇന്ത്യൻ ജനസംഖ്യയുടെ 6 ശതമാനത്തോളം വരുന്ന ജനങ്ങളെയാണ് കോൺഗ്രസ്സ് വിവിധ സംസ്ഥാനങ്ങളിൽ ഭരിച്ചുകൊണ്ടിരിക്കുന്നത്. അതിൽ കർണ്ണാടക ഒഴിച്ചാൽ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും കേരളത്തിലെ ഒരു ജില്ലയിലെ ജനസംഖ്യ പോലും ഇല്ലെന്നുള്ളത് കാണാൻ കഴിയും. മേഘാലയ, മണിപ്പൂർ, മിസോറാം, അരുണാചൽ പ്രദേശ് തുടങ്ങിയ വടക്കുകിഴക്കൻ സംസ്ഥാനങ്ങളാണിവ. ഹിമാച്ചൽ പ്രദേശിനും ഉത്താരഖണ്ഡിനും കോൺഗ്രസ്സിന് ഭരണമുണ്ട്. ബീഹാറിൽ ജെ.ഡി.യു.-ന്റെ ജൂനിയർ പാർട്ട്ണറാണ് കോൺഗ്രസ്സെന്ന് നമുക്ക് കാണാൻ കഴിയും.

ഇതിൽനിന്നും പാഠം പഠിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ കൊണ്ടുവരുന്ന എല്ലാ പുരോഗമന നിലപാടുകളേയും കോൺഗ്രസ്സ് അധികാരത്തിൽ വരുമ്പോൾ തകർക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. എൽ.ഡി.എഫ്. ഭരണകാലത്ത് 7.6 ശതമാനമായിരുന്ന വളർച്ചാനിരക്ക്; യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ അത് 6.1 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം 22,762 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി എന്നാണ് അവകാശവാദം. എന്നാൽ സി.&എ.ജി. റിപ്പോർട്ട് പ്രകാരം 61 ശതമാനം മാത്രമാണ് ചെലവഴിച്ചത്; 10,000 കോടി രൂപയുടെ കുറവ് ഉണ്ടായതായി കാണാൻ കഴിയും. ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി പിരിച്ചെടുത്ത 650 കോടി രൂപയും കഴിഞ്ഞ സർക്കാർ വകമാറ്റി ചെലവഴിക്കുകയാണ് ചെയ്തത്. കേരളത്തിന്റെ സമ്പത് വ്യവസ്ഥയിൽ വലിയ സഹായകരമായിരുന്ന പ്രവാസി പണത്തിന്റെ വിഹിതം 50 ശതമാനമാക്കിയതുവഴി കേരളത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം കുറഞ്ഞിരിക്കുകയാണ്. ഇതാണ് കേരളം നേരിടുന്ന വലിയ രാഷ്ട്രീയ ദുരന്തം. ഇതിന് മാറ്റം കുറിക്കണമെങ്കിൽ ഭരണത്തുടർച്ച അനിവാര്യമാണെന്ന് കാണാൻ കഴിയും. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഈ ഭരണത്തുടർച്ചയ്ക്ക് നേതൃത്വം

നൽകാനാണ് എൽ.ഡി.എഫ്. സർക്കാരിന്റെ നിലപാടുകൾ സഹായിക്കുക എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനങ്ങളെ മറന്ന ഭരണമാണ് യു.ഡി.എഫ്. ഭരണം.

മെത്രാൻ കായൽ പതിച്ചുകൊടുത്തതും സന്തോഷ് മാധവൻ എന്ന ക്രിമിനൽകേസ്സിലെ പ്രതിയായ കള്ള സന്യാസിക്ക് ഭൂമി പതിച്ച് കൊടുത്തതിനുമെല്ലാം താൽപ്പര്യം കാണിച്ചത് യു.ഡി.എഫ്. ഭരണമാണ്. എന്നാൽ പാവപ്പെട്ടവർക്ക് വീട് വയ്ക്കാൻ 3 സെന്റ് ഭൂമി നൽകുന്ന കാര്യത്തിൽ അവർ ജാഗ്രതകാണിച്ചില്ല എന്നുള്ളത് കാണാൻ സാധിക്കും. വയനാട്ടിൽ പാവപ്പെട്ട ആദിവാസികൾക്ക് ഭൂമി നൽകാൻ പ്രഖ്യാപിച്ചിട്ടുള്ള 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പദ്ധതി 'ആശിക്കും കാശ് കോൺഗ്രസ്സ് നേതാക്കൾക്ക്' എന്നാക്കി മാറ്റി അവർ തകർത്തുകളഞ്ഞു. വൻ തുകയാണ് കോൺഗ്രസ്സ് നേതൃത്വം കമ്മിഷനായി കൈപറ്റിയത്. കോൺഗ്രസ്സിന്റെ പ്രദേശിക നേതൃത്വം പോലും പരസ്യമായി പത്രസമ്മേളനം നടത്തുന്ന അവസ്ഥ അവിടെ ഉണ്ടായിട്ടുണ്ട്. ഇത് അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയ ഗവൺമെന്റിന്റെ നടപടി അങ്ങേയറ്റം സ്വാഗതാർഹമാണ്. മുൻമന്ത്രി ശ്രീ. കെ. ബാബുവും ശ്രീ. സി. എൻ. ബാലകൃഷ്ണനുമെല്ലാം വിജിലൻസ് അന്വേഷണത്തെ നേരിടുകയാണ്. മോന്തായം

വളഞ്ഞാൽ അറുപത്തിനാലും വളയുമെന്നാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ അനുഭവം കോൺഗ്രസ്സിനെ ഓർമ്മിപ്പിക്കുന്നത്.

കേരളത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കാനാണ് കേരളാബാങ്ക് രൂപീകരണം പ്രഖ്യാപിച്ചത്. കാർഷിക മേഖലയും വലിയ തിരിച്ചടിയാണ് ഏറ്റുകൊണ്ടിരിക്കുന്നത്. കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്.

ജൈവപച്ചക്കറിയെ പ്രൊമോട്ട് ചെയ്യുന്നത് ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. ഇടുക്കി, വയനാട് ജില്ലകളെ ഉൾപ്പെടുത്തി പച്ചക്കറി കൃഷിക്കുവേണ്ടി സർക്കാർ നടത്തുന്ന നീക്കങ്ങൾ വലിയ ശ്ലാഘനീയമാണ്.

ടോൾ ഫ്രീ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കിഫ്ബി വഴി നിർമ്മിക്കുന്ന റോഡുകൾക്കും പാലങ്ങൾക്കും ടോൾ ഏർപ്പെടുത്തുകയില്ല എന്ന നിലപാട് സ്വാഗതാർഹമാണ്.

പരിസ്ഥിതി സൗഹൃദ വികസനമാണ് ഈ സർക്കാരിന്റെ സമീപനം. പരിസ്ഥിതി സംരക്ഷണം വലിയ പ്രാധാന്യം അർഹിക്കുന്നു. വയനാട് ജില്ലയിൽ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചാണ് വനത്തിനകത്ത് വലിയ റിസോർട്ടുകൾ നിർമ്മിക്കുന്നത്. ഇതിന് അനുമതി നിഷേധിച്ചാൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ

ഉൾപ്പെടെയുള്ളവർക്കെതിരെ റിസോർട്ട് മാഫിയ സംഘങ്ങൾ വൻ ഗൂഢാലോചന നടത്തുകയാണ്. ഇതിന് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് വനം വകുപ്പിനെ കുരിശ്ശിലേറ്റാൻ ഒരു ആനയെ വെടിവച്ച് കൊല്ലുന്ന അവസ്ഥയാണ് അവിടെ ഉണ്ടായിട്ടുള്ളത്. ഒരു പോലീസുകാരനും ഇതിനെ പിന്തുണയ്ക്കുന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. റിസോർട്ട് മാഫിയ സംഘങ്ങളും രാഷ്ട്രീയനേതൃത്വവും എല്ലാംകൂടി ചേർന്ന അവിഹിതബന്ധമാണ് ഇത്തരം കാര്യങ്ങൾ അവിടെ ഉണ്ടാക്കുന്നത് എന്ന് കാണാൻ കഴിയും. ജില്ലയിലെ റിസോർട്ടുകൾ കേന്ദ്രീകരിച്ച് നടക്കുന്ന മയക്കുമരുന്ന് വിതരണം, വന്യമൃഗ വേട്ട എന്നിവ കർശനപരിശോധനയ്ക്ക് വിധേയമാക്കണം. ഒരു റിസോർട്ട് ഉടമ തരംമാറ്റി ഉപയോഗിച്ച 13 ഏക്കർ സ്ഥലമാണ് ഇന്നലെ വൈത്തിരി പഞ്ചായത്തിൽ സബ്കളക്ടർ ഏറ്റെടുത്തിരിക്കുന്നത്. ഇത്തരം നടപടികളുമായി മുന്നോട്ട് പോകാൻ കഴിയേണ്ടതുണ്ട്. കോൺഗ്രസ്സ് തകർത്ത കേരളത്തെ രക്ഷിക്കുക എന്നതാണ് എൽ.ഡി.എഫ്.ന്റെ ചുമതല.

നെൽവയൽ സംരക്ഷണ നിയമം കോൺഗ്രസ്സ് അട്ടിമറിച്ചു. നവംബർ രണ്ടിന് കേരളനിയമസഭ നെൽവയൽ സംരക്ഷണനിയമം ചർച്ച ചെയ്യുകയാണ്. റേഷൻ ലഭിക്കുന്നവരുടെ മുൻഗണനാപട്ടിക 28 ലക്ഷത്തിൽനിന്ന് 34 ലക്ഷമാക്കി

ഉയർത്തുന്നതും ബി.പി.എൽ.-കാരുടെ താൽപ്പര്യം സംരക്ഷിക്കുക എന്നുള്ളതും സർക്കാരിന്റെ നിലപാടുകളാണ്. രണ്ടരവർഷക്കാലം പിന്നിട്ട കേന്ദ്രസർക്കാരിന്റെ ജനദ്രോഹനടപടികൾ കാരണം ജനങ്ങളിൽനിന്ന് ഒറ്റപ്പെടുന്ന അവസ്ഥയാണ് കേന്ദ്രത്തിലെ ഗവൺമെന്റിന് സംഭവിച്ചിട്ടുള്ളത്. കർഷകരുടെ ഭൂമി അവരുടെ സമ്മതമില്ലാതെ ഏറ്റെടുത്ത് കോർപ്പറേറ്റുകൾക്ക് നൽകാനുള്ള നിയമം കൊണ്ടുവരാനാണ് ബി.ജെ.പി. സർക്കാർ അധികാരത്തിൽവന്നപ്പോൾ ആദ്യം ശ്രമിച്ചത്. 'ഭൂമി അധികാർ ആന്തോളൻ പ്രക്ഷോഭം' ബി.ജെ.പി. സർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങൾക്കെതിരെ വലിയ കർഷകമുന്നേറ്റമായി മാറി. ശ്രീമതി മേധാപട്കർ ഉൾപ്പെടെയുള്ളവർ ഇടതുപക്ഷ കർഷക പ്രസ്ഥാനങ്ങളുമായി ചേർന്ന് വലിയ പ്രക്ഷോഭത്തിന്റെ ഭാഗമായി മാറിയത് നമുക്ക് കാണാൻ കഴിയും. പഞ്ചാബിലെ കർഷകൻ ഗജേന്ദ്രസിംഗ് ഡൽഹിയിൽ ആത്മഹത്യ ചെയ്തതും ഈ കാലഘട്ടത്തിലാണ്. കർഷക പ്രക്ഷോഭത്തെത്തുടർന്ന് ശ്രീ. നരേന്ദ്ര മോദിക്ക് ഭൂമി ഏറ്റെടുക്കുന്ന ബിൽ പിൻവലിക്കേണ്ടിവന്നു. ബി.ജെ.പി. സർക്കാരിന്റെ പ്രഖ്യാപനം കാർഷിക മേഖലയിൽ C2+50% ആയി മാറ്റുമെന്നായിരുന്നു. അതായത് കാർഷിക ചെലവിന്റെ 50 ശതമാനം അധികവില കർഷകർക്ക് നൽകും എന്നായിരുന്നു. രണ്ടരവർഷമായിട്ടും ഒന്നും ചെയ്യാൻ തയ്യാറായില്ല. ബി.ജെ.പി. ഭരിക്കുന്ന

മധ്യപ്രദേശ് സംസ്ഥാനത്ത് ഉള്ളിക്കൃഷി ചെയ്യുന്ന ഇൻഡോർ ഷൗരി വില്ലേജിലെ കർഷകർക്ക് 20 പൈസ മുതൽ 50 പൈസ വരെയാണ് ഒരുകിലോ ഉള്ളിക്ക് ലഭിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് ഉള്ളി കർഷകർ തെരുവിലിറങ്ങി ഉള്ളി വലിച്ചെറിയുന്ന പ്രക്ഷോഭം വരെ അവിടെ സംഘടിപ്പിക്കുകയുണ്ടായി. ഒരു കിലോ പരിപ്പിന് 30 മുതൽ 40 രൂപ വരെയാണ് കർഷകർക്ക് ലഭിക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ വിശ്വസ്ഥനും വിഴിഞ്ഞം തുറമുഖം കരാറുകാരനുമായ ഗൗതം അദാനിക്കാണ് ഭക്ഷ്യവസ്തുക്കളുടെ വിതരണ കുത്തക ഏൽപ്പിച്ചിരിക്കുന്നത്. ബി.ജെ.പി. ഭരണത്തിൽ കർഷക ആത്മഹത്യ ആദ്യ വർഷത്തിൽ 26 ശതമാനമാനവും രണ്ടാമത്തെ വർഷത്തിൽ അത് 40 ശതമാനവുമായി വർദ്ധിക്കുകയാണ് ഉണ്ടായത്. ബി.ജെ.പി. ഭരിക്കുന്ന ആസ്സാമിലെ കാവ്യരംഗയിൽ ഭൂമിപ്രശ്നങ്ങളിൽ രണ്ട് മുസ്ലീം കർഷകരെ വെടിവച്ച് കൊന്ന സംഭവമുണ്ടായി. ബി.ജെ.പി. ജാർഖണ്ഡിൽ നടത്തിയ വെടിവയ്പ്പിൽ നാല് കർഷകർക്കാണ് വെടിയേറ്റത്. റാഞ്ചിയിൽ ആദിവാസി റാലിക്കെതിരെനടന്ന വെടിവയ്പ്പിൽ ഒരു ആദിവാസിയെ വെടിവച്ച് കൊല്ലുന്ന അവസ്ഥയുണ്ടായി. പി.എം.ബി.വൈ. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയെയാണ് മോദി സർക്കാർ ഏൽപ്പിച്ചിരിക്കുന്നത്. കൃഷിക്കാരുടെ സീറോ ബാലൻസ്

അക്കൗണ്ടിലേക്ക് ബാങ്കുകൾ വഴി പണം കടമായി നിക്ഷേപിച്ച് തട്ടിപ്പിന് വേദിയൊരുക്കുകയാണ് ചെയ്യുന്നത്. കർഷകരെ വഞ്ചിച്ച് കോർപ്പറേറ്റുകൾക്ക് പണം വാരിക്കൂട്ടാനുള്ള അവസരമാണ് ബി.ജെ.പി. സർക്കാർ കളമൊരുക്കി കൊടുക്കുന്നത്. മോദിക്കെതിരെ ഇന്ത്യയിലെ ട്രേഡ് യൂണിയൻ സംഘടന നടത്തിയിട്ടുള്ള പ്രക്ഷോഭങ്ങൾ ഐതിഹാസികവും ചരിത്ര പ്രധാനവുമാണ്. ഇന്ത്യയിൽ കഴിഞ്ഞ സെപ്റ്റംബർ രണ്ടിന് നടന്ന പണിമുടക്കിൽ കോടിക്കണക്കിന് തൊഴിലാളികളാണ് പങ്കെടുത്തിരിക്കുന്നത്. മോദിയുടെ തൊഴിലാളി വിരുദ്ധനടപടികൾക്കെതിരെ, തൊഴിലാളികൾക്കിടയിലുണ്ടാകുന്ന വൻ മുന്നേറ്റം രാജ്യത്ത് ആകെ ആവേശമുണ്ടാക്കുന്നതായി കാണാൻ കഴിയും. മോദി സർക്കാരിനെതിരെ കർഷകരും തൊഴിലാളികളും ദളിത്-ആദിവാസികളും വിദ്യാർത്ഥികളും നടത്തുന്ന പ്രക്ഷോഭങ്ങൾ ഭാവി ഭാരതത്തിന്റെ ദിശാസൂചകമാണ്. വരുന്ന ഡിസംബർ 30-ന് ഡൽഹിയിൽ ആദിവാസികളുടെ ഐക്യറാലി നടക്കുകയാണ്. നിരവധി ആദിവാസി സംഘടനകൾ ഈ സംരംഭത്തിൽ പങ്കെടുക്കുന്നുണ്ട്. ടി.എസ്.പി. ഫണ്ടും എസ്.സി.പി. ഫണ്ടും ദുർബ്ബലപ്പെടുത്താനാണ് ബി.ജെ.പി. സർക്കാരിന്റെ നീക്കം. സംവരണം വേണ്ടെന്ന ആർ.എസ്.എസ്. സർസംഘ് ചാലക് Dr. Mohan Bhagwat-ന്റെ പ്രഖ്യാപനങ്ങളും ഇതുമായി

കുട്ടിവായിക്കാൻ കഴിയണം. ഇ-മാർക്കറ്റിംഗും നൂറ് ശതമാനം വിദേശപണ നിക്ഷേപവും കാർഷിക മേഖലയിൽ അനുവദിക്കുകയാണ് കേന്ദ്ര സർക്കാർ. കർഷകത്തൊഴിലാളികളുടെ മിനിമം കൂലി പ്രഖ്യാപിക്കാൻ പോലും കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ന്യൂനപക്ഷ ജനവിഭാഗങ്ങളും ദളിത് ജനവിഭാഗങ്ങളും ബി.ജെ.പി. നടത്തുന്ന കടന്നാക്രമങ്ങൾക്കെതിരെ രാജ്യത്ത് ഉയർന്നുവരുന്ന പ്രക്ഷോഭങ്ങളിലും ജനമുന്നേറ്റങ്ങളിലും വൻതോതിൽ പങ്കെടുക്കുന്നു എന്നുള്ളത് അടുത്തകാലത്ത് വരുന്ന സംഭവവികാസങ്ങളാണ്. മോദിയുടെ തെറ്റായ രാഷ്ട്രീയത്തിനെതിരെ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾ അണിനിരക്കുന്ന കാഴ്ചയാണ് രാജ്യത്തെമ്പാടും നമുക്ക് കാണാൻ കഴിയുന്നത്. കഴിഞ്ഞ ഓഗസ്റ്റ് മാസം 15-ാം തീയതി, പൂനയിലുണ്ടായ സംഭവ വികാസങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് മോദിയുടെ നാട്ടിലാണ് ദളിത് ജനവിഭാഗങ്ങൾ സ്വാഭിമാൻ റാലി സംഘടിപ്പിച്ചത്. ജിഗ്നേശ് മെവാനിയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള പ്രതിഷേധങ്ങൾ രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടതാണ്. നേരത്തെ ദളിത് സംഘടനകൾ സംവരണം, അയിത്തം തുടങ്ങിയ കാര്യങ്ങളിൽ മാത്രമാണ് ഇടപെട്ടിരുന്നത്. ഇക്കാര്യങ്ങൾ മാത്രം പറഞ്ഞുനിന്നാൽ തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയില്ലെന്ന് ദളിത് സംഘടനകൾ തിരിച്ചറിയുന്നു എന്നതാണ് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ

വർഗ്ഗപരമായ മാറ്റം എന്ന് നമുക്ക് കാണാൻ കഴിയും. അവർ വർഗ്ഗപരമായി മാറിചിന്തിക്കുകയാണ്. ഭൂമിയും തൊഴിലും ദളിതരുടെ ആവശ്യങ്ങളായി അവർ ഉയർത്താൻ തുടങ്ങി. ഇടതുപക്ഷത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കേണ്ട ആവശ്യകതയും ദളിത് ആദിവാസി ജനവിഭാഗങ്ങൾ തിരിച്ചറിയുന്നു എന്നത് ഇന്ത്യൻ രാഷ്ട്രീയത്തിലെ ശ്രദ്ധേയമായ മാറ്റമാണ്. ഇന്ത്യയിൽ വിദ്യാർത്ഥികളുടെ മനസ്സ് ഇടതുപക്ഷത്തോടൊപ്പമാണ്. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ വിശാലമായ ഇടതുപക്ഷ ഐക്യത്തിന് വലിയ വിജയം നേടാൻ കഴിഞ്ഞു. ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലും പോണ്ടിച്ചേരി സർവ്വകലാശാലയിലും എസ്.എഫ്.ഐ. യും അംബേദ്കർ സ്റ്റുഡന്റ്സ് മൂവ്മെന്റും ചേർന്ന് വലിയ വിജയമാണ് ഈ വർഷം നേടാൻ കഴിഞ്ഞിട്ടുള്ളത്. ഉത്തർ പ്രദേശിലെ ലക്നൗവിലെ പ്രശസ്ത കോളേജായ കൺവൻസിംഗ് മെമ്മോറിയൽ കോളേജിൽ എസ്.എഫ്.ഐ. യ്ക്കുണ്ടായ വിജയം വളരെ ശ്രദ്ധേയമാണ്. ഇതെല്ലാം തെളിയിക്കുന്നത് പുതിയ തലമുറയിലെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ചിന്തകളും സ്വപ്നങ്ങളും ഇന്ത്യൻ രാഷ്ട്രീയത്തിലെ വർഗ്ഗീയതയ്ക്കെതിരെ മതനിരപേക്ഷതയുടെ നിലപാടുകൾക്ക് നല്ല സ്വാധീനം നേടാൻ കഴിയുന്നുണ്ടെന്നാണ്. ഇപ്പോൾ ഇടതുപക്ഷ

ജനാധിപത്യ ചേരിക്കുമാത്രമേ ഇന്ത്യയ്ക്കകത്ത് ബദൽ രാഷ്ട്രീയ സമീപനങ്ങളായി മാറാൻ കഴിയൂ എന്ന് യുവജനങ്ങളും വിദ്യാർത്ഥികളും ചിന്തിക്കുന്നത് പുതിയ രാഷ്ട്രീയ ധ്രുവീകരണത്തിന് വലിയ സഹായകമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ചിന്തയും സ്വപ്നവുമാണ് രാജ്യത്തിന്റെ ഭാവി രാഷ്ട്രീയത്തെ സ്വാധീനിക്കാൻ പോകുന്നത്. ദേശീയ രാഷ്ട്രീയത്തിൽ ബൂർഷ്വ സെക്കുലർ ടീമായി പ്രവർത്തിച്ചവരുടെ മേൽക്കൈ നഷ്ടപ്പെട്ടതും ഇടതുപക്ഷ ചിന്താഗതിക്ക് സ്വാധീനം ചെലുത്താൻ കഴിയുന്നതും വളരെ ശ്രദ്ധേയമായ രാഷ്ട്രീയ മാറ്റങ്ങളാണെന്ന് നമുക്ക് കാണാൻ കഴിയും. ഇതിൽ നിന്നെല്ലാം പാഠങ്ങൾ പഠിക്കാനാണ് കോൺഗ്രസ്സും അവരോടൊപ്പം നിൽക്കുന്നവരും പരിശ്രമിക്കേണ്ടത്. ഈ ഗവൺമെന്റ് ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളെയും അട്ടിമറിക്കാനും അതിനെ തകർക്കാനുമുള്ള നീക്കങ്ങളിൽനിന്ന് അവർ പിന്തിരിയേണ്ടതുണ്ട്. വയനാട് കർഷകരുടെയും ആദിവാസികളുടെയും തോട്ടം തൊഴിലാളികളുടെയും നാടാണ്. കാർഷിക മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയാവുന്ന രീതിയിൽ 500 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വയനാട് മെഗാ ഫുഡ് പാർക്കിന് അനുവദിച്ചിരിക്കുന്നത്. വയനാടിനെ കാർഷിക വ്യവസായ ജില്ലയാക്കി മാറ്റാൻ കഴിയണം.

വയനാടിന്റെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് കാർബൺ ന്യൂട്രൽ ജില്ലയാക്കി മാറ്റിയതും കബനീനദിയുടെ വിനിയോഗത്തിന് 10 കോടി രൂപ അനുവദിച്ചതുമെല്ലാം ഈ സർക്കാരിന്റെ കാഴ്ചപ്പാടിനെയാണ് സൂചിപ്പിക്കുന്നത്. തോട്ടം തൊഴിലാളികളുടെ നാടാണ് വയനാട്. ബ്രിട്ടീഷ് ഭരണകാലഘട്ടത്തിലെ കൊളോണിയത്തിന്റെ ചിഹ്നങ്ങളാണ് പാടി/ലയം സമ്പ്രദായം. അത് പൊളിച്ചുമാറ്റി അവർക്ക് വീടുണ്ടാക്കാൻ കൊടുത്തത് തോട്ടം തൊഴിലാളികൾക്ക് വളരെയേറെ സന്തോഷത്തിനിടയാക്കി. തോട്ടം തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിലേയ്ക്ക് മാറ്റുമെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ അടിയന്തരമായി ഇടപെടാൻ കഴിയണം. വയനാട്ടിൽ ചെമ്പ്ര തോട്ടം ഇന്നലെ ലോക്ക് ഔട്ട് ചെയ്തിരിക്കുകയാണ്. ആ വിഷയത്തിലും അടിയന്തരമായി സർക്കാർ ഇടപെടണം. ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമായി തുടരുകയാണ്. അവരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയണം. 'പഠിച്ചിട്ടെന്താ കാര്യം' എന്ന ചോദ്യത്തിന് ഉത്തരമായി ശ്രീ. എ. കെ. ബാലൻ ഇന്നലെ ഇവിടെ സൂചിപ്പിച്ചതുപോലെ വയനാട്ടിൽ ടി.ടി.സി യും ബി.എഡും പാസ്സായ എല്ലാവർക്കും താല്ക്കാലികാടിസ്ഥാനത്തിൽ ജോലി കൊടുക്കാൻ ഗവൺമെന്റ്

തയ്യാറായിരിക്കുകയാണ്. അതുപോലെ പുതിയ എം.ആർ.എസ്. സ്കൂൾ അനുവദിക്കാനും മൂന്ന് പ്രീ -മെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആരംഭിക്കാൻ തീരുമാനിച്ചതും ഗോത്ര വിഭാഗങ്ങളിൽനിന്ന് കൂടുതൽ ആളുകളെ പോലീസിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതുമെല്ലാം സ്വാഗതാർഹമായ കാര്യങ്ങളാണ്. ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു പുതിയ കേരള സൃഷ്ടിക്കായാണ് 70 വർഷങ്ങൾക്കുമുമ്പ് പുന്നപ്ര വയലാർ സമരസേനാനികൾ രക്തസാക്ഷിത്വം വരിച്ചത്. തീ തുപ്പുന്ന ബ്രിട്ടീഷ് പട്ടാളക്കാരുടെ തോക്കിനുനേരെ മുട്ടിലിഴഞ്ഞ് വാരിക്കുന്തവുമായിട്ടായിരുന്നു കർഷകരുടെ പോരാട്ടങ്ങൾ. ആ കർഷകരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പുന്നപ്ര വയലാർ സമരസേനാനിയും കേരള രാഷ്ട്രീയത്തിൽ പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തുമുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഭരണപരിഷ്കാര കമ്മീഷൻ നടപടികളും ഈ ശ്രമങ്ങൾക്കെല്ലാം വേഗം പകരുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു പുതിയ കേരള സൃഷ്ടിക്കായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തുന്ന

സമീപനങ്ങളുടെ ഭാഗമായുള്ള ഈ ധനവിനിയോഗ ബില്ലിന് എല്ലാ അർത്ഥത്തിലും ഒരിക്കൽ കൂടി പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. താരതമ്യേന ശാന്തനായ ശ്രീ. സി. കെ. ശശീന്ദ്രൻ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ഒരാക്ഷേപം ഉന്നയിച്ചിരുന്നു. ഒരു സിവിൽ ഡിസ്പ്യൂട്ടിൽ എക്സ്പാർട്ടി വിധി വന്നിട്ടുണ്ട്. സിവിൽ ഡിസ്പ്യൂട്ടിൽ ചെയ്യുന്നതുപോലെയുള്ള കാര്യങ്ങളുമായി ക്രമത്തിൽ മുന്നോട്ടുപോകും. അതുസംബന്ധിച്ച് വിഷമിക്കേണ്ട കാര്യമില്ല. അതിന്റെ കാര്യങ്ങളെല്ലാം ഇന്നലെ വിശദമായി ശ്രീ. സണ്ണി ജോസഫ് ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

ഇവിടെ നവകേരള സൃഷ്ടിക്കുവേണ്ടിയാണ് ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്നത്. അഞ്ച് മാസമായി നവകേരള സൃഷ്ടിക്കുവേണ്ടി ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള ഏതെങ്കിലുമൊരു നടപടിയെക്കുറിച്ച് പറയാൻ കഴിയുമോ? കഴിഞ്ഞ 50 മാസമായി ഇവിടെയുണ്ടായിരുന്ന ഭരണത്തെക്കാൾ വ്യത്യസ്തമായി എന്തെങ്കിലുമൊരു

പുതിയ നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? ഈ ഗവൺമെന്റ് സ്വീകരിച്ച ഒരു നടപടി ഇന്ന് ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ വീട് റെയ്ഡ് ചെയ്തു എന്നതാണ്. നവകേരള സൃഷ്ടിക്ക് തടസ്സം നിൽക്കുന്നത് ധനകാര്യ വകുപ്പ് സെക്രട്ടറിയാണ് എന്നാണോ ഗവൺമെന്റ് പറയുന്നത്? ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന ആദ്യത്തെ നടപടി അതാണ്. ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ വീട് റെയ്ഡ് ചെയ്ത് നിങ്ങൾ നവകേരള സൃഷ്ടിക്കുവേണ്ടി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന് കോ-ഓർഡിനേഷനുണ്ടോ? അങ്ങേയ്ക്ക് ശ്രീ. എം. പി. പരമേശ്വരനെ പരിചയമുണ്ടാകും. ശ്രീ. എം. പി. പരമേശ്വരൻ അഞ്ച് മാസത്തെ ഭരണത്തെക്കുറിച്ച് പറഞ്ഞത് "ശ്രീ. പിണറായി മുന്നോട്ട്, പാർട്ടി പിറകോട്ട്" എന്നാണ്. ശ്രീ. എം. പി. പരമേശ്വരൻ പറഞ്ഞിരിക്കുന്നത് ലൊട്ടുലൊട്ടുക്ക് പരിപാടിവച്ചുകൊണ്ട് ഇതിനെ നേരിടാൻ പോകുന്നു എന്നാണ്. അദ്ദേഹം പറഞ്ഞ വാക്കുതന്നെ ഞാനും ഉപയോഗിക്കാം. നവകേരള സൃഷ്ടിക്ക് ലൊട്ടുലൊട്ടുക്ക് പരിപാടിയുമായി പോയാൽ നിങ്ങൾ എവിടെപ്പോയി ലാന്റ് ചെയ്യുമെന്ന് ഞാൻ പറയേണ്ട കാര്യമുണ്ടോ? അദ്ദേഹം പലരെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഞാൻ

അദ്ദേഹത്തെക്കുറിച്ചും പറയുന്നില്ല. ഈ ലൊട്ടുലൊടുക്ക് പരിപാടിയൊന്നും നടക്കില്ലെന്നാണ് ഞാൻ പറയുന്നത്. കേരളമെന്താണെന്നും കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളെന്താണെന്നും മനസ്സിലാക്കാൻ കഴിയണം. അതിന് സാധിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കണം. നിങ്ങൾ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനെ ചെയർമാനാക്കി ഒരു ഭരണപരിഷ്കാര കമ്മിറ്റി രൂപീകരിച്ചു. അദ്ദേഹത്തിന്റെ ഭാഷ ഭരണഭാഷയാക്കുമെങ്കിൽ ഈ നാട്ടിലെ കുട്ടികൾ നാട് വിട്ടുപോകുകയല്ലാതെ മറ്റ് മാർഗ്ഗമുണ്ടോ? അദ്ദേഹത്തിന്റെ ഭാഷയാണ് ഭരണഭാഷ എന്നുപറഞ്ഞിട്ട് കാര്യമുണ്ടോ? ഈ ഗവൺമെന്റ് കണ്ണും പൂട്ടി പോകുകയാണ്. ഓണക്കാലത്ത് ഉറിയടി നടത്തുന്നതുപോലെ കണ്ണും മൂടി നിങ്ങൾ കാണുന്നിടത്തെല്ലാം അടിക്കുകയാണ്. അടിച്ച് അത് ഞങ്ങളുടെ നേട്ടമാണെന്ന് വരുത്തുകയാണ്. കേരളം എന്താണെന്ന് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് പ്രധാന പ്രശ്നം. അഞ്ച് മാസമായി നടന്നിട്ടുള്ള നടപടികൾ - വിവരാവകാശ കമ്മീഷന് ഹൈക്കോടതിയിൽ പോകേണ്ടി വന്നില്ലേ; ഈ ഗവൺമെന്റുതന്നെ അപ്പോയിന്റ് ചെയ്ത ആളുകൾക്ക് ഹൈക്കോടതിയിൽ പോകേണ്ടി വന്നില്ലേ? നിങ്ങൾ എന്തിനാണ് വിവരം പൂഴ്ത്തി വയ്ക്കുന്നത്. നിങ്ങൾ സർക്കാർ

തീരുമാനങ്ങൾ മറച്ചുവയ്ക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. കേരളത്തിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ വലിയൊരു പ്രശ്നമുണ്ടായി. വനിതാ മാധ്യമപ്രവർത്തകർ കൊടുത്ത പെറ്റിഷനിൽ അവർക്കെതിരെയാണ് കേസ് എടുത്തിരിക്കുന്നത്. വനിതാ മാധ്യമ പ്രവർത്തകർ ദേഹരക്ഷയ്ക്കുവേണ്ടി ജഡ്ജിയുടെ അടുത്തേയ്ക്ക് മാറിനിന്നു എന്നാണ് ഞാനൊരു മാധ്യമത്തിൽ വായിച്ചത്. ശരീരരക്ഷയ്ക്കുവേണ്ടി മാറി നിന്ന അവരെ പ്രതിയാക്കി കേസെടുത്ത ഈ ഗവൺമെന്റ് എങ്ങോട്ടാണ് പോകുന്നത്; ആർക്കാണ് സംരക്ഷണം നൽകുന്നത്? ഇതാണ് നവകേരളം. നിങ്ങൾ കാണുന്ന നവകേരളം ഈ രൂപത്തിൽ ജനങ്ങളെ വളരെ വിഷമിപ്പിക്കുന്നതാണ്. നിയമനങ്ങളിലെ സ്വജനപക്ഷപാതത്തെക്കുറിച്ച് ഞാൻ പറയണോ? ജോസഫൈൻ കൊടുത്ത കത്ത് പാർട്ടി ഓഫീസിൽ കാണുമല്ലോ. ജോസഫൈൻ മാർക്സിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറാണ്. ആ സ്റ്റേറ്റ് കമ്മിറ്റിയിലുള്ള പല ആളുകളുമുണ്ട്. ജോസഫൈൻ കൊടുത്ത കത്തിൽ ഈ നിയമനത്തെക്കുറിച്ച് പറഞ്ഞിട്ടില്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണനോ പോളിറ്റ് ബ്യൂറോയിലുള്ള ശ്രീ. പിണറായി വിജയനോ പോളിറ്റ് ബ്യൂറോയിൽ നിന്ന് നിങ്ങൾ പുറത്താക്കിയ ശ്രീ. വി. എസ്. അച്ചുതാനന്ദനോ പറയട്ടെ.

അതൊന്നുമില്ലാതെ അവിടെ നിന്ന് ഞങ്ങളാണ് ഞങ്ങളാണ്....... എന്ത് ഞങ്ങൾ...... ആ പാർട്ടിക്കകത്ത് നിങ്ങൾക്കുള്ള സ്ഥാനം ഞങ്ങൾ വകവച്ചുതരും. പക്ഷേ എല്ലാം നിങ്ങളാണ് എന്നുപറഞ്ഞാൽ അംഗീകരിക്കാൻ ഞങ്ങളെ കിട്ടുമോ? കണ്ണൂരിൽ കൊലപാതകങ്ങളുടെ പരമ്പരയുണ്ടായില്ലേ? കണ്ണൂരിൽ കൊലപാതകമുണ്ടായിട്ട് ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയെങ്കിലും അത് ചർച്ച ചെയ്യാനായി പോയോ? കണ്ണൂരിൽനിന്ന് മുഖ്യമന്ത്രിയുൾപ്പെടെ മൂന്ന് മന്ത്രിമാരില്ലേ. ആ ജില്ലയുടെ അപ്പുറത്തും ഇപ്പുറത്തുമായി ശ്രീ. ഇ. ചന്ദ്രശേഖരനും ശ്രീ. റ്റി. പി. രാമകൃഷ്ണനുമുൾപ്പെടെ നാലാളുകൾ വേറയുമില്ലേ. ശ്രീ. എ.കെ ബാലൻ ആ ജില്ലയിൽ മുമ്പ് പഠിച്ചിരുന്ന ആളല്ലേ? നിങ്ങൾ 7 പേരിൽ ഒരാൾക്കെങ്കിലും ഒരു മണിക്കൂർ ഇതിനുവേണ്ടി ചെലവഴിക്കാമായിരുന്നില്ലേ? ഇനി ഈ മണ്ണിൽ രക്തക്കറ വീഴരുതെന്ന് പറയാൻ മനസ്സാക്ഷി കാണിക്കാത്ത നിങ്ങൾ ആരെയാണ് ഇത് പഠിപ്പിക്കാൻ ശ്രമിക്കുന്നത്? ദയവായി നവകേരളത്തെക്കുറിച്ച് പറയരുത്. നിങ്ങൾ രക്തക്കറയുണ്ടാക്കിയ കേരളത്തെക്കുറിച്ചാണ് നിങ്ങളാലോചിക്കേണ്ടത്. ഒരു നിമിഷം അതിന് മിനക്കെടാൻ കഴിയണം. ഈ പാവപ്പെട്ടവരുടെ കണ്ണുനീർ നിങ്ങൾ കണ്ടില്ലേ, അത് കണ്ണുനീരല്ല, അശ്രുപൂക്കളാണെന്നു പറഞ്ഞ് മുദ്രാവാക്യം

മുഴക്കി നിങ്ങൾ പോരുകയാണ്. അവിടെയൊന്നും ഒരു നടപടിയുമെടുക്കാൻ നിങ്ങൾക്കുകഴിഞ്ഞിട്ടില്ല. അപ്പോഴും നിങ്ങൾ വരമ്പത്ത് കൂലി കൊടുക്കുമെന്ന് കൂകി വിളിക്കുകയാണ്. ഇവിടെ മറ്റൊരു മാധ്യമത്തിൽ പറയുന്നു, 'പിണറായി സർവ്വ ശക്തനായി നീങ്ങുകയാണ്. പക്ഷെ, പാർട്ടി വളരെ ദയനീയ നിലയിലാണ്.' ഈതരത്തിൽ ദയനീയമായ ഒരവസ്ഥ ഈ സംസ്ഥാനത്തുണ്ടാകാനുണ്ടോ? ഇവിടെ നിങ്ങളുടെ പാർട്ടിക്കകത്ത് ഒരു യോജിപ്പുണ്ടോ; നിങ്ങളുടെ പാർട്ടിക്കകത്ത് ഒരു യോജിപ്പുമില്ല. ആർ.എസ്.എസ്. ഒരു ഫാസിസ്റ്റ് പ്രസ്ഥാനമാണെന്ന് ശ്രീ.സീതാറാം യെച്ചൂരി പറയുന്നു, ഇപ്പുറത്ത് ശ്രീ. പ്രകാശ് കാരാട്ട്, ബി.ജെ.പി. ഫാസിസ്റ്റ് പ്രസ്ഥാനമല്ലെന്ന് പറയുന്നു. നിങ്ങൾ ആരെ കാണാനാണ് പോകുന്നത്; അന്ധൻ ആനയെ കണ്ടതുപോലെയാണോ? നിങ്ങൾക്ക് ഇൻഡ്യൻ രാഷ്ട്രീയം വിലയിരുത്താൻ കഴിയില്ല. ഇൻഡ്യൻ രാഷ്ട്രീയം എവിടെ പോകുന്നുവെന്ന് നിങ്ങൾക്കറിയില്ല. നിങ്ങളേക്കാൾ എത്രയോ ഭേദമാണ് തോറ്റെങ്കിലും ബംഗാളിലെ സഖാക്കൾ. അവർ അവസാനം ഞങ്ങളുടെ കൂടെ വന്ന് ഞങ്ങളുടെ കാലിൽ തൊടാനിടയായി. ഞാൻ പറയുന്നത് ഇൻഡ്യൻ രാഷ്ട്രീയം മനസ്സിലാക്കാൻ കഴിയണ്ടേ; അതിനുവേണ്ടിയുള്ള നടപടി ഉണ്ടാവണ്ടേ?

മി. ചെയർമാൻ: താങ്കൾക്ക് അനുവദിച്ച സമയം കഴിയാറായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു മിനിട്ടുകൂടി അനുവദിക്കണം. അന്ധമായ കോൺഗ്രസ് വിരോധം മാത്രമാണ് നിങ്ങൾ കയ്യിൽവച്ചുകൊണ്ട് നടക്കുന്നത്. പ്രത്യയശാസ്ത്ര സംഘർഷമാണ് നിങ്ങളുടെ പ്രസ്ഥാനത്തിനകത്ത്. ഇവിടെ കായിക സംഘർഷത്തെ നിങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്. എതിരാളികളെ സിംഹക്കൂട്ടിലടയ്ക്കുന്ന ക്രൂദ്ധരായ ഭരണാധികാരിയെപ്പോലെ നിങ്ങൾ ആളുകളെ വേട്ടയാടി ഇവിടെ അധിവസിക്കാനും ആധിപത്യമുണ്ടാക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ജനങ്ങളെ വെറുക്കുന്നു. ജനങ്ങൾ നിങ്ങളിൽനിന്ന് അകന്നുപോകുന്നു. തെരഞ്ഞെടുപ്പിൽ നിങ്ങൾ...

മി. ചെയർമാൻ: താങ്കൾക്ക് അനുവദിച്ച സമയം കഴിയുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു മിനിട്ടുകൂടി മതി. ഈ കൺഫ്യൂഷൻ മാറ്റാൻ നിങ്ങൾ പ്ലീനവും പാർട്ടി കോൺഗ്രസും നടത്തിയിട്ടും അവസാനം കൺഫ്യൂഷൻ മാത്രം മിച്ചമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയല്ല കൺഫ്യൂഷനിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റായി ഇപ്പോഴും നിൽക്കുകയാണ്. കൺഫ്യൂഷൻ മാത്രമെയുള്ളൂ. നിങ്ങൾക്ക് ഒന്നിനെയും കാണാൻ കഴിയില്ല. കുറെ കുട്ടികൾ കിടന്ന് ബഹളമുണ്ടാക്കുന്നു. ഇതാണോ കമ്മ്യൂണിസ്റ്റ് പാർട്ടി? കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിൽനിന്ന് വലിയ കാര്യങ്ങൾ പ്രതീക്ഷിച്ചു.

പക്ഷെ വഴിതെറ്റിപ്പോകുന്നതുകൊണ്ട് ഇതിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു. ഈ ഗവൺമെന്റ് കേരളത്തെ കുഴിയിലേയ്ക്ക് പായിക്കാൻ ശ്രമിക്കുകയാണ്. നമുക്കൊത്തൊരുമിച്ച് അതിനെ എതിർക്കണം. അതിന് അങ്ങുംകൂടണം എന്നോർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ . പി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. നവകേരള സൃഷ്ടിക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്ന് എനിക്കുമുമ്പ് ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഒന്നും ചെയ്യാത്തതുകൊണ്ടല്ല, ചെയ്യുന്നത് കാണുന്നില്ല, അല്ലെങ്കിൽ കാണാൻ സമയമില്ല അവരുടെ മുട്ടുവിറച്ചിരിക്കുകയാണ്. അഴിമതി നടത്തുന്നവരെ യാതൊരു ദാക്ഷണ്യവുമില്ലാതെ പിടിച്ചുകെട്ടുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിൽ മുട്ടുവിറച്ചതുകൊണ്ടാണ് ഒന്നും കാണാൻ അവർക്ക് കഴിയാതിരിക്കുന്നത്. ഓണക്കാലത്തും ഉത്സവകാലങ്ങളിലുമൊക്കെത്തന്നെ വിലകയറ്റം പിടിച്ചുനിർത്തികൊണ്ടാണ് നമ്മൾ അവശ്യ സാധനങ്ങൾ വിതരണം ചെയ്തത്. അതുപോലെ കേരളത്തിൽ വലിയ വിപ്ലവം സൃഷ്ടിച്ചുകൊണ്ടാണ് സാമൂഹിക ക്ഷേമ പെൻഷൻ വിതരണം ചെയ്തത്. ഇതൊന്നും അവർക്ക് കാണാൻ കഴിയുന്നില്ല

എന്നുള്ളതാണ്. എന്തായാലും ഇതിനൊക്കെ അവർ ലൊട്ടുലൊടുക്ക് പരിപാടികൾ എന്നുപറഞ്ഞാണ് പുച്ഛിക്കുന്നത്. ഇൻഡ്യൻ രാഷ്ട്രീയത്തെക്കുറിച്ച് ഇൻഡ്യയിലെ ഇടതുപക്ഷത്തിന് ഒന്നും അറിയില്ല എന്നാണ് പറയുന്നത്. അല്ലെങ്കിൽ അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് പറയുന്നു. ബി.ജെ.പി.യെ ഒറ്റപ്പെടുത്താൻ കോൺഗ്രസിനെ ഇവിടെ നിലനിർത്തേണ്ടതിന്റെ ആവശ്യമുണ്ടെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങളെല്ലാവരും. പക്ഷെ, കോൺഗ്രസ്സിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. ഇൻഡ്യൻ രാഷ്ട്രീയത്തിൽ അവർക്കിനിയൊന്നും ചെയ്യാൻ കഴിയില്ലെന്ന ഒരു വിശ്വാസം ഞങ്ങൾക്ക് വന്നിട്ടുണ്ട്. കാരണം, മറ്റൊന്നുമല്ല, ഈ അടുത്ത കാലത്ത് അരുണാചൽ പ്രദേശിൽ മുഖ്യമന്ത്രിയടക്കമുള്ള 44 പേരിൽ 43 പേരും അധികാരത്തിനുവേണ്ടി ബി.ജെ.പി.യിലേയ്ക്ക് പോയിരിക്കുകയാണ്. ഇവരെ എങ്ങനെ വിശ്വസിക്കും? ഫാസിസത്തിനെതിരെ നമുക്ക് പോരാടണമെങ്കിൽ ഇവരെ വിശ്വസിച്ചുകൊണ്ട് എങ്ങനെ മുന്നോട്ടുപോകും? അപ്പോൾ ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇനി ഒരു ബദലുണ്ടെങ്കിൽ അത് ഇടതുപക്ഷ ബദലാണ് എന്നുതന്നെയാണ് പറയാനുള്ളത്. അക്കാര്യത്തിൽ കൂടുതലൊന്നും ഞാൻ പറയുന്നില്ല. വളരെ ഇച്ഛാശക്തിയോടുകൂടിയാണ് നമ്മുടെ നാട് അനുഭവിക്കുന്ന പ്രതിസന്ധികളിൽനിന്ന് കരകയറാൻ വേണ്ടി പ്രവർത്തിക്കുന്നത്, പ്രത്യേകിച്ച് ഇടതുപക്ഷ ജനാധിപത്യ

മുന്നണിയുടെ ഗവൺമെന്റ്. അതിനെ അനുകൂലിക്കുകയാണ് വേണ്ടത്. യു.ഡി.എഫ്. അധികാരത്തിൽനിന്ന് പോകുന്ന സമയത്ത് നമ്മുടെ പൊതുകടം 1.55 ലക്ഷം കോടി രൂപയായിരുന്നു. അഴിമതിയും കെടുകാര്യസ്ഥതയും ജനങ്ങളെ വാഗ്ദാനങ്ങൾകൊണ്ട് പൊറുതിമുട്ടിക്കുകയും ചെയ്ത ആ ഭരണത്തിൽ മടുത്തതുകൊണ്ടാണ് ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വോട്ട് ചെയ്തിട്ടുള്ളത്. നമ്മൾ അധികാരത്തിൽവന്ന സമയത്ത് സംസ്ഥാനത്ത് അടിയന്തരമായി കൊടുത്തുതീർക്കാൻ വേണ്ട ബാധ്യത 10000 കോടി രൂപയായിരുന്നു. കഴിഞ്ഞ സർക്കാർ ട്രഷറിയിൽ മിച്ചം കാണിക്കാൻവേണ്ടി 1817 കോടി രൂപ തടഞ്ഞുവച്ചു. പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും, വിധവകൾക്കും, വയസ്സായ ആളുകൾക്കും കൊടുക്കേണ്ട സാമൂഹികക്ഷേമ പെൻഷൻ അടക്കമുള്ള തുക തടഞ്ഞുവച്ചു. ബഡ്ജറ്റിലും അല്ലാതെയും വകയിരുത്തിയ പല പ്രവൃത്തികൾക്കുള്ള തുകയും കൊടുക്കാതെ തടഞ്ഞുവച്ചതുകൊണ്ടാണ് ട്രഷറിയിൽ പണമുണ്ടെന്ന് കാണിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 12.4 ശതമാനമാണ് റവന്യൂ വരുമാനത്തിന്റെ ശരാശരി കാണിച്ചിട്ടുള്ളത്. ഇത് ധവളപത്രത്തിൽനിന്ന് മനസ്സിലായതാണ്. നമ്മുടെ ബഡ്ജറ്റിന്റെ സമയത്ത് 20 മുതൽ 25 ശതമാനംവരെ നികുതി വരുമാനം വർദ്ധിപ്പിക്കണം എന്നുള്ളതാണ് നമ്മുടെ ലക്ഷ്യമെന്ന്

ധനകാര്യമന്ത്രി പറഞ്ഞു. പക്ഷെ ജി.എസ്.ടി. നടപ്പാക്കുകയാണെങ്കിൽ ആ ലക്ഷ്യത്തിലെത്താൻ കഴിയുകയില്ല എന്ന് ഇന്നലെ മന്ത്രിതന്നെ പറഞ്ഞു, അങ്ങനെയാണെങ്കിൽ അടിയന്തരമായി കഴിഞ്ഞ സർക്കാർ പിരിച്ചെടുക്കാതിരുന്ന 12608 കോടി രൂപയുടെ റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. വൺ ടൈം സെറ്റിൽമെന്റിലൂടെ കുറച്ച് ഓഫറുകളോ മറ്റോ കൊടുത്ത് പിരിച്ചെടുക്കാൻ കഴിയുകയാണെങ്കിൽ ജി.എസ്.ടി. വരുന്നതിനുമുമ്പ് ഒരു ഫ്രെഷ് സ്റ്റാർട്ട് നമുക്ക് നടത്താൻ കഴിയും. ജി.എസ്.ടി. വരുകയാണെങ്കിൽ ഈ രീതിയിലുള്ള അവസാനത്തെ ബഡ്ജറ്റ് ചർച്ചയായിരിക്കും ഇതെന്ന് മന്ത്രിതന്നെ പറഞ്ഞു. അങ്ങനെയാണെങ്കിൽ പരമാവധി പിരിച്ചുകിട്ടാനുള്ള കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കാൻ നോക്കേണ്ടതുണ്ട്. ഞാൻ കൂടുതലൊന്നും യു.ഡി.എഫ്.-നെ പറയുന്നില്ല. കാരണം, അഴിമതി സ്വന്തം കൂടാരത്തിൽത്തന്നെ വന്നിട്ടും ഒന്നും പറയാൻ അവർക്ക് കഴിയുന്നില്ല. ശവത്തെ കുത്തുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് നമുക്ക് കാര്യത്തിലേയ്ക്ക് കടക്കാം. ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് (ജി.എസ്.ടി.) എൻ.ഡി.എ. സർക്കാരിന്റെ 'വൺ നേഷൻ, വൺ ടാക്സ്' എന്ന നയത്തിന്റെ ഭാഗമായി ഭരണഘടനയുടെ 122-ാം ഭേദഗതി 2014-ൽ കൊണ്ടുവന്നത് പ്രകാരമാണ് നടപ്പിലാക്കുന്നത്. ജി.എസ്.ടി. ബില്ലിലൂടെ അവർ പറയുന്നത്

സെൻട്രൽ ഗവൺമെന്റ് കൊടുക്കുന്ന എക്സൈസ് നികുതി, സർവ്വീസ് ടാക്സ് മുതലായ എല്ലാ ഇൻഡയറക്ട് ടാക്സസും, സ്റ്റേറ്റ് കൊടുക്കുന്ന വാറ്റ്, ലക്ഷ്വറി ടാക്സ് മുതലായ ടാക്സുകളും, ഇന്റർസ്റ്റേറ്റ് ട്രാൻസാക്ഷൻ ടാക്സുകളെല്ലാം ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് സാധാരണ ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ സഹായകരമായ രീതിയിൽ നടത്താൻ പറ്റും എന്നുള്ള ഒരു പോളിസിയാണ് അവർ കൊണ്ടുവന്നിട്ടുള്ളത്. അതിൽ മദ്യവും പെട്രോളിയവും ഉൾപ്പെടുത്തിയിട്ടില്ല. പെട്രോളിയം ഉൽപ്പന്നങ്ങൾ ഒഴിവാക്കുന്ന സമയത്ത് സംസ്ഥാനത്തിന് അതെങ്ങനെ ബാധിക്കുമെന്ന് നമ്മൾ അസെസ് ചെയ്തിട്ടുണ്ടോ; കാരണം നമ്മുടെ വിലകയറ്റത്തെ പിടിച്ചുനിർത്താൻ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലുള്ള മാറ്റങ്ങളൊക്കെ ബുദ്ധിമുട്ടായിവരും. അത് അസെസ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ചെയ്യേണ്ടതില്ലേ? അതുപോലെതന്നെ ജി.എസ്.ടി. നടപ്പിലാക്കുന്ന സമയത്ത് അതിന്റെയൊരു ഇംപ്ലിമെന്റിംഗ് പീരീഡിൽ അല്ലെങ്കിൽ ഷിഫ്റ്റിംഗ് പീരീഡിൽ സംസ്ഥാനത്തിന് എന്തായാലും നഷ്ടമുണ്ടാകുമെന്നുറപ്പാണ്. ആ നഷ്ടം സംഭവിക്കുന്ന സമയത്ത് കേന്ദ്രം കോമ്പൻസേറ്റ് ചെയ്യാനുള്ള തുക തരുമെന്നുപറയുന്നുണ്ട്. അമ്പതിനായിരം കോടിയിൽ അധികം രൂപയാണ് ഒരു വർഷം സംസ്ഥാനങ്ങൾക്കായി കൊടുക്കാമെന്ന് കേന്ദ്രം പറയുന്നത്. അധികാരത്തിൽവന്ന്

നൂറ് ദിവസംകൊണ്ട് 15 ലക്ഷം രൂപ നമ്മുടെയെല്ലാപേരുടെയും പോക്കറ്റിലെത്തുമെന്ന് പ്രഖ്യാപിച്ച സർക്കാരാണ് കേന്ദ്രത്തിലുള്ളത്. അങ്ങനെവരുമ്പോൾ ഈ പറയുന്ന വാഗ്ദാനം പാലിക്കപ്പെട്ടുമോ എന്ന ഭയമുണ്ട്. അങ്ങനെ പാലിക്കാതിരുന്നാൽ അതിനെ മറികടക്കാനുള്ള സംവിധാനങ്ങളെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുണ്ടോ? സംസ്ഥാനങ്ങളുടെ ഫെഡറൽ സ്വഭാവത്തെ നഷ്ടപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള ഒരു നയംകൂടിയായി ജി.എസ്.ടി.യെ കണക്കാക്കാം. അങ്ങനെ സംസ്ഥാനങ്ങളെ കോമ്പൻസേറ്റ് ചെയ്യാതിരിക്കുകയാണെങ്കിൽ...., കാരണം നമുക്കറിയാം എല്ലാറ്റിലും യൂണിഫോമിറ്റി നടപ്പിലാക്കുക എന്നതാണ് മോദി സർക്കാരിന്റെ നയം. വിവിധ സംസ്ഥാനങ്ങളിൽ ഭരിക്കുന്ന പാർട്ടികൾക്ക് വളരെ ഡിഫറന്റായിട്ടുള്ള പൊളിറ്റിക്കൽ ഐഡിയോളജികളുണ്ടാകും. ടാക്സ് റവന്യൂ മൊബിലൈസേഷൻ സ്റ്റാറ്റജിയിലുള്ള വ്യത്യാസങ്ങൾ ആ ഐഡിയോളജിയിൽ നിഴലിച്ച് കാണാൻ കഴിയും. അങ്ങനെവരുന്ന സമയത്ത് ഇത്തരത്തിലുള്ള പൊളിറ്റിക്കൽ ഐഡിയോളജികളെയൊക്കെ ഒരുകുടക്കീഴിൽ കൊണ്ടുവന്ന് ഒരു സിങ്കിൾ മാർക്കറ്റായി ഇന്ത്യയെ കാണുന്ന സമയത്ത് വ്യത്യസ്തമായി ചില ഉത്പന്നങ്ങൾക്ക് ടാക്സിൽ കുറവ് കൊടുത്തും ചിലതിൽ കൂട്ടിയും നമ്മുടെ ഐഡിയോളജിക്കനുസരിച്ച്

മുന്നോട്ടുപോകാനുള്ള സ്റ്റേറ്റുകളുടെ അധികാരം നഷ്ടപ്പെടും. അങ്ങനെയാണെങ്കിൽ ഫെഡറൽ സംവിധാനങ്ങളെ മുഴുവൻ നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഒരു പോളിസിയായിപ്പോലും നമുക്കിതിനെ കാണാൻ കഴിയും. അത് നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഇക്കണോമിക് പോളിസികൾ സെൻട്രൽ ഗവൺമെന്റ് impose ചെയ്യുന്ന സമയത്ത് നമ്മുടെ അധികാരം നഷ്ടപ്പെടുന്നൊരവസ്ഥ ഉണ്ടാകുമോ എന്നൊരു ഭയമാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതിന് മറുപടിയായി സെൻട്രൽ ഗവൺമെന്റ് പറയുന്നത് ജി.എസ്.ടി കൗൺസിലിൽ സംസ്ഥാനങ്ങളുടെ പ്രാതിനിധ്യം ഉണ്ടാകും, അപ്പോൾ നമുക്ക് അതിനെക്കുറിച്ച് പറയാൻ കഴിയുമെന്നാണ്. പക്ഷെ അതിലെ ഭൂരിഭാഗം സംസ്ഥാനങ്ങളും വ്യത്യസ്തമായ പൊളിറ്റിക്കൽ ഐഡിയോളജി ഉള്ളവരാണെങ്കിലും കേരളത്തെപ്പോലെയുള്ള ഇടതുപക്ഷ സർക്കാർ ജനകീയമായിട്ടുള്ള കാര്യങ്ങൾ പറയുന്നസമയത്ത് ഹരിയാന, ഝാർഖണ്ഡ്, ഛത്തീസ്ഘഡ് പോലുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുകൾ അതിനെ അംഗീകരിക്കുവാൻ തയ്യാറാകുമോ എന്നൊരു ചോദ്യമുണ്ട്. കേന്ദ്രഗവൺമെന്റിന്റെ യൂണിഫോമിറ്റി, അതുപോലെ ഡീസെൻട്രലൈസേഷനുപകരം സെൻട്രലൈസേഷൻ, പ്ലാനിംഗ് കമ്മീഷൻ മാറ്റിയിട്ട് നീതി ആയോഗ് പോലുള്ള അനേകം കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്ക്

കടക്കുന്നില്ല. എന്തായാലും ജി.എസ്.ടി. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുമ്പോൾ നമുക്ക് മാറിനിൽക്കാൻ കഴിയില്ല എന്നുള്ളതൊരു സത്യമാണ്. കാരണം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ യു.പി.എ. സർക്കാർതന്നെ കൊണ്ടുവന്ന ഫുഡ് സെക്യൂരിറ്റി ആക്ടിൽനിന്നും പല തവണ വാണിംഗ് കൊടുത്തിട്ടും അത് നടപ്പാക്കാതെ മാറിനിന്നതിന്റെ പരിണിതഫലമാണ് ഇന്ന് കേരളത്തിലെ റേഷൻകടകളിലും വില്ലേജ് ഓഫീസുകളിലും ക്യൂ നിൽക്കുന്നത്. ഇത്തരത്തിൽ നമ്മൾ മാറിനിന്നുകഴിഞ്ഞാൽ നമുക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഇതിൽ നിൽക്കുന്ന സമയത്ത് ഇത്തരത്തിലുള്ള കാര്യങ്ങളൊക്കെ കൺസിഡർ ചെയ്തുപോകേണ്ടതുണ്ട്. ഒറ്റക്കാര്യം ഇതിൽനിന്നുവിട്ട് എനിക്ക് പറയാനുള്ളത്, കേരളത്തിലെ ഏകദേശം നാല്പത് ലക്ഷത്തോളം വരുന്ന യുവതീയുവാക്കളാണ് തൊഴിലില്ലാതെ കഷ്ടപ്പെടുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ പേര് പ്രസിദ്ധീകരിച്ചിട്ടും വർഷങ്ങളോളം തൊഴിൽ ലഭിക്കാതെ നടക്കുകയുംചെയ്ത അവർ സ്വന്തം സംഘടനകൾപോലും ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിൽ റാങ്ക് ലിസ്റ്റിൽ പേർ വന്നും അല്ലാതെയും പി.എസ്.സി. ജോലിക്കായി കാത്തിരിക്കുന്ന ആളുകൾ ചേർന്ന് രാഷ്ട്രീയ പാർട്ടികളുണ്ടാക്കിയാൽപ്പോലും അത്ഭുതപ്പെടാനില്ലാത്ത സാഹചര്യത്തിലേയ്ക്ക് നമ്മൾ മാറിയിട്ടുണ്ട്. പലതും വേണ്ട

രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെടാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരത്തിൽ ഉദ്യോഗസ്ഥരാൽ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും അങ്ങനെ പാവപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന ആളുകളെ വേണ്ട രീതിയിൽ ശിക്ഷ കൊടുക്കുവാനും dismissal വരെ നടത്തുവാനുമുള്ള നടപടികളുണ്ടാകണം. അങ്ങനെ യുവാക്കൾക്കും യുവതികൾക്കും തൊഴിൽ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള പ്രോസസ് ഉണ്ടാക്കണമെന്നുകൂടി പറഞ്ഞുകൊണ്ട്, ഒരു ബദൽ രാഷ്ട്രീയമെന്ന നിലയ്ക്ക് നമുക്ക് വരുമാനത്തിൽ ടാക്സിന്റെ കാര്യം മാത്രം നോക്കിയാൽ പോരല്ലോ. ഇന്നലെ മുഖ്യമന്ത്രി ഇവിടെ വിവിധതരത്തിലുള്ള പ്ലാനുകളെക്കുറിച്ച് പറഞ്ഞു. അങ്ങനെവരുന്ന സമയത്ത് ബഹുരാഷ്ട്ര കുത്തകകൾ കൊണ്ടുവരുന്ന ബിസ്‌ലേരി, അക്വാഫിന പോലെയുള്ള വാട്ടർ, അതുപോലുള്ള മറ്റ് ഉത്പന്നങ്ങളൊക്കെ കോപ്പറേറ്റീവ് സൊസൈറ്റി വഴി ജനകീയമായി ഉണ്ടാക്കി വിതരണം ചെയ്യാൻ കഴിയുന്ന ഒരു മാർക്കറ്റിംഗ് സംവിധാനം കൊണ്ടുവന്നാൽ നമുക്ക് ബദലായിട്ടുള്ള ഒരു ഇക്കോണമിപോലും നിർമ്മിച്ചെടുക്കാൻ കഴിയും. അതിനുള്ള സാധ്യതകളെക്കുറിച്ചുകൂടി വളരെ കാര്യഗൗരവത്തോടുംകൂടി നോക്കിക്കാണണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

ശ്രീ. എം. വിൻസെന്റ് : സർ, ഒരു നവകേരള സൃഷ്ടിക്കായിട്ടുള്ള നടപടികൾ ഞങ്ങൾ കാണുന്നില്ലെന്നാണ് ശ്രീ. മുഹമ്മദ് മുഹസിൻ പറഞ്ഞത്. പക്ഷെ അദ്ദേഹം ഞങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമുമ്പ് നിങ്ങളുടെ പാർട്ടിക്കാരായ സി.പി.ഐ.ക്കാരെ ബോധ്യപ്പെടുത്തണം. ഈ സർക്കാർ നടപടിക്കെതിരായി ജനയുഗം പത്രം മുഖപ്രസംഗമെഴുതി. താങ്കൾ പ്രവർത്തിക്കുന്ന എ.ഐ.വൈ.എഫ്. പ്രമേയം പാസ്സാക്കി. അവിടത്തെ ചർച്ചകൾ നിങ്ങൾ നോക്കണം. നവകേരള സൃഷ്ടിക്കായിട്ടുള്ള നടപടികൾ ആദ്യം നിങ്ങൾ ബോധ്യപ്പെടുത്തേണ്ടത് പ്രതിപക്ഷത്തെയല്ല, നിങ്ങളോടൊപ്പമുള്ള നിങ്ങളുടെ പാർട്ടി നേതാക്കളെയാണ്. ശ്രീ. കാനം രാജേന്ദ്രൻ ഓപ്പൺ സ്റ്റേറ്റ്മെന്റുവരെ ഇറക്കിയില്ലേ. ....(ബഹളം)..... രാജനുള്ള മറുപടി ശ്രീ. എം. സ്വരാജിന്റെ ഭാഷയിൽ പറയാൻ എനിക്കറിയില്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്.ന്റെ ഭരണകാലം ഇന്ത്യയിൽ ഒരു സംസ്ഥാനത്തിനും ആർജ്ജിക്കാൻ കഴിയാത്ത നേട്ടമുണ്ടാക്കി. ഒരു ഇന്റർനാഷണൽ സീപോർട്ട്, ഒരു ഇന്റർനാഷണൽ എയർപോർട്ട്, ഒരു റെയിൽവെ എന്നിവ കൊണ്ടുവന്നു. റെയിൽവെയും സീപോർട്ടും എയർപോർട്ടും ഒരേ സമയം നേടിയ ഇന്ത്യയിലെ ഏക സംസ്ഥാനം ശ്രീ. ഉമ്മൻ ചാണ്ടി ഭരിച്ച കേരളാ ഗവൺമെന്റാണെന്ന് ഓർക്കണം. അതിനെത്തുടർന്നുവന്ന

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, അവരുടെ ഏത് ഭരണ വീഴ്ച ചൂണ്ടിക്കാണിച്ചാലും അവർ പറയുന്നത് ഞങ്ങൾ വന്നിട്ട് അഞ്ചുമാസമേ ആയിട്ടുള്ളൂ എന്നാണ്. ഇവിടെ തെരുവുനായ്ക്കൾ ഇന്നലെയും 90 വയസുള്ള ഒരു വയോധികനെ കടിച്ചുകൊന്നു. ഇതിനകം പത്തോളംപേരെ കൊന്നു. അങ്ങനെ തെരുവുനായ്ക്കൾ ജനങ്ങളെ കടിച്ചുകൊല്ലുന്നു എന്നുപറയുമ്പോൾ ഇവിടത്തെ ഭരണപക്ഷ എം.എൽ.എ. പറയുന്നത് ഇത് ഞങ്ങളുടെ കാലത്തെ തെരുവുനായയല്ല എന്നാണ്. എന്ത് പരിഹാസ്യമാണ്. ഞങ്ങളുടെ കാലത്തെ തെരുവുനായയാണെങ്കിൽ അഞ്ച് മാസം പ്രായമുള്ള കുഞ്ഞുനായ ആയിരിക്കും എന്നാണ് അവർ പറയുന്നത്. അങ്ങനെ പറയുന്ന പ്രതിഭകളാണ് ഇന്ന് ഭരണപക്ഷത്തിരിക്കുന്നത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആദിവാസി കോളനികളിലുണ്ടാകുന്ന ശിശുമരണത്തെക്കുറിച്ച് പറയുമ്പോൾ ഇത് ഞങ്ങളുടെ കാലത്തെ ഗർഭമല്ലായെന്നാണ് പറയുന്നത്. യു.ഡി.എഫ്. ഗർഭമെന്നും എൽ.ഡി.എഫ്. ഗർഭമെന്നും ആദിവാസി ശിശുമരണത്തെക്കുറിച്ച് വേർതിരിച്ച് പറയുന്ന പരിഹാസ്യതയല്ലേ ഇവിടെയുള്ളത്. ഇവിടെ യു.ഡി.എഫ്. തെരുവുനായയും എൽ.ഡി.എഫ്. തെരുവുനായയുമുണ്ടോ. ഇത്തരം നാണംകെട്ട ന്യായീകരണത്തിന് ഇടതുമുന്നണിയെന്നാണോ വിളിക്കേണ്ടത്. അഞ്ച് മാസക്കാലം ചെറിയ കാലയളവെന്നാണ് പറയുന്നത്. ഇവിടെ

കൊലപാതക പരമ്പരകൾ നടക്കാൻ ഈ അഞ്ചുമാസം മതിയായല്ലോ; എൺപതിനായിരത്തിലധികം വരുന്ന സംഘർഷങ്ങളുണ്ടാകാൻ ഈ ചെറിയ കാലയളവു മതിയല്ലോ; എ.ടി.എം.കൊള്ള മുതൽ ഈ രാജ്യത്തുള്ള കവർച്ചകളും കൊള്ളകളും നടത്താൻ വെറും അഞ്ചുമാസം ഇവർക്ക് മതിയായിരുന്നല്ലോ. വീഴ്ചകൾ പറയുമ്പോൾ അഞ്ച് മാസംപോര എന്നുപറയുന്നത് ശരിയല്ല എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഒരു എക്സ് പാർട്ടി വിധിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. എക്സ് പാർട്ടി വിധി വന്നതിനെക്കുറിച്ച് ഇത്രയും ദുർബലമായ ഒരു പ്രതിരോധവുമായി പ്രതിപക്ഷത്തിനുനേരെ അദ്ദേഹം വന്നിരിക്കുകയാണ്. അദ്ദേഹത്തെ ഇന്ന് കൈകാര്യം ചെയ്തുവച്ചിരിക്കുകയാണ്. പഴയതുപോലെയുള്ള വീറും വാശിയുമൊന്നും അദ്ദേഹത്തിൽ കാണുന്നില്ല. അദ്ദേഹത്തിനാവശ്യം സി.പി.എം. ആണ്. കാറ്, പദവി, മന്ദിരം. സി.പി.എം. കിട്ടിക്കഴിഞ്ഞതോടുകൂടി അദ്ദേഹം മിണ്ടാതിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹത്തിൽ കാണുന്നത് ബക്കറ്റിലെ വെള്ളത്തിന്റെ തിരയിളക്കം മാത്രമാണ്. ഇന്ത്യയിലെവിടെയെങ്കിലും ഇത്രയധികം പ്രായംകൂടിയ ഒരാൾ പദവിക്കുവേണ്ടി ഇത്രയും ആക്രാന്തം കാണിക്കുന്നതിന്റെ ഒരുദാഹരണം നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? ഒരു സ്ഥലത്തും ഇത്

ചൂണ്ടിക്കാണിക്കാൻ സാധിക്കുകയില്ല. കഴിഞ്ഞ മുഖ്യമന്ത്രിക്കെതിരെ, ആ ഗവൺമെന്റിനെതിരെ ആരോപണമുന്നയിക്കാൻ ഈ സർക്കാർ സ്വീകരിക്കുന്ന സമീപനം...... നിങ്ങൾ നല്ല നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. ഇപ്പോഴുള്ള ഈ മന്ത്രിസഭയൊന്ന് നോക്കണം. കഴിഞ്ഞ സഭയിൽ ഞാനുണ്ടായിരുന്നില്ല. ഞാൻ ഈ സഭയിൽ വന്നപ്പോൾ ആരൊക്കെയാണ് മന്ത്രിസഭയിലിരിക്കുന്നത്? കഴിഞ്ഞ നിയസഭാ കാലയളവിൽ നമ്മുടെ ജനാധിപത്യത്തിനാകെത്തന്നെ കളങ്കം വരുത്തിവച്ച രീതിയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇരിക്കുന്ന കസേര ഒരു മാർബിൾ കമ്പനിയുടെ പരസ്യത്തിൽ സുമോ ഗുസ്തിക്കാരൻ നിൽക്കുന്നതുപോലെ എടുത്തെറിഞ്ഞയാൾ വ്യവസായ വകുപ്പുമന്ത്രിയായിരിക്കുന്നു, മുഷ്ടികൊണ്ടും കൈകൊണ്ടും വാച്ച് ആന്റ് വാർഡിനെ ഇടിച്ചുതള്ളിപ്പോകുന്ന ആൾ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുന്നു, മൈക്കെടുത്ത് എറിഞ്ഞയാൾ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായിരിക്കുന്നു. ഈ അതിക്രമങ്ങൾക്ക് കൂട്ടുനിൽക്കാത്ത ശ്രീ. ശർമ്മയും ശ്രീ. സുരേഷ് കുറുപ്പും മന്ത്രിസഭയിലില്ല. ഈ സർക്കാർ മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതിന്റെ നോംസ് എന്താണ്? നിയമസഭയിൽ ജനാധിപത്യത്തിന് കളങ്കം വരുത്തിവച്ച ആളുകൾ, ബഹുമാനപ്പെട്ട സ്പീക്കർപോലും അങ്ങിരിക്കുന്ന

വേദിയിൽനിന്ന് ഈ അക്രമങ്ങൾക്ക് നേതൃത്വം കൊടുത്ത ആളാണ്. എല്ലാതരത്തിലും കഴിഞ്ഞ അഞ്ചുമാസംക്കൊണ്ട് ഇത്രയും കൊള്ളരുതായ്മകൾ നടത്തിയിട്ടുള്ള റെക്കോർഡ് ഈ സർക്കാരിനുമാത്രമാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. കേരളം ചെന്നെത്തപ്പെട്ടിരിക്കുന്ന സവിശേഷമായ ഒരു സാഹചര്യത്തിൽ ഈ ധനവിനിയോഗ ബിൽ ഐകകണ്ഠ്യേന അംഗീകരിക്കപ്പെടേണ്ടതാണ് എന്ന അഭിപ്രായം കൂടി ഞാൻ പങ്കുവയ്ക്കുകയാണ്. വിമോചന സമരകാലം മുതൽ കേരളത്തിലെ കോൺഗ്രസ് നേതൃത്വം പിന്തുടരുന്ന പ്രതിലോമപരതയുടെ രാഷ്ട്രീയമാണ് കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക പുരോഗതിക്ക് തടസ്സം നിൽക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഇടവേളകളിൽ ഇടതുപക്ഷഭരണം കേരളത്തിന് നഷ്ടമാകുന്നതിന്റെ ദുരന്തമാണ് കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് ഇപ്പോൾ ആഗോളവത്ക്കരണ നയങ്ങൾക്ക് പ്രതിവിധിയും പ്രതിരോധവുമില്ലെന്നാണ് യു.ഡി.എഫ്. മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയം. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് 'കേരള പരിപ്രേഷ്യ പദ്ധതി 30' എന്നൊരു ഡോക്യുമെന്റ് യു.ഡി.എഫ്. പുറത്തിറക്കിയിട്ടുണ്ട്. ആ രേഖയിലൂടെ

കടന്നുപോകുമ്പോൾ അവർ പ്രതിനിധാനം ചെയ്യുന്ന സാമ്പത്തിക താല്പര്യമെന്തെന്ന് വളരെ വ്യക്തമാണ്. എന്നാൽ ആഗോളവത്കരണ കാലത്തും വിനാശപരമായ ആഘാതങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കാനാകും എന്നതിന്റെ സ്വയം സംസാരിക്കുന്ന രേഖയാണ് ഇവിടെ അവതരിക്കപ്പെട്ട ബഡ്ജറ്റ്. രണ്ട് സർക്കാരുകൾ തമ്മിലുള്ള; രണ്ട് രാഷ്ട്രീയ സമീപനങ്ങൾ തമ്മിലുള്ള വ്യത്യാസം നമുക്ക് മനസ്സിലാക്കാനാകും. 2001-06 കാലത്ത് റവന്യൂ കമ്മി 3.4 ശതമാനമായിരുന്നു, 4.42 ശതമാനമായിരുന്നു ധനകാര്യ കമ്മി. 2006-2011 എൽ.ഡി.എഫ്. കാലത്ത് 3.4 ശതമാനത്തിൽനിന്ന് 1.83 ശതമാനമായി റവന്യൂ കമ്മിയും 4.42 ശതമാനത്തിൽനിന്ന് ധനകാര്യ കമ്മി 3.04 ശതമാനമായും കുറഞ്ഞു. 2011-2016-ൽ യു.ഡി.എഫ്. അധികാരത്തിൽവന്നപ്പോൾ റവന്യൂ കമ്മി 1.83 ശതമാനത്തിൽ നിന്ന് 2.3 ശതമാനമായും ധനക്കമ്മി 3.53 ശതമാനമായും ഉയർന്നു. ഇത് സ്വയം സംസാരിക്കുന്ന കണക്കുകളും വസ്തുതകളുമാണ്. 1000 പ്രസംഗങ്ങൾ കൊണ്ടോ ദീർഘമായ ലേഖനങ്ങൾ കൊണ്ടോ സാദ്ധ്യമാകാത്തത് ചില കണക്കുകൾകൊണ്ട് ചിലപ്പോൾ ബോദ്ധ്യമാകുമെന്നാണ് രണ്ട് ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസംകൊണ്ട് നമുക്ക് ബോദ്ധ്യമാകുന്നത്. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി പരിശോധിക്കാം. യു.ഡി.എഫ്. സർക്കാർ 2001-2006

കാലഘട്ടത്തിൽ ശരാശരി പ്രതിവർഷ നഷ്ടം 213.74 കോടി രൂപയാണുണ്ടാക്കിയതെങ്കിൽ 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ ശരാശരി പ്രതിവർഷ ലാഭം 292.45 കോടി രൂപയുണ്ടാക്കി. 2011-2016-ൽ യു.ഡി.എഫ്. ഭരണത്തിൻകീഴിൽ ശരാശരി പ്രതിവർഷ നഷ്ടം 645.92 കോടി രൂപയാണ്. ഈ യാഥാർത്ഥ്യങ്ങൾ നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഇവിടെ പുതിയ ഒരു കേരളത്തെ; നവകേരളത്തെ സൃഷ്ടിക്കാനുള്ള പ്രതിജ്ഞാബദ്ധത ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം ചെന്നെത്താൻ പോകുന്ന വിനാശകരമായ പരിസ്ഥിതിദുരന്തം കാണാൻ കഴിയുന്ന ഒരു രാഷ്ട്രീയസമീപനം ഇവിടെയുണ്ട്. കുടിവെള്ളത്തിനുവേണ്ടി തമ്മിൽതല്ലി തലകീറി ചാവുന്നത് രാഷ്ട്രങ്ങളല്ല, നമ്മുടെ അയൽസംസ്ഥാനങ്ങളിലെ ജനങ്ങളാണെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. അടുത്ത പതിറ്റാണ്ട് കുടിവെള്ളത്തിനുവേണ്ടി പരക്കം പായുന്ന മലയാളികളുടെ നാടാകുമെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഓടുന്ന വെള്ളത്തെ നടത്താനും നടക്കുന്ന വെള്ളത്തെ ഇരുത്താനും ഇരിക്കുന്ന വെള്ളത്തെ കിടത്താനും കിടക്കുന്ന വെള്ളത്തെ ഭൂമിയ്ക്കടിയിൽ ഉറക്കിക്കിടത്താനുമുള്ള പ്രതിജ്ഞാബദ്ധവും ഭാവനാപൂർണ്ണവുമായ പദ്ധതികൾ ഈ ഗവൺമെന്റിന് പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഭാവിതലമുറ നന്ദിപൂർവ്വം ഈ സർക്കാരിനെ

കാണും എന്നതിന്റെ സൂചനയാണ്.

ഇവിടെ ചില ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് യു.ഡി.എഫ്.ന്റെ ബഹുമാനപ്പെട്ട അംഗങ്ങൾ മാഫിയാവത്കരണത്തിനെതിരായി നിലപാടുകൾ ഉറക്കെ പ്രഖ്യാപിക്കുന്നത് കണ്ടു. ആ വിശുദ്ധ പശുക്കളുടെ വാദം, ആ വാദത്തിന് അത് എത്രമാത്രം അപഹാസ്യമാണെന്ന് എന്റെ നാട്ടിലെതന്നെ ചില അനുഭവങ്ങൾ എന്നെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. 1987-ൽ അയൽപ്പക്കക്കാരനുമായുള്ള ഒരു ക്രിമിനൽ കേസിൽ അയാളെ അപായപ്പെടുത്താൻ ശ്രമിച്ചതിന് കോടതി ശിക്ഷിച്ച ഒരാൾ സുപ്രീം കോടതി വരെ പോയിട്ടും സുപ്രീം കോടതി അപ്പീൽ തള്ളിക്കളഞ്ഞ് ശിക്ഷ ശരിവെച്ചിട്ടും സുപ്രീം കോടതി ശിക്ഷ ശരിവെച്ച ഒരാളിനെ കുറ്റവിമുക്തനാക്കാൻ കേരളത്തിന്റെ മുഖ്യമന്ത്രി ഉത്തരവിട്ടത് ഇതിനുമുമ്പുണ്ടായിട്ടുണ്ടോ. അങ്ങനെയും ചെയ്തു. അന്നത്തെ യു.ഡി.എഫ്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ക്രിമിനൽ കേസിൽ സുപ്രീം കോടതി കുറ്റക്കാരനാണെന്ന് വിധിച്ച ഒരാളെ കുറ്റവിമുക്തനാക്കുക മാത്രമല്ല, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ടിക്കറ്റ് വില്പനയുടെ ചുമതല മൂന്നുവർഷത്തേയ്ക്ക് അയാളെ ഏൽപ്പിക്കുകയും ചെയ്തു. ഇവിടെ എറണാകുളത്തെ ഏതോ ഒരു സിദ്ധിക്കിന്റെ പേരുപറഞ്ഞ് ഉറഞ്ഞുതുള്ളുന്നതു കണ്ടു. എന്റെ നാട്ടിൽ യൂത്ത് കോൺഗ്രസിന്റെ ഒരു

ജനറൽ സെക്രട്ടറി നിർഭയയിലെ അന്തേവാസിയായ പാലക്കാട് സ്വദേശിനിയായ ഒരു പെൺകുട്ടിയെ പീഡിപ്പിച്ച് കൂരിരിട്ടിൽ കുറ്റിക്കാട്ടിൽ കൊണ്ടുചെന്ന് തള്ളി. അയാൾ ചെറിയ പുള്ളിയൊന്നുമായിരുന്നില്ല. യൂത്ത് കോൺഗ്രസിന്റെ വെറും ജനറൽ സെക്രട്ടറി മാത്രമായിരുന്നില്ല, കഴിഞ്ഞ 5 വർഷക്കാലം ഒരു ഡിവിഷൻ ഭരിച്ച കോൺഗ്രസിന്റെ നേതാവായിരുന്ന അയാൾ. അങ്ങനെയുള്ള ആളുകളെ ഇടവും വലവും നിർത്തിക്കൊണ്ടാണ് മാഫിയാവത്കരണത്തിനെതിരായി; ഇടതുപക്ഷത്തിനെതിരായി ആക്രോശം ഉയർത്തുന്നത്.

ഇവിടെ ബഹുമാന്യനായ സഖാവ് വി.എസ്. ഉയർത്തിയ വാദത്തെ സംബന്ധിച്ച് ചില സുഹൃത്തുകൾ പറയുന്നതുകേട്ടു. ഒരുപക്ഷേ, നിയമവ്യവസ്ഥയെ സംബന്ധിച്ചുള്ള അജ്ഞത കൊണ്ടാകാം, ഞാൻ ഒരു കാര്യം അപ്പുറത്തിരിക്കുന്ന നിയമജ്ഞന്മാരോട് ചോദിക്കാൻ ആഗ്രഹിക്കുന്നു. കോടതി സമൻസ് അയയ്ക്കുന്നു, കൈപ്പറ്റുന്നു, വക്കാലത്ത് ഫയൽ ചെയ്യുന്നു, സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഫയൽ ചെയ്തില്ലെന്നുള്ളതുകൊണ്ടുമാത്രം അത് എക്സ്പാർട്ടി വിധിയാകുമോ എന്ന സംശയം ഞാൻ ഉന്നയിക്കുകയാണ്. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അധികാരത്തിലിരുന്ന എട്ടോളം മന്ത്രിമാർ വിജിലൻസ് കേസിൽ പ്രതികളായിരുന്നു എന്ന വസ്തുത നമുക്കേവർക്കും അറിയുന്ന കാര്യമല്ലേ.

കേരളത്തിൽ ബി.ജെ.പി.-ആർ.എസ്.എസ്. നടത്തുന്ന ആക്രമങ്ങൾ..., ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വിജയം കഴിഞ്ഞ് ധർമ്മടം മണ്ഡലത്തിലെ ആഹ്ലാദപ്രകടനത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രവർത്തകൻ - സഖാവ് മോഹനൻ കൊല ചെയ്യപ്പെട്ടപ്പോൾ പ്രതിഷേധിക്കാൻ ഇവിടെ കോൺഗ്രസിന്റെ ഏതെങ്കിലും ഒരു നേതാവിന്റെ നാവ് ഉയർന്നോ? ഏറ്റവും അപകടകരമായി നമ്മൾ കാണേണ്ട ഒരു കാര്യം, കണ്ണൂരിൽ കേന്ദ്ര സർക്കാരിന്റെയും സി.ആർ.പി.എഫ്.ന്റെയും ഇടപെടൽ അനിവാര്യമാണെന്ന് ബി.ജെ.പി.യുടെ സംസ്ഥാന ജനറൽ സെക്രട്ടറി പ്രസ്താവന പുറപ്പെടുവിക്കുമ്പോൾ അതിനെ പിന്തുണയ്ക്കാൻ പിന്തുണപാട്ടുമായി ശ്രീ. കെ. സുധാകരൻ എന്ന കോൺഗ്രസിന്റെ സമുന്നതനായ നേതാവ് രംഗത്ത് വന്നതിന്റെ സൂചനയെന്താണ്. അപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവയ്ക്കുന്ന ജനപക്ഷ രാഷ്ട്രീയത്തെ ദുർബലപ്പെടുത്താൻ ബി.ജെ.പി.യുമായും ആർ.എസ്.എസുമായും ഫാസിസ്റ്റുകളുമായും ഒത്തുചേരാൻ തങ്ങൾക്ക് മടിയില്ല എന്ന് സ്വയം പ്രഖ്യാപിക്കുകയല്ലേ കോൺഗ്രസ് ചെയ്യുന്നത്. ഏതെങ്കിലും ഘട്ടത്തിൽ ഈ രാജ്യത്തെ ജനങ്ങളോട് നീതിപുലർത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ടോ? ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്നത് ഭക്ഷ്യസുരക്ഷയെക്കുറിച്ചാണ്. ഈ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ കേരളത്തിൽ 2 രൂപാ നിരക്കിൽ

ഗോതമ്പ് 5 കിലോഗ്രാമാണ് നമുക്ക് ലഭ്യമാവുക. നേരത്തെ കാർഡിന് 25 കിലോഗ്രാം ലഭിച്ച സ്ഥാനത്ത് അഞ്ചിൽ കുറവ് അംഗങ്ങളുള്ള കുടുംബങ്ങൾക്കുള്ള അരി കുറയും. അന്ത്യോദയ-അന്നയോജന വിഭാഗത്തിൽപ്പെട്ട കാർഡിനൊന്നിന് 36 കിലോഗ്രാം അരി തുടർന്നു ലഭ്യമാകും. ഈ സംവിധാനം നടപ്പാക്കുന്നതിന് ചില തയ്യാറെടുപ്പുകൾ ആവശ്യമായിട്ടുണ്ട്. റേഷൻകടകൾ കമ്പ്യൂട്ടർവത്കരിച്ച് ബയോമെട്രിക് സംവിധാനംവഴി റേഷൻ കാർഡുടമകളുടെ വിരലടയാളവും കണ്ണിലെ കൃഷ്ണമണിയും രേഖപ്പെടുത്തേണ്ടതുണ്ടായിരുന്നു. 2013-ൽ നടപ്പാക്കിയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന് എന്തെങ്കിലും സമീപനം കഴിഞ്ഞ അഞ്ചുവർഷം അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഒരു സംസ്ഥാനത്തെ ജനങ്ങളോട് തങ്ങൾക്ക് യാതൊരു താല്പര്യവുമില്ല. അഞ്ചുവർഷവും കോഴപ്പണം എണ്ണി വാങ്ങാൻ യന്ത്രം വീട്ടിൽ സ്ഥാപിക്കുകയും വൈകൃത രാഷ്ട്രീയത്തിന്റെ എല്ലാ ജീർണ്ണതകളുടെയും മാതൃകകളാകുകയും ചെയ്ത യു.ഡി.എഫ്.ന് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കാനുള്ള ധാർമ്മികമായ അവകാശമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. കഴിഞ്ഞ ദിവസം ധനകാര്യവകുപ്പുമന്ത്രിയും ഇന്ന് പി.ഡബ്ല്യൂ.ഡി. മന്ത്രിയും പറഞ്ഞത് റോഡുകൾക്കും റിപ്പയറിംഗിനുമുള്ള പണത്തിന്റെ കുറവുകളെക്കുറിച്ചാണ്. ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയിലൂടെ ധാരാളം വികസന പ്രവർത്തനങ്ങൾ കൊണ്ടുവരുന്നു എന്നുള്ളതാണ് നമ്മുടെ രക്ഷ. നാഷണൽ സാമ്പിൾ സർവ്വെയുടെ കണക്കനുസരിച്ച് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉപഭോഗ വിതരണത്തിൽ ഏറ്റവും കൂടുതൽ അസമത്വമുള്ള സംസ്ഥാനം കേരളമാണ്. കൂടുതൽ പണമുള്ളവർ വലിയ പണക്കാരായും ദാരിദ്ര്യമുള്ളവർ കൂടുതൽ ദാരിദ്ര്യമുള്ളവരായും മാറും. അമ്പത് കോടി രൂപ ചെലവുചെയ്ത് കല്ല്യാണം കഴിക്കും. ഒരു പ്ലെയിൻ ചാർട്ട് ചെയ്ത് ബാംഗ്ലൂരിൽ പോയി സാധനങ്ങൾ വാങ്ങി തിരിച്ചുവരും. 8 ലക്ഷം രൂപയാണ് അതിന്റെ ചെലവ്. ഇതൊക്കെ നമ്മുടെ കേരളത്തിൽ നടക്കുകയാണ്. സാമ്പത്തിക അസമത്വം എത്ര വലുതാണ്. ഇതിനൊരു പരിഹാരം കാണണ്ടേ; ഇല്ലെങ്കിൽ കേരളം നിൽക്കുമോ? ആദിവാസി, പട്ടികജാതി തൊഴിലാളികളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും സ്ഥിതി പരിതാപകരമാണ്. കേരളത്തിന്റെ വളർച്ചയെന്നുപറയുന്നത് സേവന മേഖലയാണ്. കാർഷികരംഗം തകർച്ചയുടെ വക്കിലാണ്. ഇന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞതുപോലെ ആസിയൻ കരാർ, ആർ.സി.ഇ.പി. കരാർ

വരുന്നതോടുകൂടി ഇത് തകർന്ന് തരിപ്പണമാകാൻ പോവുകയാണ്. അതുകൂടാതെ നമുക്ക് ഏറ്റവും വലിയ പ്രശ്നം വരാൻ പോകുന്നത് വരൾച്ചയാണ്. വരൾച്ച വന്നാൽ കാർഷിക രംഗത്തിന്റെ സ്ഥിതി എന്താകും. കുടിവെള്ളം, ആരോഗ്യ പ്രശ്നം ഇതെല്ലാം അതിന്റെ ഫലമായി വരാൻ പോവുകയാണ്. ഇതെങ്ങനെ തരണം ചെയ്യുമെന്നുള്ളത് വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. 1990-കളിലെ സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഫലമായി വിദ്യാഭ്യാസം, ആരോഗ്യം, സ്വകാര്യവൽക്കരണം വന്നതോടുകൂടി സാധാരണ പിന്നോക്ക വിഭാഗമായ ആളുകൾക്ക് ആ പ്രദേശത്തേയ്ക്ക് അടുക്കാനേ കഴിയുന്നില്ല. പഞ്ചനക്ഷത്ര ആശുപത്രികൾ പോലെയുള്ളവ വരുമ്പോൾ സാധാരണക്കാർക്ക് എങ്ങനെയാണ് അടുക്കാൻ കഴിയുക; പഞ്ചനക്ഷത്ര ആശുപത്രികളിൽ കൊടുക്കുന്ന നികുതിയിളവ് എത്രയാണ്? അത് കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നു. അവിടത്തെ മെഷിനറികൾ ഇറക്കുമതി ചെയ്യാൻ പണം കൊടുക്കുന്നു, ടാക്സ് ഒഴിവാക്കിക്കൊടുക്കുന്നു. മറ്റ് രീതിയിലുള്ളതെല്ലാം ഒഴിവാക്കിക്കൊടുക്കുന്നു. അതിന്റെ ഫലമായി നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളും താലൂക്കാശുപത്രികളും തകർച്ചയുടെ വക്കിലാണ്. അവിടെ പരിശോധനയ്ക്ക് ഡോക്ടർമാരെ പോസ്റ്റ് ചെയ്യാതിരിക്കുകയോ അവർക്ക് ശമ്പളം കൊടുക്കാനില്ലാത്ത അവസ്ഥയോ വന്നാൽ ഈ സാധാരണക്കാർക്ക് ചികിത്സയ്ക്ക്

വഴിയില്ലാത്ത സാഹചര്യമാണ് വരുന്നത്. നികുതികൾ കൃത്യമായി പിരിക്കാൻ സാധിക്കണം. 2011-ലെ കണക്ക് വച്ചുനോക്കിയാൽ കേരളത്തിൽ അന്ന് 80,000 കോടി രൂപയുടെ സ്വർണ്ണം വിൽക്കുന്നുണ്ട്. നാല് ശതമാനം ടാക്സ് വച്ചാൽ 1200 കോടി രൂപ കിട്ടും. ഇപ്പോൾ 300 കോടി രൂപയേ കിട്ടുന്നുള്ളൂ. മൂന്ന് മുറിയിൽക്കൂടുതലുള്ള വീട് വച്ചാൽ 54,000 കോടി രൂപയുടെ വീട് നിർമ്മാണം ഇവിടെ നടക്കുന്നുണ്ട്. രണ്ട് ശതമാനം ടാക്സ് പോലും പിരിച്ചെടുക്കാൻ നമുക്ക് സാധിക്കുന്നില്ല. ലാന്റ് മാഫിയ റിപ്പോർട്ടിന്റെ കണക്കുപ്രകാരം ലാന്റ് മാഫിയയുടെ കയ്യിൽ 12 ലക്ഷം ഹെക്ടർ ഭൂമിയുണ്ടെന്നാണ്. അവർ അത്രയും വാങ്ങിക്കൂട്ടിയിട്ടുണ്ട്. ഇതിനെന്താണ് പ്രതിവിധി; ഇതിന് എന്തെങ്കിലും ഒരു നടപടി വേണ്ടേ; ഇല്ലെങ്കിൽ നമ്മുടെ രാജ്യം എവിടെ പോയി എത്തും. ഇത്തരത്തിലാണ് നമ്മുടെ സ്ഥിതി.

മദ്യം, വാഹനം എന്നിവയിൽ നിന്നാണ് കൂടുതൽ നികുതി പിരിവുവരുന്നത്. നികുതി പിരിവിന്റെ ഏകദേശം 45 ശതമാനവും അതിൽനിന്നുമാത്രമാണ് വരുന്നത്. വരുമാനം വർദ്ധിപ്പിക്കാൻ എന്താണ് പോംവഴി; ഈ അസമത്വം മാറ്റിയെടുക്കണ്ടേ? വരുമാനം കൂടുതലുള്ള ആളുകളിൽനിന്ന് നല്ല രീതിയിൽ ടാക്സ് ചുമത്താനുള്ള നടപടിയെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. അതുപോലെ മൂല്യവർദ്ധിത ഉത്പന്നങ്ങളിൽനിന്നുകിട്ടുന്ന വരുമാനത്തിൽനിന്നും

ടാക്സ് ചുമത്താൻ കഴിയും. ഒരു കിലോ മാങ്ങ ഫ്രൂട്ടിയായി മാറുമ്പോൾ 650 രൂപയാണ് ലാഭം കിട്ടുന്നത്. ഇപ്പോൾ ഒരു കിലോ മാങ്ങയ്ക്ക് 30-40 രൂപയേ വിലയുള്ളൂ. കുറച്ചുകൂടി കഴിഞ്ഞാൽ അത് 10-20 രൂപയാകും. അങ്ങനെ മൂല്യവർദ്ധിത ഉത്പന്നങ്ങളിൽ നിന്ന് ടാക്സ് പിരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഉരുളക്കിഴങ്ങിന് 10 കിലോയ്ക്ക് 80 രൂപയാണ് വരുന്നത്. അത് 650 രൂപയ്ക്കാണ് ലീസ് പറഞ്ഞുവിൽക്കുന്നത്. അതിൽനിന്ന് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോ? ഏറ്റവും കൂടുതൽ ഷുഗറുള്ള ജ്യൂസുകൾ - അത് കഴിച്ചാൽ കൂടുതൽ രോഗങ്ങൾ വരുന്നതുകൊണ്ട് കേന്ദ്ര ഗവൺമെന്റുതന്നെ അത്തരത്തിൽ ആലോചിക്കുന്നുവെന്നാണ് പറയുന്നത്. ഈ തരത്തിൽ രോഗങ്ങൾ വരുന്നതുകൊണ്ട് ടാക്സ് ചുമത്താൻ കഴിയുമോയെന്നും അങ്ങനെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ചും വളരെ ഗൗരവമായി ആലോചിക്കേണ്ട സമയമായി.

അതുപോലെ കരിമണൽ കടത്തുന്നതിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. വിവരാവകാശ നിയമംവഴി ചോദിച്ചപ്പോൾ കിട്ടിയതാണ്. അതിൽ പറയുന്നത്, 140 കൊല്ലത്തേയ്ക്ക് ഇവിടെ ജനറേറ്റ് ചെയ്യാൻ കഴിയുന്ന തരത്തിൽ കരിമണലിൽ തോറിയമുണ്ട്. അത് നമ്മുടെ രാജ്യത്തുനിന്നുതന്നെ

കടത്തിക്കൊണ്ടുപോകുമെന്നാണ് പറയുന്നത്. കേരളത്തിലാണ് ഏറ്റവും കൂടുതൽ (24 ശതമാനം) തോറിയം ഉള്ളതെന്നാണ് പറയുന്നത്. അതുമാത്രം എടുത്താൽ കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക തകർച്ച മുഴുവൻ മാറ്റിയെടുക്കാൻ സാധിക്കും. അണുശക്തി വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ഛത്തീസ്ഗഡ് പോലെയുള്ള കൽക്കരിയുണ്ടാക്കുന്ന സംസ്ഥാനങ്ങൾക്ക് ലേലം ചെയ്യുന്ന സംഖ്യയിൽ നല്ലൊരു വിഹിതം അതാത് സംസ്ഥാനങ്ങൾക്ക് കൊടുക്കുകയാണെങ്കിൽ കരിമണൽ കയറ്റി അയയ്ക്കുമ്പോൾ കിട്ടുന്ന സംഖ്യകൊണ്ട് നമ്മുടെ എല്ലാ പ്രയാസങ്ങളും തീർക്കാൻ സാധിക്കും.

അതുപോലെയൊണ് വെള്ളത്തിന്റെ കാര്യം. മലമ്പുഴ ഡാമിൽനിന്ന് ഏകദേശം 40 ടി.എം.സി. വെള്ളം മറ്റ് സംസ്ഥാനങ്ങൾ കൊണ്ടുപോകുന്നുണ്ട്. ആന്ധ്രാപ്രദേശിലുള്ള കൃഷ്ണാനദിയിൽനിന്ന് മദ്രാസിന് ഒരു ടി.എം.സി. വെള്ളം കൊടുക്കുമ്പോൾ ഒരു കോടി രൂപയാണ് തമിഴ്നാട് ഗവൺമെന്റ് കൊടുക്കുന്നത്. അങ്ങനെയാണെങ്കിൽ 220 ടി.എം.സി. വെള്ളം ഒരു കൊല്ലം പോകുന്നു. അതിന്റെ ഫലമായി ഇലക്ട്രിസിറ്റി നഷ്ടമാകുന്നു. വളരെ ചീപ്പായി കിട്ടുന്ന ഒരു ഹൈഡ്രൽ പ്രോജക്ടാണ് ഇലക്ട്രിസിറ്റി. ഈ വെള്ളം ഉപയോഗിച്ച് രണ്ടുമൂന്ന് സ്ഥലത്താണ്

അവർ ഇലക്ട്രിസിറ്റി എടുക്കുന്നത്. ഏതോ കാലത്ത് നിശ്ചയിച്ച റേറ്റാണ് ഇപ്പോഴും നമ്മൾ വാങ്ങിക്കൊണ്ടിരിക്കുന്നത്. അത് വർദ്ധിപ്പിച്ചാൽ തന്നെ നമുക്ക് വലിയൊരു സംഖ്യ കിട്ടാനുള്ള സാധ്യതയുണ്ട്. ഇതൊക്കെ വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട പ്രശ്നമാണ്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടും പിന്നീട് ധനവിനിയോഗ ബിൽ അവതരിപ്പിച്ചുകൊണ്ടും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്കും കേരള ജനതയ്ക്കും നൽകിയ വാഗ്ദത്തങ്ങളെക്കുറിച്ചോ അതിന്റെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചോ എന്തെങ്കിലും കാര്യം നിയമസഭയിൽ ഉന്നയിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള വിമർശനങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനോ പ്രതിപക്ഷം തയ്യാറായിട്ടേയില്ല. ഇന്ന് സഭയിൽ ആദ്യം ചർച്ച ആരംഭിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞതെന്ന് അദ്ദേഹത്തിനുതന്നെ നിശ്ചയമുണ്ടോയെന്ന് സംശയമാണ്. ഈ ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ പറയാൻ പാടുള്ളൂ എന്ന അഭിപ്രായമൊന്നും എനിക്കില്ല. പക്ഷെ, ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ഒരു വരിയെങ്കിലും പറയാൻ അദ്ദേഹം മാത്രമല്ല, തുടർന്നുവന്ന

ഒരാളും തയ്യാറാകുന്നില്ല. ഇത് ഇന്നത്തെ അനുഭവമല്ല. ഇന്നലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് സംസാരിക്കുന്നത് കേട്ടു. അതിനെക്കുറിച്ച് ഇന്നലെതന്നെ വലിയ ആക്ഷേപവും വിമർശനവും ഉയർന്നുവന്നു. യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന് എന്താണ് സംഭവിച്ചത്? ക്യാപ്റ്റനില്ലാതെ കളിക്കളത്തിൽ ഇറങ്ങിയ ഒരു ടീമിന്റെ അമ്പരപ്പാണിത്. എവിടെപ്പോയി ക്യാപ്റ്റൻ. പ്രതിപക്ഷ നേതാവിനെ കാണാത്തതുകൊണ്ടൊന്നുമല്ല ഞാൻ പറഞ്ഞത്. അഞ്ചുകൊല്ലം നന്നായി കളിച്ച ഒരു ക്യാപ്റ്റനുണ്ടായിരുന്നല്ലോ; എവിടെ പോയി അദ്ദേഹം. അദ്ദേഹത്തെ ക്യാപ്റ്റനാക്കി വീണ്ടും ഒരു കളിക്കിറങ്ങാനുള്ള അവസ്ഥയില്ലാതായില്ലേ നിങ്ങൾക്ക്. നിങ്ങൾ അത് മനസ്സിലാക്കണം. ഇന്നലെ ബഹുമാന്യനായ സണ്ണിജോസഫും ഇന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, ശ്രീ. എം. വിൻസെന്റുമൊക്കെ പറയുന്നത് കേട്ടാൽ എക്സ് പാർട്ടി വിധിയെന്നുപറഞ്ഞാൽ കോടതി എന്തോ റിവാർഡ് പ്രഖ്യാപിച്ചതുപോലെയാണ്. ഒരു കോടതി വിധിച്ചാൽ ആ വിധി മാന്യമായി അംഗീകരിച്ച് ആ വിധിക്കെതിരെ നിങ്ങൾ അപ്പീൽ പോകണം. അതിന് എന്താണ് തടസ്സം; അതിനെ ഇങ്ങനെ ന്യായീകരിക്കുന്നതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ? ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ

സമീപനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാനത് ആവർത്തിക്കുന്നില്ല. ഓരോ ഘട്ടത്തിലും അദ്ദേഹം എങ്ങനെയാണ് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതെന്ന്. ഇനിയിപ്പോൾ എന്താണ് പറയുക. ജനങ്ങളുടെ കോടതിയിൽ തോറ്റു. ഇപ്പോൾ നിയമ കോടതിയിലും തോറ്റു. ഇനി എങ്ങോട്ട് പോകുമെന്നാണ് പറയുന്നത്. എവിടെയെങ്കിലും പോകുന്ന ഒരു സ്ഥലം പറഞ്ഞുതന്നാൽ നമുക്ക് മനസ്സിലാകും. ഇതൊന്നും പറയാനില്ലാതിരിക്കുമ്പോൾ എന്താണ് പ്രശ്നം. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ഉറിയടി, കേരളത്തെ മനസ്സിലാക്കണം, ജനങ്ങളെ മനസ്സിലാക്കണം... നിങ്ങൾ അഞ്ച് വർഷം ഭരിച്ച് ഈ കേരളത്തെ നന്നായി മനസ്സിലാക്കിയല്ലോ; ജനങ്ങളെയും നിങ്ങൾ മനസ്സിലാക്കി. അതുകൊണ്ട് ഇപ്പോൾ എവിടെയായി? അതുപോലെ മനസ്സിലാക്കണമെന്നാണോ ഞങ്ങൾക്ക് ഉപദേശിച്ച് തരുന്നത്. നിങ്ങൾ മനസ്സിലാക്കിയതുപോലെ കേരളത്തിലെ ജനങ്ങളെ മനസ്സിലാക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നതേയില്ല. ഓരോ ദിവസവും നിങ്ങൾ ഇവിടെ പറയുന്നുണ്ട്, ഞങ്ങൾക്ക് ബോദ്ധ്യമായിരിക്കുന്നു, ഞങ്ങൾ ജനവിധി അംഗീകരിക്കുന്നു എന്ന്. ജനവിധി അംഗീകരിച്ചാൽ മാത്രംപോര. അത്തരമൊരു ജനവിധിക്ക് കാരണമായതെന്താണെന്നുകൂടി പരിശോധിക്കാൻ തയ്യാറാകണ്ടേ; ഒരു

തവണയെങ്കിലും അത്തരമൊരു പരിശോധന നിങ്ങൾ നടത്തിയതായി നിങ്ങളുടെ പാർട്ടിയുടെ യോഗങ്ങളോ പരസ്യ പ്രസ്താവനകളോ നിയമസഭയ്ക്കകത്തെ പ്രസംഗത്തിലോ ഒരു വരി കേൾക്കണ്ടേ; എന്തുകൊണ്ട് പരാജയപ്പെട്ടു. ഇവർ കഴിഞ്ഞ അഞ്ച് വർഷം ചെയ്ത പ്രവൃത്തികളുടെ ഫലമാണെന്നുള്ളിൽ യാതൊരു സംശയവുമില്ല. അഞ്ച് വർഷത്തെ ഭരണത്തിൽ അഴിമതിയുണ്ട്, കെടുകാര്യസ്ഥതയുണ്ട്. ഇതൊന്നും കാണാതെയല്ല. അതിനെല്ലാം ഉപരിയായി നിങ്ങൾക്ക് എന്താണ് സംഭവിച്ചത്? ബി.ജെ.പി.-യുടെ നേതൃത്വത്തിൽ എൻ.ഡി.എ. രൂപീകരിച്ച് കേരളത്തിൽ ഒരു പുതിയ മുഖ്യമന്ത്രിയെ തന്നെ അവർ വാഴിച്ചല്ലോ; ഒരാൾ മുഖ്യമന്ത്രി ആയല്ലോ; മുഖ്യമന്ത്രി സ്ഥാനാർത്ഥിയല്ല; മുഖ്യമന്ത്രിയായി തന്നെ വാഴുന്ന പ്രഖ്യാപനങ്ങളും പരസ്യ പ്രസ്താവനകളും വന്നില്ലേ? ഇത് കണ്ടപ്പോൾ യഥാർത്ഥത്തിൽ നിങ്ങളുടെ മനസ്സ് നന്നായി. പരസ്യ വാചകങ്ങളിൽ പറയുന്നതുപോലെ ലഡു പൊട്ടി. എന്താണ് നിങ്ങൾക്ക് പൊട്ടിയ ലഡു. ചെറിയ അഡ്ജസ്റ്റ്മെന്റുകളുണ്ടാക്കിയാൽ എളുപ്പത്തിൽ കരകയറാൻ കഴിയുമെന്നല്ലേ നിങ്ങൾ വിചാരിച്ചത്. ആ അഡ്ജസ്റ്റ്മെന്റുകളൊക്കെ നിങ്ങളുണ്ടാക്കി. ബി.ജെ.പി.-യോടും ആർ.എസ്.എസ്.-നോടും മൃദുസമീപനം സ്വീകരിച്ചു.

ആരാണ് ആർ.എസ്.എസ്.; ആരാണ് ബി.ജെ.പി.; എന്താണ് അവരുടെ ലക്ഷ്യം എന്നൊക്കെ ഇനിയെങ്കിലും നിങ്ങൾ തിരിച്ചറിയണം. അത് തിരിച്ചറിയാൻ ഇനിയും നിങ്ങൾ തയ്യാറാകാത്ത പക്ഷം കോൺഗ്രസ് ഉപ്പുവച്ച കലം പോലെയായി തീരുമെന്നതിൽ ഒരു സംശയവും വേണ്ട. ഒരു കാലത്ത് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളും ഭരിച്ച ഒരു പാർട്ടിയായിരുന്നു കോൺഗ്രസ്. ആ കോൺഗ്രസിന്റെ അവസ്ഥ ഇന്ന് എവിടെ എത്തിനിൽക്കുന്നു. ഞാൻ അതിനെക്കുറിച്ചൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ കോൺഗ്രസിന്റെ ഒരു തകർച്ച ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ മാത്രമല്ല, കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾ ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ട്? അല്പമെങ്കിലും മതനിരപേക്ഷത നിലനിൽക്കുന്ന മാനസികതലമുള്ളവരും ജനാധിപത്യബോധമുള്ളവരും കുറേയെങ്കിലും ഇന്നും കോൺഗ്രസിനകത്ത് അവശേഷിക്കുന്നുണ്ട്. അത്തരം ആളുകളെക്കൂടി ഇല്ലാതാക്കുന്നതിനുവേണ്ടി, കോൺഗ്രസിൽ നിന്ന് എത്രയും വേഗം വിട്ടുപോകുന്നതിനുള്ള സാഹചര്യമാണ് ഒരുക്കിക്കൊണ്ടിരിക്കുന്നതെന്ന് അവർ തിരിച്ചറിയണം.

കണ്ണൂരിലെ കൊലപാതകങ്ങളെ വിശേഷിപ്പിച്ചുകൊണ്ട് ഒന്നിനുപുറകെ ഒന്നായി ഇവിടെ ആളുകൾ പറയുന്നത് കേട്ടു. അവിടത്തെയും തൊട്ടടുത്ത

ജില്ലകളിലെ മന്ത്രിമാരുടെയും എണ്ണം പറഞ്ഞുകൊണ്ട് അവർക്ക് ആർക്കെങ്കിലും ഒരു അഞ്ച് മിനിട്ട് സമയമില്ലേ ഇതൊക്കെ ചർച്ച ചെയ്യാനെന്നാണ് ഇന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. കണ്ണൂരിലെ സംഘർഷാവസ്ഥയ്ക്ക് ആരാണ് ഉത്തരവാദിയെന്ന് ഒരിക്കലെങ്കിലും നിങ്ങൾ പറയാൻ തയ്യാറാകുമോ? അങ്ങനെ നിങ്ങൾ പറഞ്ഞാൽ അപ്പോൾ തീരും പ്രശ്നം. നിങ്ങളെന്ന് ഞാൻ ഉദ്ദേശിക്കുന്നത് കോൺഗ്രസ്സിനെയോ യു.ഡി.എഫ്.-നെയോ മാത്രമല്ല, കേരള സംസ്ഥാനത്തെ ബഹുജനങ്ങളുടെ ബോധത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കത്തക്ക രൂപത്തിൽ കണ്ണൂർ ജില്ലയ്ക്കകത്തുണ്ടാകുന്ന സംഘർഷങ്ങൾക്ക് നിദാനമെന്തെന്ന് പറയാൻ ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പ്രസ്ഥാനമെന്നുള്ള നിലയിൽ നിങ്ങൾ തയ്യാറാകണം. എന്റെ ജില്ലയ്ക്കകത്ത് രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന കോൺഗ്രസ്സിന്റെ നേതാക്കന്മാർ പലരും ഈ സഭയിൽ ഇരിക്കുന്നുണ്ട്. ഒരുവേള നിങ്ങൾ പറയണ്ടേ; തെരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ ആഹ്ലാദ പ്രകടനം നടക്കുമ്പോഴാണ് സഖാവ് രവീന്ദ്രൻ ധർമ്മടം നിയോജകമണ്ഡലത്തിൽ കൊല്ലപ്പെട്ടത്. എന്തായിരുന്നു നിങ്ങളുടെ പ്രതികരണം? അതിനുശേഷം ധർമ്മടത്തുനിന്നുള്ള സഖാവ് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായുള്ള ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ

ഗവൺമെന്റ് അധികാരത്തിൽ വന്ന് നാളുകൾ കഴിയുന്നതിനുമുമ്പ് ധനരാജ് എന്ന ചെറുപ്പക്കാരനെ കൊലപ്പെടുത്തിയില്ലേ; എന്തിന്റെ പേരിലായിരുന്നു കൊലപ്പെടുത്തിയത്; എന്ത് പ്രതികാരത്തിന്റെ പേരിലായിരുന്നു കൊലപ്പെടുത്തിയത്; ഏതെങ്കിലും പ്രശ്നത്തിന്റെ, പ്രതികരണത്തിന്റെ ഭാഗമായിട്ടായിരുന്നോ; അതിനെക്കുറിച്ചൊന്നും പറയാൻ നിങ്ങൾക്ക് നാവ് ഉയരുന്നില്ലല്ലോ; മോഹനനെ കൊലപ്പെടുത്തിയത് എന്തിനായിരുന്നു; മോഹനനോടുള്ള പ്രതികാരം എന്തായിരുന്നു; ആ പ്രദേശത്തുണ്ടായ സംഘർഷം എന്തിനായിരുന്നു; അത് പറയാൻ നിങ്ങൾ തയ്യാറാകണ്ടേ? ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും എന്തിനാണിത് നടത്തുന്നതെന്ന് നിങ്ങൾക്ക് നന്നായിട്ടറിയാം. അവർ ആഗ്രഹിക്കുന്നതിനനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. രണ്ട് തവണ എ.കെ.ജി. ഭവനിലേക്ക് മാർച്ച് നടത്തി. കണ്ണൂർ ജില്ലയിലെ സംഘർഷാവസ്ഥ കുറയ്ക്കുന്നതിനുവേണ്ടിയാണോ എ.കെ.ജി. ഭവനിലേക്ക് മാർച്ച് നടത്തിയത്. എത്ര എം.പി.-മാരുടെ ടീമാണ് കണ്ണൂർ സന്ദർശിച്ചുപോയത്. ബി.ജെ.പി.-യുടെ ദേശീയ കൗൺസിൽ യോഗം ചേർന്നപ്പോൾപ്പോലും നരേന്ദ്രമോദിക്കും അമിത് ഷായ്ക്കും പറയാനുണ്ടായിരുന്നത് കണ്ണൂരിനെക്കുറിച്ചാണ്. എന്താണ് കണ്ണൂരിലെ പ്രശ്നം? കേരളത്തിലെ ഇടതുപക്ഷ

പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കാൻ കണ്ണൂരും, കണ്ണൂർ പോലെ മലബാറും, മലബാർ പോലെ കേരളവും ഈ രാജ്യത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കാനും ദിശാബോധം നൽകാനും ഉയർന്നുനിന്ന് പ്രവർത്തിക്കുന്നു എന്നുള്ളതല്ലാതെ മറ്റെന്താണ് പ്രശ്നം. വൈദ്യുതി ബൾബുകളല്ല ഞങ്ങൾ തകർക്കാൻ ഉദ്ദേശിക്കുന്നത്, ട്രാൻസ്ഫോർമർ തന്നെ തകർക്കുമെന്ന് പറഞ്ഞത് ഇതിനുമുമ്പ് ഞങ്ങൾ കേട്ടിട്ടുണ്ട്. കണ്ണൂരിലെ മെമ്പർ മാത്രമല്ല കേരളത്തിലെ വിവിധ ഭാഗങ്ങളിലുള്ള ആളുകൾ കേട്ടിട്ടുണ്ടാകും. കണ്ണൂരിലെ പ്രസ്ഥാനത്തെ തകർത്താൽ ട്രാൻസ്ഫോമർ തകർക്കുന്നതിന് തുല്യമായിരിക്കും. ബൾബുകൾ ഫ്യൂസാക്കാൻ ഞങ്ങൾ ആലോചിക്കുന്നില്ല, ഞങ്ങൾ ട്രാൻസ്ഫോമർ തകർക്കും. അങ്ങനെ ട്രാൻസ്ഫോമർ തകർക്കുമെന്ന് പറഞ്ഞ് കണ്ണൂർ ജില്ലയിലെ പാർട്ടി സെക്രട്ടറിയെ ഉൾപ്പെടെ വകവരുത്തി, തലനാരിഴയ്ക്കല്ലേ സഖാവ് ജയരാജൻ രക്ഷപ്പെട്ടത്. അങ്ങനെ എത്രയെത്ര സഖാക്കളെ വകവരുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള ശ്രമങ്ങളുണ്ട്. അതിനെക്കുറിച്ചെല്ലാം നിശ്ശബ്ദത പാലിക്കുകയാണ് കോൺഗ്രസ്സും യു.ഡി.എഫും.

ഒരു കാര്യം നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നരേന്ദ്രമോദിയുടെയും അമിത്ഷായുടെയും തന്ത്രങ്ങൾ കേരളത്തിൽ

വിലപ്പോകില്ലെന്ന് നിങ്ങളെക്കാൾ യാഥാർത്ഥ്യ ബോധത്തോടെ അറിയുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ. അത്രയും നിങ്ങൾ മനസ്സിലാക്കണം. നിങ്ങളേക്കാൾ യാഥാർത്ഥ്യബോധം ശ്രീ. ഒ. രാജഗോപാലിനുണ്ട്. നരേന്ദ്രമോദിയുടെയും അമിത്ഷായുടെയും കുടിലതന്ത്രം വിലപ്പോകില്ലെന്ന് അദ്ദേഹത്തിന് മനസ്സിലാകുന്നതുകൊണ്ടാണ് ഇവിടെ വരുന്ന പാർലമെന്റ് അംഗങ്ങളുടെ കൂടെ അദ്ദേഹത്തെ കാണാനില്ലാത്തത്. അദ്ദേഹം ഇതൊന്നും പറയാൻ നിൽക്കുന്നില്ല. എന്താണ് കാര്യം? ഞങ്ങൾ അദ്ദേഹത്തെയാണ് കൂടുതൽ ഭയപ്പെടുന്നത്. കാരണം, ഇടതുപക്ഷ ആഭിമുഖ്യമുള്ള, പുരോഗമന ചിന്താഗതിയുള്ള, ജനാധിപത്യബോധമുള്ള കേരളത്തിലെ ജനങ്ങൾ ഒ. രാജഗോപാലിനെ പോലെയുള്ള ആളുകളുടെ സമീപനമാണ് കൂടുതൽ അപകടകരമായി കാണുന്നത്. ആർ.എസ്.എസ്-ലേയ്ക്കും ബി.ജെ.പി.-യിലേയ്ക്കും ആളുകളെ കൂടുതൽ ആകർഷിക്കാൻ, കേരളത്തിന്റെ മണ്ണിൽ അമിത്ഷായെക്കാൾ കൂടുതൽ ഒ. രാജഗോപാലിനാണ് സാധിക്കുകയെന്ന് ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്. എന്നാൽ നിങ്ങൾക്ക് ആ ബോദ്ധ്യമില്ല. അതുകൊണ്ടാണ് അമിത് ഷായും നരേന്ദ്ര മോദിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കാനും ദുർബ്ബലപ്പെടുത്താനും ശ്രമം നടത്തുമ്പോൾ നിങ്ങൾ

കയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നത്. നിങ്ങളുടെ കൂടെയിരിക്കുന്നവരെല്ലാം ആ സമീപനം സ്വീകരിക്കുമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറയട്ടെ, ആർ.എസ്.എസ്-ഉം ബി.ജെ.പി.-യും കേരളത്തിൽ ഒരേ പോലെയാണോയെന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പറയട്ടെ, ; അങ്ങനെ പറയുമെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. കേരളത്തിലെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് നന്നായി മനസ്സിലാക്കുന്ന ഏതൊരു വ്യക്തിക്കും പറയാൻ സാധിക്കും ഈ സംസ്ഥാനത്തിനകത്ത് നാളിതുവരെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ച എല്ലാ നല്ലതിന്റെയും പിറകിൽ ഇടതുപക്ഷമുണ്ടായിരുന്നിട്ടുണ്ട് എന്ന്. ഏതെങ്കിലും ഒരു നല്ലതിനുപിറകിൽ ആർ.എസ്.എസ്-ഓ ബി.ജെ.പി.-യോ ഉണ്ടോ; നിങ്ങൾ പറയൂ? എന്നിട്ടുവേണം ആർ.എസ്.എസ്-ഉം സി.പി.ഐ.(എം)-ഉം ഒരുപോലെയാണെന്ന് പറയുവാൻ. എന്നാൽ കോൺഗ്രസ്സുകാർ അങ്ങനെ പറയാൻ തയ്യാറാകുന്നില്ല. അങ്ങനെ പറയാൻ തയ്യാറാകാത്തതിന് പിറകിലുള്ള രാഷ്ട്രീയ ദുഷ്ടലാക്കാണ് നിങ്ങൾക്കിപ്പോഴുണ്ടായ ഗതികേടിന് കാരണമായത്. ഇത് നിങ്ങളിനിയും അവസാനിപ്പിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ, ഇൻഡ്യയിലെ 23 സംസ്ഥാനങ്ങൾ നിങ്ങൾ ഭരിച്ചിരുന്നതാണ്. ഒക്കെ പോയി, അതുപോലൊരു അവസ്ഥ

അല്ലെങ്കിൽ അതിനെക്കാൾ ഗതികെട്ട അവസ്ഥ ഈ കേരളത്തിലും കൂടി കോൺഗ്രസ്സിനുണ്ടാകരുത് എന്ന ആഗ്രഹം കൊണ്ടാണ് ഞാൻ പറയുന്നത്, അവസാനിപ്പിക്കുക, എന്നിട്ട് നിങ്ങൾ ഗവൺമെന്റിനെ വിമർശിക്കുക. ഗവൺമെന്റിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശിക്കുക.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): .....(മൈക്ക് ഓഫ്).....

ശ്രീ. ജെയിംസ് മാത്യു: സർ, അതാണ്, സി.എം. പറഞ്ഞതാണ് സത്യം. അങ്ങനെ ആഗ്രഹമേയില്ല ഞങ്ങൾക്ക്. ഇന്ന് ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം നിങ്ങൾ കുറച്ചുപേരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടാകും. ആര് ശ്രദ്ധിച്ചില്ലെങ്കിലും ശ്രീ. മോൻസ് ജോസഫ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അദ്ദേഹം പറഞ്ഞത്, ഇക്കാര്യത്തിൽ നമ്മൾ കക്ഷി രാഷ്ട്രീയഭേദമെല്ലാം മാറ്റിവച്ച് ഒറ്റക്കെട്ടായി നിൽക്കണം. അതിനെ നൂറുശതമാനം പിന്തുണച്ചുകൊണ്ട് അഭിപ്രായം പറഞ്ഞു. അദ്ദേഹം പറഞ്ഞത്, കേരളത്തിന്റെ വികസനകാര്യത്തിൽ രാഷ്ട്രീയമായ പക്ഷപാതത്തോടുകൂടി ചേരിതിരിഞ്ഞു നിൽക്കേണ്ട ഒരു ഘട്ടമല്ലിത്. അതുകൊണ്ട് നമുക്ക് ഒരുമിച്ച് ഒരൊറ്റ മനസ്സോടുകൂടി പ്രവർത്തിക്കണം.

കേരളത്തിന്റെ വികസനകാര്യത്തിൽ 50,000 കോടി രൂപയുടെ ദീർഘകാല വീക്ഷണത്തോടുകൂടിയ ഒരു പദ്ധതി ആവിഷ്കരിച്ചു. അതേക്കുറിച്ച് ചർച്ച ചെയ്യുന്ന സഭയ്ക്കകത്ത് ഒരക്ഷരം പറയാൻ നിങ്ങൾക്ക് തോന്നണ്ടേ? നിങ്ങൾക്ക് തോന്നാത്തതിൽ ഒരത്ഭുതവുമില്ല. കാരണം കഴിഞ്ഞ അഞ്ച് വർഷക്കാലം നിങ്ങൾ ചെയ്ത കാര്യം ചെറിയ സമയം കൊണ്ട് പറയുകയാണ്. കോക്കനട്ട് ബയോപാർക്ക്, റൈസ് ബയോപാർക്ക്, നാളികേരവികസന കോർപ്പറേഷന്റെ മാമം സംസ്കരണപദ്ധതി, കേരഫെഡ് തുടങ്ങിയ നൂറ് പ്രഖ്യാപനങ്ങൾ അന്നത്തെ മന്ത്രി നടത്തി. വാഗ്ദാനരിയല്ലാതെ ഒരൊറ്റ കാര്യം ചെയ്തില്ല. തൊഴിൽ വകുപ്പ്, ഈ ഗവൺമെന്റ് വന്നതിനുശേഷം 8 മിനിമം വേജസ് പുതുക്കാൻ തീരുമാനിച്ചു. 14 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചുകൊണ്ടിരിക്കുന്നു. 52 മിനിമം വേജസ് കമ്മിറ്റി ഉപദേശക സമിതിക്ക് കാര്യങ്ങൾ വിട്ടുകൊടുത്ത് അടിയന്തരമായി മിനിമം വേജസ് പുതുക്കാൻ വേണ്ടി ഉദ്ദേശിക്കുകയാണ്. കഴിഞ്ഞ ദിവസം എസ്.സി./എസ്.റ്റി. വകുപ്പിന്റെ മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ, മുൻമന്ത്രി സാധാരണഗതിയിൽ പരിണതപ്രജ്ഞനും സൗമ്യസ്വഭാവക്കാരനും വസ്തുതാവിരുദ്ധമായ ഒരു കാര്യവും പറയാത്ത ആളുമാണ്, അദ്ദേഹം ആയതുകൊണ്ട് മാത്രമല്ല, ഞങ്ങളുടെ മന്ത്രി പറയുകയും

ചെയ്തു 'ഇത് തെളിയിച്ചേ രാജി വയ്ക്കൂ'. അതുകൊണ്ട് ഞാൻ പോയി അന്വേഷിച്ചു. ബഹുമാന്യനായ മെമ്പറോടുള്ള എല്ലാ സ്നേഹവും ആദരവും നിലനിർത്തിക്കൊണ്ടു പറയട്ടെ, അങ്ങ് പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഒരു ലക്ഷം രൂപ എസ്.സി. വിഭാഗത്തിനും 50,000/- രൂപാവീതം എസ്.റ്റി. വിഭാഗത്തിനുമുള്ള ഗ്യാപ് ഫില്ലിംഗ് ഫണ്ട് കൊടുത്തത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് അത് പാസ്സാക്കി വച്ചിരുന്നില്ല. Ways and means-ന്റെ പ്രശ്നംകൊണ്ട് ഡിലേ ആയതല്ല, ഈ ഗവൺമെന്റ് തന്നെയാണ് കൊടുത്തത്. ആ ഡോക്യുമെന്റ് ഞാൻ നോക്കിയതുകൊണ്ടാണ് പറയുന്നത്. തീർച്ചയായും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ വകുപ്പും കാണിച്ച കെടുകാര്യസ്ഥതയുടെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. മത്സ്യമേഖലയിൽ ഒരു തത്വദീക്ഷയുമില്ലാതെയാണ് നിങ്ങൾ പ്രവർത്തിച്ചത്. വ്യാവസായിക മേഖലയിൽ നിങ്ങൾക്ക് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. ജിം പോലെ ഒരു എമർജിംഗ് കേരളയും കൂടി നടത്തി ഒന്നുമില്ലാതാക്കി. ഇന്നലെ ബഡ്ജറ്റ് ധനാഭ്യർത്ഥനയുടെ സമയത്ത് വ്യവസായ വകുപ്പിനുവേണ്ടി മുഖ്യമന്ത്രി നടത്തിയ ആ ധനാഭ്യർത്ഥനയിൽ എണ്ണിയെണ്ണി പറഞ്ഞ നിരവധി കാര്യങ്ങൾ കേരളത്തിന്റെ വ്യാവസായിക മേഖലയെ

രക്ഷിക്കാൻ വേണ്ടി യുള്ളതാണ്. തീർച്ചയായും വളരെ ശോഭനമായൊരു ഭാവി കേരളത്തിന് ഉറപ്പുവരുത്തുന്ന ലക്ഷ്യബോധമുള്ള ഒരു ഗവൺമെന്റ്, അക്ഷരാർത്ഥത്തിൽ മതനിരപേക്ഷമായി വർഗ്ഗീയ ശക്തികൾക്കെതിരായി ജനാധിപത്യവിശ്വാസികളെ ഒറ്റക്കെട്ടായി അണിനിരത്തുന്ന ഒരു നവകേരള സൃഷ്ടിക്കുവേണ്ടി നടത്തുന്ന പരിശ്രമത്തിൽ തീർച്ചയായും കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും പ്രവർത്തകർ ക്രിയാത്മകമായി പിന്തുണയ്ക്കുമെന്ന പ്രതീക്ഷയോടുകൂടി ഈ ധനവിനിയോഗ ബില്ലിന്റെ പ്രമേയത്തെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഈ ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ എനിക്ക് ആറുമിനിറ്റ് സമയമേയുള്ളൂ. അതുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഞാൻ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ഒരു നവയുഗ കേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള ആഹ്ലാദത്തോടുകൂടിയാണ് ബഹുമാന്യനായ ജെയിംസ് മാത്യു ഇവിടെ പ്രസംഗം അവസാനിപ്പിച്ചത്. അത് അങ്ങനെ തന്നെയാകട്ടെ എന്നുതന്നെയാണ് എന്റെയും പ്രാർത്ഥന. വയലാർ രാമവർമ്മ അന്തരിച്ച ദിവസമാണ് ഒക്ടോബർ 27. അദ്ദേഹത്തിന്റെ പ്രശസ്തമായ 'സർഗ്ഗസംഗീത'ത്തിൽ,

" വാളല്ലെൻ സമരായുധം ഝണഝണധ്വാരം

മുഴക്കീടുവാൻ ആളല്ല ഞാൻ

കരവാളുവിറ്റൊരു മണിപ്പൊൻവീണ

വാങ്ങിച്ച ഞാൻ"

എന്നുപറയുന്ന പ്രശസ്തമായ കവിതയിൽ അദ്ദേഹം പറഞ്ഞത് ഇന്നും കേരളീയ ജീവിതത്തിൽ പ്രസക്തമാണ്. യഥാർത്ഥത്തിൽ 'വാളുകൊണ്ടല്ല' 'അക്ഷരം' കൊണ്ടാണ് മാറ്റങ്ങൾ ഉണ്ടാക്കേണ്ടത് എന്നുള്ള ഓർമ്മപ്പെടുത്തൽ എല്ലാവർക്കും ബാധകമാണെന്ന് ആമുഖമായി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഇവിടെ നടക്കുന്ന ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ ഒന്നുരണ്ട് കാര്യങ്ങളാണ് ഞാൻ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ഞാൻ ഒരിക്കൽ പറഞ്ഞതുപോലെ, വളരെ പ്രാഗ്മാറ്റിക് ആയ ഒരു ധനകാര്യമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക്. മിൽട്ടൺ ഫ്രൈഡ്മാൻ 1962-ൽ എഴുതിയ ഒരു വാക്ക് ഈ കാലഘട്ടത്തിൽ നമ്മളെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. - "Only a crisis - actual or perceived - produces real change. When that crisis occurs, the actions that are taken depend on the ideas that are

lying around. That, I believe, is our basic function : to develop alternatives to existing policies, to keep them alive and available until the politically impossible becomes the politically inevitable." ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നമ്മുടെ ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട് കുറെയേറ പ്രതിസന്ധികളുണ്ട്. പലപ്പോഴും ബഡ്ജറ്റുകളുടെ അടിസ്ഥാപനപരമായ അന്ത:സത്തയെപ്പോലും ചോദ്യം ചെയ്യുന്ന തരത്തിലേക്ക് കഴിഞ്ഞ കാലഘട്ടങ്ങൾ കടന്നുപോയി. ബഡ്ജറ്റ് പ്രസംഗങ്ങൾ പലപ്പോഴും കേവലം പ്രസംഗങ്ങൾ മാത്രമായി അവസാനിക്കുകയും പുതിയതായി പ്രഖ്യാപിക്കുന്നതും പഴയകാലത്ത് ആവിഷ്കരിച്ചതുമായ പദ്ധതികൾ അക്ഷരങ്ങളിൽ മാത്രം മയങ്ങിക്കിടക്കുകയും ചെയ്യുന്ന കാഴ്ച നമ്മൾ കണ്ടുവരുന്നുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിലെ കേരളത്തിന്റെ ബഡ്ജറ്റുകൾ പരിശോധിച്ചാൽ ഈ കാര്യങ്ങൾ മനസ്സിലാക്കാം. യഥാർത്ഥത്തിൽ അതിനൊരു മാറ്റം വളരെ പ്രാധാന്യത്തോടുകൂടി ഉണ്ടാകണം എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാത്രമല്ല, നമുക്ക് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് ഈ കാര്യത്തിൽ ഉണ്ടാകണം. കഴിഞ്ഞകാല ബഡ്ജറ്റുകൾ അതിന്റെ നടത്തിപ്പിലുണ്ടാകുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം, അതിന്റെ

എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റിയുമായി ബന്ധപ്പെട്ട കാര്യമാണ്. ബഡ്ജറ്റുകൾ പലപ്പോഴും കണക്കുകളായി മാറുകയും പിന്നീട് അത് റിവൈസ്ഡ് എസ്റ്റിമേറ്റുകളായി വരികയും ചെയ്യുന്നു. എക്സ്പെൻഡിച്ചർ വരുമ്പോൾ അതുമായി യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയാണ്. ഞാൻ കേരളത്തിലെ ബഡ്ജറ്റുകളെക്കുറിച്ച് റിസർച്ച് നടത്തുകയും അതിന്റെ അന്വേഷണഘട്ടത്തിലൂടെ കടന്നുപോകുകയും ചെയ്തപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞൊരു കാര്യം, ന്യൂമറിക്കൽ എക്സർസൈസിന് അപ്പുറത്തേക്ക് യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാതെ പോകുന്നുവെന്നത് ഒരു പരിധിവരെ സത്യമാണ് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അതുമാത്രമല്ല, ബഡ്ജറ്റ് എക്സ്പെൻഡിച്ചറുകൾ പരിശോധിക്കുമ്പോൾ അവസാനത്തെ ക്വാർട്ടറിലാണ് ഏറ്റവും കൂടുതൽ വരുന്നതെന്നുകാണാം. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും സർക്കാർ തലങ്ങളിലാണെങ്കിലും പ്രവർത്തനങ്ങളെല്ലാം തുടങ്ങിവയ്ക്കുന്നത് അവസാനത്തെ രണ്ടുമൂന്ന് മാസക്കാലയളവിലാണ്. നമുക്കൊരു ക്വാർട്ടർലി പെർഫോമൻസ് ഈ കാര്യത്തിൽ ഇല്ലായെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഒരു മാറ്റം ഈ കാര്യത്തിൽ ഉണ്ടാകട്ടെയെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

അതോടൊപ്പംതന്നെ കുറെയേറെ ലക്ഷ്യങ്ങൾ നമ്മൾ പ്രഖ്യാപിക്കാറുണ്ട്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗം -

'നമ്മൾ ജയിക്കും ജയിക്കുമൊരുദിനം

നമ്മളൊറ്റക്കല്ല നമ്മളാണീഭൂമി' എന്ന 'ദിനാന്ത'ത്തിലെ മനോഹരമായ കവിതയോടുകൂടി അവസാനിപ്പിക്കുമ്പോൾ നമുക്കിത് എങ്ങനെ നേടിയെടുക്കാൻ സാധിക്കുമെന്നുള്ളതാണ് ചിന്തിക്കേണ്ടത്. പലപ്പോഴും ബഡ്ജറ്റ് ചർച്ചകൾ നടക്കുമ്പോൾ, ഒരു ഗവൺമെന്റ് കൊണ്ടുവരുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ മോശമാണെന്നും മറുഭാഗത്ത് ഇതെല്ലാം കൊള്ളാവുന്ന കാര്യങ്ങളാണെന്ന് പറയുകയും ചെയ്യുമ്പോൾ യാഥാർത്ഥ്യങ്ങളോട് നമ്മൾ എത്രമാത്രം സമരസപ്പെടുന്നുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. Fiscal Management-ന്റെ കാര്യത്തിൽ ഒരിക്കലും നമ്മൾ പറയുന്നിടത്ത് എത്തിചേരാൻ പറ്റുന്നില്ലായെന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റും റിവൈസ്ഡ് എസ്റ്റിമേറ്റും തമ്മിൽ ഗ്യാപ്പ് ഉണ്ടാകുന്നു. ആസൂത്രണത്തിലെ വലിയൊരു തകരാറ് ഇക്കാര്യത്തിലുണ്ട്. ധനകാര്യവകുപ്പുമന്ത്രി സ്പെഷ്യൽ പർപ്പസ് വെഹിക്കിളിലൂടെ കൊണ്ടുവരുന്ന ആശയങ്ങളോട് ഒരു പരിധിവരെ യോജിക്കുമ്പോഴും നിയമസഭയുടെ

മുന്നിലേക്ക് നാളെയുടെ കാര്യങ്ങളൊന്നും കൊണ്ടുവരുന്നില്ല. ബഡ്ജറ്റിന് പുറത്തുള്ള കാര്യങ്ങൾ പ്രഖ്യാപിച്ച് അത് നടപ്പിലാക്കുന്ന ഒരു രീതിയിലേക്ക് പോകുകയാണ്. അതുകൊണ്ടാണ് revenue deficit ഉം fiscal deficit ഉം തമ്മിലുള്ള അന്തരവും public debt ഉം വർദ്ധിക്കുന്നത്. അങ്ങനെ കാര്യങ്ങൾ പലപ്പോഴും കൈവിട്ടുപോകുന്ന ഒരു അവസ്ഥയുണ്ട്. ഇപ്പോൾ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലൂടെ ബഡ്ജറ്റിലെ പല പ്രവർത്തനങ്ങളും അറേഞ്ച്മെന്റുകളായി മാറുന്നൊരു പ്രക്രിയയാണ് കേരളത്തിൽ കണ്ടുവരുന്നത്. ഇതിൽ മാറ്റം ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ ഒരു പരിധിവരെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൃഷി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ലായെന്നുള്ളത് സത്യമാണ്.

<u>മി. ചെയർമാൻ</u>: സമയം കഴിഞ്ഞിരിക്കുകയാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. റവന്യൂ വളരെയേറെ inflate ചെയ്തു കാണിക്കുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. അതുമാത്രമല്ല അതിനുശേഷം എക്സ്പെൻഡിച്ചർ റിവൈസ് ചെയ്യുന്നു. ഇങ്ങനെ

വരുമ്പോൾ ഒരു കാര്യത്തിന് അലോട്ട് ചെയ്യുന്ന പണം മറ്റുപല കാര്യങ്ങൾക്കും ചെലവഴിക്കുന്ന ഒരു രീതിയുണ്ടാകും. ചുരുക്കത്തിൽ നമ്മുടെ revenue deficit-ഉം fiscal deficit-ഉം തമ്മിലുള്ള ഗ്യാപ്പ് വർദ്ധിക്കുന്നൊരു അവസ്ഥ ഉണ്ടാകുന്നു. ഇതെല്ലാം ബഡ്ജറ്റിന്റെ ഇന്റഗ്രിറ്റിയെ ബാധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്. ബഡ്ജറ്റ് ഒരു ആധികാരിക രേഖയാണെന്നാണ് ഞാനൊക്കെ പഠിച്ചിട്ടുള്ളത്. പക്ഷെ ഇന്ന് അത്രയും ആധികാരികത നമ്മുടെ ബഡ്ജറ്റുകൾക്കുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. സ്വാഭാവികമായും കാലത്തിന്റെ മാറ്റമായിരിക്കാം. പക്ഷെ ആ ഇന്റഗ്രിറ്റി നിലനിർത്താൻ കഴിയുന്നില്ല. നമ്മുടെ ബഡ്ജറ്റ് എസ്റ്റിമേറ്റും ആക്ച്വൽ എക്സ്പെന്റിച്ചറും തമ്മിലുള്ള അന്തരം ഇന്റർനാഷണൽ ലെവലിൽ ഏതാണ്ട് 20 ശതമാനംവരെ വരാം. പക്ഷെ ഏതാണ്ട് 43-49 ശതമാനം വ്യത്യാസം വരുമ്പോൾ എവിടെയാണ് നമ്മുടെ ബഡ്ജറ്റുകളുടെ ഇന്റഗ്രിറ്റി നിലനിൽക്കുന്നവെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ മാറ്റങ്ങൾ ഉൾക്കൊണ്ടു വേണം വരാൻ പോകുന്ന കാലഘട്ടത്തിൽ മുന്നോട്ട് പോകേണ്ടത്. നമ്മുടെ കാഴ്ചപാട് മാറുകയാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ് എന്ന് പറയുമ്പോഴും എനിക്ക് തോന്നുന്നത് കേരളം ആസക്തി പിടിച്ച

ഒരു സംസ്ഥാനമായി മാറുകയാണ് എന്നാണ്. തെരുവ്നായ്ക്കളുടെ വിഷയം പോലും അതാണ് സൂചിപ്പിക്കുന്നത്. ചൈനയിൽ നിന്നും കൊണ്ടുവരുന്ന അജിനോ മോട്ടോ കഴിച്ച് നായകൾക്കുപോലും ആസക്തി വർദ്ധിക്കുന്നു. അനാസക്തിയെക്കുറിച്ച് പറയുന്നവർ മോശക്കാരാണെന്ന് പറയുന്ന കാലഘട്ടമാണിത്. ആസക്തിയല്ല അനാസക്തിയാണ് നല്ലതെന്ന് പലപ്പോഴും നമ്മളെ തിരിച്ചറിയിക്കുന്ന കാര്യങ്ങളാണ് നമ്മുടെ വികസനത്തിലും കാഴ്ചപ്പാടുകളിലും ഉണ്ടാകുന്നതെന്ന് ഒരിക്കൽക്കൂടി സൂചിപ്പിക്കുകയാണ്. അങ്ങയുടെ ആഗ്രഹം പോലെ തന്നെ 'നമ്മളാണീ ഭൂമി' എന്നുപറയുമ്പോഴും ഭൂമി തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥാന്തരത്തിൽ എവിടെയാണ് അങ്ങ് കാലുറപ്പിക്കാൻ പോകുന്നതെന്നുള്ള എളിയ ആശങ്ക ഞാൻ പങ്കുവയ്ക്കുന്നു. എങ്കിലും ഇതൊക്കെ ഭംഗിയായി പോകട്ടേയെന്ന് വളരെ ആത്മാർത്ഥമായി ആശിക്കുന്നു. ഭരണപ്രതിപക്ഷഭേദത്തിനപ്പുറത്ത് വികസനത്തെ അതിന്റെ പൂർണ്ണമായ അർത്ഥതലങ്ങളിൽ കാണാൻ കഴിയുന്ന ഒരു സംവിധാനമുണ്ടാകണം. ആ കടന്നുവരവിന് കഴിയട്ടെയെന്ന് ഒരിക്കൽ കൂടി ആഗ്രഹിക്കുന്നു. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ നിയമസഭ ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ധനവിനിയോഗം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്യുന്ന ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ധനവിനിയോഗം സുതാര്യവും, അഴിമതിരഹിതവും കാര്യശേഷിയോടുകൂടിയതുമായിരിക്കണമെന്നാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് അതിനെക്കുറിച്ചുള്ള കുലങ്കഷമായ, തലനാരിഴ കീറിയുള്ള ചർച്ച ഈ സഭയിൽ നടക്കേണ്ടത്. കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ ഈ സർക്കാർ നടത്തിയ ചില ധനവിനിയോഗങ്ങൾ സുതാര്യവും അഴിമതി രഹിതവുമായി ചെയ്യാൻ കഴിഞ്ഞില്ലായെന്നാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. 2016 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, മാസങ്ങളിൽ കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും രണ്ടിനങ്ങളിലുള്ള തോട്ടണ്ടി വാങ്ങിച്ചതിലുള്ള ക്രമക്കേടും അഴിമതിയും ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. ഈ ഗവൺമെന്റ് വന്നയുടൻ തന്നെ കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പെക്സിലെയും എം.ഡി.-മാരെ മാറ്റി നിയമിച്ചു. എം.ഡി.-മാരെ മാറ്റി നിയമിക്കാനുള്ള

വിവേചനാധികാരം ഈ ഗവൺമെന്റിനുണ്ട്. പക്ഷെ കാപ്പെക്സിന്റെ എം.ഡി.-യായി നിയമിക്കപ്പെട്ട ശ്രീ. ആർ. രാജേഷ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരോപണങ്ങളുടെ പേരിൽ റിയാബിന്റെ നിർദ്ദേശപ്രകാരം ആ സ്ഥാനത്തുനിന്നും നീക്കം ചെയ്യപ്പെട്ട ആളാണ്. അദ്ദേഹം ഓട്ടോകാസ്റ്റ്-ന്റെ എം.ഡി. ആയിരിക്കുമ്പോഴും നിരവധി ആരോപണങ്ങൾക്ക് വിധേയനായിരുന്നു. അന്ന് മാനേജിംഗ് ഡയറക്ടർ സ്ഥാനത്തുനിന്നും ഇയാളെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള റിയാബിന്റെ കത്ത് എന്റെ കൈവശമുണ്ട്. അത് ഞാൻ സഭയുടെ മുൻപാകെ വയ്ക്കുകയാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ എം.ഡി.-യായ ടി. എഫ്. സേവ്യർ എസ്. പി. റാങ്കിലുള്ള ഒരു പോലീസ് ഉദ്യാഗസ്ഥനാണ്. ഇദ്ദേഹത്തിന്റെ പശ്ചാത്തലം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. ഈ രണ്ട് എം.ഡി.-മാരുടെയും പശ്ചാത്തലം അന്വേഷിച്ചാൽ, നിങ്ങൾ അധികാരത്തിൽ വരുമ്പോൾ any Tom, Dick and Harry can be appointed as managing director of public sector undertaking എന്നുള്ള നിലയിലാണ്. ഒരു വിജലൻസ് അന്വേഷണം നടത്തുകയോ ക്യാബിനറ്റിന്റെ അംഗീകാരം നേടുകയോ ചെയ്യാതെ ശരിയായ പശ്ചാത്തലം ഇല്ലാത്തവരെയാണ് ഈ രണ്ട് സ്ഥാപനങ്ങളിലും എം.ഡി.-

മാരായി നിയമിച്ചിട്ടുള്ളത്. 25.06.2016-ലെ സർക്കാർ ഉത്തരവ് പ്രകാരം തോട്ടണ്ടി വാങ്ങിക്കുന്നതിലെ ടെണ്ടർ വ്യവസ്ഥകളിൽ നാല് പ്രധാനപ്പെട്ട ഇളവുകൾ വരുത്തിയിട്ടുണ്ട്. ഒരുപക്ഷെ ആളുകൾ കൂടതൽ വരുന്നതിനുവേണ്ടിയിട്ടാകാം, ഞാൻ അതിനെ എതിർക്കുന്നില്ല. അതിൽ എന്നെ അത്ഭുതപ്പെടുത്തിയ പ്രധാനപ്പെട്ട ഒരു പോയിന്റ്, പ്രാഥമികമായ ക്വാളിറ്റി അസെസ്സ്മെന്റ് നടത്താൻ നേരത്തേ തേർഡ് പാർട്ടി ഏജൻസിയ്ക്കായിരുന്നു ചുമതല. ഇപ്പോൾ ആ രീതി മാറ്റി കശുവണ്ടി സപ്ലൈ ചെയ്യുന്ന ആളിനെത്തന്നെ അതിന് ചുമതലപ്പെടുത്തി. അങ്ങനെയൊരു ഇളവ് ടെണ്ടർ കണ്ടീഷനിൽ വരുത്തിയിട്ടുണ്ട്. ഞാൻ അതൊരു ആരോപണമായി ഉന്നയിക്കുന്നില്ല. 22.06.2016-ൽ ബഹുമാനപ്പെട്ട മന്ത്രി വ്യാപാരികളുടെ ഒരു യോഗം വിളിച്ചു, കൂടുതൽ വ്യാപാരികൾ വരുന്നതിനുവേണ്ടിയാണ് മന്ത്രി ആ യോഗം വിളിച്ചു കൂട്ടിയത്. അതിനെയും ഞാൻ എതിർക്കുന്നില്ല. ഇതിലെ ബ്രോക്കർമാരും വ്യാപാരികളുമായിട്ടുള്ള രണ്ടുമൂന്നുപേർ മാത്രമേ ആ യോഗത്തിൽ വന്നിട്ടുള്ളൂ. അവരാണ് പിന്നീട് ഈ എം.ഡി.-മാരുമായി ഗൂഢാലോചന നടത്തി തോട്ടണ്ടി വാങ്ങിച്ചതിൽ ക്രമക്കേട് നടത്തിയിരിക്കുന്നത്. രണ്ട് പ്രധാനപ്പെട്ട കച്ചവടങ്ങളാണ് ഞാൻ ഇതിൽ

സൂചിപ്പിക്കുന്നത്. 47 Ibs ഐവറി കോസ്റ്റ് ഒറിജിൻ തോട്ടണ്ടി നൽകുന്നതിന് 17.06.2016-ന് സി.ബി. കമ്മോഡിറ്റീസ് എന്നുപറയുന്ന കമ്പനി ഒരു മെട്രിക് ടണ്ണിന് 1584 യു. എസ്. ഡോളർ നിരക്കിൽ ടെണ്ടർ കൊടുക്കുന്നു. വിലകൂടുതലാണെന്ന കാരണത്താൽ അത് റിജക്ട് ചെയ്യുന്നു. രണ്ടാമത് വീണ്ടും എക്സൽ സയന്റിഫിക് കമ്പനി 1689 യു. എസ് ഡോളർ നിരക്കിൽ വീണ്ടും ടെണ്ടർ കൊടുക്കുന്നു. അതും റിജക്ട് ചെയ്തു. അതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത്, "Procurement price quoted by them was also 1689 US dollar/MT for 47 Ibs out turn and count of 195-200. The rate quoted by them was very high when compared to market price. As the season is almost over, the quality of RCMA also be poor. Therefore it may be difficult to accept the offer" എന്നാണ്. വില കൂടുതലാണ്, ക്വാളിറ്റി മോശമാണ് എന്നീ കാരണങ്ങൾ പറഞ്ഞ് അത് റിജക്ട് ചെയ്യുന്നു. ആദ്യത്തെ ടെണ്ടർ മെട്രിക് ടണ്ണിന് 1584 യു.എസ്. ഡോളറിന്, രണ്ടാമത് 1689 യു.എസ്. ഡോളറിന്. ഏറ്റവും രസകരമായ കാര്യം, പത്തു ദിവസം കഴിഞ്ഞപ്പോൾ ഒലാം ഇന്ത്യ എന്നുപറയുന്ന കമ്പനിക്ക് 1858 ഡോളറിന് ടെണ്ടർ അപ്രൂവ് ചെയ്തുകൊടുക്കുന്നു. അതായത് ഒരു കിലോയ്ക്ക് 118 രൂപയിൽ

നിന്നും 124.50 രൂപയിലേയ്ക്ക് മാറ്റി കൊടുക്കുന്നു. ഒരേ ക്വാളിറ്റി സാധനത്തിന് ഏറ്റവും നിരക്ക് കുറഞ്ഞ രണ്ട് ഓഫറുകൾ മാറ്റി ഒരു ടണ്ണിന് 272 യു.എസ്. ഡോളറിന്റെ വ്യത്യാസത്തിൽ മറ്റൊരു കമ്പനിക്ക് നൽകിയിരിക്കുകയാണ്. ആദ്യത്തെ രണ്ടു ടെണ്ടറുകളും വില കൂടുതലാണെന്ന് ഗവൺമെന്റ് ഓർഡറിൽ എഴുതിവച്ച് റിജക്ട് ചെയ്തിട്ട് അതിനെക്കാൾ 272 യു.എസ്. ഡോളർ, കൂടുതലുള്ളത് വാങ്ങിക്കുന്നു. ഇത് തമ്മിലുള്ള വ്യത്യാസം എന്നുപറയുന്നത്, ഒറ്റ റൗണ്ട് 1000 ടൺ വാങ്ങിച്ചപ്പോൾ തന്നെ 1.82 കോടി രൂപ നഷ്ടം ഉണ്ടാകുന്നു. സെയിം ക്വാളിറ്റി പത്ത് ദിവസത്തിനുള്ളിൽ വാങ്ങിയതിലാണ് ഈ വ്യത്യാസം വന്നത്. തേർഡ് പാർട്ടി ടെസ്റ്റ് നടത്താതെ പണം നൽകി, പണം നൽകിയതിനുശേഷമാണ് ഇതിന്റെ ക്വാളിറ്റി ടെസ്റ്റ് നടത്തുന്നത്, 47 പൗണ്ട് എന്നുപറഞ്ഞിട്ട് 43 പൗണ്ടിൽ കുറവാണ് കാണിച്ചത്. കട്ടിംഗ് ടെസ്റ്റിന്റെ റിസൾട്ട് അവിടെയുണ്ട്. ഡിഫക്ടീവ് നട്സ് 15 ശതമാനത്തിൽ കൂടുതലാണ്. പക്ഷേ പണം കൊടുത്തുകഴിഞ്ഞു. പണ്ട് ധനകാര്യസെക്രട്ടറി കശുവണ്ടി കോർപ്പറേഷനിലേയ്ക്ക് പണം കൊടുക്കുകയില്ലായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ധാരാളം പണം കൊടുക്കുന്നുണ്ട്. കശുവണ്ടിഫാക്ടറികൾ തുറന്നുപ്രവർത്തിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് പണം കൊടുക്കുന്നത്.

ഞാനത് സമ്മതിക്കുന്നു. ആ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് അവിടെയുള്ള തൊഴിലാളികൾക്ക് ജോലി കിട്ടുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ ധനവിനിയോഗം എങ്ങനെയായിരിക്കണം? രണ്ടാമത്, ജൂലൈയിൽ ഗിനിബിസാവോ തോട്ടണ്ടി വിതരണം ചെയ്യാൻ വിനായക കൊമേഴ്സ്യൽ കമ്പനി ക്വാട്ട് ചെയ്യുന്നു. എവിടെയാണ് ക്വാട്ട് ചെയ്യുന്നത്? കാപ്പക്സിൽ, 1886 യു.എസ്. ഡോളർ ക്വാട്ട് ചെയ്തു. കാപ്പക്സിലാണ് ചെയ്തത്. വില കൂടുതലാണെന്ന് പറഞ്ഞ് അത് റിജക്ട് ചെയ്യുന്നു. ആഗസ്റ്റിൽ തന്നെ ഇതേ കമ്പനിയിൽ നിന്നും ഇതേ ഒർജിൻ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷൻ വാങ്ങുകയാണ്. എത്രയാണെന്നറിയുമോ? 2119 യു.എസ്. ഡോളറിന് വാങ്ങുകയാണ്. വ്യത്യാസം മെട്രിക് ടണ്ണിന് 233 ഡോളർ. അതായത് 1,75,00,000 രൂപയുടെ വ്യത്യാസം. ഇതിൽ അറിയേണ്ടത് ഗിനിബിസാവോ തോട്ടണ്ടി തൂത്തുക്കുടി പോർട്ടിൽ കിടക്കുമ്പോഴാണ് ആദ്യം വിനായക കൊമേഴ്സ്യൽ കമ്പനി ക്വാട്ട് ചെയ്യുന്നത്. തൂത്തുക്കുടി പോർട്ടിൽ കിടക്കുന്ന അതേ കൺസൈൻമെന്റ് 2119 ഡോളറിന് 233 ഡോളറിന്റെ വ്യത്യാസത്തിൽ, രണ്ടാമത് അത് അംഗീകരിച്ചുകൊടുക്കുന്നു. ആഗസ്റ്റിൽ തന്നെ 132 രൂപയ്ക്ക് കിട്ടേണ്ടിയിരുന്നത് 142 രൂപയ്ക്ക് വാങ്ങുന്നു. ആഗസ്റ്റിൽ തന്നെ 138 രൂപയ്ക്കും 142 രൂപയ്ക്കും കശുവണ്ടി കോർപ്പറേഷനുകളുടെ ചരിത്രത്തിൽ വാങ്ങിയ ഏറ്റവും വലിയ

വിലയായ 151 രൂപയ്ക്കും ഇവർ വാങ്ങിച്ചു. ഇതിന് മന്ത്രി പറയാൻ പോകുന്ന മറുപടി എനിക്കറിയാം, 53 പൗണ്ടായിരുന്നു ആദ്യം കമ്പനി ക്വാട്ട് ചെയ്തപ്പോൾ പറഞ്ഞിരുന്നത്. രണ്ടാമത് ഒരു പൗണ്ട് കൂടി കൂട്ടി 54 പൗണ്ടാക്കി, ക്വാളിറ്റിയിൽ വ്യത്യാസം വന്നു. അതുസംബന്ധിച്ച് മറുപടിയിൽ പറയുമെന്ന് എനിക്കറിയാം. ഒരു ഔട്ട്ടേൺ കൂടി. ഒരു ഔട്ട്ടേൺ കൂടിയാൽ 233 ഡോളറിന്റെ വ്യത്യാസം വരണോ? വരണ്ട, 30 ഡോളറിന്റെ വ്യത്യാസം വന്നാൽ മതി. പക്ഷേ ഇതു കഴിഞ്ഞിട്ടാണല്ലോ ടെസ്റ്റ് നടത്തുന്നത്. ടെസ്റ്റ് നടത്തിക്കഴിഞ്ഞപ്പോൾ 51 പൗണ്ടേയുള്ളൂ. ആദ്യം പറഞ്ഞൊന്നുമില്ല. ആദ്യം ക്വാട്ട് ചെയ്ത 53 പൗണ്ടുമില്ല രണ്ടാമത് ക്വാട്ട് ചെയ്ത 54 പൗണ്ടുമില്ല. ക്വാളിറ്റി 51 പൗണ്ടേയുള്ളൂ. കട്ടിംഗ് ടെസ്റ്റിന്റെ റിസൾട്ട് മന്ത്രിയുടെ കൈവശമുണ്ട്. ഇതൊക്കെ പറയുമ്പോൾ ഒരു കാര്യം നമുക്ക് പറയാം കമ്പനികളൊന്നും വരുന്നില്ല. പഴയ ഗവൺമെന്റിന്റെ കാലത്താണെങ്കിൽ ഒറ്റ കമ്പനിക്ക് കൊടുത്തു, ഒരു ടെണ്ടറിന് കൊടുത്തു. നേരത്തെ പറഞ്ഞതുപോലെ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ വേണ്ടിയാണ്. 111 രൂപയ്ക്ക് കശുവണ്ടി വാങ്ങിയതിനാണ് സി.ബി.ഐ. കേസും വിജിലൻസ് കേസും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. 151 രൂപയ്ക്കാണ് ഇത് വാങ്ങിയിരിക്കുന്നത്. ഇപ്പോൾ രണ്ടുകമ്പനികൾ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രി

പ്രത്യേകിച്ച് കേൾക്കണം. ഒന്ന്, മഹിമാ ട്രേഡേഴ്സ്, ഇൻഡാഫ് എന്നീ രണ്ടുകമ്പനികൾ ക്വാട്ട് ചെയ്തിരിക്കുകയാണ്. രണ്ടുപേരുടെ ഡിക്ലറേഷൻ ഫോമാണ് എന്റെ കയ്യിലിരിക്കുന്നത്. ഇത് ഒരേ കമ്പ്യൂട്ടറിൽ ഒരേ ഓഫീസിൽ അച്ചടിച്ച ഫോമാണ്. കാരണം 'ഒറിജിൻ' എന്ന് ടൈപ്പ് ചെയ്തപ്പോൾ 'ഓർഗൻ' എന്നായിപ്പോയി. രണ്ടുപേരും ഒരുപോലെ കറുത്ത മഷി വച്ച് ' ഓർഗൻ ' എന്നത് മാറ്റി ' ഒറിജിൻ ' എന്നാക്കിയിരിക്കുകയാണ്. ഒരു ടെണ്ടറിൽ മൂന്ന് തെറ്റുകളുണ്ട്. അതേ തെറ്റുകളും മറ്റേ ടെണ്ടറിലും ആവർത്തിച്ചിരിക്കുകയാണ്. ഒരേ പാർട്ടിയുടെ ഒരേ ഓഫീസിൽ നിന്നും രണ്ട് ടെണ്ടർ വന്നു. രണ്ട് ടെണ്ടർ വന്നപ്പോൾ ഒറ്റ ടെണ്ടറിൽ തീരുമാനമെടുത്തില്ല. വലിയ ക്രമക്കേടാണ് ഇതിൽ നടന്നത്. ഞാൻ ഒരു കോടി എഴുപത് ലക്ഷവും ഒരുകോടി എൺപത്തിരണ്ട് ലക്ഷവും വ്യത്യാസം പറഞ്ഞത് കൃത്യമായിട്ടാണ്. ആദ്യം ക്വാട്ട് ചെയ്തത് റിജക്ട് ചെയ്യുകയും റിജക്ട് ചെയ്തത് വാങ്ങുമായിരുന്നുവെങ്കിൽ എത്ര രൂപയും കിട്ടുമായിരുന്നു. രണ്ടാമത് ആ റിജക്ട് ചെയ്തത സാധനം കൂടുതൽ വിലയ്ക്ക് വാങ്ങിയപ്പോഴുള്ള നഷ്ടം. കശുവണ്ടി വികസന കോർപ്പറേഷനിൽ നാല് ടെണ്ടറുകൾ 3,900 മെട്രിക് ടൺ ഗിനിബിസാവോ കശുവണ്ടി വാങ്ങിയതിൽ 6.87 കോടി രൂപയുടെ അഴിമതിയുണ്ട്. കാപ്പെക്സിൽ രണ്ട് ടെണ്ടറുകൾ 2,000 മെട്രിക് ടൺ- ഒന്ന് ഐവറി കോസ്റ്റും മറ്റൊന്ന്

ഗിനിബിസാവോ തോട്ടണ്ടിയും വാങ്ങിച്ചതിൽ 3.47 കോടി രൂപയും ഉൾപ്പെടെ 10 കോടി 34 ലക്ഷം രൂപയുടെ അഴിമതി ഈ രണ്ടുകേസ്സിലും നടന്നതായി ഞാൻ ആരോപിക്കുന്നു. ഇത് ഗൗരവതരമായ അന്വേഷണത്തിന് വിധേയമാക്കണം. ഈ ഉദ്യോഗസ്ഥരെ ഇങ്ങനെ അഴിഞ്ഞാടാൻ സമ്മതിക്കരുത്. ഗൗരവതരമായ നിയന്ത്രണം ഇതിനകത്ത് വേണം. ധനവിനിയോഗത്തിന് എത്ര കോടിരൂപയാണ് കൊടുത്തിരിക്കുന്നത്; തീർച്ചയായും ഇതുമായി ബന്ധപ്പെട്ട ഗൗരവതരമായ ഒരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ഈ ധനവിനയോഗ ബിൽ പാസാക്കണമെന്ന പ്രമേയത്തെ പിൻതാങ്ങുന്നു. ഏതാണ്ട് 1,24,500 കോടിയിൽ അധികം രൂപ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകാനും വിനിയോഗിക്കാനും അധികാരപ്പെടുത്തുന്ന ബില്ലാണ് ഇവിടെ പാസാക്കുന്നത്. യഥാസമയം ഇവിടെ വിഭാവനം ചെയ്ത ചെലവുകളെല്ലാം നമ്മുടെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ശരിയായ നിലയിൽ വിനിയോഗിക്കുമെന്ന് ഉറപ്പുവരുത്താനുള്ള തുറന്ന ഇടപെടലുകളും ഇതിന്റെ ഭാഗമായി ഉണ്ടാകണം. ഞങ്ങൾക്കെല്ലാം വലിയ പ്രതീക്ഷ നൽകുന്നത് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണപരിഷ്കാര കാര്യങ്ങളുമായി

ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രസംഗത്തിന്റെ അവസാനം നമ്മുടെ വികസന പ്രവർത്തനങ്ങളും മറ്റും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ക്ഷേമപദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നതിനും ഇന്നുള്ള അഡ്മിനിസ്ട്രേറ്റീവ് ലെവലിലുള്ള പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിനും ഈ ഗവൺമെന്റ് പ്രാധാന്യം നൽകുമെന്നും അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ളത് വളരെ പ്രതീക്ഷയും ആവേശവും നൽകുന്ന പ്രഖ്യാപനമാണ്. തീർച്ചയായും എല്ലാ വകുപ്പുകളിലും ആ നിലയിലുള്ള ഇടപെടലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഡ്ജറ്റ് വകുപ്പുതിരിച്ച് പാസാക്കുന്ന വലിയ പ്രക്രിയ അവസാനിക്കുകയാണ്. യഥാർത്ഥത്തിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് കേരള വികസനത്തെക്കുറിച്ചുള്ള ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാഴ്ചപ്പാടിന്റെ ഒരു മാനിഫെസ്റ്റോയാണ്. നേരത്തെ ബഹുമാന്യനായ തിരുവഞ്ചൂരും മറ്റുള്ളവരും സംസാരിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ടല്ല, മറ്റെന്തെല്ലാമോ കാര്യങ്ങൾ പറഞ്ഞു. പക്ഷേ ബജറ്റിന്റെ ഉള്ളടക്കത്തിലേയ്ക്ക് സമഗ്രമായി സമീപിച്ചിട്ടല്ല അവിടെനിന്ന് ആരും ചർച്ചയിൽ പങ്കെടുത്തത്. കേരളത്തിന്റെ വികസന സാദ്ധ്യതകളെന്നു പറയുമ്പോൾ അതിന് ഒരുപാട് പരിമിതികളുണ്ട്. ഗുജറാത്തിലോ രാജസ്ഥാനിലോ യു.പി.-യിലോ ഉള്ളതുപോലെയുള്ള വൻകിട ഫാക്ടറികളൊന്നും ഇവിടെ

കൊണ്ടുവരാൻ നമ്മുടെ പ്രത്യേകതകൾ കൊണ്ട്, ജനസാന്ദ്രതയും പരിസ്ഥിതിയുടെ പ്രത്യേകതകൾ കൊണ്ടും കഴിയില്ല. പക്ഷേ അതേ സമയം നമ്മുടെ കൃഷിയുൾപ്പെടെയുള്ള ഉല്പാദനമേഖലയ്ക്ക്, പരമ്പരാഗത വ്യവസായത്തിന്, എല്ലാപ്രാധാന്യവും നൽകി അടിസ്ഥാനവികസനത്തിന് മുൻഗണന നൽകി, നമുക്ക് ഏറ്റവും സാദ്ധ്യതകളുള്ള ഐ.ടി., ടൂറിസം മുതലായവ പോലെയുള്ള മേഖലയ്ക്ക് ആവശ്യമായ ഊന്നൽ നൽകി, മനുഷ്യവിഭവശേഷി വികസനത്തിന് പ്രാധാന്യം നൽകുന്ന നിലയിൽ നമ്മുടെ വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധേയമായ പദ്ധതികൾ കൊണ്ടുവന്ന് ആ നിലയിലാണ് എൽ.ഡി.എഫ്. വികസന കാഴ്ചപ്പാടിന്റെ മാനിഫെസ്റ്റോ ആയി വരുന്നത്.

നവകേരളത്തെക്കുറിച്ച് നിങ്ങൾ പറയരുതെന്നാണ് ബഹുമാന്യനായ തിരുവഞ്ചൂർ പറഞ്ഞത്. നവകേരളത്തെക്കുറിച്ച് പറയുമെന്ന് മാത്രമല്ല ഞങ്ങൾ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നവകേരളം പണിയും അതിന് നമ്മൾക്ക് ആത്മവിശ്വാസം നൽകുന്ന ഉള്ളടക്കം ഈ ബജറ്റിലും സർക്കാരിന്റെ ഇതുവരെയുള്ള സമീപനങ്ങളിലുമുണ്ട്. ബഹുമാന്യനായ തിരുവഞ്ചൂർ പറഞ്ഞതുപോലെ ഇതൊന്നും ലൊട്ടുലൊടുക്കായിട്ടല്ല ഓരോ കാര്യങ്ങളേയും കണ്ടത്. എല്ലാ കാര്യങ്ങളെക്കുറിച്ചും പറയാൻ സമയമില്ലല്ലോ. ഒരു ഉദാഹരണം പറയാം ഈ സർക്കാർ ഈ ബജറ്റിലൂടെ

മുന്നോട്ടുവച്ച ഒട്ടനവധി ശ്രദ്ധേയമായ പദ്ധതികളിലൊന്ന് വിദ്യാഭ്യാസ മേഖലയാണ്. ആയിരത്തോളം സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ആയിരം കോടി രൂപ നീക്കിവച്ചു. ചരിത്രത്തിലൊരിക്കലും ഇതുണ്ടായിട്ടില്ല. ഹൈടെക് സ്കൂളുകളുടെ വേറെ കൺസപ്റ്റ്, അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. യഥാർത്ഥത്തിൽ സർക്കാർ ഉദ്ദേശിക്കുന്നത് കുറേ കെട്ടിടനിർമ്മാണമല്ല, കെട്ടിടനിർമ്മാണം കഴിഞ്ഞ് ചിരിക്കുന്ന ഫോട്ടോയെടുത്ത് റിബൺ മുറിച്ച് പോകാവുന്ന കാര്യവുമല്ല. എന്തായിരിക്കണം ഒരു സ്കൂൾ; മനുഷ്യവിഭവശേഷി വിഭവത്തിൽ ഏറ്റവും പ്രധാനം അടിസ്ഥാന വിദ്യാഭ്യാസം ക്വാളിറ്റിയിൽ കൊടുക്കുക എന്നതാണ്. അത് പാവങ്ങൾക്ക് കൊടുക്കണമെങ്കിൽ സർക്കാർ സ്കൂളുകളും എയിഡഡ് സ്കൂളുകളുമല്ലാതെ മറ്റ് മാർഗ്ഗമില്ല. അതിന്റെ ദൗർബല്യങ്ങൾ പരിഹരിക്കാൻ....., എന്തായിരിക്കണം ഒരു സ്കൂൾ; എല്ലാ വിഷയങ്ങൾക്കും A+ ലഭിക്കുന്ന കുട്ടികളെ വാർത്തെടുക്കലാണോ സ്കൂളുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. അതൊന്നുമല്ല, അത് ആവശ്യമാണ്, നമ്മുടെ ഓരോ കുഞ്ഞുങ്ങളിലും ഒരു പ്രതിഭയുടെ നാമ്പുണ്ട്. അത് അദ്ധ്യാപകരും രക്ഷിതാക്കളും കുട്ടികളുടെ സംഭാഷണം, ചലനങ്ങൾ മറ്റെല്ലാകാര്യങ്ങളും നിരീക്ഷിക്കുന്നതിലൂടെ കണ്ടെത്താനാകും. ഓരോ കുഞ്ഞിലും അന്തർലീനമായ പ്രതിഭാവിശേഷമെന്താണെന്ന് കണ്ടെത്തി, അതിനെ

തൊട്ടുണർത്തി, അതിനെ വളർന്ന് വികസിപ്പിക്കാനുള്ള അരങ്ങ് ഒരുക്കിക്കൊടുക്കുക എന്നതാണ് ഒരു വിദ്യാലയത്തിന്റെ ധർമ്മം. അതുകൊണ്ട് വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കുമ്പോൾ സ്കൂളിനാവശ്യമായ സൗകര്യവും സൗന്ദര്യവും സാങ്കേതികവിദ്യയും അക്കാദമിക് നിലവാരവും ഉറപ്പാക്കുന്ന നിലയിലുള്ള സമഗ്രമായ കാഴ്ചപ്പാടാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനുള്ളത്. അതിൽ ഒരുപാട് കാര്യങ്ങളുണ്ട്. ഇന്നത്തെ വിദ്യാഭ്യാസമേഖലയുടെ സ്കൂൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനൊരു സിസ്റ്റവുമില്ല എന്നുള്ള സാഹചര്യവുമുണ്ട്. അതൊക്കെ ഓരോന്നായി പരിഹരിക്കേണ്ടതുണ്ട്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇത് ഇടതുപക്ഷ ബദലാണ്. വിദ്യാഭ്യാസ മേഖലയിലെ ഇടതുപക്ഷ ബദൽ എന്താണെന്നുചോദിച്ചാൽ ആ ബദലാണിത്. അല്ലാതെ എവിടെയെങ്കിലും കുറച്ച് പൈസ കൊടുത്ത് അവിടെ നാല് കെട്ടിടമുണ്ടാക്കി കുറച്ച് ക്ലാസ്സ്മുറിയുമുണ്ടാക്കി കമ്പ്യൂട്ടർ ലാബും കൊടുത്ത് പോകുന്നതല്ല. സമഗ്രരീതിയിൽ കാര്യങ്ങളെ കാണണം. ഈ സർക്കാരിന്റെ നിലപാടുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന്, നമ്മുടെ പരിസ്ഥിതി സംരക്ഷണത്തിന് വലിയ പ്രാധാന്യം നൽകിക്കൊണ്ടാണ് ഗവൺമെന്റിന്റെ സമീപനങ്ങൾ. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രസ്താവനകൾ

വന്നിട്ടുണ്ട്. ബഡ്ജറ്റിന്റെ ഉള്ളടക്കത്തിൽ അത് വന്നിട്ടുണ്ട്. ജലാശയങ്ങളും ജലസ്രോതസ്സുകളുടെയുമൊക്കെ സംരക്ഷണത്തെക്കുറിച്ച് പറയുന്നത് കേട്ടു. അതൊക്കെ സംരക്ഷിക്കുന്നതോടൊപ്പം തന്നെ ഇതുവരെയുള്ള നമ്മുടെ ഒരനുഭവം പരിശോധിച്ചാൽ കേരളത്തിലെ മനുഷ്യനിർമ്മിതമായ ജലാശയങ്ങളുണ്ട്. വലിയ ചിറകളും തടാകങ്ങളുമെല്ലാം രാജഭരണകാലത്താണുണ്ടായത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ജലവിഭവ വകുപ്പ് കൈകാര്യം ചെയ്തതാണ്. അദ്ദേഹത്തിന്റെ കാലത്തൊന്നും ചെയ്തിട്ടില്ല. ഞാൻ എന്റെ ജില്ലയായ കോഴിക്കോട് ജില്ലയുടെ അനുഭവം പറഞ്ഞാൽ അവിടത്തെ മാനാഞ്ചിറ, തളിക്കുളം, കുറ്റിച്ചിറ, ഗരുഡൻകുളം, താമരക്കുളം, പൂഴിച്ചിറ, നീലിച്ചിറ എന്നിവയെല്ലാം സാമൂതിരി രാജാവിന്റെ കാലത്തുണ്ടാക്കിയതാണ്. എന്നാൽ രാജഭരണത്തെക്കാൾ എത്രയോ പരിഷ്കൃതമാണ് ജനാധിപത്യ വ്യവസ്ഥ. ആ ജനാധിപത്യ വ്യവസ്ഥയിൽ പുതിയവ ഉണ്ടായില്ലെന്ന് മാത്രമല്ല ഉള്ള കണ്ടംകുളവും ആനക്കുളവുമൊക്കെ നികത്തുകയാണ് ചെയ്തത്. എന്നുപറഞ്ഞാൽ നമ്മുടെ ഓരോ കാലത്തുമുള്ള ഗവൺമെന്റുകളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടയോ ആസൂത്രണത്തിൽ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ സ്രോതസ്സുകൾ ഉണ്ടാക്കുന്നതിനും പ്രാധാന്യം കൊടുത്തിരുന്നില്ല. അത് നമ്മുടെ ഒരു ദൗർബല്യമായിരുന്നു. നേരത്തേ ഇവിടെ

പറഞ്ഞ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇതിനൊന്നും ഒരു പ്രാധാന്യവും കൊടുത്തിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് അതിൽ നിന്ന് വ്യത്യസ്തമായി ജലാശയങ്ങളും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കുന്നതോടൊപ്പം തന്നെ പുതിയ സാദ്ധ്യതകൾ അന്വേഷിക്കുകയാണ്. അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയാണ്. ഇതാണ് ഇവിടെ ശ്രീ. പിണറായി വിജയൻ സർക്കാർ.....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അങ്ങ് മുഖേന ഞാൻ ചോദിക്കുകയാണ്. ധനവിനിയോഗ ബില്ലിന്റെ ചർച്ച ഇത്രയും ഗൗരവതരമായി നടക്കുന്നു. മാത്രമല്ല ശ്രീ. എ. പ്രദീപ്കുമാറിനെപ്പോലെ പ്രധാനപ്പെട്ടവർ സംസാരിക്കുന്നു. ഈ ഉദ്യോഗസ്ഥന്മാരുടെ ഗ്യാലറി ഒന്ന് നോക്കൂ. ഇവിടത്തെ ജനപ്രതിനിധികൾ പറയുന്നത് കേൾക്കാൻ ആരെങ്കിലും വേണ്ടേ; വേറെ ഏതെങ്കിലും ചർച്ചയാണെങ്കിൽ ഞാൻ ഇടപെട്ട് പറയുകയില്ല. ധനവിനിയോഗ ബില്ലിന്റെ ഇത്രയും സുപ്രധാനമായ ചർച്ച നടക്കുമ്പോൾ ഗ്യാലറി എത്ര ദുർബ്ബലമാണെന്ന് നോക്കൂ. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇക്കാര്യം ഒന്ന് ശ്രദ്ധിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ധനകാര്യ വകുപ്പുദ്യോഗസ്ഥർ ഉണ്ടെന്നാണ് പറയുന്നത്. ഞാൻ പറഞ്ഞുവന്നത് എല്ലാ ഖനനവും പൊതുമേഖലയിലാക്കാനുള്ള

തീരുമാനം നിങ്ങളുടെ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് ചിന്തിക്കാൻ കഴിയുന്നതാണോ; നമ്മുടെ പ്രകൃതിവിഭവങ്ങളുടെ ഖനനം സ്വകാര്യ മേഖല കൊള്ള ചെയ്തുകൊണ്ടുപോകുകയായിരുന്നു. ഏറ്റവും വലിയ ഒരു പ്രശ്നമായിരുന്ന അതിന് അറുതിവരുത്തുകയാണ്. അതാണ് ഖനനമേഖലയിലുള്ള ഇടതുപക്ഷ ബദൽ. ഖനനം പൊതുമേഖലയിലാക്കാനുള്ള ഏറ്റവും ധീരമായിട്ടുള്ള തീരുമാനം. ഈ ജന്മം മുഴുവൻ പരിശ്രമിച്ചാലും നടപ്പാക്കാൻ കഴിയാത്ത ആ തീരുമാനം ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നു. മുഖ്യമന്ത്രി ആ നിലപാട് നേരത്തേ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് **പ്ര**കൃതി വിഭവങ്ങൾ സംരക്ഷിക്കുന്നത് പരസ്പര ബന്ധിതമാണ്. അത് കാണാനാവും. ഇവിടെ വിനോദസഞ്ചാരികൾ വരുന്നത് നല്ല റിസോർട്ടുകളിൽ താമസിക്കാനായിട്ടല്ല. അങ്ങനെയാണെങ്കിൽ ദുബായിലൊക്കെ പോയാൽ മതി. ഇവിടെ പ്രകൃതിവിഭവങ്ങൾ - നമ്മുടെ പുഴ, പൂക്കൾ, അരുവി എന്നിവയുടെ സൗന്ദര്യവും കാലാവസ്ഥയും നൈസർഗ്ഗികതയും നന്മയുമെല്ലാം ആസ്വദിക്കാനാണ് വരുന്നത്. അതെല്ലാം നിലനിർത്തിക്കൊണ്ടും അതിന്റെ സർവ്വനന്മയും സംരക്ഷിച്ചുകൊണ്ടും അവിടേയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഉറപ്പാക്കുന്ന നല്ല കാഴ്ചപ്പാടോടുകൂടിയാണ് ടൂറിസം രംഗത്തും ഈ ഗവൺമെന്റിന്റെ സമീപനം. നമുക്ക്

ഇനിയുമേറെ ചെയ്യാനുണ്ട്. നമ്മുടെ നാട് അനുഗ്രഹീതമാണ് സമുദ്രതീരവും ഒരു ഭാഗത്ത് മലയോരവും അതിന്റെ സാദ്ധ്യതകളും അതിന്റെ 15 ശതമാനം പോലും ഉപയോഗിച്ചിട്ടില്ല. അതിനെക്കുറിച്ച് വളരെ വിശാലമായിട്ടുള്ള കാഴ്ചപ്പാട് ഇതുവരെ ഒരു ഗവൺമെന്റിന്റെ കാലത്തും നാം സ്പർശിക്കാതിരുന്നപ്പോൾ... എന്റെ ജില്ലയിലൊക്കെ മലയോരമേഖലയിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ ടൂറിസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. തുഷാരഗിരിയും ജോർജ്. എം. തോമസിന്റെ മണ്ഡലത്തിലാണ് കക്കാടംപൊയിലും വയലടയും പെരുവണ്ണാമൂഴിയും കക്കയവുമെല്ലാം ചേർന്നുകൊണ്ട് ഹിൽ ഏരിയയിലൂടെ അതിന്റെ സാദ്ധ്യതകളെ ഉപയോഗിക്കാൻ, യൂറോപ്പിലൊക്കെ പോയതുപോലെ വളരെ രസകരമായ അന്തരീക്ഷം അവിടെയുണ്ട്. കാഴ്ച മാത്രമല്ല, കാലാവസ്ഥ അത്രയും നല്ലതാണ്. അപ്പോൾ അതിനൊക്കെ പ്രാധാന്യം കൊടുക്കുന്നുവെന്നുള്ളത് ഈ സർക്കാരിന്റെ സമീപനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയാണ്. ഞാൻ ഒരുപാട് പറയുകയല്ല. ഇവിടെ ചില കാര്യങ്ങൾ .....ഇങ്ങനെയെല്ലാം നല്ല കാര്യങ്ങൾ നമ്മുടെ നാടിന്റെ പൊതുവായ നന്മയെയും പുരോഗതിയെയും ഭാവിതലമുറയെയുമെല്ലാം കണ്ടുകൊണ്ട് ഒരു സമഗ്രതയിൽ ഒരു ബഡ്ജറ്റും വികസന പരിപ്രേഷ്യയുമൊക്കെ

അവതരിപ്പിച്ച് പോകുന്നൊരു സർക്കാർ തുടങ്ങിയിട്ടല്ലേയുള്ളൂ. ആ സമയത്ത് അതിനെ പിന്തുണയ്ക്കുകയല്ലേ യഥാർത്ഥത്തിൽ ഒരു ആരോഗ്യകരമായ ഒരു പ്രതിപക്ഷ പ്രവർത്തനമെന്ന നിലയിൽ വേണ്ടത്. വീഴ്ചകളോ ശ്രദ്ധക്കുറവുകളോ ഉണ്ടെങ്കിൽ അതിനെ വിമർശിച്ചോളൂ. അത് വേണ്ടെന്നല്ല പറഞ്ഞത്. പക്ഷേ അങ്ങനെ ഒരു നിലപാടാണോ സ്വീകരിക്കേണ്ടത്; ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇന്നലെ സംസാരിക്കുന്ന കൂട്ടത്തിൽ പറഞ്ഞു നിങ്ങൾ ഈ അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ ഭരണത്തെ ഇങ്ങനെ പഴി പറഞ്ഞിരിക്കാതെ നല്ല കാര്യങ്ങൾ ചെയ്തുപോകണം എന്നുപറഞ്ഞു. ഞങ്ങൾ അതിനെ നല്ല നിലയിലാണ് എടുക്കുന്നത്. അതുതന്നെയാണ് ഞങ്ങളുടെ സമീപനം. അതിൽ വ്യത്യാസമൊന്നുമില്ല. ഞങ്ങൾ ഇങ്ങനെ പഴി പറഞ്ഞ് ഇരിക്കുകയല്ല. അതുകൊണ്ടാണ് നിങ്ങളുടെ അഞ്ചുവർഷക്കാലത്തെ ഭരണത്തിന്റെ കെടുകാര്യസ്ഥതയൊക്കെയുള്ള പ്രത്യേകിച്ചും ധനകാര്യമാനേജ്മെന്റുമായി ബന്ധപ്പെട്ട് സംഭവിച്ച പിഴവുകൾ ചൂണ്ടിക്കാണിച്ച് ഒരു ധവളപത്രമിറക്കി. നമ്മുടെ സഭയെയും സമൂഹത്തെയും വസ്തുത ബോദ്ധ്യപ്പെടുത്തി. എന്നിട്ടത് പറഞ്ഞുകൊണ്ടിരിക്കുകയല്ല ഞങ്ങൾ ചെയ്തത്. അങ്ങനെ പഴി പറഞ്ഞ് കുറ്റം പറഞ്ഞ് ഇരിക്കുകയല്ല ചെയ്യുന്നത്. നമ്മുടെ നാടിനെ ജനങ്ങൾ കൊതിക്കുന്ന

നിലയിൽ പുരോഗതിയുടെ സുവർണ്ണവീഥിയിലൂടെ കൈപിടിച്ച് നയിക്കാൻ പ്രാപ്തമാകുന്ന കാഴ്ചപ്പാടും പദ്ധതികളുമായി നാം മുമ്പോട്ട് പോകണം. അതാണ് കിഫ്ബി. ആ സാദ്ധ്യതകൾ ഉപയോഗിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ നേരത്തേ നമ്മൾ ചർച്ച ചെയ്തതാണ്. നേരത്തേ ഡോ. എൻ. ജയരാജ് സംസാരിക്കുന്ന കൂട്ടത്തിൽ പറഞ്ഞു. ഈ ബഡ്ജറ്റിന് പുറത്തുനിന്ന് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുവെന്നാണ്. എന്തുകൊണ്ടാണ്; കാലിയായ ഖജനാവുമായി ഭരണം ഏൽപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ബഡ്ജറ്റിന് പുറത്തുള്ള കാര്യങ്ങളിൽ ആശ്രയിക്കേണ്ടിവരുന്നത്. വായ്പയും ബോണ്ടുകളും വഴി കിഫ്ബിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടൊക്കെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തന്നെ നേരത്തേ പറഞ്ഞതാണ്. ആ നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചുതന്നത് നിങ്ങളാണ്. അവിടെ പഴി പറഞ്ഞിരിക്കാതെ ജനങ്ങൾ അർപ്പിച്ച വിശ്വാസമനുരിച്ച് നാടിനെ മുമ്പോട്ട് നയിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിനെക്കുറിച്ച് പറഞ്ഞു. നന്നായി നടന്നുവെന്ന് ഡോ എൻ. ജയരാജ് സംസാരിക്കുമ്പോൾ പറഞ്ഞു. എവിടെയാണ് നടന്നത്; ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകൾ എന്നുപറഞ്ഞ് നിങ്ങൾ പ്രഖ്യാപിച്ചു. ഏതെങ്കിലുമൊന്ന് നടന്നോ; നമ്മുടെ പി.ഡബ്ല്യു.ഡി. മിനിസ്റ്റർ സംസാരിക്കുമ്പോൾ പല ഘട്ടത്തിലും പറഞ്ഞു.

ഒന്നിനും പണം വച്ചിട്ടില്ല. എന്റെ ജില്ലയിൽ പ്രഖ്യാപിച്ച ജില്ലാതല ഫ്ലാഗ്ഷിപ്പ്-നെ സംബന്ധിച്ച് ഒരു നയാപൈസ നിങ്ങൾ വച്ചിട്ടില്ല. പണം ഉണ്ടായിരുന്നില്ല. നിങ്ങളുടെ കാലത്ത് പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ. ഇതായിരുന്നു നിങ്ങളുടെ കാലത്ത് നടന്നത്. സത്യത്തിൽ നിങ്ങൾ തന്നെയാണ് ഞങ്ങളെക്കൊണ്ട് ഇത് പറയിപ്പിക്കുന്നത്. നിങ്ങൾ ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കണം എന്നല്ല ഉദ്ദേശിക്കുന്നത്. പുതിയ കാര്യങ്ങൾ ചെയ്ത് പോകണമെന്നാണ്.

<u>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്</u>: സർ, അങ്ങയുടെ ജില്ലയിലാണ് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ പറഞ്ഞിരുന്നതിൽ ഏറ്റവും കൂടുതൽ വർക്ക് കംപ്ലീറ്റ് ചെയ്തത്. ഞാൻ ഒരു കാര്യം പറയാം. എത്രയോ വർഷങ്ങളായി നമ്മുടെ കോഴിക്കോട് ബൈപ്പാസിൽ 5.5 കിലോമീറ്റർ രണ്ട് വലിയ പാലം ഒന്നര വർഷം കൊണ്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പണിത് നമ്മൾ എല്ലാവരും കൂടി ഗംഭീരമായത് തുറന്നുകൊടുത്തതല്ലേ; അത് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽപ്പെട്ടതാണ്. അങ്ങ് നേരത്തേ പ്രസംഗത്തിൽ പറഞ്ഞു എനിക്കൊന്നും കിട്ടിയിട്ടില്ല എന്ന്. അങ്ങനെ നമ്മൾ വ്യക്തിപരമായി ഓരോരുത്തർക്കും കൊടുക്കാൻ പറ്റുമോ; കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ എട്ട് റോഡുകൾ പറഞ്ഞു. രണ്ട് റോഡുകളാണ് ഡോ. എം. കെ. മുനീറിന്റെ മണ്ഡലത്തിലുള്ളത്. ആറ് റോഡ് ശ്രീ. എ. പ്രദീപ്കുമാറിന്റെ

മണ്ഡലത്തിലാണ്. വസ്തുതകൾ മറച്ചുവച്ച് സംസാരിക്കരുത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, എന്നെക്കൊണ്ട് പറഞ്ഞ് പറയിപ്പിക്കുകയാണത്. ഞാൻ അങ്ങനെ പറഞ്ഞില്ല. ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ നിങ്ങൾ പ്രഖ്യാപിച്ചതാണ് മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ്. നിങ്ങൾ പണം വച്ചില്ല. സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമന്റിന്റെ കാലത്ത് ഡോ. തോമസ് ഐസക് ധനകാര്യവകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ഭൂമിയേറ്റെടുക്കാനുള്ള പണം നൽകിയത്. ആറ് റോഡിന്റെ ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കി. പൂർത്തിയായിട്ട് മൂന്നുവർഷമായി. ആ റോഡ് നിർമ്മാണത്തിന് നിങ്ങൾ പണം വച്ചില്ല. അവസാനം ആന്വിറ്റി അടിസ്ഥാനത്തിൽ 15 കൊല്ലം കൊണ്ട് പണം കൊടുത്തുതീർത്താൽ മതിയെന്ന വ്യവസ്ഥയിലാണ് ഇപ്പോൾ അതിന്റെ നിർമ്മാണം തുടങ്ങിയത്. സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ഭൂമിയേറ്റെടുത്ത റോഡ് വികസിപ്പിക്കാൻ നിങ്ങൾ പണം തന്നില്ല. ബഹുമാനപ്പെട്ട മുൻ മന്ത്രി അങ്ങ് തന്നെ എത്ര പ്രാവശ്യം വന്ന് ഉറപ്പുനൽകി. മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന്റെ പ്രശ്നം മുൻമുഖ്യമന്ത്രി ഉറപ്പുനൽകി. പണം തന്നോ; നൂറുകോടി രൂപ കഴിഞ്ഞ പാർലമെന്റ് ഇലക്ഷന് മുമ്പ് തരും. എന്റെ മണ്ഡലത്തിന്റെ പ്രശ്നമല്ല പറഞ്ഞത്. നിങ്ങൾ എടുത്ത ഒരു

സമീപനമുണ്ട്. ലീഗിന്റെ മൂന്ന് എം.എൽ.എ.മാർക്ക് മാത്രം അഞ്ചുകോടിരൂപ വീതം കൊടുത്തു. ഒരു പണവും ഞങ്ങൾ 10 എം.എൽ.എ.-മാർക്ക് തരാതിരുന്നപ്പോൾ ശ്രീ. കെ. കുഞ്ഞാലിക്കുട്ടിയോട് പരാതിപറയുകയും അദ്ദേഹം അതിൽ ഇടപെട്ട് ഇത് അന്യായമാണെന്ന് പറഞ്ഞു. പിന്നീടാണ് 2 കോടിരൂപ വച്ചത്. ഇത്രയും വർഷമായിട്ടും ആ 2 കോടിരൂപയാണ് തന്നത്. ഞാൻ മറ്റ് വിശദാംശം പറയുകയല്ല. ഇതായിരുന്നു സമീപനം. ഞങ്ങളെക്കൊണ്ട് പറഞ്ഞ് പറയിപ്പിച്ചാൽ ഒരുപാട് പറയും. അങ്ങ് പറഞ്ഞതുപോലെ പഴയതുതന്നെ പറയണമെന്ന് ആഗ്രഹിച്ചല്ല, ഞാൻ അതിലേക്ക് പോയതല്ല. പറഞ്ഞ് പറയിപ്പിച്ചതാണ്. പറഞ്ഞുപറയിപ്പിക്കുന്ന രീതിയാണ് യഥാർത്ഥത്തിലുള്ളത്. അങ്ങനെ പറഞ്ഞാൽ ഇനിയും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. വേറൊന്ന് പറയട്ടെ. ഇവിടെ ഞങ്ങളുടെ ഒരു പുതിയ അംഗമാണ് ശ്രീ. എ. എൻ. ഷംസീർ. അദ്ദേഹം സംസാരിക്കാൻ എഴുന്നേൽക്കുമ്പോൾ ചിലപ്പോൾ അവിടെ നിന്നും അസ്വസ്ഥത കാണും. നേരത്തേ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ പറഞ്ഞു. ഞങ്ങൾ നിങ്ങൾക്ക് മറുപടിയൊന്നും പറയുന്നില്ല. അങ്ങനെയല്ലല്ലോ; ഇവിടെ 140 എം.എൽ.എ.മാരും ഒരുപോലെ തെരഞ്ഞെടുക്കപ്പെട്ട് വരുന്നവരാണ്. അതിനകത്ത് എല്ലാവരെയും ഒരുപോലെ പരസ്പരം പരിഗണിക്കാൻ അങ്ങോട്ടുമിങ്ങോട്ടും ബാദ്ധ്യതയുണ്ട്. ശ്രീ.

എ. എൻ. ഷംസീർ കഴിഞ്ഞ ദിവസം പറഞ്ഞതിനെ കളിയാക്കിക്കൊണ്ട് ചില പ്രസംഗമുണ്ടായി. നിങ്ങൾ കളിയാക്കിക്കോളൂ. കാരണം തമാശ പറയുന്നതിനൊന്നും ധനകാര്യവകുപ്പുമന്ത്രി ടാക്സ് ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കളിയാക്കാം. തമാശ പറയാം. വേറൊന്ന് ഞാൻ പറയട്ടെ. വിവരക്കേടിന് ടാക്സ് ചുമത്തുമെങ്കിൽ നല്ല ടാക്സ് ഇവരിൽ നിന്നും പിരിച്ചെടുക്കാൻ സാധിക്കും. ഓരോ ദിവസവും പറയുന്ന വിവരക്കേടിന് അങ്ങ് നികുതി ചുമത്തിയാൽ ഖജനാവിലേക്ക് നല്ല വരുമാനം വരും. ഓരോ ദിവസവും ഇവിടെ യു.ഡി.എഫ്.-കാർ അടിയന്തരപ്രമേയ അവതരണവും വാക്കൗട്ട് പ്രസംഗവും നടത്തുമ്പോൾ നമുക്കാവശ്യമായ പണം കിട്ടും. കോൺഗ്രസ്-ന്റെ തകർച്ചയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ ഇങ്ങനെ അസ്വസ്ഥരാകുന്നത് എന്തുകൊണ്ടാണ്; ഇന്ത്യയിലാകെ കോൺഗ്രസ് തകരണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. സ്വന്തം ചെയ്തികളും നിങ്ങളുടെ നയപരമായ പിഴവുകളുമാണ് നിങ്ങളെ തകർച്ചയിലേക്ക് എത്തിച്ചത്. ബംഗാളിൽ 35 വർഷം ഭരിച്ചതിനെക്കുറിച്ച് പറഞ്ഞല്ലോ; നിങ്ങൾ അധികാരത്തിൽ പോയ ഏത് സംസ്ഥാനത്താണ് തിരിച്ചുവന്നത്. പലയിടങ്ങളിലും തുടച്ചുനീക്കപ്പെട്ടില്ലേ; വർഗ്ഗീയതയോട്, ബി.ജെ.പി.-യുടെ രാഷ്ട്രീയത്തോട് സന്ധി ചെയ്തതിന്റെ ദുരന്തമാണ് നിങ്ങൾ അനുഭവിക്കുന്നത്. ഇവിടെ നേരത്തെ ശ്രീ. ജെയിംസ് മാത്യു വിശദമായി

പറഞ്ഞതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. നിങ്ങൾ ഇപ്പോഴും പാഠം പഠിച്ചിട്ടില്ല. കഴിഞ്ഞ അരുവിക്കര തെരഞ്ഞെടുപ്പിന്റെ ക്യാമ്പെയ്നിന് മുൻ മുഖ്യമന്ത്രി ബി.ജെ.പി.-ക്ക് ലിഫ്റ്റ് കൊടുക്കുകയായിരുന്നില്ലേ; അതേപോലെ കഴിഞ്ഞ അസംബ്ലി ഇലക്ഷന്റെ കുട്ടനാട് പ്രസംഗവും. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ബി.ജെ.പി.-യെ സഹായിക്കുന്ന നിലപാടല്ലേ സ്വീകരിച്ചത്. ഇപ്പോഴും കോൺഗ്രസ് സ്വീകരിക്കുന്നത് നിങ്ങൾ ഒന്നുനോക്കൂ. ശ്രീ. വരുൺ ഗാന്ധിയെക്കുറിച്ച് ഇപ്പോൾ ഒരു ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ബി.ജെ.പി. നേതാവാണ് അദ്ദേഹം. അദ്ദേഹത്തെ ഹണി ട്രാപ്പിൽപ്പെടുത്തിയിരിക്കുകയാണ്. മദനക്കുരുക്കിൽപ്പെടുത്തി നമ്മുടെ രാജ്യത്തിന്റെ പ്രതിരോധ രഹസ്യം ചോർത്തിയെന്നാണ്.

<u>മി. ചെയർമാൻ:</u> യെസ്.... പ്ലീസ്.... അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> ഞാൻ അവസാനിപ്പിക്കുകയാണ്. അതിനെതിരെ ഒരക്ഷരം പറയാൻ കോൺഗ്രസ്സിന്റെ നേതൃത്വം തയ്യാറായിട്ടുണ്ടോ; നിങ്ങളുടെ അഖിലേന്ത്യാ നേതൃത്വം ഒരു പ്രതികരണം നടത്തിയോ; അവിടെ മദനക്കുരുക്കാണെങ്കിൽ ഇവിടെ സോളാർ കുരുക്കിൽപ്പെട്ട് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ഒരു വിധി

പ്രസ്താവം ഉണ്ടായി. അതിനെക്കുറിച്ച് ബി.ജെ.പി.-യും മിണ്ടുന്നില്ലല്ലോ; ഇതെല്ലാം ഒരു പരസ്പരധാരണയിലാണ്. നിങ്ങൾ ഇപ്പോഴും ആ അഴകൊഴമ്പൻ നിലപാട് സ്വീകരിക്കുകയാണ്. ഒരു മതേതര പാർട്ടിയെന്ന പഴയ ഒരു പാരമ്പര്യമുണ്ടെന്ന് ഞാൻ പറയട്ടെ. ആ പാരമ്പര്യത്തോടെ കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയ മണ്ഡലത്തിൽ നിലനിൽക്കണമെങ്കിൽ ബി.ജെ.പി.-ക്കെതിരായുള്ള, ആർ.എസ്.എസ്.-നെതിരായുള്ള അതിശക്തമായ നിലപാട് നിങ്ങൾ സ്വീകരിക്കേണ്ടിവരും. അത് ഈ നാടിന്റെ നിലനിൽപ്പിനുകൂടി ആവശ്യമാണ്. അതുകൊണ്ടാണ് പറയുന്നത്. ഞങ്ങൾ ഞങ്ങളുടെ സാധ്യമായ നിലയിലൊക്കെ ശ്രമിക്കുന്നുണ്ട്.

<u>മി. ചെയർമാൻ:</u> യെസ്.... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> ഒരു കാര്യം കൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ സത്യത്തിൽ എന്നേ പൊളിയേണ്ടതാണ്. 2004-ലെ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഭൂരിപക്ഷമില്ലായിരുന്നു. ഇടതുപക്ഷം നിങ്ങളോട് നേർക്കുനേർ മത്സരിച്ച് ജയിച്ചുവന്നിട്ടുപോലും ഈ നാടിന്റെ താൽപര്യം പരിഗണിച്ചുകൊണ്ടാണ് ഇടതുപക്ഷം പിന്തുണ നൽകിയത്. അത്തരം ഒരു അന്തരീക്ഷം വികസിപ്പിച്ചതിന് ഹർകിഷൻ സിങ്

സൂർജിത്തിനോട് നന്ദി പറയണം. ഇല്ലെങ്കിൽ അന്നേ നിങ്ങൾ പൊളിഞ്ഞടിയുമായിരുന്നു. 10 പത്തുകൊല്ലം മുമ്പുതന്നെ പതനത്തിലെത്തുമായിരുന്നു. അന്ന് നിങ്ങൾക്ക് നിൽക്കാനുള്ള ഊർജ്ജം നൽകിയത് ഇടതുപക്ഷമാണെന്ന് ഓർത്തുകൊള്ളണം. ഓർമ്മയുണ്ടാകണം. ഇന്ത്യയിലെ കോൺഗ്രസ്സിന് ഓർമ്മയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബല്ലിനെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു, മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി മണ്ണ് പങ്കുവച്ചു, മനസ്സ് പങ്കുവച്ചുവെന്ന് പാടിയത് വയലാർ രാമവർമ്മയാണ്. അദ്ദേഹത്തിന്റെ ദിനമാണിന്ന്. ആ ദിനത്തിൽ അദ്ദേഹത്തിനുമുന്നിൽ നമിച്ചുകൊണ്ട്.... കാരണം, അദ്ദേഹം പറഞ്ഞ ആ വരികൾക്ക് ദേശീയ അവാർഡ് കിട്ടി. അതൊരു സിനിമാ പാട്ടാണെങ്കിലും ഇന്നത്തെ ഇന്ത്യയുടെ മുഖത്ത് പതിച്ചു വയ്ക്കാവുന്ന മുദ്രാവാക്യം പോലുള്ള കവിതയാണ്. അതുകൊണ്ട് വയലാർ നമുക്ക് നൽകിയ ആ വരികളോട് നവോത്ഥാനത്തിന്റെ സങ്കൽപ്പങ്ങളെ കേരളത്തിൽ കരിയാതെയും പൊലിയാതെയുമിരിക്കാൻ നീതി കാണിച്ചതിന്റെ സ്പർശമുള്ള

ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. വയലാറിന്റെ ചരമദിനം മറ്റൊന്നിന്റെ ജന്മദിനമാണ്. അത് വയലാർ രത്കസാക്ഷികൾ മരിച്ചു വീണതിന്റെ 70-ാം വർഷം തികയുന്ന ദിവസമാണിന്ന്. ഒരാളിന്റെ മരണദിനവും വേറൊന്നിന്റെ ജന്മദിനവും ചേർന്ന ആ ദിവസത്തിൽ ഭാസ്കരൻ സാറാണ് പറഞ്ഞത് ഉയരും ഞാൻ നാടാകെ, പടരും ഞാൻ ഒരു പുത്തൻ ഉയിർ നാടിനേകിക്കൊണ്ട് ഉയരും വീണ്ടും എന്നാണ്. അതിന്റെ സ്പർശവും ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾക്കൊണ്ടിട്ടുണ്ട്. ഈ നവോത്ഥാന സങ്കൽപ്പങ്ങൾ ഒരു ബഡ്ജറ്റിലൂടെ നിലനിർത്തുകയെന്ന റിസ്ക് ഏറ്റെടുത്തുകൊണ്ടാണ് ഈ ബഡ്ജറ്റ് മൊത്തം പണം വലിയ കുഴപ്പമില്ലാതെ ഒട്ടും ചോരാതെ ശേഖരിച്ച് ഏറ്റവും നീതിപൂർവ്വമായി ജനപക്ഷമായി ചേരേണ്ടവനിലെത്തുകയെന്നതാണ്. അത് ഈ ഓണത്തിന് കേരളത്തിൽ സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിൽ ഇല്ലാത്ത ഓണത്തിന്റെ ചാരുതയുള്ളതുകൊണ്ടാണ് ഈ ഓണത്തിന് കശുവണ്ടി തൊഴിലാളികളുടെയും കയർ തൊഴിലാളികളുടെയും തുടങ്ങിയ എല്ലാ പെൻഷൻകാരുടെയും പാവപ്പെട്ടവന്റെയും വീട്ടിൽ അഞ്ച് വർഷത്തിനുശേഷം മാവേലി വന്നെത്തിയത്. അതുകൊണ്ട് ഈ ജനപക്ഷ

ബഡ്ജറ്റിന്റെ മാറ്റം കേരളത്തിൽ പ്രകടമായിട്ടുണ്ട്. ഓണത്തിന് മാവേലി എല്ലാ വീട്ടിലും വന്നപ്പോൾ ബി.ജെ.പി.-ക്ക് ഇഷ്ടപ്പെട്ടില്ല. ഇവിടെ ഒരു ടീച്ചർക്കും ശ്രീ. അമിത്ഷായ്ക്കും ഇഷ്ടപ്പെട്ടില്ല. അവർ പറഞ്ഞത്, ഓണമെന്ന് പറഞ്ഞാൽ മാവേലിയുടെ ദിനമല്ല, വാമനന്റെ ദിനമാണെന്നാണ്. സത്യത്തിൽ ഓണം വാമനന്റെ ദിനമാണെന്ന് പറയുമ്പോൾ അതിലൊരു വർഗ്ഗീയ ചുവയുണ്ട്. മനുഷ്യനെ അംഗീകരിക്കാത്ത ഒരു പ്രത്യേകതയുണ്ട്. ഓണത്തിന്റെ വലിയൊരു പ്രത്യേകത എന്താണെന്നുവച്ചാൽ, ലോകത്തിലെ ഒരു മിത്തിലുമില്ലാത്ത ഒരു പ്രത്യേകത മലയാളികളുടെ സ്വകാര്യ അഭിമാനംപോലെ, മതേതരത്വത്തിന്റെ കൊടിചൂടിയ ഓണത്തിനുണ്ട്. അത് ചരിത്രത്തിൽ/ മിത്തിൽ ആദ്യമായി ദൈവം വില്ലനും മനുഷ്യൻ നായകനുമായ ലോകത്തിലെ ഏക മിത്ത് ഓണത്തിന്റെ മിത്താണ്. ആ മിത്തിൽ മാവേലി ചവിട്ടിത്താഴ്ത്തപ്പെട്ടുമെങ്കിലും ദൈവമാണ് തെറ്റുചെയ്യുന്നത്. അതുകൊണ്ട് താഴ്ത്തപ്പെട്ടവന്റെ, മനുഷ്യൻ സത്യത്തിനുവേണ്ടി കാത്തിരിക്കുന്ന ദിവസമാണ് ഓണം. ഓണം ഇന്നലെ സംഭവിച്ചതല്ല. നാളെ വരാൻ പോകുന്നതാണ്. നാളെ അങ്ങനെ വരാൻ പോകുന്ന ഒരു സ്വപ്നം മലയാളി കൈപിടിച്ചുയർത്തുമ്പോൾ ആ സ്വപ്നം ഈ ബഡ്ജറ്റിലുണ്ട്. ഇന്നലെ ചെയ്ത

തെറ്റുകൾ ഇല്ലാതാകുന്ന ഒരു നല്ല നാളേയ്ക്കുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. അതുകൊണ്ട് ഓണം ചവിട്ടിയവന്റേതല്ല, സത്യത്തിനുവേണ്ടി ചവിട്ടുകൊണ്ട് താഴ്ന്നുപോയവന്റേതാണ്. അവൻ നാളെ ഉയർന്നുവരണമെന്ന് ആഗ്രഹിക്കുന്ന മതേതരത്വവും ജനാധിപത്യവും മാനവികതയും കൊണ്ടുനടക്കുന്ന ഒരു ജനതയുടെ സ്വപ്നമാണ് ഓണം. നമ്മുടെ നാടിന്റെ സാമൂഹ്യ ജീവിത്തിന് ഈ ബഡ്ജറ്റിൽ അവതരിപ്പിച്ച ഒരു കാര്യം അങ്ങ് ശ്രദ്ധിക്കണം. ഈ ബഡ്ജറ്റിൽ അവസാനം പറഞ്ഞു നിർത്തിയത് ശ്രീനാരാണ ഗുരുവും അയ്യങ്കാളിയും ചട്ടമ്പിസ്വാമികളുമെല്ലാം പടുത്തുയർത്തിയ ഒരു നവോത്ഥാനത്തിന്റെയും ആ നവോത്ഥാനം സംഭാവന ചെയ്യുന്ന മാനവികതയുടെയും നിലനിൽപ്പിനുവേണ്ടിയാണ് ഒരു ഭരണകൂടം ചിന്തിക്കേണ്ടത്. നമ്മൾ ഓരോ പൈസയും ചെലവഴിക്കുമ്പോൾ ചിന്തിക്കേണ്ടത്, ഓരോ പൈസയും സമാഹരിക്കുമ്പോൾ ചിന്തിക്കേണ്ടത്. കഴിഞ്ഞ ദിവസം ശ്രീ. വി. ഡി. സതീശൻ പ്രസംഗിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, കൗടില്യന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചാണ്. കൗടില്യന്റെ ധനകാര്യ മാനേജ്മെ ന്റിൽ അദ്ദേഹം പറഞ്ഞത് ശരിയാണ്, പൂവിന് നോവാതെ പൂവറിയാതെ വേണം തുമ്പിപോയി തേൻ എടുക്കാൻ. പക്ഷെ ശ്രീ. വി. ഡി.

സതീശനോട് എനിക്ക് ചോദിക്കാനുള്ളത്, ഇതിന്റെ റേഷ്യോ തകർന്നാൽ എന്ത് ചെയ്യുമെന്നാണ്. തുമ്പിക്ക് തേൻ കുടിക്കാൻ ആവശ്യത്തിന് പൂവ് ഇല്ലെങ്കിൽ എന്തുചെയ്യും. സത്യത്തിൽ കേരളത്തിൽ ആ പ്രതിസന്ധിയുണ്ട്. ഒരുപാട് തുമ്പികൾ തേൻകുടിച്ചതിന്റെ ചരിത്രം കേരളത്തിൽ യു.ഡി.എഫ്. ഭരണകാലത്തുണ്ടായിരുന്നു. ഞാൻ അതൊന്നും പറഞ്ഞുപോകുന്നില്ല. പക്ഷെ തുമ്പി ആവശ്യത്തിന് ഉണ്ടായിരിക്കുകയും തേൻ കുടിക്കാൻ ആവശ്യത്തിന് പൂവ് ഇല്ലാതിരിക്കുകയും ചെയ്താൽ പുതിയ പൂക്കളെ സൃഷ്ടിക്കാനുള്ള ഒരു കർമ്മ പദ്ധതികൂടി കേരളത്തിന്റെ പരിസ്ഥിതിയേയും മാനവികതയേയും സാമൂഹ്യ അവസ്ഥയേയും സൃഷ്ടിച്ചുകൊണ്ടേ നമുക്ക് പൂക്കളെ കൂട്ടി ഉള്ള തുമ്പികൾക്ക്, പൂക്കൾക്ക് നോവാതെ തേൻ കുടിക്കാനുള്ള ഒരന്തരീക്ഷം ഉണ്ടാക്കാൻ പറ്റൂ. ശ്രീ. കെ. മുരളീധരൻ പ്രസംഗിച്ചപ്പോൾ അവസാനം പറഞ്ഞു, ഇപ്പോൾ എല്ലാവരും ഒറ്റ നാമത്തിലാണ് അത് 'കിഫ്ബിയായ നമഃ' എന്നാണ്. എന്തുകൊണ്ട് അങ്ങനെ വന്നു. സത്യത്തിൽ കേരളത്തിന്റെ അന്തരീക്ഷത്തിൽ അങ്ങനെയൊരു പ്രതിസന്ധിയിൽ എത്താൻ എന്താണ് കാര്യം. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, ഈ ധനകാര്യ വകുപ്പുമന്ത്രി ധനകാര്യത്തിന്റെ കാര്യത്തിൽ, ജനപക്ഷത്തിന്റെ കാര്യത്തിൽ, മാനവികതയുടെ കാര്യത്തിൽ

മിട്ടുക്കനാണെന്ന കാര്യത്തിൽ ഇവിടെയും തർക്കമില്ല. പക്ഷെ ഇവിടെയുള്ള തർക്കമെന്താണെന്ന് വച്ചാൽ, അങ്ങ് പരാജയപ്പെട്ടുപോകുമെന്നാണ്. പരാജയപ്പെടാതിരിക്കാൻവേണ്ടി പ്രാർത്ഥിക്കണം. ഒരു പാലത്തിന് മുന്നിൽ ഒരു കർഷകൻ വന്ന് നിന്ന ഒരു പഴയ കഥയുണ്ട്. കർഷൻ വന്ന് നിന്നത് ഒരു കുട്ട നെല്ലും ഒരു കുറുക്കനും ഒരു കോഴിയുമായാണ് വന്ന് നിന്നത്. പക്ഷെ ആ പാലത്തിലൂടെ ഒരാളുമായി മാത്രമേ കടക്കാൻ പറ്റൂ. മൂന്ന് എണ്ണത്തിനെയും ചേർത്ത് നടന്നാൽ വീണുപോകും. അത്തരം ഒരു പ്രതിസന്ധി കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്കുണ്ട്. പക്ഷെ ആ പ്രതിസന്ധി മറികടക്കുകയാണ്. മറികടക്കുമ്പോൾ ഇങ്ങനെയൊരു നൂൽപ്പാലത്തിലൂടെ ഭരണകക്ഷിക്കുവേണ്ടി മാത്രമല്ല, പ്രതിപക്ഷത്തിനും കേരളത്തിനും വേണ്ടി ഒറ്റയ്ക്ക് ഒരു ചുമട്ടുമായി പോകുന്ന ഈ ധനകാര്യ വകുപ്പുമന്ത്രി മറിഞ്ഞു വീഴണമെന്ന് പ്രാർത്ഥിക്കരുത്. നടന്നുനീങ്ങണേ അക്കരെയെത്തണേ എന്ന് പ്രാർത്ഥിക്കണം. കാരണം, ഇത് കേരളത്തിന്റെ ആവശ്യമാണ്. അന്ന് ആ കർഷകൻ ഒരുമിച്ച് കൊണ്ടുപോകാൻ കഴിയാത്തതിനാൽ അതിനെ മറികടന്നത് എങ്ങനെയെന്നാൽ, നെല്ല് കൊണ്ടുപോയാൽ കുറുക്കൻ കോഴിയെ പിടിക്കും, കുറുക്കനെ കൊണ്ടുപോയാൽ നെല്ല് കോഴി തിന്നും, ഒറ്റയ്ക്ക് ഒറ്റയ്ക്കേ കൊണ്ടുപോകാൻ ഒക്കൂ. അയാൾ ആദ്യം

കോഴിയെ കൊണ്ടുപോയി അക്കരെ നിർത്തി. അപ്പോൾ കുറുക്കൻ നെല്ല് തിന്നുകയില്ല. പിന്നീട് നെല്ല് കൊണ്ടുപോയി അപ്പോൾ കോഴിയെ തിരിച്ച് കൊണ്ടുവന്നു. പിന്നീട് കുറുക്കനെ അക്കരെ കൊണ്ടുപോയി നിർത്തുകയും പിന്നീട് വീണ്ടും കോഴിയെ കൊണ്ടുപോകുകയും ചെയ്തു. അങ്ങനെയാണ് അയാൾ രക്ഷപെട്ടത്. അങ്ങനെയൊരു റിസ്കിലാണ് ഇവിടെയും നിൽക്കുന്നത്. അങ്ങനെയൊരു റിസ്കിൽ നിൽക്കുമ്പോൾ നമുക്ക് ഈ പാലം കടക്കണം. നമുക്ക് ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കണം. ഒപ്പം ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ പാവപ്പെട്ടവനെ നോവിക്കാതിരിക്കണം. എടുക്കേണ്ടവനിൽ നിന്ന് മാക്സിമം എടുക്കണം. ശ്രീ. കെ. കൃഷ്ണൻകുട്ടി മെമ്പർ ചില നിർദ്ദേശങ്ങൾ പറഞ്ഞു. പലതും ആലോചിക്കണം. പിരിക്കാവുന്നത് മുഴുവൻ പിരിക്കണം. യു.ഡി.എഫ്. കാലത്ത് സംഭവിച്ചത് എന്താണെന്നു വച്ചാൽ, അങ്ങനെ പിരിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും വെല്ലുവിളിയുണ്ട്. ലോകമാന്ദ്യം നിലനിൽക്കുകയാണ്. കേരളത്തിൽനിന്ന് പുറത്തുപോയവർ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണവും, റബ്ബറിന്റെ വിലയുമാണ് കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. ഇതെല്ലാം തകർന്നു നിൽക്കുന്നൊരു സമയത്ത് വാങ്ങൽശേഷി വർദ്ധിപ്പിക്കണമെങ്കിൽ കഴിഞ്ഞ ഓണക്കാലത്തെപ്പോലെ പാവപ്പെട്ടവന്റെ കയ്യിൽ

ആവശ്യത്തിന് പണമുണ്ടാകണം. ആ പണമുണ്ടാകുമെന്ന് ഉറപ്പിച്ച് മുന്നോട്ട് നീങ്ങി ലോകം പ്രതിസന്ധിയിൽ പെടുമ്പോഴും, തീ പിടിക്കുമ്പോഴും ഇവിടെ മഴ നനച്ച് ഒരു കുളിരുണ്ടാക്കണമെന്ന വച്ചാൽ അത് വലിയൊരു റിസ്കാണ്. ആ റിസ്കാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്യാൻ ശ്രമിക്കുന്നത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നമ്മുടെ പൊതുസമ്പത്ത് ദേശസാൽക്കരിക്കണം. അതിന്റെ വരുമാനം സമൂഹത്തിന് കിട്ടണം. അത് ഏറ്റവും അർഹതപ്പെട്ടവന് കിട്ടുമെന്ന് ഉറപ്പാക്കണം. നമ്മുടെ വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലാക്കണം. അല്ലെങ്കിൽ നമ്മുടെ യൗവ്വനത്തിന് ലോകത്തോട് മത്സരിക്കാൻ കെൽപ്പില്ലാതാകും. അതിനായി ഇപ്പോൾ മുടക്കുന്ന പണം നാളെ കിട്ടുമെന്ന് ഉറപ്പാണ്. ലോകത്ത് ആരോടും മത്സരിക്കാൻ കഴിയുന്ന ഒരു യൗവ്വനം നാളെ ഉണ്ടായില്ലെങ്കിൽ കേരളവും കേരളത്തിന്റെ നവോത്ഥാനവും തകർന്നുപോകും. നമുക്ക് സ്വപ്നം കാണാവുന്ന ഒരു യൗവ്വനത്തെ സൃഷ്ടിക്കണം. പേടിപ്പെടുത്തുംവിധമാണ് ഇന്ന് നമ്മുടെ റോഡിൽക്കൂടി ബൈക്കോടിക്കുന്നത്. ഇടത്തുവച്ച് വലത്തുമാറി പിന്നെ കളരിയൊക്കെ കാണിച്ച്, പിന്നെ മെഡിക്കൽ കോളേജിലാണ് കാണുന്നത്. ചെറുപ്പക്കാരായ നാലായിരത്തിലധികം ആളുകളാണ് ഒരുവർഷം മരിക്കുന്നത്. അതിനുള്ള പ്രധാന കാരണം അവന് സ്വപ്നമില്ല

എന്നതാണ്. അവന്റെ ജീവിതത്തെക്കുറിച്ചും ബന്ധുക്കളെക്കുറിച്ചും അവന് കരുതലില്ല എന്നതാണ്. ആ കരുതലുണ്ടാക്കാൻ വിദ്യാഭ്യാസത്തിനേ കഴിയൂ. അതിന്റെ ലോക നിലവാരത്തിനും മനോഹാരിതയ്ക്കുമേ കഴിയൂ. അങ്ങനെയൊന്ന് സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ അതെല്ലാം എൽ.ഡി.എഫ്.കാരല്ല. അത് എൽ.ഡി.എഫും യു.ഡി.എഫും ഇതൊന്നുമല്ലാത്ത മനുഷ്യരാണ്. പക്ഷേ അവർക്കെല്ലാം മുൻപിൽ നമ്മൾ നേരത്തെ പറഞ്ഞതുപോലെ വാമനന്റേതാണ് ഓണമെന്നു പറയുമ്പോൾ, മാവേലി അവിടെയില്ല എന്നു പറയുമ്പോൾ എതിർക്കാൻ ഒരുമിച്ചുണ്ടാവണം. നവോത്ഥാനത്തിന്റെ നന്മകൾ പൂക്കാനുള്ള വെള്ളവും വളവും നമ്മൾ കേരളത്തിൽ കൊടുക്കണം. എല്ലാമായെന്ന് ഞാൻ പറയുന്നില്ല. അതിന്റെ സ്പർശമുള്ള, യു.ഡി.എഫ്.ന്റെ കാലത്തെ തെറ്റുകൾ തിരുത്തിയുള്ള, കളങ്കങ്ങൾ വന്നത് ഇല്ലാതാക്കിയുള്ള, ചോരാതെ എല്ലാം ഖജനാവിൽ കിട്ടാവുന്ന തരത്തിൽ, അതിൽ നീതിപൂർവ്വമായി വിതരണം നടത്താവുന്ന തരത്തിൽ ഒരു മാനവികതയുടേയും മതേതരത്വത്തിന്റേയും നവോത്ഥാനത്തിന്റേയും സ്പർശമുള്ള ബഡ്ജറ്റാണ് ഈ ബഡ്ജറ്റ്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. നമ്മുടെ പുതിയ സർക്കാരിന് ഒരു അപ്രോച്ച് ഇതുവരെ കൈവന്നിട്ടില്ല. മാത്രമല്ല, ഒരു പിടിത്തം കിട്ടിയതുപോലുമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ആകെ ഒരുമാതിരി നിലാവത്ത് കോഴികളെ വിട്ടതുപോലെ കിടന്നു തിരിയുന്ന ഒരു സ്വഭാവം കാണുന്നുണ്ട്. ഞങ്ങളെ സംബന്ധിച്ച് കേരളത്തിന്റെ കാതലായ പ്രശ്നങ്ങൾ അനലൈസ് ചെയ്ത് വ്യക്തതയോടുകൂടി ഞങ്ങൾ ആദ്യംതന്നെ ഒരു 100 ദിന പരിപാടി, 100 ദിവസത്തിനുള്ളിൽ ഇന്ന റിസൾട്ട് ഉണ്ടാക്കും എന്ന് പറഞ്ഞിരുന്നു. ഇപ്പോഴത്തെ മന്ത്രിമാരിൽ കുറേ പുതിയ ആളുകളാണ്. കാര്യങ്ങൾ പഠിക്കാനൊക്കെ കുറച്ച് സമയമെടുക്കും. അത് നല്ലതാണ്. പക്ഷേ പ്രശ്നം എന്താണെന്നു വച്ചാൽ ഈ ഹണിമൂൺ പീര്യേഡ് ഇപ്പോഴങ്ങ് തീരും. നിങ്ങൾ ജീവിത യാഥാർത്ഥ്യത്തിലേയ്ക്ക് വരണം. ഇപ്പോഴും ഒരു ആലസ്യത്തിൽ ഇരിക്കുകയാണ്. പുതിയ സർക്കാരിന് പുതിയൊരു അപ്രോച്ച് ഇല്ല. കാര്യങ്ങളെ ആ രീതിയിൽ കാണുന്നുമില്ല. ഇവിടെ വന്നാൽ എല്ലാം ശരിയാക്കിത്തരാം എന്നുപറഞ്ഞാണ് നിങ്ങൾ വന്നത്. ഇപ്പോൾ ശരിയാകുന്നതുപോലെ ഇല്ലെന്നുമാത്രമല്ല സാമ്പത്തിക പ്രതിസന്ധി... സാമ്പത്തിക കാര്യങ്ങൾ എടുത്തു നോക്കുകയാണെങ്കിൽ, ഇപ്പോഴത്തെ കിഫ്ബി, അത് പറയാൻതന്നെ കുറച്ച

പ്രയാസമാണ്. K I I F B. കിഫ്ബ് എന്നു പറയണോ കിഫ്ബി എന്നു പറയണോ എന്നെനിക്കറിയില്ല. ഏതായാലും ശരി കിഫ്ബി വരട്ടെ എന്നാണ് പറയുന്നത്. നാട്ടിൻപുറത്തൊരു വൈദ്യരുണ്ട്. അദ്ദേഹത്തിന്റെ കഥ പറഞ്ഞ മാതിരിയാണ്. അദ്ദേഹത്തിന്റെ അടുത്ത് പനി പിടിച്ച ചെന്നാലും വയറ്റീന്ന്പോക്കിന് ചെന്നാലും ഒരു കഷായം കാച്ചിത്തരാം എന്നു പറയും. എന്നുപറഞ്ഞപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ എന്തുപറഞ്ഞാലും കിഫ്ബി വരട്ടെ കിഫ്ബി വരട്ടെ എന്നു പറയുകയാണ്. കിഫ്ബി എന്നാ വരിക, എങ്ങനെയാണ് വരിക എന്നുള്ളത് അറിയില്ല. നിങ്ങളാദ്യം ഐഡിയോളജിയുടെ ഹാങ്ങ്ഓവറിൽനിന്ന് ഉണരണം. എന്നാലേ ശരിയാവുകയുള്ളൂ. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രസംഗിച്ചപ്പോൾ എ.ഡി.ബി.യെക്കുറിച്ച് കുറേ കാര്യങ്ങൾ പറഞ്ഞു. അത് നിങ്ങളുടെ ഒരു രാഷ്ട്രീയ വീക്ഷണമായിരിക്കാം. പക്ഷേ ഫണ്ട് എവിടെനിന്ന് വാങ്ങിയാലും അത് ലോണാണ്. പലിശ സഹിതം തിരിച്ചു കൊടുക്കണം. കിഫ്ബി ആയാലും കൊടുക്കണം. പത്തോ പന്ത്രണ്ടോ എത്രയാണ്. എ.ഡി.ബി.യുടേത് കുറച്ചുകൂടി പലിശ കുറവായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ഇത് കനത്ത പലിശയോടുകൂടി തിരിച്ചു കൊടുക്കണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വച്ചത് ഒരു ഡോക്കുമെന്റാണ്. അത് നിങ്ങളുടെയൊരു രാഷ്ട്രീയ വീക്ഷണമാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കിഫ്ബി വന്നു കഴിഞ്ഞു. അമ്പലപ്പുഴ-തിരുവല്ല-ശബരിമല റോഡ് കിഫ്ബി പണി തുടങ്ങി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കിഫ്ബിയിൽനിന്ന് 250 കോടി രൂപ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഹോസ്റ്റലുകൾക്ക് എ.എസ്. ആയി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നല്ല കാര്യമാണ്. കിഫ്ബി എത്തി എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഞാൻ പറയാൻ പോകുന്ന പോയിന്റ് വേറെ ഒന്നാണ്. അതായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ.... കിഫ്ബിയുടെ കഥ അവസാനം എന്താകുമെന്ന് ഞാൻ പറയാം. കിഫ്ബി ആദ്യം ജനിച്ചു എന്നല്ല, ഇതിനുമുൻപ് കിർഫി ജനിച്ചിട്ടുണ്ട്, പൊതുമേഖലയ്ക്കുവേണ്ടി. ഞാൻ വ്യവസായ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് പ്രത്യേക ലോണെടുത്ത് ഇതുപോലെ പത്തുപന്ത്രണ്ട് ശതമാനത്തിന്..... വ്യവസായ വകുപ്പിൽ കുറച്ചു കാര്യങ്ങൾ ചെയ്തെന്നും വേറെ ഒരു വകുപ്പിലും എ.ഡി.ബി. ലോണും എം.ജി.എഫ്.ഉം ഒന്നും മര്യാദയ്ക്ക് ചെയ്തില്ലെന്നും ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ

പറഞ്ഞു. ശരി ഞാൻ പറയുന്നത് വേറൊരു സംഗതിയാണ്. ഈ പോക്ക് പോയാൽ, നിങ്ങൾ ഈ ഐഡിയോളജിയുടെ ഹാങ്ഓവറിൽ കിടന്ന് പുതിയ യാഥാർത്ഥ്യങ്ങളെയൊന്നും കാണാതെ അഞ്ച് വർഷം പാഴാക്കിക്കളയുമെന്നാണ് ഞാൻ പറയുന്നത്. കാരണം നിങ്ങൾക്ക് എവിടെനിന്നാണ് പണം; പണം ഉണ്ടാക്കാനുള്ള ഒരു മാർഗ്ഗവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. റ്റി. എം. തോമസ് ഐസക് ഇതുവരെ ആലോചിച്ചിട്ടില്ല. പണം ഇല്ലാത്ത കളിയാണ്. കിഫ്ബി വരട്ടെ. കിഫ്ബി  എത്തിയെന്നൊക്കെ പറയുന്നു. കിഫ്ബി വന്നാൽ ഒരു കണക്കുണ്ട്. അതിനപ്പുറത്തേയ്ക്ക് പോകില്ല. എ.ഡി.ബി. ലോൺ കുറഞ്ഞ പലിശയ്ക്ക് കിട്ടുന്നതിനെ കുറിച്ചുള്ള കുറേ നിബന്ധനകളെ സംബന്ധിച്ചാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിമർശിച്ചത്. പൊളിറ്റിക്കലി OK. നല്ല സ്ലോഗനാണ്. അതിങ്ങനെ പറഞ്ഞുകൊണ്ടിരിക്കാം. പക്ഷേ യഥാർത്ഥത്തിൽ എന്താണ്; അതിന്റെ ലക്ഷ്യം നമ്മൾ നോക്കുകയാണെങ്കിൽ റീസ്ട്രക്ച്ചറിംഗ്, അതുപോലെ ഡൗൺസൈസിംഗ് - ചെലവുചുരുക്കൽ ഇതൊന്നുമില്ലാതെ, ഒരു ചെലവു ചുരുക്കലുമില്ലാതെ കിഫ്ബിയുടെ ഫണ്ട് വന്നുകഴിഞ്ഞാൽ കേരളത്തിന്റെ പുരോഗതിയും കാര്യങ്ങളും ഇപ്പോൾ പറഞ്ഞ റോഡും പട്ടികജാതി വകുപ്പിന്റേതും പൊതുമരാമത്ത് വകുപ്പിന്റേതും ഒക്കെ ചെയ്യാൻ സാധിക്കുമെന്നാണോ അങ്ങ്

കരുതുന്നത്. നിത്യനിദാന ചെലവിന് കാശില്ലാത്ത ഒരുത്തന്റടുത്ത് ഏത് കാശായാലും വേണ്ടില്ല കുറച്ച് കാശ് കിട്ടിയാൽ കിട്ടിയപാടെ അവൻ കണ്ടതിന് ചെലവാക്കില്ലേ; മുമ്പിലുള്ളതിന് ചെലവാക്കില്ലേ; നിത്യനിദാന ചെലവിന് വകയില്ലെങ്കിൽപ്പിന്നെ കിട്ടിയ പണം ചെലവാക്കുകയല്ലാതെ എന്തു ചെയ്യും?

ശ്രീ. എ. കെ. ബാലൻ: സർ, അത് കൊടുക്കാൻ പാടില്ല എന്നാണ് നിയമം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഒരു നിയമം എഴുതി വച്ചിട്ടും കാര്യമില്ല. ആ പണം മുഴുവൻ ശമ്പളത്തിനും പെൻഷൻ കൊടുക്കാനും ബാക്കിയുള്ള കാര്യങ്ങൾക്കുമായിട്ട് പോകും. ഇപ്പോൾ കെ.എസ്.ആർ.ടി.സി. മാത്രമെടുത്താൻ മതിയല്ലോ. കെ.എസ്.ആർ.ടി.സി.യിൽ ശമ്പളത്തേക്കാൾ കൂടുതൽ പെൻഷനാണ്. 1984-ൽ ഇതുപോലെ ഒരു മുദ്രാവാക്യത്തിന്റെ കൂടെപ്പോയി ഏർപ്പെടുത്തിയതാണ് പെൻഷൻ. ഇപ്പോൾ ശമ്പളവും മുടങ്ങി, പെൻഷനും മുടങ്ങി. അവസാനം കെ.എസ്.ആർ.ടി.സി. തന്നെ നിൽക്കുന്ന സ്ഥിതിയായി. ഡൗൺസൈസിംഗ് ഒന്നും പാടില്ല എന്നുള്ളത് നല്ലൊരു മുദ്രാവാക്യമാണ്. പക്ഷേ എന്റെ പോയിന്റ് ഇതാണ്, പുതിയ സർക്കാരിന് ഒരു പിടുത്തവും കിട്ടിയിട്ടില്ല. നിങ്ങൾ ശരിയാക്കിയിട്ട് വരാം എന്നുപറഞ്ഞിരിക്കുകയല്ലാതെ നിങ്ങൾതന്നെ ശരിയാകുന്ന സ്ഥിതിയാണ് അധികം വൈകാതെ വരാൻ പോകുന്നത്. ഒരു അപ്രോച്ച് ഇല്ല. കേരളത്തിൽ ഗുരുതരമായ

ഒരുപാട് പ്രശ്നങ്ങളുണ്ട്. നമുക്കിത് നിങ്ങളുടെയൊരു പെർഫോമൻസിന്റെ കാര്യമാണെന്നു പറഞ്ഞുകൊണ്ട് വിടാമായിരുന്നു. ഇപ്പോൾ അതല്ല. ഗുരുതരമായ പ്രശ്നങ്ങളുണ്ട്. 5 കൊല്ലം ഭരിക്കാനുള്ള അവസരം തന്നിരിക്കുന്നത് നിങ്ങളുടെ കയ്യിലാണ്. ഞങ്ങളുടെ കയ്യിലല്ല. ഞങ്ങളുടെ കയ്യിലായിരുന്നപ്പോൾ ഞങ്ങൾക്കൊരു അപ്രോച്ച് ഉണ്ടായിരുന്നു. ഞങ്ങൾ ഇൻഫ്രാസ്ട്രക്ച്ചറിൽ നല്ല പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. ഐ.ടി.യിൽ നല്ല എക്സ്പോർട്ട് ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ പണം ഇപ്പോൾ കേരളത്തിന് കിട്ടുന്നുണ്ടല്ലോ. ഇന്നലെ മുഖ്യമന്ത്രി പറഞ്ഞു, ഒരു ബില്യൻ എന്നുള്ളത് രണ്ട് ബില്യനാക്കും. അതുപോലെ എംപ്ലോയ്മെന്റ്, ടെക്നോപാർക്കിലൊക്കെ എത്ര ആളുകൾക്കാണ് ജോലി കിട്ടിയത്, സംശയമുണ്ടെങ്കിൽ അന്വേഷിച്ചുനോക്കിക്കോളൂ. ഞാൻ പറയുന്നില്ല, ടെക്നോപാർക്കിന്റെയും ഇൻഫോ പാർക്കിന്റേയുമൊക്കെ ഗേറ്റിനുമുമ്പിൽ പോയി നിന്ന് നോക്കിയാൽ അവിടെ നിന്ന് പുറത്തുവരുന്ന ആളുകളെ കാണാം. അവിടെയൊക്കെ വെറുതെ കുറുക്കൻ മേഞ്ഞുനടന്നിരുന്ന സ്ഥലമല്ലേ; കാലിക്കറ്റ് അങ്ങനെ ആയില്ല.  കാലിക്കറ്റിന്റെ സാധ്യത ആയി വരുന്നതേയുള്ളൂ, പക്ഷേ കൊച്ചിയായി.  ഇപ്പോൾ ഞാൻ പറയുന്നത് പുതിയ ഗവൺമെന്റിന് ഇത്തരത്തിലുള്ള എന്തെങ്കിലും ഒരു സമീപനമുണ്ടോ; ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിന്

ഉണ്ടായിരുന്നു, നിങ്ങൾക്ക് ഇല്ല എന്നാണ് എന്റെ അഭിപ്രായം. ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി - മെട്രോ, പോർട്ട്, റെയിൽ, റോഡ് മുതലായവയ്ക്കൊക്കെ കൂടിയായിട്ട് കുറേ കാര്യങ്ങൾ ചെയ്തു. ഇപ്പോൾ നിങ്ങൾ പോകുന്ന പോക്കുകണ്ടാൽ നിങ്ങൾക്കത് ചെയ്യാൻ കഴിയില്ല. അതാണ് എന്റെ പോയിന്റ്. ഇപ്പോഴത്തെ സ്ഥിതിയാണെങ്കിൽ വളരെ ഗൗരവമാണ്. എൽനിനോ പ്രതിഭാസത്തിന്റെയും മറ്റും ഫലമായി കാലാവസ്ഥയിൽ മാറ്റം വന്നിരിക്കുകയാണ്, അതിന്റെ ഫലമായി കടുത്ത വരൾച്ചയാണ്, അവസരത്തിനൊത്ത് നിങ്ങൾ ഉയരണ്ടേ; അവസരത്തിനൊത്ത് നിങ്ങൾ ഉയരുന്നില്ല. നിങ്ങൾക്ക് മെല്ലെപ്പോക്ക് നയമാണ്, സാധാരണ പോക്കാണ്. അതുപോലെ തന്നെ കുടിവെള്ളത്തിന്റെ കാര്യം നോക്കണം. എൻവയോൺമെന്റിനെപ്പറ്റി പറയുന്നു, കേരളം ഊഷരഭൂമി, മഴയില്ലെന്നുണ്ടെങ്കിൽ എന്താണ് നമ്മുടെ സ്ഥിതി. അപ്പോൾ, rise to the occasion, അവസരത്തിനനുസരിച്ച് ഉയരുന്നതായി കാണുന്നില്ല. പ്രകൃതി സംരക്ഷണം, കൃഷി വികസനം ഒക്കെ ഇങ്ങനെ പ്രസംഗിച്ചാൽ ഉണ്ടാകുമോ? കൃഷിയെപ്പറ്റി ഒരുപാട് പ്രസംഗിക്കുന്നുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കിട്ടണമെന്നുണ്ടെങ്കിൽ വാല്യൂ അഡിഷൻ വേണം, വ്യവസായം വരണം. ആ നിലയ്ക്കുള്ള വല്ല പോളിസിയും... -

ഇൻഡസ്ട്രിയൽ പോളിസിയുണ്ടോ; കാർഷിക പോളിസിയുണ്ടോ; ഒരു അപ്രോച്ച് ഉണ്ടോ; ഒന്നും വന്നില്ല. കാർഷികോൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കാതെ എങ്ങനെ കൃഷി മുതലാകും. ശ്രീ. വി. എസ്. സുനിൽകുമാർ നാട്ടിൽ മുഴുവൻ നടന്ന് പ്രസംഗിക്കുന്നുണ്ട്, വളരെ ഊർജ്ജസ്വലനായി പായുന്നുണ്ട്, പക്ഷേ പാഞ്ഞാൽ കൃഷിയുണ്ടാകുമോ, കേരളം മുഴുവൻ പാഞ്ഞ് നടന്നതുകൊണ്ട് കൃഷിയുണ്ടാകാൻ പോകുന്നില്ല. കാർഷികോൽപ്പന്നങ്ങൾക്ക് വില കിട്ടാനുള്ള ഒരു പ്രോഗ്രാം അദ്ദേഹം പ്രഖ്യാപിക്കണം, അത് പ്രഖ്യാപിച്ചു കാണുന്നില്ല, ഒരു അപ്രോച്ച് ഇല്ല. എല്ലാ കൃഷിക്കാരോടും നിങ്ങൾ കൃഷി ചെയ്യണം, കൃഷി ചെയ്യണം എന്നുപറഞ്ഞാൽ അത് നേരേയാകുമോ? ഇപ്പോൾ എന്നോടും പറഞ്ഞു. അല്ലെങ്കിൽത്തന്നെ ഞാൻ ഒരു ഹോബിയായി ഒരുമണിക്കൂർ, രണ്ടു മണിക്കൂർ പാടത്തും പറമ്പിലുമൊക്കെ നടന്ന് കൃഷി നോക്കുന്ന ആളാണ്. പക്ഷേ എനിക്ക് കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ട് ജീവിക്കാൻ പറ്റുകയില്ല. എന്നാൽ എന്റെ ഫാദറിനും ഫാദറിന്റെ ഫാദറിനും പറ്റിയിരുന്നു. അവർ കാർഷികോൽപ്പന്നങ്ങൾ മാത്രം വിറ്റ് സുഭിക്ഷമായി ജീവിച്ചിരുന്നു, പണ്ട് കാറും ഒക്കെ വച്ച് നടന്നിരുന്നു. പക്ഷേ എനിക്കു പറ്റുമോ; കഴിയുകയില്ല, ആ വരുമാനം മാത്രംവച്ച് ജീവിക്കാൻ പറ്റുകയില്ല. കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കിട്ടിയാലല്ലാതെ പറ്റുകയില്ല. കാർഷിക പ്രാധാന്യമുള്ള

വയനാട്ടിൽ ചെന്ന് നോക്കിയാൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് ദാരിദ്ര്യം അവിടെ പ്രകടമാണ്. കൃഷിക്കാർക്ക് വരുമാനം ഇല്ല, അതിനൊരു വഴികാണാതെ.... അതിന് ഇവിടെ വാല്യൂ അഡിഷൻ വേണം, ലോകത്ത് മുഴുവൻ നടക്കുന്നത് കാണണം. സിലോണിൽ പോയി നോക്കു, ശ്രീലങ്കയിൽ പോയി നോക്കു എത്രയാ വാല്യൂ അഡിഷൻ, അതുപോലൊരു പരിപാടിയും ഇവിടെ കാണുന്നില്ല. ഇന്ത്യ ഡെവലപ്പ് ചെയ്തെടുത്ത വിത്ത്, അത് അന്തകൻ വിത്താണെന്ന പേരിൽ അതിനുവരെ കേരളത്തിൽ പറ്റുകയില്ല എന്നുപറഞ്ഞ് ബഹളമുണ്ടായി. അന്തകൻ വിത്ത് വേണ്ടാ എന്നുപറയാം, പക്ഷേ നോക്കിയിട്ട് വേണ്ടേ പ്രഖ്യാപനങ്ങൾ നടത്താൻ. പ്രഖ്യാപനങ്ങൾ ആദ്യം വരികയാണ്. അതുകൊണ്ട് കാര്യമില്ല.

അതുപോലെ വേസ്റ്റ് വളരെ സീരിയസ്സായി ഞങ്ങൾ എടുത്തതാണ്, നിങ്ങൾ അതിന് സമയം കളയുന്നതല്ലാതെ വേസ്റ്റിന്റെ കാര്യത്തിൽ ഒരു പ്രോഗ്രാം ഉള്ളതായി കാണുന്നില്ല. വേസ്റ്റ് ആകട്ടെ, റോഡാകട്ടേ, അല്ലെങ്കിൽ ലാന്റ് അക്വസിഷൻ ആകട്ടെ, മറ്റു കാര്യങ്ങളാകട്ടെ എല്ലാ പാർട്ടികളേയും സഹകരിപ്പിച്ചുകൊണ്ടുള്ള ജനകീയ സഹകരണമാണ് അതിൽ ഏറ്റവും വലിയ പ്രശ്നം. ജനകീയ സഹകരണത്തിനായി, എല്ലാവരേയും വിളിച്ചു കൂട്ടുക, ആൾപാർട്ടി കൂട്ടുക, ചർച്ച ചെയ്യുക ഇങ്ങനെ എന്തെങ്കിലും കാര്യങ്ങൾ ചെയ്യുന്നുണ്ടോ? ശ്രീ. ഉമ്മൻചാണ്ടിയുടെ

കാലത്ത് മീറ്റിംഗുകൾ അടിക്കടി ഉണ്ടായിരുന്നല്ലോ; ആ തരത്തിൽ യാതൊരു ഇനിഷ്യേറ്റീവുമില്ല. ഒരു ഇനിഷ്യേറ്റീവുമില്ലാത്ത ഒരു നിലയിലാണ് ഗവൺമെന്റിന്റെ പോക്ക് എന്നാണ് ഞാൻ പറയുന്നത്. ചുരുക്കിപ്പറഞ്ഞാൽ പട്ടിയുടെ വിഷയത്തിൽപ്പോലും നിങ്ങൾ കൺഫ്യൂസ്ഡ് ആണ്. അപ്പോൾ എല്ലാ കാര്യത്തിലും ഒരു തികഞ്ഞ കൺഫ്യൂഷൻ നിങ്ങൾക്കുണ്ട്, അത് ഐഡിയോളജിയുടെ ഹാങ്ഓവർ ആണോ എന്നെനിക്കറിഞ്ഞു കൂടാ. ഏതായാലും ഒരു വികസന നയം വേണം. അതുപോലെ ലാന്റ് യൂട്ടിലൈസേഷൻ, ലാന്റ് യൂട്ടിലൈസേഷനെ സംബന്ധിച്ച് എന്താണ് പറയുന്നത്; എൻവയോൺമെന്റും പ്രകൃതിയും ബാക്കിയുള്ളതുമെല്ലാം നോക്കണം. എല്ലാ ഭൂമിയും കൃഷിക്ക്, കയ്യിൽ കിട്ടിയതു മുഴവൻ കൃഷി ചെയ്യുമെന്നൊക്കെ നിങ്ങൾ പറയുന്നുണ്ട്, പക്ഷേ ഞാൻ ചോദിക്കട്ടേ, ഏറ്റവും പ്രയോരിറ്റി ഏരിയാസ്, ഐ.ടി., ടൂറിസം ഇങ്ങനെയുള്ള സംഗതികൾക്കെങ്കിലും കുറച്ച് ഭൂമി വേർതിരിച്ചെടുത്ത് ഉപയോഗിക്കുന്നതിനെ ക്കുറിച്ച് ഒരു പോളിസി വേണ്ടെ; അതും ഇല്ല. അതാണ് ഞാൻ പറഞ്ഞത് യാതൊരുവിധ നയവുമില്ലാതെ ഒരുമാതിരി ഇരുട്ടിൽ തപ്പിപ്പോകുന്ന ഒരു ഗവൺമെന്റാണിതെന്ന്. മോഡേണൈസേഷനെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞല്ലോ, മോഡേണൈസേഷനെ നിങ്ങൾ മുദ്രാവാക്യം വിളിച്ച്

പരാജയപ്പെടുത്തിയതാണ്. എ.ഡി.ബി. ഫണ്ട്, അത് നിങ്ങളുടെ കാലത്ത് തുടങ്ങി, അതിനുശേഷം ശ്രീ. ആന്റണി ഗവൺമെന്റ് വന്ന സമയത്ത് ഫണ്ടു വന്നു, ഭരണ മോഡേണൈസേഷനുവേണ്ടി ഫണ്ട് ഇവിടെ ചിലവാക്കാൻ നോക്കുന്ന സമയത്ത് ഊക്കൻ സമരവുമായിട്ട് നിങ്ങൾ വന്നു. കംപ്യൂട്ടറൈസേഷനേയും മറ്റും ഒരുപോലെ എതിർത്ത്, ഫർണിച്ചർ വാങ്ങുകയാണ് എന്നുപറഞ്ഞ് ജീവനക്കാർ സമരം, എല്ലാവരും സമരം. അവസാനം എന്താണ് ഉണ്ടായത്; ഫണ്ട് മര്യാദക്ക് വിനിയോഗിക്കാൻ കഴിഞ്ഞില്ല, നിങ്ങൾ വന്നപ്പോൾ അത് നിർത്തി. ആ ഫണ്ട് മുഴുവൻ നിത്യനിദാന ചിലവിന് എടുത്തുപോയി. ഇവിടെ കിഫ്ബിയിൽ ഉണ്ടാകാൻ പോകുന്നതും അതുതന്നെയാണ്. അങ്ങനെയൊരു അപ്രോച്ചും പ്ലാനിംഗും ഇല്ലാതെയാണ് മുന്നോട്ടുപോകുന്നത്. കൊച്ചിയുടെ കാര്യംതന്നെ എടുക്കാം, ഏത് സ്റ്റേറ്റിനും ഒരു നല്ല കൊമേഴ്സ്യൽ ക്യാപ്പിറ്റൽ ഉണ്ടാകും. ഇപ്പോൾ മഹാരാഷ്ട്രയ്ക്ക് ബോംബെയുണ്ട്, തമിഴ്നാടിന് ചെന്നൈയുണ്ട്, കർണ്ണാടകയ്ക്ക് ബാംഗ്ലൂർ ഉണ്ട്, അതേപോലെ ഇവിടെ കൊച്ചി. ഞങ്ങളുടെ സമയത്ത് കൊച്ചിയിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനും അതുപോലെ അവിടത്തെ ഐ.ടി. ഡെവലപ്മെന്റിനും, ടൂറിസത്തിനും മറ്റുമൊക്കെയായി ഒരു കൊമേഴ്സ്യൽ ക്യാപ്പിറ്റൽ എന്ന നിലയിലുള്ള ഒരു പ്ലാനുണ്ടായിരുന്നു. അങ്ങനെയുള്ളതായ ഒന്ന് നിങ്ങൾ

പ്രഖ്യാപിച്ചതായി കാണുന്നില്ല. ഇതാണ് പൊതുവിലുള്ള സ്ഥിതി. യാതൊരുവിധ വികസന അപ്രോച്ചും ഇല്ലാത്ത ഒരു സ്ഥിതിയിലാണ് നിങ്ങളുടെ പോക്ക് എന്ന് ഞാൻ പറയുന്നു. ഇത്തരം കാര്യങ്ങളെക്കുറിച്ച് ഞാൻ ഇത്രയേ പറയുന്നുള്ളൂ. ഈ പോക്കു പോയാൽ നിങ്ങളൊരു റിസൽട്ട് ഉണ്ടാക്കും എന്നെനിക്ക് തോന്നുന്നില്ല, മാത്രമല്ല ഓട്ടത്തിനിടയിൽ ഇടിച്ച് എവിടെയെങ്കിലും നിൽക്കാതെ നോക്കിയാൽ മതി. ഈ സാമ്പത്തിക പ്രതിസന്ധി, ശമ്പളം വരെ മുടങ്ങും. ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കണം, ലോൺ എടുക്കാനുള്ള കിഫ്ബി അല്ലാതെ ഒരു സോഴ്സും, പുതിയ ഒരു വരുമാന മാർഗ്ഗവും, വരുമാനം കൂട്ടാനുള്ള യാതൊരുവിധ പ്രൊപ്പോസലും അങ്ങയുടെ നയത്തിൽ ഇല്ല എന്നുള്ളതാണ് കാണാൻ സാധിക്കുന്നത്.

ഞാൻ കേരളത്തിലെ കാര്യം പറയുമ്പോൾ നമുക്ക് മറ്റുചില കാര്യങ്ങൾകൂടി പറയാതിരിക്കാൻ വയ്യ. രാഷ്ട്രീയമായി കേരളത്തിൽ ഒരുപാട് വെല്ലുവിളികളുണ്ട്. കേന്ദ്രത്തിൽ ഒരു ബി.ജെ.പി. ഗവൺമെന്റാണ്, ബി.ജെ.പി. ഗവൺമെന്റ് ഇവിടെ പലകാര്യങ്ങളും ചെയ്യാൻ നോക്കുന്നുണ്ട്. ഉദാഹരണമായി, ഇവിടെ യു.എ.പി.എ. ഇംപ്ലിമെന്റ് ചെയ്യാൻ തുടങ്ങി, നിങ്ങളൊന്നും അറിഞ്ഞില്ല. യു.എ.പി.എ.യുടെ കൂടെ നിങ്ങളും നിൽക്കുകയാണ്. ഇ. കെ. നായനാർ പ്രതിപക്ഷ നേതാവായിരിക്കുന്ന സമയത്ത്, ഞാൻ മന്ത്രിസഭയിൽ ഉള്ളകാലത്ത്, കണ്ണൂരിൽ മാർക്സിസ്റ്റ് - ബി.ജെ.പി

സംഘട്ടനത്തിൽ അന്ന് യു.എ.പി.എ. ഇടാൻ വേണ്ടി നോക്കിയപ്പോൾ, എന്നെ അന്ന് നായനാർ വിളിച്ചിട്ടു പറഞ്ഞു - അന്ന് ടാഡയാണ്, നിങ്ങൾ ഈ ടാഡയ്ക്കെതിരല്ലേ; പിന്നെന്തിനാണ് ഈ ടാഡ ഇപ്പോൾ ഇവിടെ പ്രയോഗിച്ചത് എന്നുചോദിച്ചു. ഞാൻ അപ്പോൾ തന്നെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന്റെ അടുത്തുപറഞ്ഞു. ടാഡയ്ക്ക് ഞങ്ങൾ എതിരാണ്, ടാഡ ഇടരുത് എന്ന്. പക്ഷേ നിങ്ങൾക്ക് ഇപ്പോൾ അങ്ങനെ പറയാൻ കഴിയില്ല. നിങ്ങൾ ഒരു മതപണ്ഡിതന്റെ പേരിൽ യു.എ.പി.എ. ഇടുന്ന സ്ഥിതി വന്നു കേരളത്തിൽ. ഇപ്പോൾ നിങ്ങൾ ഇട്ടു. അത് നിങ്ങൾ അറിയാതെ പോകുകയാണ്. അതുപോലെ തന്നെ ഇവിടെ ബി.ജെ.പി. അജണ്ട നടപ്പിലാക്കുന്ന ചില കാര്യങ്ങൾ നടക്കുന്നുണ്ട്. ഇപ്പോൾ സിലബസ് - സിലബസിൽ പിഞ്ചു കുട്ടികളുടെ മനസ്സിൽ തീവ്രവാദം കുത്തിവയ്ക്കാൻ വേണ്ടി ഏതെങ്കിലും വിദ്യാലയങ്ങൾ എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നെങ്കിൽ അത്തരം സിലബസുകൾ മാറ്റണം. നമുക്ക് കൂട്ടായി ആലോചിക്കാം. പക്ഷേ ആ സിലബസ് മാറ്റേണ്ട കാര്യം ആലോചിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. അതിനുപകരം കേന്ദ്ര ഏജൻസികളോടൊപ്പം കേരളാ പോലീസുംകൂടെ കൂടി നേരെ എഫ്.ഐ.ആർ. ഇട്ട് അന്വേഷിക്കുകയാണ്. ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇത് പെടുത്തിയിട്ടുണ്ട്. അതൊരു അഭികാമ്യമായ

നിലപാടല്ല. തീവ്രവാദത്തിന് എതിരായി വളരെ ശക്തമായ നിലപാട് നമ്മൾ എടുക്കണം. ഞങ്ങളാണ് ഏറ്റവും കൂടുതൽ അതിനെതിരായി ക്യാമ്പയിൻ ചെയ്യുന്നത്. ഞങ്ങളെല്ലാവരും കൂടി ചേർന്ന് അക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സിലബസ് ഉപയോഗിച്ച് ഒരു ഹാർഡ് നിലപാട് എടുക്കുന്ന, കുട്ടികളുടെ മനസ്സിൽ വിഷം കുത്തിവെയ്ക്കുന്ന നിലപാടിനെതിരായി വിദ്യാഭ്യാസ വകുപ്പ് കടുത്ത നടപടി എടുത്തുകൊള്ളണം, അതിന് ഞങ്ങൾ കൂടെ നിൽക്കാം. പക്ഷേ തീവ്രവാദം എന്നുപറഞ്ഞ് എഫ്.ഐ.ആർ. ഇട്ട്, യു.എ.പി.എ. പ്രയോഗിക്കുന്ന സമീപനമെടുത്താൽ അത് ബി.ജെ.പി.ക്കുള്ള വക്കാലത്ത് ആയിപ്പോകും. അതുപോലെ തന്നെയാണ് നമ്മുടെ ഏകീകൃത സിവിൽ കോഡിനെ സംബന്ധിച്ചുള്ള കാര്യവും. ആവശ്യം വരുമ്പോൾ ബി.ജെ.പി ഓരോരോ അജണ്ട പുറത്തെടുക്കുകയാണ്. ഇപ്പോൾ ഏകീകൃത സിവിൽ കോഡ് അത്യാവശ്യമായതുകൊണ്ടല്ല, യു.പി. ഇലക്ഷൻ വരുന്നു, തൽക്കാലത്തേയ്ക്ക് ഒരു കമ്മ്യൂണൽ അജണ്ട വേണം, ഈ കമ്മ്യൂണൽ അജണ്ട ബി.ജെ.പി പുറത്തെടുത്തു. പക്ഷേ അത് പൂർണ്ണമായും മനസ്സിലാക്കാതെ അപ്പുറത്ത് ചിലർ ബി.ജെ.പിയുടെ വക്കാലത്ത് എടുക്കുന്നുണ്ട്. മുത്തലാഖ് പറഞ്ഞ് അവരുടെ കെണിയിൽ ചെന്ന് ചാടേണ്ട എന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. ഇത് ബി.ജെ.പിയുടെ

അജണ്ടയാണ്, അല്ലാതെ മുത്തലാഖ് ശരിയാണോ അല്ലയോ എന്നല്ല ഇപ്പോൾ ചർച്ച ചെയ്യേണ്ടത്; അങ്ങനെയൊക്കെ ഉണ്ടായിരിക്കാം, അത് ബന്ധപ്പെട്ടവർ നോക്കട്ടേ. പക്ഷേ ബി.ജെ.പിയുടെ ലക്ഷ്യം ഇതാണ്. ഇവിടെ ഒരു കേന്ദ്ര ഗവൺമെന്റുണ്ട്. കേന്ദ്ര ഗവൺമെന്റ് ആവശ്യം വരുമ്പോൾ ഈ നാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്തായാലും ശരി ആ സന്ദർഭങ്ങളിൽ ഇങ്ങനെയുള്ള വിഷയങ്ങളെടുത്താൽ അവരുടെ വിഷയം തീരും. അതിനുവേണ്ടി അവർ പുറത്തെടുക്കുന്ന വിഷയമാണിത്. എനിക്ക് പറയാനുള്ളത് ഇതാണ്, ഇവിടെ വളരെ ശക്തമായ മതേതര വേരുകളുള്ള ഒരു സ്റ്റേറ്റാണ്, തീവ്രവാദത്തിനെതിരായി നിൽക്കണം, ഫാസിസത്തിനെതിരായി പോരാടണം. അവിടെയൊക്കെ നിങ്ങൾ, എൽ.ഡി.എഫ്. ഗവൺമെന്റ് തെറ്റുവരാതെ നോക്കണം. ഇപ്പോൾ യു.എ.പി.എ.യുടെ കാര്യത്തിൽ നിങ്ങൾക്ക് കടുത്ത തെറ്റുപറ്റി, തീവ്രവാദത്തിനെ നേരിടാനുള്ള സമീപനത്തിൽ എഫ.ഐ.ആർ. ഇട്ട് അന്വേഷിക്കുന്നതിൽ തെറ്റുപറ്റി. അത്തരം കാര്യങ്ങളിൽ നിങ്ങൾക്ക് തെറ്റുപറ്റുന്നുണ്ടെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. നിർത്തുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിനുണ്ടി

ഡോ. റ്റി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റ് സഭയ്ക്കകത്തും പുറത്തും വ്യാപകമായി ചർച്ചചെയ്യപ്പെടുകയും കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിലെ ജനങ്ങൾ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉദാരവൽക്കരണ സാമ്പത്തിക നയസമീപനങ്ങൾ അരങ്ങ് തകർക്കുന്ന ഒരു കാലമാണിത്. ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഒഴിച്ച് ബാക്കിയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ ഉദാരവൽക്കരണ സാമ്പത്തിക നയ സമീപനങ്ങളെ വാരിപ്പുണരുന്ന കാഴ്ചയാണ് നമ്മുടെ മുമ്പിലുള്ളത്. ഈ നാട്ടിലെ സാധാരണക്കാരന് കരുതലും സംരക്ഷണവും നൽകിക്കൊണ്ടും അതോടൊപ്പം കേരളത്തിന്റെ വികസന കുതിപ്പിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടുമുള്ള ഒരു ബഡ്ജറ്റാണ് സഖാവ് റ്റി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. ശ്രീ. പി. കെ. കുഞ്ഞാലക്കുട്ടി സാഹിബിനെപ്പോലെയുള്ള ഒരാൾ ഇത്രയും ദോഷൈകദൃഷ്ടിയോടുകൂടി സംസാരിക്കേണ്ട കാര്യമില്ലായിരുന്നു. കാരണം 'കിഫ്ബി' ഒരു തരത്തിലും പ്രായോഗികമല്ല. 'കിഫ്ബി'യെന്ന് പറയുന്ന ഈ തൊപ്പി അവിടെയുണ്ടായിരുന്നല്ലോ; ആ പൊടിപിടിച്ചുകിടന്ന തൊപ്പിയിൽനിന്നും മാന്ത്രികനായ മാൻഡ്രേക്കിനെപ്പോലെ ഡോ. റ്റി. എം. തോമസ് ഐസക് ഇത്രയും

വർണ്ണശബളമായ ചുവലുകൾ എടുത്തുവന്നപ്പോൾ നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാകും. അത് സ്വാഭാവികമാണ്. കാലിയായ ഒരു ഖജനാവ് വച്ച് ഈ വികസനക്കുതിപ്പ് എങ്ങനെ നടത്താനാണ്; കാലിയായ ഖജനാവ്, റവന്യൂ വരുമാനം എത്രകണ്ട് കൂട്ടിയാലും അത് നമ്മുടെ വികസനത്തിനുതകത്തില്ല എന്ന് എല്ലാവർക്കുമറിയാം. അതിന് വലിയ സാമ്പത്തികശാസ്ത്രം പഠിക്കേണ്ട ആവശ്യമില്ല. അതുണ്ടാവില്ലെന്നുള്ളത് പകൽപോലെ വ്യക്തമായ ഒരു സന്ദർഭത്തിലാണ് ഈ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബോർഡ് ഉപയോഗിച്ച് പൈസ കണ്ടെത്താനും ആ പൈസ കേരളത്തിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കാനും ഭാവനാ സമ്പന്നമായ ഒരു പുതിയ പദ്ധതി ഈ ബഡ്ജറ്റിൽ അവതരിപ്പിക്കുകയും അത് പ്രായോഗികമായി നടപ്പാക്കാനുള്ള സംവിധാനങ്ങൾ കേരള ഗവൺമെന്റ് എടുക്കുകയും ചെയ്യുന്നത്. പെൻഷൻ കൊടുത്തത് എല്ലാവർക്കുമറിയാം. കേരളത്തിൽ ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വരുന്ന അഞ്ചുവർഷക്കാലയളവിനുള്ളിൽ ഭവനം നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി തയ്യാറായിക്കഴിഞ്ഞു. കേരളത്തിൽ തരിശായി കിടക്കുന്ന കൃഷിഭൂമികൾ കൃഷി ചെയ്യാനുള്ള വലിയ പദ്ധതിക്ക് തുടക്കമിട്ടുകഴിഞ്ഞു. അങ്ങനെയാണ് ആറന്മുളയിൽ വിമാനത്താവളത്തിന്റെ ഭൂമിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃഷിയിറക്കിയത്. കുമരകത്ത് മെത്രാൻകായൽ 428

ഏക്കർ ഭൂമിയാണ്. ആദ്യം എങ്ങനെയായിരുന്നു; ഇരുപത്തിയഞ്ചേക്കർ മാത്രം കൃഷി ചെയ്യാൻ തയ്യാറായിരുന്ന സന്ദർഭത്തിലാണ് ആ 428 ഏക്കറിന്റെയും ബണ്ട് ബലപ്പെടുത്താനും ഈ കൃഷിക്കാർക്ക് കൃഷി ചെയ്യാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുമെന്ന് കൃഷി വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. അങ്ങനെ അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഈ മുഴുവൻ ഏക്കറിലും കൃഷി ചെയ്യുന്നതിനുള്ള തീരുമാനമെടുത്തത്. അവിടെ കൃഷി ഇറക്കാൻ പോകുകയാണ്. ഇതൊരു സന്തോഷം കൊടുക്കുന്ന വാർത്തയാണ്. അതായത് കേരളത്തിൽ തരിശായി കൃഷിഭൂമി ഇടാൻ ആഗ്രഹിക്കുന്നില്ല ഈ ഗവൺമെന്റ്. കേരളത്തിലെ കൃഷി ഭൂമികൾ ഇനി നികത്താനുള്ള അനുമതി കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. കൃഷി ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒത്താശകളും ഗവൺമെന്റ് ചെയ്തുകൊടുക്കുമെന്നുള്ള പ്രഖ്യാപനമാണ് ഈ ഗവൺമെന്റ് നടത്തിയത്. അതുപോലെ റബ്ബറിനുവേണ്ടി ഈ ഗവൺമെന്റ് ബഡ്ജറ്റിൽ 500 കോടി രൂപ വകകൊള്ളിച്ചെങ്കിലും റബ്ബറിന്റെ വില ഉയരുന്നില്ല. എന്താണ് കാരണം; കൃഷിക്കാരന് കൊടുക്കുന്ന 150/- രൂപയായിരിക്കും റബ്ബറിന്റെ ഇറക്കുമതിക്ക് വേണ്ടി വരുന്നത്. ഈ 150/-രൂപ ഉപയോഗിച്ച് വ്യവസായികൾ റബ്ബർ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന് കേന്ദ്ര ഗവൺമെന്റ് എല്ലാ സഹായവും

ചെയ്തുകൊടുത്തു കൊണ്ടിരിക്കുകയാണ്. ഈ റബ്ബറിന്റെ വില ഇടിക്കാൻവേണ്ടി. അപ്പോൾ നമ്മൾ സഹായിച്ചിട്ടുപോലും ഇന്ത്യാ ഗവൺമെന്റിന്റെ നയസമീപനത്തിന്റെയുംകൂടി ഫലമായി കേരളത്തിലെ കൃഷിക്കാരന് റബ്ബറിന്റെ വില കൂട്ടുന്നില്ല. പകരം വിലയിടിക്കുന്നതിനുവേണ്ടി യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ സമീപനങ്ങൾ ഇന്നും അഭംഗുരം തുടരുകയാണ്. അപ്പോൾ ഇത്തരം ചില പ്രശ്നങ്ങളുടെ ഇടയിലും ഈ നാട്ടിലെ സാധാരണക്കാരനെ സംരക്ഷിക്കുന്ന ഒരു ബഡ്ജറ്റ് കേരളത്തിൽ അവതരിപ്പിച്ചുവെന്നതാണ് ഏറ്റവും അഭിമാനകരമായ കാര്യം. ശ്വാസംമുട്ടി കിടന്ന സ്ഥലത്തേയ്ക്ക് ശുദ്ധവായു എത്തിച്ചതുപോലെയാണത്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽനിന്നും എങ്ങനെയാണ് പുറത്ത് പോയതെന്നറിയാൻ പാഴൂർ പടിപ്പുരയിൽ പോകേണ്ട കാര്യമില്ല. രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, ഗവൺമെന്റ് നടത്തിയ നിർബാധമായ അഴിമതി, മറ്റൊന്ന്, കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തിനെതിരായി ഗവൺമെന്റും യു.ഡി.എഫ്.ഉം എടുത്ത നടപടികൾ. ജനാധിപത്യത്തിൽ അഴിമതി നടത്തിയ ഒരു ഗവൺമെന്റും പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ തിരിച്ചുവന്നിട്ടില്ല. ലോകത്തൊരിടത്തുമില്ല, ഇന്ത്യയിലൊരിടത്തുമില്ല. രണ്ടാം യു.പി.എ. ഗവൺമെന്റ് പോകാൻ കാരണമെന്താണ്? ഡൽഹിയിലെ ഏറ്റവും ജനസമ്മതിയുള്ള

നേതാവായിരുന്ന ശ്രീമതി ഷീലാ ദീക്ഷിത്. പ്രതിപക്ഷ നേതാവിന് അറിയാം. ഇത്രയും ജനസമ്മതിയുണ്ടായിരുന്ന ഒരു മുഖ്യമന്ത്രി ഇന്നലെയുണ്ടായ ഒരു രാഷ്ട്രീയ പാർട്ടി തോൽപ്പിച്ചതെങ്ങനെയാണ്? അഴിമതിയുടെ പേരിലാണ്. ശ്രീമതി ജയലളിതയുടെ ആദ്യ ഗവൺമെന്റ് അഴിമതിയുടെ പേരിൽ പുറത്തുപോയി. ഇങ്ങനെ ഇന്ത്യയ്ക്ക് അകത്തുംപുറത്തും നിങ്ങൾ എത്രയോ ഉദാഹരണങ്ങളെടുത്തു നോക്കൂ. അഴിമതി നടത്തിയ ഒരു ഗവൺമെന്റും ജനാധിപത്യത്തിൽ പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ തിരിച്ചുവന്നിട്ടില്ല. സാമ്രാജ്യത്വംപോലും അഴിമതി പൊറുത്തിട്ടില്ല. നിങ്ങൾ ഓർക്കണം. ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് അടിത്തറയിട്ടത് രണ്ട് ആളുകളാണ്. വാറൻ ഹേസ്റ്റിംഗ്സും റോബർട്ട് ക്ലൈവും. തന്ത്രങ്ങളും കുതന്ത്രങ്ങളും കൊണ്ട് ഈ രാജ്യത്തെ വെട്ടിപ്പിടിച്ച് ഒരു തളികയിലാക്കി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് മുമ്പിൽ സമർപ്പിച്ച ഈ രണ്ടാളുകളെയും ബ്രിട്ടീഷ് പാർലമെന്റ് വിചാരണ ചെയ്തു. കുറ്റവിചാരണ നടത്തി. വാറൻ ഹേസ്റ്റിംഗ്സിന്റെ കുറ്റവിചാരണ ഏഴ് വർഷക്കാലമാണ് നീണ്ടുനിന്നത്. അദ്ദേഹത്തെ ഇംപീച്ച് ചെയ്തു. ഇരുന്നൂറ് വർഷം മുമ്പ് വാറൻ ഹേസ്റ്റിംഗ്സിനെ കുറ്റവിചാരണ നടത്തിക്കൊണ്ട് ലോർഡ് എഡ്മിൻ ബർഗ്ഗ് നടത്തിയ പ്രസംഗമുണ്ട്. ഇരുന്നൂറ് വർഷമായിട്ടും ജനാധിപത്യത്തിന്റെ മൂല്യങ്ങളെക്കുറിച്ചും ജനാധിപത്യത്തിൽ അഴിമതിക്ക്

സ്ഥാനമില്ലാത്തതിനെക്കുറിച്ചുമുള്ള ഈ പ്രസംഗം തലമുറകളായി ഇംഗ്ലണ്ടിലെ സ്കൂൾ കുട്ടികൾ പഠിക്കുകയാണ്. ലോകത്തിലെ ഏറ്റവും നല്ല പ്രസംഗങ്ങളിലൊന്നായി വാഴ്ത്തപ്പെടുന്ന പ്രസംഗമാണത്. ചരിത്ര രേഖയാണ്. അതുപോലെതന്നെ റോബർട്ട് ക്ലൈവിനെതിരായി ബ്രിട്ടീഷ് പാർലമെന്റ് ഗുരുതരമായ ആരോപണമുന്നയിച്ചു. ഞാനിതു പറഞ്ഞത്, സാമ്രാജ്യത്വംപോലും അഴിമതി പൊറുത്തിട്ടില്ല. സാമ്രാജ്യത്വത്തിനുവേണ്ടി ദാസ്യവേല ചെയ്ത രണ്ടാളുകളെ അവർ നടത്തിയ വ്യക്തിപരമായ അഴിമതിയുടെ പേരിൽ, കീശ വീർപ്പിച്ചതിന്റെ പേരിൽ സാമ്രാജ്യത്വത്തിന്റെ ഏറ്റവും ഉജ്ജ്വലമായ നാളുകളിൽ ബ്രിട്ടീഷ് സാമ്രാജ്യം കുറ്റവിചാരണ നടത്തി. യഥാർത്ഥത്തിൽ അഴിമതിയുടെ പേരിൽ ഇവിടെ നിങ്ങളുടെ ഗവൺമെന്റിനെ കുറ്റവിചാരണ നടത്തി പുറത്താക്കിയത് ജനങ്ങളാണ്. ശ്രീ ഉമ്മൻ ചാണ്ടിക്കെതിരെ ബാംഗ്ലൂർ കോടതിയിൽനിന്ന് വന്ന വിധി, ഞാൻ അതിൽ സന്തോഷിക്കുന്ന ആളല്ല. പക്ഷേ അത് അദ്ദേഹത്തിന്റെ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളുടെ ഒരു യുക്തിസഹമായ പരിണാമമാണ്. ശ്രീ കെ. ബാബുവിന്റെ പേരിൽ നടക്കുന്ന അന്വേഷണവും അതുതന്നെയാണ്. അഴിമതി നിർബാധം നടത്തുകയും ആ അഴിമതിയിൽ മുങ്ങിക്കുളിക്കുകയും ചെയ്ത ഒരു

. . .

<u>ശ്രീ. പി. ടി. തോമസ്</u>: സർ, യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന, പാർലമെന്റംഗം അടക്കം വലിയ പദവികൾ വഹിച്ച അങ്ങ് ഒരു എക്സ്-പാർട്ടി വിധിയുടെ പേരിൽ ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലുള്ള ഒരു പൊതുപ്രവർത്തകന് എന്തോ കുഴപ്പം പറ്റി എന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് ഉചിതമാണോ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ആ വിധിയിൽ സന്തോഷിക്കുന്ന ആളല്ല ഞാനെന്ന് പറഞ്ഞു. എക്സ്-പാർട്ടി വിധിയാണെങ്കിലും കഴിഞ്ഞ ഗവൺമെന്റ് തുടർന്നുവന്ന നയസമീപനങ്ങളുടെ ഒരു യുക്തിസഹമായ പരിണാമമാണെന്നാണ് ഞാൻ പറഞ്ഞത്. കോടതിയിൽനിന്നും നോട്ടീസ് വന്നല്ലോ; അദ്ദേഹം ആളുകളെ വക്കാലത്ത് ഏൽപ്പിച്ചല്ലോ; എന്നിട്ട് എക്സ്-പാർട്ടി വിധി വരാൻ എന്തുപറ്റി? അപ്പോൾ ഞാൻ പറഞ്ഞത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അദ്ദേഹം അറിഞ്ഞും അറിയാതെയും നടത്തിയ അഴിമതിയുടെ പരിണിതഫലമായി വന്നതാണ് ആ വിധി. ആ അഴിമതിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ആ സർക്കാരിനെ പുറത്താക്കാനുള്ള പ്രധാന കാരണമെന്ന് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

അതുപോലെതന്നെ കേരളം പ്രിയപ്പെട്ടതായി കരുതുന്ന മതനിരപേക്ഷതയെ

നിങ്ങൾ കാറ്റിൽ പറത്തിയില്ലേ? ഇവിടെ അരുവിക്കര തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞു. കേരളത്തിലും ഇന്ത്യയിലും കോൺഗ്രസ് പിന്തുടരുന്ന അല്ലെങ്കിൽ എത്രയോ കാലമായി പിന്തുടർന്നുവരുന്ന രാഷ്ട്രീയത്തിന് കടകവിരുദ്ധമായ ചില കാര്യങ്ങൾ ചെയ്തില്ലേ? താൽക്കാലിക രാഷ്ട്രീയ ലാഭത്തിന്റെ പേരിൽ എത്രയോ കാലമായി നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം എല്ലാം വളരുന്നതിന് ഞങ്ങൾ കുറ്റക്കാരാണോ; 1984-ൽ ഞാൻ പാർലമെന്റിൽ ചെല്ലുമ്പോൾ ഇന്ത്യയുടെ പ്രമുഖനായ സ്വാതന്ത്ര്യ സമര സേനാനി ഗോവിന്ദ് വല്ലഭ് പന്തിന്റെ മകൻ കൃഷ്ണ ചന്ദ്ര പന്ത് (കെ. സി. പന്ത്) അദ്ദേഹം രാജീവ് ഗാന്ധിയുടെ ക്യാബിനറ്റിലെ രണ്ടാമനായിരുന്നു. അദ്ദേഹം സെൻട്രൽ ഹാളിൽ വരുമ്പോൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ചെറുപ്പക്കാരായ അംഗങ്ങൾ അദ്ദേഹത്തിന്റെ കാലിൽതൊട്ട് വന്ദിക്കുന്നത് കണ്ട് ഞാൻ നിർന്നിമേഷനായി നിന്നിട്ടുണ്ട്. അദ്ദേഹം ബി.ജെ.പി-യിലേയ്ക്ക് പോയില്ലേ? കെ. സി. പന്തിന് പുറമെ എത്ര ആളുകളാണ് പാർട്ടിവിട്ട് പോയത്? ഇപ്പോൾ ഏറ്റവുമൊടുവിൽ പോയത് ഉത്തർപ്രദേശിൽ കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന അദ്ധ്യക്ഷയായിരുന്ന ശ്രീമതി റീത്താ ബഹുഗുണ. അതുപോലെ എത്രയെത്ര ആളുകൾ എല്ലാവരുടേയും പേരുകൾ ഞാൻ പറയുന്നില്ല. അതിന് നിങ്ങളാണ് ഉത്തരവാദി. ഞങ്ങളാരും

ഉത്തരവാദിയല്ല. നിങ്ങൾ ഇന്ത്യാ രാജ്യത്തെ...

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുൻ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ശ്രീമതി നജ്മാ ഹെപ്ത്തുള്ള ബി.ജെ.പി.-യിലേയ്ക്ക് പോയില്ലേ? കോൺഗ്രസ്സിലെ മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഒരു വനിതയാണ് പോയത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഈ സഭയിലെ മുൻ അംഗവും സി.പി.ഐ.(എം.)-ന്റെ അംഗവുമായിരുന്ന ശ്രീ. അൽഫോൺസ് കണ്ണന്താനം ഇന്ന് ഏത് പാർട്ടിയിലാണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം ഒരിക്കലും പാർട്ടി അംഗമായിരുന്നിട്ടില്ല. അദ്ദേഹം ഇടതുപക്ഷ പിന്തുണയിൽ ജയിച്ച ഒരാളായി ഈ നിയമസഭയിൽ വന്നിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്.....അങ്ങ് സംസാരിക്കൂ....

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ചോദിക്കുന്നത്, ഇന്ത്യാ രാജ്യത്ത് കോൺഗ്രസിന് ശക്തമായ പിന്തുണയുള്ള സ്ഥലങ്ങളായ രാജസ്ഥാനിലും യു.പി.യിലും ഞങ്ങളില്ലായിരുന്നല്ലോ. ഞങ്ങളൊരു ചെറിയ പാർട്ടിയാണ്. ഇന്ത്യാ

രാജ്യത്ത് മതേതരത്വം പുലരാൻ ഞങ്ങളുടെ സ്വാധീനമുള്ള മേഖലകളിൽ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം കടന്നുവരുന്നതിനെതിരായി ശക്തമായ നിലപാടെടുക്കുന്ന രാഷ്ട്രീയ പാർട്ടിയാണ്. അപ്പോൾ ഞങ്ങളെന്തോ കുഴപ്പം കാണിച്ചിട്ടാണ് ഇന്ത്യയിലും കേരളത്തിലും ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം വളരുന്നത് എന്നൊക്കെ പറയുന്നത് സത്യസന്ധമായ രാഷ്ട്രീയ കാര്യമല്ല. അത് പറയരുത്. കേരളത്തിൽ ഞങ്ങൾക്കെതിരെ ആക്രമണങ്ങൾ വരുന്നതുകണ്ട് നിങ്ങൾ കൈകെട്ടി നിൽക്കുകയല്ലെ? നിങ്ങൾ ഏറ്റവും അപകടകരമായ ഒരു രാഷ്ട്രീയമാണ് കേരളത്തിൽ കളിച്ചുകൊണ്ടിരിക്കുന്നതെന്ന് ഇനിയെങ്കിലും മനസ്സിലാക്കണം. കേരളത്തിൽ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഞങ്ങളെ നോക്കുകയും ഞങ്ങളുടെ ആളുകളെ കൊലപ്പെടുത്തുകയും ചെയ്യുന്നത് കണ്ട് ഒരു ചെറു പുഞ്ചിരിയോടുകൂടി നിങ്ങളവിടെ ഇരിക്കുകയാണ്. ഇരുന്നോളൂ ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ ഈ നാട്ടിൽ ഒരു കമ്മ്യൂണിസ്റ്റുകാരനെങ്കിലും ജീവനോടെയുണ്ടെങ്കിൽ ആർ.എസ്.എസ്.-നെതിരെ പടവെട്ടും. ഈ നാട്ടിലെ മതന്യൂനപക്ഷങ്ങളെ രക്ഷിക്കുക, അവർക്ക് വേണ്ടി പ്രവർത്തിക്കുക എന്നത് ജീവശ്വാസം പോലെ കമ്മ്യൂണിസ്റ്റുകാർ കൊണ്ടുനടക്കുന്ന കാര്യമാണ്. പാർലമെന്റിൽ ശ്രീ. രമേശ് ചെന്നിത്തലയുണ്ടായിരുന്ന ഒന്നാം യു.പി.എ.

ഗവൺമെന്റിൽ, ഞങ്ങൾ ഇപ്പുറത്തിരുന്ന് കൈപൊക്കിയത് എന്തിനായിരുന്നു? ഈ നാട്ടിൽ മതന്യൂനപക്ഷങ്ങൾക്കെതിരെ ബി.ജെ.പി. ഉയർത്തിക്കൊണ്ടുവന്ന ഭീഷണിയെ അതിജീവിക്കുന്നതിന് വേണ്ടിയാണ് 101 കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുള്ള കോൺഗ്രസിന് പിന്തുണ നൽകാൻ ഞങ്ങൾ തയ്യാറായത്. അതാണ് ഞങ്ങളുടെ മതേതര പാരമ്പര്യം. മതനിരപേക്ഷതയ്ക്കുവേണ്ടിയും മതന്യൂനപക്ഷങ്ങൾക്കുവേണ്ടിയും ഞങ്ങളെടുക്കുന്ന സമീപനങ്ങളെ ചോദ്യം ചെയ്യാൻ ഇവിടത്തെ കോൺഗ്രസ്സുകാർ ആയിട്ടില്ല. അത് ഞങ്ങളുടെ ജീവിതം കൊണ്ട് തെളിയിച്ചതാണ്. അഴിമതിക്കും മതേതരത്വത്തിനും എതിരായി കേരളത്തിലെ യു.ഡി.എഫ്. നടത്തിയ പ്രവർത്തനങ്ങളാണ് കേരളത്തിലെ ജനങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-നെ തിരസ്കരിക്കുന്നതിന് കാരണമായത്. അതിൽ നിന്ന് കേരളത്തിന്റെ മതേതര പാരമ്പര്യത്തെ അരക്കിട്ടുറപ്പിക്കാനും കേരളത്തിലെ സാധാരണക്കാരനെ സംരക്ഷിക്കാനും കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും വേണ്ടിയുള്ള ഒരു വലിയ യജ്ഞമാണ് സഖാവ് ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് എന്ന കാര്യത്തിൽ സംശയമുണ്ടോ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് മുമ്പ് ഇവിടെ ഇല്ലായിരുന്നു. അദ്ദേഹം ഇത്രയും ദോഷൈകദൃഷ്ടിയോടുകൂടി ഇത് പറയേണ്ട

കാര്യമില്ലായിരുന്നു. എവിടെ നിന്നാണ് കിഫ്ബി പണമുണ്ടാക്കാൻ പോകുന്നത്. കിഫ്ബി പണമുണ്ടാക്കുകയും കേരളത്തിന്റെ വികസനത്തിന് നേതൃത്വം കൊടുക്കുകയും ചെയ്യുമെന്നുള്ള ഒരു പുതിയ സമീപനം ഈ ബഡ്ജറ്റിൽ കൊണ്ടുവന്നിരിക്കുകയാണ്. നമുക്ക് കാത്തിരുന്ന് കാണാം. കാലിയായ ഖജനാവിൽ നിന്ന് പണമുണ്ടാവില്ലല്ലോ; റവന്യൂ വരുമാനം ഒരു പരിധിയിൽ കവിഞ്ഞ് കൂടില്ലല്ലോ; അതുകൊണ്ട് കേരളത്തിന്റെ വികസന പ്രവർത്തനം മുൻപോട്ട് കൊണ്ടുപോകാൻ കഴിയില്ലല്ലോ? ആ യാഥാർത്ഥ്യം മനസ്സിലാക്കിയാണ് കടമെടുത്ത് കേരളത്തിന്റെ വികസന പ്രവർത്തനം മുൻപോട്ട് കൊണ്ടുപോകുമെന്ന പ്രഖ്യാപനം ധൈര്യസമേതം ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത് ദീർഘകാലമായി മുരടിച്ച് കിടന്നിരുന്ന കേരളത്തിന്റെ വികസന സാധ്യതകൾ പ്രാവർത്തികമാക്കുന്നതിനുള്ള ബഡ്ജറ്റാണ്. സാധാരണക്കാരനെ സംരക്ഷിക്കുന്ന ബഡ്ജറ്റാണ്. നേരത്തെ ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു രാഷ്ട്രീയ രേഖയാണ്. ഉദാരവത്കരണ കാലഘട്ടത്തിൽ ഈ നാട്ടിലെ ഇടതുപക്ഷങ്ങൾ എങ്ങനെയാണ് സാമ്പത്തിക സമീപനങ്ങൾ മുൻപോട്ട് കൊണ്ടു പോകുന്നത് എന്നുള്ളതിന്റെ ചരിത്ര രേഖയാണ് ഈ ബഡ്ജറ്റ്. അതാണ് ഈ ബഡ്ജറ്റിന്റെ പ്രാധാന്യം. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ

പൂർണ്ണമായി പിന്തുണയ്ക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് നാലര മാസമേ ആയിട്ടുള്ളൂ. പക്ഷെ ഇത്രയും ചെറിയൊരു കാലയളവിൽ തന്നെ വിവാദങ്ങളുടെ റെക്കോർഡിടാൻ ഈ സർക്കാരിന് സാധിച്ചുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇത് അസൂയാവഹമായ ഒരു നേട്ടം തന്നെയാണ്. എന്തെല്ലാം പറഞ്ഞാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. എല്ലാം ശരിയാകുമെന്ന് പറഞ്ഞാണ് വന്നത്. എന്നിട്ട് എന്തെങ്കിലും ശരിയായി തുടങ്ങിയിട്ടുണ്ടോ? എടുത്തുചാട്ടം, പിടിപ്പുകേട്, മണ്ടത്തരം, ധാർഷ്ട്യം എന്നിവയല്ലാതെ ഈ സർക്കാരിന് അവകാശപ്പെടാൻ എന്താണുള്ളത്? ഈ സർക്കാരിന് ദിശാബോധമുണ്ടോ? തൊട്ടതെല്ലാം പൊന്നാക്കുമെന്ന് കേട്ടിട്ടുണ്ട്. പക്ഷെ ഈ സർക്കാർ തൊട്ടതെല്ലാം കുളമാക്കുക മാത്രമാണ് ചെയ്തത്. സ്വാശ്രയ പ്രശ്നം മുതൽ റേഷൻ കാർഡ് വരെയുള്ള പ്രശ്നങ്ങളിൽ അപൂർവ്വ പ്രതിഭാവിലാസമാണ് ഈ സർക്കാർ കാട്ടിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റ് സാമ്പത്തിക രംഗം തകർത്തുവെന്ന് പറഞ്ഞ് ധവളപത്രമിറക്കിയ ഗവൺമെന്റാണിത്. എന്തൊക്കെയാണ് ആ ധവളപത്രത്തിൽ പറഞ്ഞിരുന്നത്? നികുതി പിരിവിൽ

യു.ഡി.എഫ്. സർക്കാർ വൻ വീഴ്ച വരുത്തി. നികുതി പിരിക്കാത്തതിന്റെ കാരണം അഴിമതിയാണ്, കെടുകാര്യസ്ഥതയാണ് തുടങ്ങിയ എന്തെല്ലാം ആരോപണങ്ങളാണ് മുൻപോട്ട് വച്ചത്. ഈ സർക്കാരിന്റെ കാലത്ത് നികുതി വരുമാനത്തിലെ വളർച്ചാനിരക്ക് കുത്തനെ ഇടിഞ്ഞതായി കാണാൻ കഴിയും. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി, ബഡ്ജറ്റ് പ്രസംഗത്തിന്റെ പേജ് 88-ൽ (226)-ൽ 'നികുതി വകുപ്പ് 25 ശതമാനം നികുതി വരുമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ട്. ഇടത് സർക്കാർ അധികാരമേറ്റതിനുശേഷം ജൂണിൽ നികുതി വരുമാനം 19 ശതമാനമായപ്പോൾ ഡോ. ടി. എം. തോമസ് ഐസക് തുള്ളിച്ചാടുകയായിരുന്നു. ഇതാ മാറ്റമുണ്ടായിരിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 19 ശതമാനമായി നികുതി വരുമാനം വർദ്ധിച്ചിരിക്കുന്നു. ഡോ. ടി. എം. തോമസ് ഐസക് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഒരു ഭാഗം ഞാൻ വായിക്കാം. "കഴിഞ്ഞ 3 വർഷമായി യു.ഡി.എഫ്. ഭരണകാലത്ത് 10 മുതൽ 12 ശതമാനം വീതമാണ് വാണിജ്യ നികുതി വരുമാനം വർദ്ധിച്ചത്. മേയ് മാസത്തിൽപോലും കേവലം 10 ശതമാനമായിരുന്നു വർദ്ധനവ്. ജൂൺ മാസത്തിൽ 19 ശതമാനമായി വർദ്ധിപ്പിച്ചു" എന്നാണ് അദ്ദേഹം പറഞ്ഞത്. ഈ ജൂണിലെ നികുതി വർദ്ധനവ്

'ഐസക് മാജിക്' എന്നുതന്നെ പറയണം. പക്ഷെ ശരിക്കുള്ള മാജിക് അടുത്ത മാസങ്ങളിലാണുണ്ടായത്. ജൂലൈയിൽ വളർച്ചാനിരക്ക് 19 ശതമാനത്തിൽ നിന്ന് വെറും 2.94 ശതമാനമായി കുത്തനെ ഇടിയുകയുണ്ടായി. ശരിക്കും മാജിക് തന്നെ. വാണിജ്യ നികുതി വളർച്ചാനിരക്ക് അടുത്ത കാലത്തൊന്നും ഇത്രയും മാത്രം ഇടിഞ്ഞിട്ടില്ല. അങ്ങയുടെ തന്നെ Revenue Collection Statement as on 01-10-2016-ൽ എന്താണ് പറയുന്നത്? ആഗസ്റ്റിലെ വളർച്ചാനിരക്ക് 8.16 ശതമാനമായി, സെപ്റ്റംബറിൽ 8.38 ശതമാനമായി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കൊമേഴ്സ്യൽ ടാക്സ് നിരക്ക് പത്തും പന്ത്രണ്ടും ശതമാനമായിരുന്നെങ്കിൽ ഐസക്കിന്റെ കാലത്ത് അത് വെറും 2.94 ശതമാനം, 8.6 ശതമാനം, 8.38 ശതമാനം എന്നിങ്ങനെ ഇടിഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഡോ. ടി. എം. തോമസ് ഐസക് പറയണമെന്നാണ് എനിക്ക് പറയാനുള്ളത്. സെപ്റ്റംബറിൽ ഓണക്കാലത്ത് കച്ചവടം കൂടിയിട്ടും കൊമേഴ്സ്യൽ ടാക്സിന്റെ വരവ് കുറഞ്ഞു എന്നുള്ളത് ഗൗരവതരമായ ഒരു കാര്യമല്ലേ? ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ഊറ്റം കൊണ്ടത് എവിടെ നിൽക്കുന്നു? കൊമേഴ്സ്യൽ ടാക്സിന്റെ കാര്യത്തിൽ ഇതാണ് അവസ്ഥയെങ്കിൽ രജിസ്ട്രേഷന്റെ കാര്യത്തിൽ എന്താണ് സ്ഥിതി? പരിതാപകരമായ സ്ഥിതിയാണ്, നെഗറ്റീവ്

ഗ്രോത്താണുണ്ടായത്. ജൂലൈയിൽ 29 ശതമാനമായിരുന്നു വളർച്ച. ആഗസ്റ്റിൽ (-1.69) ആയി, സെപ്റ്റംബറിൽ (-7.22) ആയി. ലോട്ടറി വരുമാനം ഇല്ലായിരുന്നെങ്കിൽ ഈ ഗവൺമെന്റിന്റെ കഞ്ഞികുടി മുട്ടിപോകുമായിരുന്നു. ലോട്ടറിയെടുക്കുന്ന പാവപ്പെട്ടവരോട് ധനകാര്യ വകുപ്പുമന്ത്രി നന്ദി പറയണം. പക്ഷേ, ആ ലോട്ടറി ഇപ്പോൾ പഴയ സാന്റിയാഗോ മാർട്ടിന്റെ കയ്യിലേക്ക് പോകുന്നു എന്നുള്ള ആശങ്ക എല്ലാവർക്കുമുണ്ട്. അതുകാരണം സർക്കാരിന് ലോട്ടറി വരുമാനവും കുറഞ്ഞുതുടങ്ങി. ഏപ്രിൽ മാസത്തിൽ ലോട്ടറി 71.13 ശതമാനം വളർച്ചാ നിരക്ക് കാണിച്ചപ്പോൾ സെപ്റ്റംബറിൽ അത് 31.15 ശതമാനമായി നേരെ പകുതിയായി കുറഞ്ഞു. നികുതി വരുമാനത്തിന്റെ സ്ഥിതിയിതാണ്. അങ്ങയുടെ അഞ്ചുമാസക്കാലത്തിനിടയിൽ കൊമേഴ്സ്യൽ ടാക്സിന്റെയും ലോട്ടറിയുടെയും രജിസ്ട്രേഷന്റെയും കാര്യത്തിൽ നികുതി കുറഞ്ഞിരിക്കുന്നു. അങ്ങ് എന്ത് മാജിക്കാണ് ഇവിടെ കാണിച്ചിട്ടുള്ളത്. പദ്ധതിയുടെ കാര്യത്തിൽ, 24,000 കോടി രൂപയുടെ പ്ലാൻ സ്കീമിൽ സെപ്റ്റംബർ വരെയുള്ളത് അങ്ങ് ചെലവാക്കിയത് ആകെ 3921 കോടി രൂപ മാത്രം. അതായത് 16 ശതമാനമാണ് പ്ലാൻ എക്സ്പെന്റിച്ചർ ഉണ്ടായിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇതേ സമയത്ത് 24 ശതമാനം പ്ലാൻ എക്സ്പെന്റിച്ചറുണ്ടായിരുന്നു. ഇനിയും അങ്ങയുടെ കയ്യിൽ

നാലുമാസമാണുള്ളത്. നാലുമാസത്തിനകം അങ്ങേയ്ക്ക് ചെലവഴിക്കാൻ കഴിയുമോ? അങ്ങ് അധികാര വികേന്ദ്രീകരണത്തെപ്പറ്റി വാ തോരാതെ കേരളം മുഴുവൻ സംസാരിച്ചയാളാണ്. പക്ഷേ 5,500 കോടി രൂപ നീക്കിവച്ചതിൽ സെപ്റ്റംബർ വരെയുള്ള ചെലവ് എത്രയാണെന്നറിയാമോ; വെറും 42.107 കോടി രൂപയാണ്. എന്നുവച്ചാൽ ഒരു ശതമാനമാണ് ഇവിടുത്തെ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നിങ്ങൾ ചെലവാക്കിയത്. വിഴിഞ്ഞം പദ്ധതി, മെട്രോ, കണ്ണൂർ വിമാനത്താവളം എന്നീ പദ്ധതികൾക്കുവേണ്ടി അനുവദിച്ച 2576 കോടി രൂപയിൽ ഒന്നും ഇതുവരെ ചെലവായില്ലെന്ന് കാണുന്നു. കിഫ്ബിയിലേക്ക് അങ്ങ് മാറ്റിയതാണോ എന്നറിയാൻ താല്പര്യമുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മിക്കവയും കിടപ്പിലാണ്. 21 പദ്ധതികളിൽ ഒരു പൈസ പോലും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഇതാണോ ഇടതുപക്ഷ ബദൽ? ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. എ. പ്രദീപ്കുമാറുമെല്ലാം ഇടതുപക്ഷത്തിന്റെ ബദലിനെക്കുറിച്ച് പറഞ്ഞു. ബദൽ സമീപനം എന്താണെന്ന് ആരും പറയുന്നില്ല. ബദൽ, ബദൽ എന്നു പറയുന്നു. ഐ.എം.എഫ്.-ന്റെയും അമേരിക്കൻ മുതലാളിത്വത്തിന്റെയും ഫെഡറൽ സിസ്റ്റത്തിന്റെയും വക്താവായ ശ്രീമതി ഗീതാ ഗോപിനാഥിനെയാണോ ഇവിടെ ഇടതുപക്ഷ ബദൽ

സൃഷ്ടിക്കാൻവേണ്ടി നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. ഏതായാലും ഡോ. ടി. എം. തോമസ് ഐസക്കിനെക്കാൾ വലിയ ഒരു ധനകാര്യ തത്വശാസ്ത്രജ്ഞയാണ് ഇവരെന്ന് ഞാൻ കരുതുന്നില്ല. അവരുടെ പ്രൊഫൈൽ മുഴുവൻ ഞാൻ വായിച്ചു. സാമ്രാജ്യത്വത്തിന്റെയും നവലിബറൽ സമീപനങ്ങളുടെയും ഏറ്റവും വലിയ വക്താവിനെയാണ് മുഖ്യമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവായി എടുത്തിരിക്കുന്നത്. അതിന്റെ അർത്ഥം അങ്ങേയ്ക്ക് മനസ്സിലായി കാണുമെന്ന് ഞാൻ വിചാരിക്കുന്നു. ഇതാണോ നിങ്ങൾ ബദൽ സമീപനമായി ഉയർത്തി കാട്ടുന്നത്. നമ്മുടെ രാജ്യത്തെ ജനങ്ങളെ കബളിപ്പിക്കാൻ നിങ്ങൾക്ക് സാധ്യമല്ല. വാചകമടിക്കുന്ന ഡോക്ടർമാരെക്കുറിച്ച് കേട്ടിട്ടുണ്ട്. എന്നാൽ ചികിത്സയ്ക്ക് ചെന്നുകഴിഞ്ഞാൽ രോഗിയുടെ സ്ഥിതി കട്ടപ്പുകയാകും. അങ്ങനെയുള്ള സ്ഥിതിയാണ് നമ്മൾ ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഓരോ ഫയലും ജീവിതമാണെന്ന് ഇവിടെ ആരോ പറയുന്നത് കേട്ടു. സെക്രട്ടേറിയറ്റിൽ മന്ത്രിമാരുടെ ഓഫീസിൽ ഈ ഫയലുകളെല്ലാം വിശ്രമിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ആഴ്ചകളും മാസങ്ങളുമായി ഈ ഫയലുകൾ വിശ്രമിക്കുന്നു. ആരും തീരുമാനമെടുക്കുന്നില്ല. 50,000 രൂപയുടെ സാംങ്ഷനുവേണ്ടി ധനകാര്യവകുപ്പുമന്ത്രിക്ക് ഫയൽ അയയ്ക്കുന്ന സാഹചര്യം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നു. എല്ലാ രംഗത്തും എന്ന് ബുദ്ധിമുട്ടുള്ള കാര്യങ്ങൾ

കണ്ടുകൊണ്ടിരിക്കുകയാണ്. വകുപ്പുകളിൽ പ്രഖ്യാപനങ്ങളല്ലാതെ എന്തെങ്കിലും നടക്കുന്നുണ്ടോ? മുഖ്യമന്ത്രിയുടെ വകുപ്പായ ആഭ്യന്തരവകുപ്പിനെപ്പറ്റി നേരത്തെ ഇവിടെ പറഞ്ഞു. ഉന്നത തലത്തിലുള്ള തമ്മിലടി കാരണം യാതൊരു നിയന്ത്രണവും മുഖ്യമന്ത്രിക്കില്ലാത്ത തരത്തിൽ ആഭ്യന്തരവകുപ്പ് മാറികഴിഞ്ഞിരിക്കുന്നു. അതോടൊപ്പംതന്നെ ഉന്നത ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള ചക്കളത്തിൽ പോരാട്ടം, തമ്മിലടി, അഭിപ്രായ വ്യത്യാസം എന്നിവ ആഭ്യന്തര വകുപ്പിനെ കുത്തഴിഞ്ഞതാക്കി മാറ്റിയിരിക്കുന്നു എന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അഴിമതിക്കെതിരെ ശ്രീ. കെ. സുരേഷ് കുറുപ്പ് വലിയ പ്രസംഗം നടത്തുന്നതു കണ്ടു. നാലുമാസം കഴിഞ്ഞപ്പോൾ അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും അടിസ്ഥാനത്തിൽ വ്യവസായ വകുപ്പുമന്ത്രിക്ക് രാജിവയ്ക്കേണ്ടിവന്ന അവസ്ഥയുണ്ടായി. സ്വാശ്രയ സമരം വന്നപ്പോൾ നിങ്ങൾ മാനേജ്മെന്റിന്റെ ഭാഗത്തായിരുന്നു. 40,000 രൂപ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറച്ചു കൊടുക്കണമെന്ന ആവശ്യം ഉയർന്നപ്പോൾ നിങ്ങൾ അതിന് തയ്യാറാകാതെയിരുന്നത് അതിന്റെ ഭാഗമായിട്ടാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നിയമന നിരോധനമുണ്ടായിരുന്നു എന്നാണ് പറഞ്ഞത്. ശ്രീ. എം. വിൻസെന്റിന്റെ രണ്ടു ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി നിയമന നിരോധനം

ഇല്ലായെന്നാണ് പറഞ്ഞത്. മെയ് മാസം മുതൽ റിട്ടയർ ചെയ്തത് 8814 പേർ, ഈ സർക്കാർ വന്നതിനുശേഷം നിയമനം നൽകിയത് 9518 പേർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 704 പേർക്ക് മാത്രമാണ് കൂടുതലായി നിയമനം കൊടുത്തത്. അതിന്റെ അർത്ഥമെന്താണ്? റിട്ടയർമെന്റ് വേക്കൻസികളിൽ മാത്രമാണ് നിയമനം നൽകിയത് എന്നാണ് കാണാൻ സാധിക്കുന്നത്. കേരളത്തിൽ രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നു. നിലയ്ക്ക് നിർത്താൻ കഴിയുന്നില്ല. ഈ സഭയിലാണ് ഞങ്ങൾ കണ്ണൂരിന്റെ കൊലപാതക രാഷ്ട്രീയത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് അടിയന്തര പ്രമേയം കൊണ്ടുവന്നത്. ഈ സഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഏറ്റവും നല്ല പ്രസംഗമാണ് നടത്തിയത്. ജല്ലാ തലത്തിൽ കോൺഫറൻസ് കൂടിയിട്ട് എന്താണ് സ്ഥിതി? ജില്ലാ കളക്ടറും എസ്.പിയും കൂടി എടുത്ത തീരുമാനത്തെ സി.പി.ഐ (എം).-ന്റെ ജില്ലാ കമ്മിറ്റി നിഷേധിക്കുന്നു. അവർ ഞങ്ങൾക്ക് ഇത് ബാധകമല്ലെന്ന് പറയുന്നു. പിന്നെ എങ്ങനെ കണ്ണൂരിൽ സമാധാനമുണ്ടാകും. ആർ.എസ്.എസ്. കൊന്നാലും സിപി.ഐ (എം.) കൊന്നാലും രണ്ടുപേരുടെയും കൊലപാതകത്തെ ക്രൈമായി കാണാൻ കഴിയുന്ന ഒരു ഭരണകൂടമുണ്ടെങ്കിൽ മാത്രമേ ഇതിനെ നിലയ്ക്കുനിർത്താൻ സാധിക്കുകയുള്ളൂ. ആർ.എസ്.എസ്.-ന്റെ കൊലപാതകവും സി.പി.ഐ (എം.)-ന്റെ

കൊലപാതകവും രണ്ടും അവസാനിപ്പിക്കേണ്ടതാണ്. ബി.ജെ.പി. ആയാലും സി.പി.ഐ (എം.) ആയാലും ആയുധങ്ങൾ ഉറയിൽ ഇടുകയാണ് വേണ്ടത്. ഇവിടെ പറയുന്ന പ്രസ്താവനകൾ കൊണ്ട് കാര്യമുണ്ടോ? ടി. പി. ചന്ദ്രശേഖരൻ വധകേസ്സിലെ പ്രതികളായ കിർമാണി മനോജ്, കൊടി സുനി എന്നിവരെ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുകയാണ്. ഇവരെയൊക്കെ എന്തിനാണ് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുന്നത്? ജയിലുകളിൽ സംഘടനങ്ങൾ ഉണ്ടായപ്പോഴാണ് ടി. പി. ചന്ദ്രശേഖരനെ കൊലചെയ്ത പ്രതികളെ വിവിധ ജയിലുകളിലേക്ക് മാറ്റിയത്. അവരെ മുഴുവൻ കണ്ണൂരിലേക്ക് മാറ്റുന്നത് എന്തിനുവേണ്ടിയാണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സംസ്ഥാനത്ത് തെരഞ്ഞെടുപ്പോടുകൂടി യു.ഡി.എഫ് തകർന്നുവെന്നും യു.ഡി.എഫ്.-ന് മുന്നോട്ടുപോകാൻ സാധിക്കുകയില്ല എന്നുമുള്ള പ്രചരണമുണ്ടായി. ഒരു തെരഞ്ഞെടുപ്പിൽ തോറ്റാൽ യു.ഡി.എഫ്. ഇല്ലാതാകുമെന്നുള്ളത് നിങ്ങളുടെ മനക്കോട്ട മാത്രമാണ്. കേരളത്തിലെ യു.ഡി.എഫ്. ശക്തമാണ്, ഞങ്ങൾക്ക് പറ്റിയ തെറ്റുകൾ തിരുത്തികൊണ്ട് ജനവിശ്വാസം ആർജ്ജിച്ചുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും നിറം പകർന്നുകൊണ്ട് ഞങ്ങൾ മുന്നോട്ട് പോകുമെന്നുള്ള കാര്യത്തിൽ തർക്കംവേണ്ട.

ആരാണിവിടെ വർഗ്ഗീയതയെ താലോലിച്ചിട്ടുള്ളത്? കേരളത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വർഗ്ഗീയതയെ താലോലിക്കുകയും ഇവിടെ വർഗ്ഗീയ ദ്രുവീകരണം ഉണ്ടാക്കുകയും ചെയ്തത് ബി.ജെ.പി.-യും സി.പി.ഐ (എം)-ഉം ആണ്. നിങ്ങൾ മന:പൂർവ്വം വർഗ്ഗീയ ചേരിതിരിവുണ്ടാക്കാനും വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാനും ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. പക്ഷേ, എന്നും മതതരത്വത്തിനുമാത്രമേ വിജയമുണ്ടാകൂ. ഇൻഡ്യയിൽ ബി.ജെ.പി.-ക്കെതിരെ പോരാടുന്ന ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്. ദേശീയതലത്തിൽ അവർക്കെതിരെയുള്ള പോരാട്ടങ്ങൾ കേരളത്തിലും ഞങ്ങൾ തുടരുകയാണ്. ഒരു തരത്തിലും വിട്ടുവീഴ്ചയില്ലാത്ത സമീപനങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകും. ഒരു തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടാൽ കോൺഗ്രസ്സിന്റെ അവസാനമാണെന്ന് കരുതുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്താണ്. കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സമീപനങ്ങളും നയങ്ങളും രാജ്യത്തിന്റെ വിശാല താല്പര്യങ്ങൾക്കെതിരാണ്. ഇപ്പോൾ ഇവിടെ ഏക സിവിൽ കോഡ് കൊണ്ടുവന്നിരിക്കുന്നത് യു.പി.യിലെ തെരഞ്ഞെടുപ്പിനെ ലക്ഷ്യംവച്ചുകൊണ്ടാണ്. ശ്രീ. നരേന്ദ്രമോദിയുടെ യു.പി-യിലെ പ്രസംഗം വോട്ടിനുവേണ്ടി മാത്രമുള്ളതാണ്. ബി.ജെ.പി. സ്വീകരിക്കുന്ന ഈ സമീപനം

വർഗ്ഗീയത വളർത്തുവാനും അതോടൊപ്പം തന്നെ രാജ്യത്തുടനീളം ആളുകളെ തമ്മിൽ ഭിന്നിപ്പിക്കുവാനുമുള്ള നടപടികളാണ്. ആ നടപടികൾക്കെതിരെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ശക്തമായി മുന്നോട്ടുപോകും. ഇൻഡ്യയിൽ മതേതര ചേരിയെ ബലപ്പെടുത്തുവാനും മതേതര വിശ്വാസികളെയും പാർട്ടികളെയും വ്യക്തികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും കഴിയുന്ന ഏക രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മാത്രമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയതയെയും അസഹിഷ്ണുതയെയും രാഷ്ട്രീയത്തെയും എതിർക്കാൻ എല്ലാ മതേതര ശക്തികളെയും യോജിപ്പിക്കുന്ന ഒരു രാഷ്ട്രീയമാണ് ശ്രീമതി സോണിയാഗാന്ധിയുടെ നേതൃത്വത്തിൽ ഇൻഡ്യയിൽ ഇന്ന് ഉയർന്നു വന്നുകൊണ്ടിരിക്കുന്നത്. ആ വസ്തുതകളെ കാണാൻ സി.പി.ഐ (എം.) തയ്യാറാകണം. എന്നാൽ നിങ്ങളത് കാണുന്നില്ല. സങ്കുചിതമായ താല്പര്യങ്ങൾ മുന്നിൽവച്ചുകൊണ്ട് വിശാലമായ ജനാധിപത്യ മതേതര ചേരിയിൽ വിള്ളലുണ്ടാക്കാനുള്ള നിങ്ങളുടെ ശ്രമം വിലപോവില്ല. ഒരു തെരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു, ശരിയാണ്; കേന്ദ്രത്തിൽ ഞങ്ങൾ പ്രതിപക്ഷത്താണ്; വിവിധ സംസ്ഥാനങ്ങളിൽ ഞങ്ങൾ പ്രതിപക്ഷത്താണ്; പക്ഷേ ഓരോ സംസ്ഥാനങ്ങളിലും ഉണ്ടാകുന്ന സാഹചര്യങ്ങൾ പരിശോധിച്ചാൽ കോൺഗ്രസ്സിനും

മതേതരശക്തികൾക്കുമുള്ള തിരിച്ചുവരവിന്റെ കാഹളങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഇന്ത്യയിൽ മതേതര ജനാധിപത്യമൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ട്, ബി.ജെ.പി.-യുടെ വർഗ്ഗീയതയ്ക്കെതിരായി അവർ ഉയർത്തുന്ന വിഘടനവാദത്തിനെതിരായി ഇന്ത്യയിലെ ജനങ്ങളെ ഒരുമിപ്പിച്ചുകൊണ്ട്, ആ മുന്നേറ്റത്തിന് നേതൃത്വം കൊടുക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മുന്നോട്ടുപോകുന്നു. കേരളത്തിലെ യു.ഡി.എഫ്. വീട്ടുവീഴ്ചയില്ലാത്ത നിലപാടുകളുമായി മുന്നോട്ടുപോകും. ഞങ്ങൾ യഥാർത്ഥ മതേതര വിശ്വാസങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, നാട്ടിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് സഭയ്ക്കകത്തും പുറത്തും പ്രവർത്തിക്കുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാന്യനായ വി. ഡി. സതീശനെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമായിരുന്നു. അദ്ദേഹം മര്യാദക്കാരനാണെന്നാണ് ഞാൻ ഇതുവരെ കരുതിയിരുന്നത്. അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഒരു ഉളുപ്പുമില്ലാതെ സഭയിൽ വന്ന് ഇങ്ങനെ പറയാൻ കഴിയുമെന്നുള്ളതിൽ എനിക്ക് അത്ഭുതം തോന്നി. അതുകൊണ്ട് ഞാൻ

അതിന്റെ വസ്തുതയിലേക്ക് കടക്കുകയാണ്. അദ്ദേഹം ആദ്യം പറഞ്ഞത് ........ (ബഹളം)........ഞാൻ പറഞ്ഞുതുടങ്ങിയതല്ലേയുള്ളൂ. എന്തിനാണ് ബഹളം വയ്ക്കുന്നത്. കൂളായി ഇരിക്കൂ സുഹൃത്തുക്കളേ. നിങ്ങൾക്ക് എന്താണ് പറ്റിയത്?

മി. സ്പീക്കർ: ആരെങ്കിലും ഒരാൾ എഴുന്നേറ്റുനിന്ന് പറയൂ.... എന്താണ് പ്രശ്നം............(ബഹളം).......ഉളുപ്പ് എന്നുപറയുന്നത് അസഭ്യമായൊരു പദമാണോ? ലജ്ജ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ലജ്ജ എന്നതിന്റെ ഒരു നാടൻ മൊഴിയാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. .....പ്ലീസ്....പ്ലീസ്.....

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ശ്രീ. വി. ഡി. സതീശൻ പ്രസംഗിച്ചപ്പോൾ ഞാൻ ഇടപെട്ട് സംസാരിച്ചില്ല. അദ്ദേഹം പറഞ്ഞത് ഞാൻ ക്ഷമാപൂർവ്വം കേട്ടിരിക്കുകയായിരുന്നു. ഞാൻ ഇപ്പോൾ മറുപടി പറഞ്ഞ് തുടങ്ങിയപ്പോൾ എന്തിനാണ് ഇത്ര ബഹളമുണ്ടാക്കുന്നത്? എന്നെ മറുപടി പറയാൻ അനുവദിക്കൂ. ഭാഷയ്ക്ക് ഒരു കുഴപ്പവുമില്ല. നിങ്ങൾ അങ്ങനെ എന്നെ ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട. ഞാൻ വളരെ കൂളായാണ് മറുപടി പറയുന്നത്. നിങ്ങൾ ഞാൻ പറയുന്നത് കേൾക്കാനുള്ള സന്നദ്ധത കാണിക്കൂ. അദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ പറഞ്ഞത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി എന്നുള്ളത് ഞാൻ പറഞ്ഞുവെന്നേയുള്ളൂ. അല്ലാതെ അവർ

പ്രകോപിക്കേണ്ട കാര്യമൊന്നും അതിനകത്തില്ല. ആദ്യം അദ്ദേഹം രണ്ട് എം.ഡി.മാരുടെ നിയമനവുമായി ബന്ധപ്പെട്ട് അവരുടെ പേരിൽ കേസ്സുണ്ടെന്നും മറ്റുമൊക്കെയാണ് പറഞ്ഞത്. വിജിലൻസ് എൻക്വയറി റിപ്പോർട്ടും വിജിലൻസിന്റെയും മുഖ്യമന്ത്രിയുടെയും ക്ലിയറൻസും ലഭിച്ച് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതിനുശേഷമാണ് ഈ രണ്ട് എം.ഡി. മാരെയും നിയമിച്ചിട്ടുള്ളത്. അതിൽ എന്തെങ്കിലും വിജിലൻസ് കേസ്സോ പരാതിയോ ഉണ്ടെങ്കിൽ അത് അവർക്ക് വീണ്ടും കൊണ്ടുവരാം. അങ്ങനെയൊരു പരാതിയും അവരുടെ പേരിൽ ഇന്ന് നിലനിൽക്കുന്നില്ല. ഇതാണ് അതുമായി ബന്ധപ്പെട്ട് വളരെ ക്ലിയറായി എനിക്ക് പറയാനുള്ളത്. മറ്റൊന്ന്, അവിടെയൊരു എസ്.പി. വരുന്നുവെന്ന് കേൾക്കുമ്പോൾ ഞെട്ടിവിറയ്ക്കുന്ന കുറച്ചുപേർ കൊല്ലത്തുണ്ട്. അങ്ങനെ ഞെട്ടിവിറയ്ക്കുന്നത് എന്റെ കുഴപ്പംകൊണ്ടല്ല. പഴയ സി.ബി.ഐ.-യുടെയും വിജിലൻസിന്റെയും കേസ്സുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ ടീമിൽ ഈ ഉദ്യോഗസ്ഥൻകൂടി ഉണ്ടായിരുന്നുവെന്നും അദ്ദേഹത്തെ സ്വാധീനിക്കാൻ ഒരുപാട് ശ്രമം നടത്തിയിട്ട് അയാൾ വഴങ്ങിയില്ല എന്നതുകൊണ്ടും അവിടെ നടന്നിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ നേരിട്ട് അറിയുന്നതുകൊണ്ടും ഇയാൾ അവിടെ എം.ഡി. ആയി വരുന്നുവെന്നത് വളരെയധികം ഭയപ്പാടോടുകൂടിയാണ് ചിലർ

കണ്ടുകൊണ്ടിരിക്കുന്നത്. അതിന്റെ പേരിൽ ഒരുപാട് കുപ്രചരണങ്ങൾ അഴിക്കുന്നുണ്ട്. അതിലൊന്നും ഈ ഗവൺമെന്റ് വീഴാൻ പോകുന്നില്ല. അതുകൊണ്ട് വളരെയധികം ഓഫർ ചെയ്തിട്ടും പഴയ കേസ്സിനെ തേച്ചുമായ്ച്ചുകളയാൻ നോക്കിയതിൽ ഈ ഉദ്യോഗസ്ഥൻ വീണില്ല എന്നതാണ് തുടക്കം മുതലേ ഒരുപാട് ആക്ഷേപം വരുന്നത്. അതിനെക്കുറിച്ച് ഞങ്ങൾക്കൊട്ടും ബേജാറില്ല, അതുകൊണ്ട് ആ വിഷയം വിടുകയാണ്.

തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട പ്രശ്നം ഉന്നയിക്കുകയുണ്ടായി. തോട്ടണ്ടി കുറഞ്ഞ വിലയ്ക്ക് ഓഫർ ചെയ്തപ്പോൾ കൂടിയ വിലയ്ക്ക് വാങ്ങിയെന്നുള്ളതാണ് ആക്ഷേപം. ഈ ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയ നിലയിലായിരുന്നു. കഴിഞ്ഞ കാലങ്ങളിലെ വിശദാംശങ്ങളലേയ്ക്ക് ഞാൻ പോകുന്നില്ല. ഒരു ട്രാൻസാക്ഷൻ മാത്രം ഞാൻ പറയാം. 2013-ൽ അയ്യായിരം ടൺ ടാൻസാനിയൻ തോട്ടണ്ടി 44 കോടി രൂപയ്ക്കാണ് വാങ്ങിയത്. അതിന്റെ ഔട്ട് ടേൺ എന്ന് പറയുന്നത് 53 ആണ്. ഇവിടെ ഇപ്പോൾ ഉന്നയിച്ച ഔട്ട് ടേണിന്റെ കഥ ഇപ്പോഴത്തെയല്ല, പഴയ ഓർമ്മകൾ വച്ച് ഇപ്പോൾ പറയുന്നതാണ്. ഒരു ഔട്ട് ടേണിന് 53-ഉം 46-ഉം 43-ഉം ഒക്കെയായി മാറിയത് കഴിഞ്ഞ കാലത്താണ്, ഇപ്പോഴുള്ളതല്ല. അങ്ങനെ ഒറ്റ ഡീലിംഗ്സിൽ തന്നെ 24

കോടി രൂപയുടെ നഷ്ടമാണ് കഴിഞ്ഞ കാലങ്ങളിലുണ്ടായത്. അത് സി.ബി.ഐ.യുടെ അന്വേഷണത്തിലിരിക്കുന്നതിനാൽ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. ബഹുമാന്യനായ വി. ഡി. സതീശന് ആ കണക്കൊക്കെ അറിയുമെന്നാണ് ഞാൻ കരുതുന്നത്. ഇപ്പോഴത്തെ ഔട്ട് ടേണുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. ആരെങ്കിലും എഴുതി തരുന്നത് തെറ്റിദ്ധരിച്ച് പോകുന്നത് ശരിയല്ലെന്ന് മാത്രമേ ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നുള്ളു. പറയുന്ന ഔട്ട് ടേണിൽ കുറവുണ്ടെങ്കിൽ പണവും കുറയും, അതിന് യാതൊരു സംശയവുമില്ല. അടഞ്ഞുകിടന്ന ഫാക്ടറി തുറക്കുക എന്നുള്ളത് ഈ ഗവൺമെന്റിന് പ്രതിജ്ഞാബദ്ധമാണ്. തെരഞ്ഞെടുപ്പ് കാലത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ആ ഫാക്ടറി തുറക്കുമെന്ന് പറയുകയും, ഞങ്ങൾ വന്നപ്പോൾ അതിനെ തുറപ്പിക്കാനുള്ള തീവ്രശ്രമം നടത്തുകയുമുണ്ടായി. ആ ശ്രമത്തിനെയെല്ലാം തടസ്സപ്പെടുത്തുകയായിരുന്നു കൊല്ലത്തുള്ള കുറേ ലോബികൾ. തോട്ടണ്ടി വാങ്ങിയാൽ വലിയ അഴിമതി ഉണ്ടാകും എന്നുപറഞ്ഞ് സി.പി.ഐ (എം.) സംസ്ഥാന സെക്രട്ടറിക്ക് തോട്ടണ്ടി വാങ്ങുന്നതിനുമുമ്പേ പരാതി അയച്ചു. മുഖ്യമന്ത്രിയുടെ പേരിലും പരാതി വന്നിട്ടുണ്ടാകും. സി.പി.ഐ (എം.) സെക്രട്ടറിയുടെ പേരിൽ വന്ന പരാതി അദ്ദേഹം എനിക്ക് തന്നു. ഞാൻ ആ അഡ്രസ്സുകാരനെ

തിരക്കി നടന്നു, അങ്ങനെയൊരാൾ ആ പ്രദേശത്തേയില്ല. കള്ളപ്പേരുവച്ച് കൊല്ലത്തെ കശുവണ്ടി ഫാക്ടറി തുറക്കരുതെന്ന മുൻലക്ഷ്യത്തോടുകൂടി നിരവധി പരാതികൾ രണ്ടുമാസം അവിടെ കറങ്ങി. ഫാക്ടറി തുറക്കരുതെന്നുള്ളതാണ് ലക്ഷ്യം. കാഷ്യൂ കോർപ്പേറഷനും കാപ്പെക്സും ഓണത്തിനുമുമ്പ് തുറക്കരുതെന്നും തുറന്നാൽ വലിയ അഴിമതിയാകുമെന്നും തൊഴിലാളികൾക്ക് കുറച്ച് കാശ് കൊടുത്താൽ മതിയെന്നും പറഞ്ഞ് തോട്ടണ്ടി വാങ്ങുന്നതിനു മുമ്പ് പാർട്ടി സെക്രട്ടറിക്ക് കത്തയച്ചു. തോട്ടണ്ടി വാങ്ങുന്നതിനുമുമ്പേ അഴിമതിയാണെന്നുള്ള പ്രചാരണം നടത്തുകയും ഫാക്ടറി ഓണത്തിനുമുമ്പ് തുറക്കരുതെന്ന് വാശിപിടിക്കുകയും ചെയ്ത ഒരു കൂട്ടർ കൊല്ലത്തും സംസ്ഥാനത്തുമുണ്ടായിരുന്നു. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് എന്ത് വില കൊടുത്തും ഫാക്ടറി തുറക്കുമെന്ന നിലപാട് സർക്കാർ സ്വീകരിച്ചത്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഏഴ് തവണ ടെണ്ടർ കൊടുക്കുകയുണ്ടായി. ആദ്യത്തെ മൂന്ന് ടെണ്ടറിലും ഒരാളും പങ്കെടുത്തിരുന്നില്ല. ഒരാളും പങ്കെടുക്കാത്ത സാഹചര്യത്തിലാണ് ഞാൻ കൊല്ലത്തെ എന്റെ ഓഫീസിൽ ട്രേഡിംഗുമായി ബന്ധപ്പെട്ടവരെ വിളിച്ചുവരുത്തിയത്. എന്തുകൊണ്ട് നിങ്ങൾ ഈ ടെണ്ടറിൽ പങ്കെടുക്കാത്തതെന്ന് ചോദിച്ചു. പങ്കെടുത്താൽ കാശ് കിട്ടില്ലെന്നുള്ള ധാരാളം പരാതികൾ പറഞ്ഞു. ഇപ്രാവശ്യം നിങ്ങൾ ടെണ്ടറിൽ പങ്കെടുത്താൽ

അതിന്റെ വ്യവസ്ഥയനുസരിച്ച് കൃത്യമായി കാശ് നൽകുമെന്ന് ഉറപ്പാണെന്ന് ഞാൻ പറഞ്ഞു. ഒരു തരത്തിലും പൈസ കിട്ടില്ലെന്ന് ഭയപ്പെടേണ്ടതില്ല, ആർക്കും ടെണ്ടറിൽ പങ്കെടുക്കാം. ആ മീറ്റിംഗ് കഴിഞ്ഞ് തൊട്ടടുത്ത ദിവസം ഒരു പത്രത്തിൽ വാർത്ത വരികയുണ്ടായി. 'മേഴ്സിക്കുട്ടി അമ്മ ഓഫീസിൽ വിളിച്ച് മുതലാളിമാരുമായി ചർച്ച നടത്തി. അഴിമതിക്ക് കളമൊരുങ്ങുന്നു. മേഴ്സിക്കുട്ടി അമ്മയുടെ ഭർത്താവ് അഴിമതി നടത്തിയിരിക്കുന്നു' എന്നായിരുന്നു വാർത്ത. ഞാൻ ചർച്ച മാത്രമേ നടത്തിയിട്ടുള്ളു. വാർത്ത വന്ന പത്രവുമായി ഞാൻ ബന്ധപ്പെടുകയുണ്ടായി. ചർച്ച ചെയ്യാനാണ് ഈ നാട്ടിലെ ജനങ്ങൾ എന്നെ തെരഞ്ഞെടുത്തത്. എന്നെ മന്ത്രിയായി ഇടതുപക്ഷ മുന്നണി നിശ്ചയിച്ചത് ഈ ജോലി ചെയ്യാനാണ്. അതിനാൽ ഞാൻ ആളുകളെ വിളിക്കും ചർച്ച ചെയ്യും അവരോട് ടെണ്ടറിൽ പങ്കെടുക്കാൻ ആവശ്യപ്പെടും; അത് അഴിമതിയാണെന്ന് പറയുന്നത് എന്ത് മര്യാദകേടാണെന്ന് ചോദിച്ചപ്പോൾ ആ പത്രം ഈ പറഞ്ഞ ലേഖകനെ അന്വേഷിച്ച് അദ്ദേഹത്തെ ആ പത്രത്തിൽനിന്നും പുറത്താക്കുകയും എന്നോട് ക്ഷമപറയുകയും ചെയ്തു. ഞങ്ങൾ അറിയാതെയാണ് ആ വാർത്ത വന്നതെന്നും അതിനാൽ ആ ലേഖകനെ ആ മീഡിയയിൽനിന്നും ഡിസ്മിസ് ചെയ്തെന്നും അവർ എന്നെ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ മുൻകുറായി ഒരുപാട് ഹമ്പ് അപ്പ് നടത്തി, ഫാക്ടറികൾ

തുറക്കരുതെന്ന ലക്ഷ്യമായിരുന്നു. മൂന്ന് ടെണ്ടറിലും ഒരു കമ്പനിപോലും പങ്കെടുത്തില്ല. ടെണ്ടർ നടപടിക്രമത്തിലെ സോഫ്ട്‌വെയറിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നു. സ്റ്റേറ്റിന്റെ സോഫ്ട്‌വെയറിൽ ഏതൊരാൾക്കും ടെണ്ടറിൽ പങ്കെടുക്കാവുന്ന തരത്തിലുള്ള സോഫ്ട്‌വെയർ ഇല്ലാത്തതുകൊണ്ട് ഞങ്ങൾ എൻ.ഐ.ടി.യെ വിളിച്ചു. എൻ.ഐ.ടി.-യെക്കുറിച്ച് ശ്രീ. വി. ഡി. സതീശൻ കംപ്ലയിന്റ് പറയുമെന്ന് ഞാൻ കരുതുന്നില്ല. എൻ.ഐ.ടി.-യുടെ സഹായത്തോടുകൂടിയാണ് ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് പുതിയ സോഫ്ട്‌വെയർ ഉണ്ടാക്കിയത്. ഇതിനകത്ത് മറയ്ക്കാനും ഒളിക്കാനും ഒന്നുമില്ല. ഇതെല്ലാം സുതാര്യമായി ചെയ്തിട്ടുള്ളതാണ്. ഓരോന്നിനും ഉത്തരവും ഇറക്കിയിട്ടുള്ളതാണ്. ഇതൊന്നും ആരുടെയും സ്വകാര്യ ഏർപ്പാടായി മാറേണ്ട. കാരണം കശുവണ്ടിയാണ്, തൊട്ടാൽ പൊള്ളുന്നതാണ്, കള്ളന്മാരുടെ കൂടാരത്തിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് അവിടെനിന്നും രക്ഷവേണമെങ്കിൽ വളരെ സുതാര്യമായി കാര്യങ്ങൾ ചെയ്യണമെന്നുള്ളതുകൊണ്ട് എല്ലാ നടപടിക്രമങ്ങളും പാലിച്ച്, എൻ.ഐ.ടി.യുടെ സാങ്കേതിക സഹായത്തോടുകൂടി ചർച്ചചെയ്തുകൊണ്ടാണ് ഞങ്ങൾ ഈ മാറ്റങ്ങളെല്ലാം വരുത്തിയിട്ടുള്ളത്. എല്ലാ മാറ്റങ്ങൾക്കും സർക്കാർ ഉത്തരവുമുണ്ട്.

പ്രൊഫ. കെ.യു. അരുണൻ: സർ, ആദ്യമായി ഈ ധനാഭ്യർത്ഥനകളെ ഹൃദയ

വിശാലതയോടുകൂടി പിന്താങ്ങുകയാണ്. ഇവിടെ വന്ന ചില പരാമർശങ്ങളിൽ ഒന്ന് നമ്മുടെ മുഖ്യമന്ത്രി പിണറായി വിജയൻ പോലീസ് സ്റ്റേഷനുകളിലൂടെ മൂന്നാം മുറ നടത്തുന്നു എന്നുള്ളതാണ്. പെട്ടന്ന് ഓർമ്മ വന്നത് ഇതേ അസംബ്ലിയിൽ വച്ച്, കെട്ടിടം മാറ്റം ഉണ്ടാകാം, അടിയന്തിരാവസ്ഥക്കാലത്ത് പിണറായി വിജയനെ പോലീസുകാർ കൊണ്ടുപോയി വേണ്ടുന്ന രൂപത്തിൽ സദ്യ ഒരുക്കിക്കൊടുത്ത് നശിപ്പിച്ച്, അതിനുശേഷം നമ്മുടെ മുഖ്യമന്ത്രി, ഇപ്പോഴത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഇവിടെ വന്ന് അസംബ്ലിയിൽ ഈ പ്രശ്നം അവതരിപ്പിച്ചു. അന്ന് ഭരണപക്ഷത്തുണ്ടായിരുന്ന യു.ഡി.എഫ്. കാർ അടക്കം സഖാവ് പിണറായി വിജയന്റെ വിശദമായ വിവരണം കേട്ട് കരഞ്ഞവരാണ്. പക്ഷേ അന്നും ചില പത്രങ്ങൾ എഴുതി "സഖാവ് പി. കൃഷ്ണപിള്ളയെ കടിച്ച പാമ്പ് ഏത്, അതിന്റെ താഴെ പിണറായി വിജയനെ തല്ലിയ പോലീസ് ഏത്?" രണ്ടിന്റേയും അർത്ഥ തലങ്ങളിലേയ്ക്കും അർത്ഥ ഭേദങ്ങളിലേയ്ക്കും അർത്ഥ രുചിയിലേയ്ക്കും കയറി പ്പോകാനുള്ള ഹൃദയ വിശാലത ശ്രോതാക്കൾ പ്രകടിപ്പിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ആ ഭാഗം നിർത്തുകയാണ്. ഓണക്കാലത്ത് കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണം, ഈ വർഷത്തെ ഓണക്കാലത്ത്, നമ്മൾ ജനപ്രതിനിധികൾ എന്ന നിലയിൽ എല്ലാ സ്ഥലത്തും പോകും, എല്ലാ കടകളിലും പോകും, കാരണം മലയാളത്തിൽ വളരെ

പ്രസിദ്ധമായ ഒരു നാടകം ആരംഭിക്കുന്നത് ആ ഒരു ദിവസത്തെ കാര്യമൊക്കെ കഴിഞ്ഞു വന്നതിനു ശേഷം ഭർത്താവും ഭാര്യയും ചെറിയ, അല്ലെങ്കിൽ സംക്ഷിപ്തമായ വിവരണങ്ങൾ നടന്നതിനു ശേഷം പറയും, ഇനി നമുക്ക് ഭക്ഷണം കഴിക്കാം, ഭക്ഷണം കഴിക്കുന്നതിന് വേണ്ടി ഒന്നുകിൽ കൈയ്യിൽ അല്ലെങ്കിൽ ചോറിൽ പിടിക്കുമ്പോഴാണ് വേണ്ടവേട്ടാ എനിക്ക് വിശക്കുന്നു, ആ പിടിത്തം അവിടെ നിന്നു. ഉദ്ദേശിച്ച് വരുന്നത്, മറ്റുള്ളവർക്ക് വിശക്കുമ്പോൾ, മറ്റുള്ളവർക്ക് ദാഹിക്കുമ്പോൾ, മറ്റുള്ളവർ പ്രശ്ന സങ്കീർണ്ണതകളിൽ പെട്ട് ഉഴറുമ്പോൾ, മറ്റുള്ളവർ ലൗകീകജീവിതത്തിന്റെ പാരാവാരങ്ങളിൽ കിടന്ന് ഉഴറുമ്പോൾ, നിദ്രാവിഹീനങ്ങളായ, ഉറക്കമില്ലാത്ത രാത്രികൾ ചെലവഴിക്കാൻ വിധിക്കപ്പെട്ടവരാണ് നമ്മൾ അസംബ്ലിയിൽ ഇരിക്കുന്ന അംഗങ്ങൾ. അതുകൊണ്ട് ഞാൻ സൂചിപ്പിച്ച് വരുന്നത് ഓണക്കാലം, ഇതൊക്കെ കണ്ടപ്പോൾ വലിയ സന്തോഷമായി. എല്ലാപേരുടെ കൈയ്യിലും കാശാണ്. എല്ലാപേരുടേയും വീട്ടിൽ പെൻഷൻ കൊണ്ടുകൊടുത്തു, എല്ലാപേരും മടിക്കുത്ത് അഴിക്കുന്നു, സാധനങ്ങൾ മേടിക്കുന്നു. എന്താ രസം. നമ്മുടെ വിശപ്പ് താനെ അവസാനിക്കുന്നു, നമ്മുടെ ദാഹം തീരുന്നു, നമ്മൾക്ക് നല്ല ഉറക്കം കിട്ടുന്നു. പാർലമെന്ററി ജനാധിപത്യത്തിന്റെ പലപ്പോഴും വിശദീകരിക്കപ്പെടാതെ പോകുന്ന അർത്ഥതലങ്ങളിലേയ്ക്ക്,

സ്വർഗീയങ്ങളായ മണ്ഡലങ്ങളിലേയ്ക്ക് ഉദ്ദീനം കയറാനുള്ള മനുഷ്യന്റെ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് പൊതുജന സേവനം നമ്മളൊക്കെ നടത്തുന്നത്. ഞാൻ അത് ഇങ്ങനെ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ ഏദൻ തോട്ടത്തെപ്പറ്റി പറഞ്ഞല്ലോ, ഏദൻ തോട്ടം പരാമർശിച്ചയാൾ സ്ഥലം വിട്ടുപോയി, ഏദൻതോട്ടത്തിലെ ആ കനി തിന്നരുത്, അത് തിന്നാൽ എന്താണ്? അങ്ങനെയല്ലേ മനുഷ്യൻ ചിന്തിക്കുക, അതിലുണ്ട് ചില മാർക്സിസവും ലെനിനിസവുമൊക്കെ. അത് പാടില്ല, അത് ചെയ്യരുത്, എന്താ അത് ചെയ്താൽ? അതാണല്ലോ മാർക്സിസവും ലെനിനിസവും, അതാണല്ലോ പുരോഗമനം, അതാണല്ലോ മുന്നോട്ടുള്ള പഥം, അതാണല്ലോ നമ്മുടെ മാർഗ്ഗം, അതാണല്ലോ വഴി. പക്ഷേ അവിടെനിന്ന് അന്ന് ചവിട്ടി, ഏദൻ തോട്ടത്തിൽ നിന്ന് രണ്ടുപേർ ആദവും ഹവ്വയും താഴെവന്നു, നേരത്തെ പറഞ്ഞ രൂപത്തിലല്ല. എം. ഗോവിന്ദൻ എന്നു പറയുന്ന വളരെ പ്രസിദ്ധനായ മലയാളത്തിലെ ആദ്യകാല നിരൂപകൻ, കവി പറഞ്ഞു, അങ്ങനെ മനുഷ്യൻ ഭൂമിയിൽ വന്നു. മണ്ണിൽ വിത്തുപാകി, ഹവ്വയുടെ ഗർഭപാത്രത്തിലും വിത്തു പാകി, സ്വാതന്ത്ര്യം, ഡെവലപ്മെന്റ്, വികാസം. ആ വ്യാഖ്യാനത്തിനാണ് നമ്മൾ സാധാരണ രൂപത്തിൽ,.... ഞാൻ നമ്മുടെ വിഷയത്തിലേയ്ക്ക് വരുമ്പോൾ, എക്സൈസ്, എക്സൈസ് ഇപ്പോൾ എല്ലാപേരും

സൂചിപ്പിച്ചതുപോലെ കുട്ടികളൊക്കെ കഞ്ചാവ്, ചരസ്സ്, ഭാംഗ്, പാൻമസാല, പാൻപരാഗ് തുടങ്ങിയ കാര്യങ്ങളിലാണ് നല്ലൊരു ശതമാനം. അത് സ്കൂൾ തലങ്ങളിലൊക്കെ ഈ കാര്യങ്ങൾ ഉണ്ട്. ആരും അതിനുനേരെ കണ്ണടച്ചിട്ട് ഒരു കാര്യവുമില്ലെന്ന് അർത്ഥം, അന്വേഷിച്ചാൽ കണ്ടറിയും. നമ്മളൊക്കെ അഥവാ കണ്ണടച്ചാലും കേരളത്തിലെ പ്രൊഫഷണൽ ആന്റ് അമച്വർ തിയേറ്ററും മറ്റുമൊക്കെ ഈ വിഷയം സജീവമായിട്ട് എടുത്തിട്ടുണ്ട്. മിക്കവാറും നാടകങ്ങളിലൊക്കെ വിഷയം ഇതു തന്നെയായിരുന്നു. കുട്ടികൾ ഇതിന് വിധേയരാകുന്നത്, അമ്മയും അച്ഛനും തിരിച്ചറിയാതിരിക്കുന്നത്. കേരളത്തിലെ ജനാധിപത്യ ബോധത്തിന്റെ പതുക്കെപതുക്കെയുള്ള നാശം, ഇതൊക്കെത്തന്നെ വാസ്തവത്തിൽ നാടകങ്ങളിലൊക്കെ വരുന്നുണ്ട്. അപ്പോൾ എക്സൈസ് എൻഫോഴ്സ്മെന്റ് അവരുടെ പ്രവർത്തനങ്ങൾ അതുകുറേക്കൂടി നിശിതമായിട്ടുള്ളതാക്കണം, മൂർച്ചയേറിയിട്ടുള്ളതാക്കണം. യഥാർത്ഥത്തിൽ സംഭവിക്കുന്ന സ്ഥലത്ത് എത്തിക്കൊണ്ട്, പ്രതികളെ പിടിച്ച് പോലീസിൽ ഹാജരാക്കുന്നതിനേക്കാൾ ഭേദം നല്ല ബോധവൽക്കരണമാണ്. ആ പ്രക്രിയയ്ക്ക് ഈ പിണറായി സർക്കാർ വളരെ വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട് എന്നുള്ള സത്യം കൂടി ഇവിടെ സ്മരിക്കുകയാണ്. തൊഴിലും അതുമായി ബന്ധപ്പെട്ടുള്ള തൊഴിൽ മേഖലയും ഇവിടെ സൂചിപ്പിച്ചതാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികൾ, അവരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇ.എസ്.ഐ. ഇല്ല, പ്രോവിഡന്റ് ഫണ്ടില്ല, ഗ്രാറ്റുവിറ്റി ഇല്ല, നിശ്ചിതമായ ദിവസങ്ങളിൽ തൊഴിൽ കിട്ടുന്നില്ല. തൊഴിൽ അവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുന്നില്ല. ആ രൂപത്തിൽ ഒരു അരക്ഷിതമായ അവസ്ഥയിൽ തേങ്ങിക്കൊണ്ടിരിക്കുന്ന അസംഘടിത മേഖലയിലെ, പ്രത്യേകിച്ചും സ്ത്രീകളെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ നമ്മൾ കൂടുതൽ ഊന്നൽ കൊടുക്കേണ്ടതുണ്ട്. അതുവരുമ്പോൾ തന്നെയാണ് പ്രധാനമായും നമ്മുടെ തൊഴിൽ, തൊഴിലെന്നു പറയുമ്പോൾ തൊഴിലില്ലാതെ തെണ്ടി നടക്കുന്ന പരസഹസ്രം ചെറുപ്പക്കാർ തെരുവാധാരമായിട്ട് തുടരുന്ന ഒരു നാടാണ് കേരളം. കണ്ണടച്ചിട്ട് കാര്യമില്ലല്ലോ, അതുകൊണ്ടാണ് ഒരു പക്ഷേ ഇത് ഒരു സിംഹം ഉറങ്ങുന്ന കാട്, മലയാളത്തിലെ വളരെ പ്രശസ്തനും, പ്രഗത്ഭനുമായ നാടകകൃത്ത് എസ്.എൽ. പുരം സദാനന്ദൻ എഴുതിയതാണ്, സിംഹം ഉറങ്ങുന്ന കാട്. സഹോദരന്മാർ തമ്മിൽ പരസ്പരം ചർച്ച ചെയ്യുകയാണ്. അച്ഛൻ നാളെ റിട്ടയർ ചെയ്യും, വീണ്ടും പറയുകയാണ് അച്ഛൻ നാളെ റിട്ടയർ ചെയ്യും, അതിനെന്താണ് ? നിങ്ങൾക്കെന്താണ് നമുക്കറിയാമല്ലോ, അച്ഛൻ നാളെ റിട്ടയർ ചെയ്യുമെന്ന്. അതിൽ ചേട്ടൻ പറയുകയാണ് നാളെയല്ലേ റിട്ടയർ ചെയ്യുകയുള്ളൂ, നമുക്ക് അച്ഛനെ തട്ടാം. അച്ഛനെ തട്ടിയാൽ, ഡൈയിംങ്ങ്

ഹാർനസ്സിൽ ഒരു ജോലി ആർക്കെങ്കിലും ഒരാൾക്ക് കിട്ടും. അവിടത്തോളം നമ്മുടെ തൊഴിലില്ലായ്മ എത്തിയിരിക്കുന്ന എന്നുള്ളത് സൂചിപ്പിക്കാൻ വേണ്ടി പറഞ്ഞതാണ്. ഇവിടെ പരാമർശിക്കപ്പെട്ട വിശപ്പ്, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സ് ഇവിടെയുണ്ടല്ലോ, നമ്മൾ തുടങ്ങിയതാണല്ലോ, കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ ആകാശത്തോളം ഉയർത്തിപ്പിടിക്കുവാനുള്ള വെമ്പലിന്റെ ഭാഗമായിട്ട് കോഴിക്കോട് യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലും സിൻഡിക്കേറ്റും അതിലൊക്കെ ഞാനും ഒരു ഭാഗഭാക്കാണ്. നമ്മൾ നാടകം തുടങ്ങിയല്ലോ 1970 കളുടെ ആരംഭത്തിൽ, ബാച്ചിലർ ഓഫ് തിയറ്റർ ആർട്ട്സ് കൊടുക്കാൻ തീരുമാനിച്ചല്ലോ, അതിന്റെ ഫസ്റ്റ് റാങ്കുകാരൻ പയ്യനാണ്. ആ കുട്ടിയുടെ പേര് ഞാൻ പറയുന്നില്ല. ഇനി ആർക്കെങ്കിലും പൊള്ളേണ്ട, വേദനിക്കേണ്ട എന്നുള്ള നിലയ്ക്ക്. പാഞ്ഞാലിലെ പയ്യനാണ്, കുട്ടിയാ, അയാൾ വിശന്ന്, വിശന്ന്, വിശന്ന്, ജോലിയുമില്ല, തൊഴിലുമില്ല, ഒന്നുമില്ല, അവസാനം ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചതാണ്. കാശുകൊടുക്കാൻ ഇല്ലാതായപ്പോൾ പതുക്കെ സ്ഥലം വിടാൻ നിന്നപ്പോൾ ഹോട്ടലുകാർ പിടികൂടി, അടിതുടങ്ങി, അപ്പോൾ ഇയാൾക്ക് നാടകത്തെ സംബന്ധിച്ചിടത്തോളം നാടകാഭിനയം, ഇയാളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരുന്ന ഒരു കാര്യമായതുകൊണ്ട്, അത്യാവശ്യം പൊട്ടൻ വേഷം കെട്ടി,

വ....ഭ...ദ... എന്നൊക്കെ പറഞ്ഞ്. പോലീസുകാർ പിടിച്ച് ഭ്രാന്ത് എന്നുപറഞ്ഞ്, അവസാനം ചെന്നത് പടിഞ്ഞാറേക്കോട്ടയിലാണ്. ഭ്രാന്താശ്രുപത്രിയിൽ, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സ് ഫസ്റ്റ് റാങ്ക്, പക്ഷേ അയാൾ ഒരു ദിവസം ജാലിയൻവാലാബാഗിനെപ്പോലും നാണിപ്പിക്കുന്ന രൂപത്തിൽ അവിടെയുണ്ടായിരുന്ന വലിയ മതിൽ ചാടിക്കടന്ന് ഓടി, ചെന്നു വീണത് അയാൾ പഠിച്ചിരുന്ന സരസ്വതീ ക്ഷേത്രത്തിന്റെ നടയിൽ. ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സിൽ റാങ്ക് കിട്ടിയ സ്ഥലത്ത്, എല്ലാപേരും കൂടി വന്ന് ആരാണ്, ഇന്നയാളല്ലേ, അപ്പോൾ അവിടെ റിഹേഴ്സലിന് വച്ചിരുന്ന ഡ്രസ്സൊക്കെ കൊടുത്തപ്പോൾ, നല്ല വെള്ള വസ്ത്രമൊക്കെ ധരിച്ച് വീട്ടിൽ ചെന്ന് അച്ഛനോടും അമ്മയോടും പറഞ്ഞു, ഭക്ഷണം കൊണ്ടുവരാനാണല്ലോ പോയത്, കഴിഞ്ഞില്ല ക്ഷമിക്കണം. അതിനുശേഷം അവർ കൊടുത്ത നല്ല കറുത്ത പുള്ളികളില്ലാത്ത ധവളാഭമായ വെളുത്ത വസ്ത്രംധരിച്ച് ഒറ്റപ്പാലത്തിനും ഷൊർണ്ണൂരിനുമിടയ്ക്ക് വളരെ വേഗത്തിൽ പാഞ്ഞുവരുന്ന തീവണ്ടിയുടെ മുമ്പിൽ കൈകൂപ്പി നിന്നുകൊണ്ട് ബി.റ്റി.എ. ഫസ്റ്റ് റാങ്കു കാരൻ ഇഹലോകവാസം വെടിഞ്ഞ, ത്യജിച്ച, നശിപ്പിച്ച ഒരു ലോകം. ഞാൻ സൂചിപ്പിച്ചു വരുന്നത് നമ്മൾ തൊഴിലും അതിന്റെ ഭാഗമായിട്ടുള്ള തൊഴിൽ രംഗം, വിശാലമായ മേഖലയാണ്. അവിടേയ്ക്ക് തിരിയുമ്പോൾ

വാസ്തവത്തിൽ വളരെ മൈക്രോസ്കോപ്പിക്ക് ആയിട്ടുള്ള പ്രായോഗികതലത്തിലുള്ള അടിസ്ഥാന വർഗ്ഗങ്ങളുടെ മാനസിക വ്യാപാരങ്ങളിലേക്ക് തിരിഞ്ഞു നോക്കാനുള്ള ഒരു പ്രവണത, ഒരു ആത്മധൈര്യം, ഒരു ഹൃദയവിശാലത ഒക്കെ പ്രകടിപ്പിക്കുമ്പോൾ ആണ് നമ്മളെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നത് എന്ന് വിനയപൂർവ്വമായ എന്റെ അഭ്യർത്ഥന സമർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2012, 2014, 2015 ഈ മൂന്ന് വർഷങ്ങളിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധനാഭ്യർത്ഥനകൾ ചർച്ചയില്ലാതെ പാസ്സാക്കിയതാണ്. അതുകൊണ്ട് ആ കാലഘട്ടത്തിൽ ഫലപ്രദമായ പ്രതിപക്ഷ ഇടപെടൽ ഇല്ലാതെ പോയിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇപ്പോൾ ഏതായാലും ഒരു ചർച്ച നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആ സ്പിരിറ്റിലെടുത്ത് തെറ്റുകൾ തിരുത്തി നന്നായി മുന്നോട്ടു കൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഇവിടെ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ രൂപീകരിച്ചു. 1988 മുതലാണ് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഏതാണ്ട് 28 വർഷത്തോളമായി അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഈ ഇരുപത്തിയെട്ട് വർഷത്തെ പ്രവർത്തനം

പരിശോധിച്ചാൽ അങ്ങയുടെ വകുപ്പിൽപ്പെട്ട ഒന്നായതുകൊണ്ട് അതൊന്ന് ശ്രദ്ധിക്കാൻ വേണ്ടി പറയുകയാണ്. അതിന്റെ ആക്ടിൽ കൃത്യമായി പറയപ്പെടുന്നത് ഒരു കോടതിയുടെ നടപടിക്രമമല്ല അതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണക്കാരനായ ഉപഭോക്താവിന് നേരിട്ട് പോയി ഒരു വെള്ളക്കടലാസിൽ പരാതി എഴുതിക്കൊടുത്താൽ അതിന് മൂന്ന് മാസത്തിനുള്ളിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് കരുതിയാണ് അവരെ സമീപിക്കുന്നത്. ഇപ്പോൾ അതിന്റെ പ്രവർത്തനമൊന്ന് പരിശോധിച്ചാൽ, ഞാൻ ഒരു ഗവൺമെന്റിനെയും കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. കഴിഞ്ഞ ഇരുപത്തിയെട്ട് വർഷം പിന്നിട്ടപ്പോൾ അതിനുണ്ടായ ജീർണ്ണത, അതും ഒരു സാധാരണ കോടതിയുടെ പ്രവർത്തനം പോലെ ആയിട്ടുണ്ട്. നാലും അഞ്ചും വർഷങ്ങളായിട്ടും കേസ്സുകൾ തീർപ്പാകാതെ ഒരു സിവിൽ കോടതിയുടെ തലത്തിലേയ്ക്ക് അതിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. അവർക്ക് ഒരു ഉപഭോക്താവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാൻ കഴിയാതെ പോകുന്നുണ്ട്. അങ്ങ് പരിശോധിക്കപ്പെടേണ്ട മറ്റൊരു വിഷയം ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ മൂന്ന് അംഗങ്ങളിൽ പ്രസിഡന്റും രണ്ട് അംഗങ്ങളും തമ്മിലുള്ള ശീതസമരമാണ്. ഈ ശീതസമരം കാരണം പല കേസ്സുകളുടേയും വിധി പുറപ്പെടുവിക്കാൻ വലിയ കാലതാമസം നേരിടുകയാണ്.

ഫലത്തിൽ അതുകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യമെന്താണോ അത് നടക്കാതെ വളരെയധികം താമസം വരുന്നുണ്ട്. യഥാർത്ഥത്തിൽ മാറി മാറി വന്ന ഗവൺമെന്റുകൾ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലെ അംഗങ്ങൾക്ക് മോശമല്ലാത്ത വേതനവും അത്യാവശ്യം വേണ്ട സൗകര്യങ്ങളും ജീവനക്കാരെയുമൊക്കെ നിയമിച്ചിട്ടുണ്ടെങ്കിലും ഉപഭോക്താവിന് അഞ്ഞൂറ് രൂപയുടെയോ ആയിരം രൂപയുടെയോ സാധനങ്ങൾ വാങ്ങി അതിലൊരു തർക്കവുമായി ചെന്നാൽ വലിയൊരു കാലവിളംബം നേരിടുന്നുവെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുപോലെ തന്നെ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് വളരെയേറെ സൂക്ഷ്മതയും ജാഗ്രതയും പുലർത്തേണ്ട സമയമാണ്. വളരെ ചുരുങ്ങിയ സമയമേയുള്ളൂ കാരണം ബി.പി.എൽ-പട്ടികയിൽ അനർഹരായ ഒരുപാട് പേർ കടന്നുകൂടിയിട്ടുണ്ടാകും. അത് പരിശോധിച്ച് കൃത്യസമയത്ത് അതിലുണ്ടായിട്ടുള്ള പരമാവധി ആക്ഷേപങ്ങൾ കുറച്ചുകൊണ്ട് അർഹതപ്പെട്ട ഒരാളും അതിൽനിന്നും പുറത്തുപോകാത്ത വിധത്തിൽ പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എം. മണി പറഞ്ഞ കാര്യം അങ്ങയെ ബോധ്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞ ഒരു പരിമിതിയിൽ ഒതുക്കാതെ ചെരുപ്പിനൊത്ത് കാൽ

മുറിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റ് പത്തോ പതിനഞ്ചോ ലക്ഷം അല്ലെങ്കിൽ മുപ്പത്തിയഞ്ച് ലക്ഷം പേർക്കേ ഈ ആനുകൂല്യം നൽകൂ എന്ന് പറഞ്ഞാൽ അതിനപ്പുറവും അർഹതപ്പെട്ട ആളുകൾ ഉണ്ടെങ്കിൽ ആ അർഹത മാനദണ്ഡമാക്കി അവർക്കും ഇതുപോലെയുള്ള സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അൽപം സാമ്പത്തിക ബാധ്യത ഏറ്റെടുത്തിട്ടാണെങ്കിലും അർഹതപ്പെട്ട ആളുകൾ ആ ലിസ്റ്റിൽ നിന്നും പുറത്ത് പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലതന്നെ മദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. പല ആളുകളും സംസാരിച്ചപ്പോൾ മദ്യനിരോധനമാണ് ഇവിടെ പല കുഴപ്പങ്ങളുമുണ്ടാക്കിയതെന്ന രീതിയിലാണ് എത്തിച്ചേർന്നത്. മദ്യനിരോധനം കാരണമാണ് ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞത് എന്നും പറയുകയുണ്ടായി. ഈ കാര്യങ്ങളിലെല്ലാം ഒരു നിഷ്പക്ഷമായ വിലയിരുത്തൽ ആവശ്യമാണ്. ഇപ്പോൾ കേരളം മാത്രമല്ല ബീഹാർ അടക്കമുള്ള പല വലിയ സംസ്ഥാനങ്ങളും സമ്പൂർണ്ണമായ മദ്യനിരോധനത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതും നാം പരിശോധിക്കണം. മദ്യ നിരോധനമെന്ന് പറയുമ്പോൾ അങ്ങ് ഒറ്റയടിക്ക് തള്ളിപ്പറയരുത്. അതിന്റെ നേട്ടവും കോട്ടവും നാം വിലയിരുത്തണം. ഇപ്പോൾ നമുക്കറിയാം "വെളിച്ചം

ദു:ഖമാണങ്ങീ തമസ്സല്ലോ സുഖപ്രദം" എന്ന് പറയാറുള്ളതുപോലെ മദ്യനിരോധനം ദു:ഖമുള്ള കാര്യം തന്നെയാണ്. കാരണം അതിലെ ഗ്രീവൻസുള്ള ആളുകൾ വളരെ ശക്തരാണ്. ഏത് ഗവൺമെന്റിനെയും മറിച്ചിടാനായി മദ്യലോബി വളരെ ശക്തരാണ്. അപ്പോൾ അതിൽ ഗ്രീവൻസുള്ള ആളുകൾ അതിനെ നിരോധിക്കാനോ നിയന്ത്രണങ്ങൾ വരുത്താനോ ഗവൺമെന്റിനെതിരായി, അങ്ങേയ്ക്കെതിരായി ആക്ഷേപം ഉയർത്തിയെന്നോ വരും. പക്ഷേ ആക്ഷേപങ്ങളെല്ലാം താൽക്കാലികം മാത്രമാണ്. അപ്പോൾ അങ്ങനെയുള്ള ആരോപണങ്ങളിൽ പേടിച്ചുകൊണ്ട് മദ്യം സാർവ്വത്രികമാക്കാനുള്ള നടപടിയിൽനിന്നും ഗവൺമെന്റ് പിന്തിരിയണമെന്നാണ് പറയാനുള്ളത്. ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞതിന് കാരണം മറ്റൊരു വശമെടുത്ത് ആലോചിച്ചുകൂടെ? കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി തന്നെ ഒരിക്കൽ പറയുകയുണ്ടായി. മദ്യനിരോധനം ടൂറിസം മേഖലയെ കുറേ ബാധിച്ചിട്ടുണ്ട്. അതിനേക്കാൾ ടൂറിസം മേഖലയെ ഒരുപാട് ബാധിച്ച ഒരു പ്രശ്നമാണ് തെരുവ് നായകളുടെ ആക്രമണം. ഈ തെരുവ് നായകളുടെ ആക്രമണം ഇംഗ്ലീഷ് മാധ്യമങ്ങളുൾപ്പെടെയുള്ള ദേശീയ മാധ്യമങ്ങളിൽ വലിയ പ്രാധാന്യമുള്ള വാർത്തകളായിട്ടാണ് റിപ്പോർട്ട് ചെയ്യുന്നത്. മാത്രമല്ല ബഹുമാനപ്പെട്ട സുപ്രീം കോടതിവരെ ചോദിക്കുകയുണ്ടായി എന്താണ്

കേരളത്തിൽ മാത്രം ഇത്ര വലിയ തെരുവ് നായ പ്രശ്നം ഉണ്ടാകാൻ കാരണമെന്ന്. കോടതിപോലും അങ്ങനെ പറയുമ്പോൾ അതും നമ്മൾ പരിശോധിക്കേണ്ട വിഷയമല്ലേ ? കേരളത്തിൽ പാവപ്പെട്ട ഒന്നുരണ്ട് സ്ത്രീകളെ നായകൾ കടിച്ച് കൊന്ന സ്ഥാനത്ത് ഏതെങ്കിലും രാജ്യത്തുനിന്നും വന്ന വിദേശ ടൂറിസ്റ്റിനെയാണ് തെരുവ് നായ കടിച്ച് കൊന്നതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? കോവളം പോലുള്ള ടൂറിസം മേഖലകളിൽ നേരിടുന്ന ഗുരുതരമായ വിഷയമാണ് നായകളുടെ പ്രശ്നം. അപ്പോൾ അങ്ങനെയുള്ള വിഷയങ്ങൾകൂടി നിയന്ത്രിക്കാൻ നമുക്ക് സാധിക്കണം. ഞാൻ കഴിഞ്ഞ തവണ ഈ വിഷയം സൂചിപ്പിച്ചപ്പോൾ പറഞ്ഞത് സ്വന്തം റിസ്കിൽ വേണമെങ്കിൽ പട്ടികളെ കൊല്ലാമെന്നാണ്. എനിക്ക് റിസ്കെടുക്കാൻ കഴിയുമോ? അത് ഉത്തരവാദിത്തപ്പെട്ട ഗവൺമെന്റുകളാണ് നിയന്ത്രിക്കേണ്ടത്. ടൂറിസമായാലും സമൂഹത്തിൽ മറ്റ് ഏത് മേഖലയായാലും സുരക്ഷിതമായ ജീവിതം ഉറപ്പാക്കാനുള്ള ബാധ്യത നമുക്കില്ലേ? അതുപോലെതന്നെ പ്രവാസികളെ സംബന്ധിച്ച വിഷയം. മാറിമാറി അധികാരത്തിൽവന്ന ഏത് ഗവൺമെന്റുകളായാലും നമുക്ക് അവരോട് വേണ്ടത്ര നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. ധനാഭ്യർത്ഥനകളിന്മേലുള്ള പ്രസംഗങ്ങളും അതിനുള്ള മറുപടിയും കഴിഞ്ഞാൽ മേൽനടപടികളുമായി മുന്നോട്ട് പോകുന്നില്ല. യഥാർത്ഥത്തിൽ വേണ്ടത്ര സപ്പോർട്ട്

ചെയ്യാൻ നമുക്ക് കഴിയുന്നില്ല. പക്ഷേ അതുകൊണ്ട് അവരുടെ യഥാർത്ഥ പ്രശ്നങ്ങൾ എന്താണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുകയുണ്ടായി, ഗൾഫിലും മറ്റ് വിദേശ നാടുകളിലും പണിയെടുക്കുന്ന മലയാളികളുടെ എണ്ണമെടുക്കുന്നതിന് കുടുംബശ്രീയെ ഏൽപ്പിച്ച് കണക്കെടുക്കുമെന്ന്. അത് എത്രമാത്രം പ്രായോഗികമാണ്. കുടുംബശ്രീക്ക് ഒരു പണി കൊടുക്കാമെന്നല്ലാതെ അത് യാഥാർത്ഥ്യമായി തീരില്ല. കുടുംബശ്രീക്ക് അതിന്റെ കണക്കെടുക്കാൻ കഴിയുമോ? അത്തരത്തിൽ ഒരു കണക്കെടുക്കണമെങ്കിൽ അവിടെയുള്ള ഇന്ത്യൻ എംബസിയെ സമീപിച്ച്, കെ.എം.സി.സി, പ്രവാസി കോൺഗ്രസ് പോലുള്ള ശക്തമായ പ്രവാസി സംഘടനകളും ഭാരവാഹികളും ഇവിടെയുള്ളതുപോലെ അവിടെയുമുണ്ട്. ഒ.ഐ.സി.സി. പോലുള്ള സംഘടനകളെ ഉത്തമ വിശ്വാസത്തിലെടുത്ത് അവരെക്കൂടി കണക്കിലെടുത്തുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. കഴിഞ്ഞ തവണ സൗദി അറേബ്യയിൽ 'നിതാഖത്ത്'-മായി ബന്ധപ്പെട്ട് വിദേശികളെ കയറ്റി അയയ്ക്കുമെന്ന് പറഞ്ഞ് വലിയ പ്രശ്നങ്ങളാണുണ്ടായത്. പ്രവാസികളായ മലയാളികളെല്ലാം വഴിയാധാരമാകാൻ പോകുന്നുവെന്ന് പറഞ്ഞ് വലിയ പ്രശ്നങ്ങളാണുണ്ടായത്. ഇത് കേട്ടപ്പോൾ

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട "ഞാൻ ഇതാ പുറപ്പെടാൻ പോകുകയാണെന്ന്" പറഞ്ഞു. അത് കേട്ടപ്പോൾ കേരളത്തിലെ ആളുകൾ മാത്രമല്ല വിദേശത്തുള്ള ആളുകളും വളരെ പ്രതീക്ഷയോടുകൂടിയാണ് കാത്തിരുന്നത്. അദ്ദേഹം അവിടെ എത്തുമെന്നാണ് വിചാരിച്ചത്. മാത്രമല്ല സഹായമില്ലെങ്കിലും കേരളത്തിൽനിന്നും ഒരു മന്ത്രി ഞങ്ങളുടെ കാര്യങ്ങൾ ചോദിക്കാനും പറയാനും വരുന്നുണ്ടെന്ന് കേട്ടപ്പോൾ പ്രത്യേകിച്ച് മലയാളികളെ സംബന്ധിച്ച് ഒരാശ്വാസമായിരുന്നു. പക്ഷേ അദ്ദേഹം അവിടേയ്ക്ക് പോകുമെന്ന് പറഞ്ഞിട്ട് അവസാനമെന്താണുണ്ടായത്? ഓരോ ചാനലുകളും ലൈവായി അദ്ദേഹത്തോട് ഇപ്പോൾ എവിടെയാണ് എന്നന്വേഷിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത് ഞാനിപ്പോൾ എന്റെ ഓഫീസിലാണ് എന്നാണ് മറുപടി നൽകിയത്; അങ്ങ് എവിടേയ്ക്ക് പോകുന്നുവെന്ന് ചോദിച്ചപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ പോകുന്നുവെന്നും പറഞ്ഞു മുഖ്യമന്ത്രിയെ കാണാൻ പോയി. ഇപ്പോൾ അങ്ങ് എന്ത് ചെയ്യാൻ പോകുന്നു എന്ന് ചോദിച്ചപ്പോൾ പറഞ്ഞത് എനിക്ക് പാസ്സ്പോർട്ട് കിട്ടിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. അദ്ദേഹത്തിന് പാസ്സ്പോർട്ട് വാങ്ങിക്കൊടുക്കുകയെന്നത് സാധാരണക്കാരായ പ്രവാസികളുടെ കടമയാണോ? ഡിപ്ലോമാറ്റിക്

പാസ്പോർട്ടാണെങ്കിലും സാധാരണ പാസ്പോർട്ടാണെങ്കിലും അദ്ദേഹം അതിനുവേണ്ടി ഒരു റിസ്കെടുക്കണ്ടേ? അതുപോലും ചെയ്തില്ലെന്ന് മാത്രമല്ല ഇപ്പോൾ എവിടേയ്ക്ക് പോകുന്നുവെന്ന് ചോദിച്ചപ്പോൾ അദ്ദേഹം നേരെ പുറപ്പെട്ടത് വളാഞ്ചേരിയിലേയ്ക്കായിരുന്നു. വിമാനത്താവളത്തിൽ സ്വീകരിക്കാൻ കാത്തിരുന്ന പ്രവാസി മലയാളികൾക്ക് അദ്ദേഹം വളാഞ്ചേരിയിൽ എത്തിയെന്ന വാർത്തയായിരുന്നു കിട്ടിയത്. ഇതൊരു നാണക്കേടല്ലേ? ഒരു പാസ്പോർട്ട് കിട്ടിയില്ലെങ്കിൽ അത് വാങ്ങാനുള്ള മിടുക്ക് കാണിക്കണമായിരുന്നു. അപ്പോൾ പ്രവാസികളുടെ കാര്യത്തിൽ നമുക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെങ്കിലും ഈ നാടകീയതയെങ്കിലും ഒഴിവാക്കേണ്ടതായിരുന്നു. ആകെ സംഭ്രമജനകമായി മന്ത്രി അവിടെ പുറപ്പെടുന്നു, ഇവിടെ പുറപ്പെടുന്നു എന്ന് പറഞ്ഞ വലിയ സീനുണ്ടാക്കിയിട്ട് വല്ല കാര്യവുമുണ്ടോ? അതുപോലെ തന്നെ കുറച്ച് മുമ്പ് എന്റെ സുഹൃത്ത് ശ്രീ. മുരളി പെരുനെല്ലി പറഞ്ഞു, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-ന് വലിയ വിജയമാണുണ്ടായതെന്ന്. നിങ്ങൾ വിജയകാലഘട്ടത്തിലാണ് അതിൽ സംശയമില്ല. അത് സ്വാഭാവികമായ വിജയമാണ്. രണ്ടോ മൂന്നോ സീറ്റ് നിലനിർത്തിയെന്ന് പറയുന്നുണ്ട്. ശ്രീ. വി. കെ. സി. മമ്മത് കോയ അവിടെ ഇരിപ്പുണ്ട്. അദ്ദേഹം ഈ

അസംബ്ലിയിലേയ്ക്ക് വന്നപ്പോൾ കോഴിക്കോട് നഗരസഭാ മേയറായിരുന്നു. അദ്ദേഹം കഴിഞ്ഞതവണ നല്ലൊരു ശതമാനം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. പക്ഷേ ഈയിടെ പുറത്തുവന്ന റിസൽട്ടിൽ 422 വോട്ടിന് ശ്രീ. വി. കെ. സി. മമ്മത് കോയയുടെ സിറ്റിംഗ് സീറ്റ് നഷ്ടപ്പെട്ടുവെന്നതാണ്. Your days are being counted എന്ന് പറയുന്ന രീതിയിൽ ഒരു തിരിച്ച് നോട്ടത്തിന് സമയമായിരിക്കുന്നു. ശ്രീ. വി. കെ. സി. മമ്മത് കോയയുടെ തകരാറ് കൊണ്ട് സംഭവിച്ചതല്ല. മാന്യനായ ഒരു മെമ്പറാണ് അദ്ദേഹം. പക്ഷേ അങ്ങനെയുള്ള ഒരു മാന്യനായ മെമ്പർക്ക് അക്കോമഡേഷൻ കൊടുക്കാത്തതുകൊണ്ടാണോ അതോ അവിടെ പ്രവൃത്തിക്കേണ്ട അദ്ദേഹത്തെ സ്ഥലം മാറ്റി കൊണ്ടുവന്നതിനാണോ എന്തായാലും അവിടെയുള്ള ജനം വളരെ ക്ഷോഭത്തിലാണെന്നതിന്റെ തെളിവാണ്. ഞങ്ങൾ കഴിഞ്ഞ തവണ തോറ്റയിടത്ത് 422 വോട്ടിന് ജയിച്ചു എന്നുപറയുന്നത് ഒരു ചെറിയ കാര്യമാണോ? അതുകൊണ്ട് ഇങ്ങനെയുള്ള തെറ്റുകൾ തിരുത്തുവാൻ നിങ്ങൾ നോക്കണം.

മി. സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം. ഉമ്മർ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവാസി സമൂഹം ബുദ്ധിമുട്ടുകളനുഭവിച്ചപ്പോൾ പാസ്പോർട്ടൊന്നും ഇല്ലാതെ എത്ര മനോഹരമായാണ് അന്നത്തെ പ്രവാസികാര്യ വകുപ്പുമന്ത്രിയായിരുന്ന

ശ്രീ. കെ. സി. ജോസഫ് അതെല്ലാം പരിഹരിച്ചത്? ലിബിയയിലും മറ്റ് വിദേശ രാജ്യങ്ങളിലുമൊക്കെ നടന്ന കാര്യങ്ങൾ മോണിറ്റർ ചെയ്ത് എംബസിയുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രവാസികാര്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജുമായി ബന്ധപ്പെട്ട് പരിഹരിച്ചു. ഞങ്ങൾക്കുള്ള അധികാരത്തിൽ ചെറിയ പരിമിതിയുണ്ടെന്ന് മനസ്സിലാക്കി അതനുസരിച്ച് മാത്രമേ അന്നത്തെ പ്രവാസികാര്യമന്ത്രി പ്രതികരിച്ചുള്ളൂ. പ്രശ്നത്തിലിടപെട്ടു എന്നുമാത്രമല്ല തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുനരധിവസിപ്പിച്ചു, മടങ്ങിവരാനുള്ള ടിക്കറ്റ്, വിമാനത്താവളത്തിൽ നിന്നും പുറപ്പെടാനുള്ള സൗകര്യങ്ങൾ എന്നുവേണ്ട ഓരോ മിനിട്ടിലും മോണിറ്റർ ചെയ്തു ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ ഇരിക്കുന്നുവെന്ന കാര്യം നിങ്ങൾ ഓർക്കുക. അതുകൊണ്ട് പ്രവാസികൾക്ക് വേണ്ടത് രോദനമല്ല അവർക്ക് വേണ്ടത് അവരെ സഹായിക്കുന്ന നടപടികളും നിയമനിർമ്മാണങ്ങളുമാണ്. ഇവിടെപ്പറഞ്ഞ മറ്റൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വിമാനക്കൂലിയെപ്പറ്റി പറഞ്ഞു. അമേരിക്കയിലേക്കും ബ്രിട്ടനിലേക്കും പോകാൻ സീസൺ വരുമ്പോൾ നിരക്ക് കൂട്ടുന്നില്ല. പാവപ്പെട്ട മലയാളികൾ പണിയെടുക്കുന്ന ഗൾഫ് മേഖലയിലേയ്ക്കുള്ള യാത്രാനിരക്ക് ഓണമായാലും ക്രിസ്തുമസ്സായാലും പെരുനാളായാലും ഇരട്ടിയായി വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. എന്തായാലും

മലയാളികൾ നാട്ടിൽവരുമെന്നറിയാം. ആ കൊള്ളയടിക്കെതിരായി അതിശക്തമായി പോരാട്ടം നടത്തിയ മന്ത്രിമാരൊക്കെ ഇവിടെയുള്ളതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി നിങ്ങൾ ചർച്ച ചെയ്യണം. മാത്രമല്ല മുമ്പ് കേന്ദ്ര ഗവൺമെന്റിനെതിരെ വലിയ സമരങ്ങളാണ് നിങ്ങൾ നടത്തിയിരുന്നത്. ഇപ്പോൾ സമരങ്ങളൊന്നും കാണുന്നില്ലല്ലോ? ഭക്ഷ്യ കമ്മി വന്നാലും മറ്റ് പ്രശ്നങ്ങളുണ്ടായാലും കേന്ദ്ര ഗവൺമന്റിനെതിരെ എൽ.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും യാതൊരു സമരപരിപാടികളും കാണുന്നില്ല. എത്രകാലമാണ് കേന്ദ്രത്തിനെതിരായുള്ള സമരങ്ങൾക്ക് നിങ്ങൾ മൊറട്ടോറിയം പ്രഖ്യാപിച്ചതെന്നുകൂടി പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് വളരെ സജീവമായ ചർച്ച ഇന്ന് നിയമസഭയിൽ ഉണ്ടായി. വിവിധ ചോദ്യങ്ങൾ മുമ്പോട്ടുവച്ചു. ഇതിൽ കേന്ദ്രം വളരെ നിർഭാഗ്യകരമായ സമീപനമാണ് എടുത്തിരിക്കുന്നത്. നമുക്ക് ന്യായമായ നിലയിൽ ലഭ്യമാക്കേണ്ട ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. അവർ അതിന് ന്യായം

പറയുന്നത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നത് വൈകുന്നുവെന്നുള്ളതുകൊണ്ടാണ് നമുക്ക് ഭക്ഷ്യധാന്യങ്ങൾ കുറയ്ക്കുന്നത് എന്നാണ്. അതിൽ എ.പി.എൽ.കാർക്ക് എം.എസ്.പി. റേറ്റിലേ നൽകുകയുള്ളൂ അഡീഷണൽ അലോട്ട്മെന്റ് നൽകുകയില്ല തുടങ്ങിയ വാദഗതികളും സമ്മർദ്ദങ്ങളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുകയാണ്. എൻ.എഫ്.എസ്.എ. നടപ്പിലാക്കിയിട്ടുള്ള എല്ലാ സംസ്ഥാനങ്ങളും നമ്മൾ പരിശോധിച്ച് കഴിഞ്ഞാൽ അവിടെ ഈ അഡീഷണൽ അലോട്ട്മെന്റും അതോടൊപ്പം എ.പി.എൽ. അലോട്ട്മെന്റും അവർ നൽകുന്നത് എം.എസ്.പി. റേറ്റിലാണ്. എ. പി.എൽ. റേറ്റിൽ ഒരിടത്തും നൽകുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ നമുക്ക് ലഭ്യമാകുന്ന ഭക്ഷ്യധാന്യമെത്ര? 14.25 ലക്ഷം ടൺ. ഞാൻ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത് "ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ ഭക്ഷ്യധാന്യത്തിൽ കുറവുണ്ടാകും." 2015-16 കാലയളവിൽ നമുക്ക് ലഭിച്ചത് ഏകദേശം 16 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളാണ്. ഇപ്പോൾ ഈ നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ അത് 14.25 ലക്ഷം ടണ്ണായി കുറയാൻ പോകുന്നു. ഈ നിയമം നടപ്പിലാക്കാത്തതുകൊണ്ടാണ് നമുക്ക് റേഷൻ സംവിധാനത്തിൽ ചില

പ്രശ്നങ്ങൾ കടന്നുവരുന്നു എന്ന് പറയുമ്പോൾ നിയമം നടപ്പിലാക്കി കഴിയുമ്പോഴുണ്ടാകുന്ന കുറവ് അതെങ്ങനെ പരിഹരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്? അതുകൊണ്ടാണ് ഞാൻ ചോദ്യോത്തരവേളയിൽ പറഞ്ഞത്, നമ്മുടെ ക്ലെയിം 16.5 ലക്ഷം ടണ്ണാണ്. 16.5 ലക്ഷമെന്ന ക്ലെയിമിൽ യു.ഡി.എഫ്. ഗവൺമെന്റ് ശക്തമായി നിന്നിട്ടുണ്ട്. ആ ക്ലെയിം തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. ഇന്ന് രാവിലെ നിയമസഭയിൽ നൽകിയ മറുപടിയിൽ അദ്ദേഹം പറഞ്ഞത് നിയമം സമയത്ത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ആ ക്ലെയിം നമുക്ക് ചോദിക്കാമായിരുന്നു. ഇനി നമ്മൾ എങ്ങനെ ചോദിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറയുമ്പോൾ നമ്മുടെ ശക്തമായ ക്ലെയിമിന് ഒരു അടി വീഴുന്ന നിലയിലേക്ക് അത് മാറിയിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അത് പിൻവലിക്കേണ്ടതാണെങ്കിൽ അത് പിൻവലിക്കണം. ഗവൺമെന്റ് എന്നത് ഒരു തുടർച്ചയാണ്. പാർട്ടികൾ മാറിമാറി വരും. നമ്മുടെ ക്ലെയിമെന്നത് ശക്തമായി നിൽക്കുന്നു. മന്ത്രി തന്നെ പറയുന്നത് നിയമം സമയത്ത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ആ ക്ലെയിമിൽ നമുക്ക് ഉറച്ച് നിൽക്കാമായിരുന്നു എന്നാണ്. ആ ക്ലെയിമിൽ നിന്ന് പിന്നോട്ട് പോകുന്ന സാഹചര്യം ദയവായി ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവരുത് എന്ന് സൂചിപ്പിക്കാൻ ഞാൻ

ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തും യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത സമീപനമെന്തായിരുന്നു. ഞാൻ അത് നേരത്തെ വ്യക്തമാക്കിയിരുന്നു. നിയമം ഒരു താല്ക്കാലിക ബേസിസിൽ നടപ്പിലാക്കി പോകാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റുമായി നടത്തിയ വിവിധ ചർച്ചകളിലും കത്തിടപാടുകളിലുമൊക്കെ ഞങ്ങൾ മുമ്പോട്ടുവച്ചിരുന്ന ഒരു വിഷയവും അത് തന്നെയായിരുന്നു. ഇത് നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗത്തെ കണ്ടെത്തി ഇതിന്റെ പരാതി പരിഹാര സംവിധാനങ്ങൾ ലഭ്യമാക്കി സ്റ്റേറ്റ് റൂൾസും നടപ്പിലാക്കി എല്ലാ രീതിയിലും നിയമത്തിന്റെ പഴുതുകൾ അടച്ച് പൂർണ്ണമായ ഒരു നിയമം....ഇന്ത്യയിൽ പരിശോധിച്ചു കഴിഞ്ഞാൽ മിക്ക സംസ്ഥാനങ്ങളും നടപ്പിലാക്കിയിട്ടുള്ളത് ഒന്നുകിൽ ഭാഗികമായിട്ടാണ് അല്ലെങ്കിൽ നിലവിലുള്ള അവരുടെ ബി.പി.എൽ. ലിസ്റ്റ് പ്രയോറിട്ടിയാക്കി അവർ നിയമം നടപ്പിലാക്കി. അങ്ങനെ നിയമം നടപ്പിലാക്കാമായിരുന്നുവെങ്കിൽ 2014-ൽ തന്നെ ഈ നിയമം നടപ്പിലാക്കാൻ നമുക്ക് കഴിയും. പക്ഷെ ബഹുമാനപ്പെട്ട എല്ലാ നിയമസഭാ സാമാജികർക്കും അറിവുള്ളതുപോലെ നമ്മുടെ ബി.പി.എൽ. ലിസ്റ്റിൽ അപാകതകളുണ്ട്. ആ ലിസ്റ്റ് മുൻഗണനാ പട്ടികയാക്കി വയ്ക്കുമ്പോൾ ഇത്രയും നാൾ തുടർന്ന് വന്ന ഒരു തെറ്റ് വീണ്ടും ആവർത്തിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട്

അത് വേണ്ട എന്നുള്ളതും അതിൽ ഭേദഗതി കൊണ്ടുവന്ന് നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിച്ചത്. അതിനനുസൃതമായിട്ടായിരുന്നു കഴിഞ്ഞ ഗവൺമെന്റ് അതിന്റെ നടപടികളുമായി മുമ്പോട്ട് പോയതും. സ്വാഭാവികമായും അതിന് സമയമെടുക്കും. യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് ഒന്നും ചെയ്തില്ലായെന്ന നിലയിലുള്ള പരാമർശം തികച്ചും ദൗർഭാഗ്യകരമാണ്. നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്തു എന്ന് ഞാൻ ചോദിച്ചതിന് ഈ ഗവൺമെന്റ് നൽകിയ മറുപടികളുണ്ട്. ഞങ്ങൾ ചെയ്ത കാര്യങ്ങൾ അത് ഞാൻ ഇവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. സജീവമായിത്തന്നെ ഈ നിയമം നടപ്പിലാക്കാനുള്ള നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് സ്വീകരിച്ചിരുന്നു. അത് കൃത്യതയോടെ കൊണ്ടുവരണം. പരാതി പരിഹാര സംവിധാനങ്ങൾ കൊണ്ടുവരണം. രാവിലെ ചോദിച്ച ചോദ്യം അതായിരുന്നു. ഗ്രിവൻസ് റിഡ്രസ്സൽ മെക്കാനിസത്തിൽ 17 തസ്തികകൾ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് രൂപീകരിച്ചു. കൂടുതൽ തസ്തികകൾ കൊണ്ടുവരാൻ പുതിയ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് ഞാൻ ചോദിക്കുകയുണ്ടായി. നമുക്ക് ലഭ്യമായിരിക്കുന്ന ഭക്ഷ്യധാന്യം നിലനിർത്തി മുന്നോട്ട് പോകുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം ഈ നിയമം

നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗക്കാർക്ക് സൗജന്യമായി അരി കൊടുക്കണം. അതിനെക്കുറിച്ചും ചോദ്യോത്തരവേളയിൽ മന്ത്രി പറഞ്ഞത് അത് പരിശോധിക്കുമെന്നാണ്. അത് സംബന്ധിച്ച് പരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കരുതുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി അരി നൽകിയ ഒരു ഗവൺമെന്റാണ്. ആ പദ്ധതി തുടരണം. മുൻഗണനാ വിഭാഗമായി വരുമ്പോൾ അവർക്ക് സൗജന്യമായി അരി നൽകാനുള്ള സാഹചര്യം ഇവിടെയുണ്ടാകണം.

നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ വൈകുന്നത്? ഇപ്പോൾ നെല്ലിന്റെ താങ്ങുവില 14.70 രൂപയായി കേന്ദ്ര സർക്കാർ നിജപ്പെടുത്തി. കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചപ്പോൾ പല ആവർത്തി ഞങ്ങളോട് ഈ ചോദ്യം ചോദിക്കുമായിരുന്നു എന്തുകൊണ്ടാണ് വില വർദ്ധിപ്പിക്കാത്തത് എന്ന്. കേന്ദ്ര സർക്കാർ എപ്പോൾ വർദ്ധിപ്പിച്ചാലും അപ്പോൾ ഞങ്ങളും അതിനനുസരിച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ 3 വർഷം ഞങ്ങൾ ഒന്നും ചെയ്തില്ല എന്നുള്ള പരാമർശങ്ങൾ വീണ്ടും

വരുമ്പോൾ ഒരുകാര്യം ഞാൻ പറയട്ടെ, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഒരു മണി അരിപോലും കേരളത്തിൽ കുറവുണ്ടായിട്ടില്ല. ഇപ്പോൾ മണ്ണെണ്ണ കുറഞ്ഞു. ഭക്ഷ്യഭദ്രതാ നിയമവുമായി എന്തെങ്കിലും ബന്ധമുണ്ടോ മണ്ണെണ്ണയ്ക്ക്? ഒരു ബന്ധവുമില്ല. മണ്ണെണ്ണ ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കാൻ വൈകുന്നുവെന്നുള്ളതുകൊണ്ടാണ് ഇവിടത്തെ റേഷൻ സംവിധാനത്തിൽ പ്രശ്നങ്ങൾ വരുന്നത് എന്ന് പറയുമ്പോൾ എന്തുകൊണ്ട് മണ്ണെണ്ണ കുറഞ്ഞു? എന്തുകൊണ്ടാണ് ഈ ഗവൺമെന്റിന് സ്കൂൾ കുട്ടികൾക്ക് 5 കിലോ അരി സൗജന്യമായി ഇക്കഴിഞ്ഞ ഓണക്കാലത്ത് കൊടുക്കാൻ കഴിയാതിരുന്നത്? അതൊക്കെ ഭക്ഷ്യഭദ്രതാ നിയമം വൈകുന്നുവെന്നുള്ളതുകൊണ്ടാണോ? എവിടെയൊക്കെയോ പാളിച്ചകൾ സംഭവിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അക്കാര്യങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ അതിനെ വൈകാരികമായി ഗവൺമെന്റ് എടുക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്......അങ്ങയുടെ സമയം കഴിഞ്ഞു....

<u>ശ്രീ. അനൂപ് ജേക്കബ്</u>: നിർത്തുകയാണ്.......നമുക്ക് 34000 കിലോ ലിറ്റർ മണ്ണെണ്ണ എൻ.ഡി.എ. ഗവൺമെന്റ് നിർത്തലാക്കി. ഞങ്ങൾ കേന്ദ്രത്തിൽ പോയി ശക്തമായ സമ്മർദ്ദം ചെലുത്തി ആ മണ്ണെണ്ണ വീണ്ടും പുന:സ്ഥാപിച്ചെടുക്കുവാൻ

ഗവൺമെന്റിന് കഴിഞ്ഞു. ഞങ്ങളുടെ കാലത്ത് അരി വിഹിതത്തിലോ മണ്ണെണ്ണ വിഹിതത്തിലോ ഒരു കുറവും വരാൻ അനുവദിച്ചിരുന്നില്ല. ആവശ്യമായ സമയങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തി ഞങ്ങൾ മുമ്പോട്ട് പോയിരുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഗവൺമെന്റിന് മുമ്പോട്ട് പോകാൻ കഴിയണം.

ഇപ്പോൾ റേഷൻ കാർഡുകളുടെ പരാതി സ്വീകരിക്കുന്ന സമയമാണ്. എന്തായാലും പഴയ ബി.പി.എൽ. കാർഡ് മുൻഗണനാ കാർഡാക്കി അടുത്ത മാസം 1-ാം തീയതി മുതൽ നിയമം കൊണ്ടുവരുന്നുവെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ പിന്നീട് റേഷൻ കാർഡുകളിന്മേലുള്ള പരാതികൾക്കുള്ള സമയം ദീർഘിപ്പിച്ചുകൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഈ മാസം 30-ാം തീയതി വരെയേ സമയമുള്ളൂ. അതിന് ആവശ്യമായ സമയം കൊടുക്കണം. നിയമം നിങ്ങൾ പഴയ കാർഡ് വച്ച് നടപ്പിലാക്കുന്നു അതിനാൽ ഇപ്പോഴുള്ള റേഷൻ കാർഡുകൾക്ക് വരുന്ന പരാതികൾ കേൾക്കാനും അത് പരിഹരിക്കാനുമായി ആവശ്യമായ സമയം കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേന്ദ്രത്തിൽ നിന്ന് ഇത് നേടിയെടുക്കുവാൻ ഗവൺമെന്റ് എടുക്കുന്ന ഏത് തീരുമാനങ്ങൾക്കും ശക്തമായ

പിന്തുണ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടാകും. ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. ഭരണ-പ്രതിപക്ഷ ആരോപണ പ്രത്യാരോപണമല്ല വേണ്ടത്. കേന്ദ്രത്തിന്റെ ഈ സമീപനം തെറ്റാണെന്നതും കൂട്ടായ പ്രവർത്തനത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ നേടാനും നിലനിർത്താനും നമുക്ക് സാധിക്കണം. ഗവൺമെന്റ് ഇത്തരത്തിലുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, എക്സൈസ്, തൊഴിൽ, തൊഴിലാളിക്ഷേമം, പ്രവാസിക്ഷേമം, ഭക്ഷ്യം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. എം. ഉമ്മർ സാഹിബും, ശ്രീ. എൽദോസ് കുന്നപ്പിള്ളിയുമൊന്നും സ്ഥലത്തില്ല. ശ്രീ. എം. ഉമ്മർ സാഹിബാണെങ്കിൽ പതിനാലിൽ പത്ത് സീറ്റിൽ എൽ.ഡി.എഫ്. ജയിച്ചതിനെ കാണാതെ കോഴിക്കോട് ഒരു സീറ്റിൽ പരാജയപ്പെട്ടതാണ് വലിയ കാര്യമായി അവതരിപ്പിച്ചത്. യോദ്ധാ എന്ന സിനിമയിൽ എല്ലാ പരാജയങ്ങളും ഏറ്റ് വാങ്ങുമ്പോഴും ജഗതി ശ്രീകുമാർ പറയുന്നതുപോലെ "അടുത്ത പാട്ടുമത്സരത്തിന് കാണാം" എന്നുള്ള അദ്ദേഹത്തിന്റെ പരാമർശം പോലെയാണ് ശ്രീ. ഉമ്മർ സാഹിബിന്റെ വാക്കുകൾ കേട്ടപ്പോൾ എനിക്ക് തോന്നിയത്. എക്സൈസ്

വകുപ്പിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ മദ്യ നയത്തെ പുകഴ്ത്തിയാണ് എന്റെ സുഹൃത്ത് ശ്രീ. റോജി എം. ജോണും ശ്രീ. എൽദോസ് കുന്നപ്പിള്ളിയുമൊക്കെ വല്ലാതെ പ്രസംഗിച്ചത്. അതിൽ അവർ വല്ലാതെ ഊറ്റം കൊള്ളുന്നതും കണ്ടു. ആ നയത്തിന്റെ ആകെ തുകയൊന്ന് നോക്കിയാൽ ഇപ്പോൾ കാണാൻ കഴിയും. ഖജനാവിലേക്ക് എത്തേണ്ട കോടിക്കണക്കിന് രൂപ സ്വന്തം സമ്പാദ്യത്തിലേക്ക് മാറ്റാനാകുമെന്ന് തെളിയിച്ച ഒരു മുൻ എക്സൈസ് വകുപ്പുമന്ത്രി, അതിന്റെ പേരിൽ കണ്ടമാനം വെള്ളം കുടിക്കുന്ന അവസ്ഥയാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ആ മുൻ എക്സൈസ് വകുപ്പുമന്ത്രിക്ക് സ്വാതന്ത്ര്യസമര സേനാനിക്ക് നൽകുന്ന പരിരക്ഷയൊക്കെയാണ് കോൺഗ്രസ്സുകാർ നൽകിക്കൊണ്ടിരിക്കുന്നത്. ഓരോ തവണ വിജിലൻസ് ചോദ്യം ചെയ്യുമ്പോഴും പരിവാരങ്ങളുമായി മൊഴിനൽകാൻ വരുമ്പോൾ രാഷ്ട്രസേവനത്തിനായി അദ്ദേഹം ചെയ്ത സേവനത്തെക്കുറിച്ചാണ് അവർ ഊറ്റം കൊള്ളുന്നത്. ഈ പ്രശ്നത്തിൽ ആദ്യം മുതലേ മൗനം പാലിക്കുകയായിരുന്ന കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ. അദ്ദേഹത്തെക്കൊണ്ട് പേരിനെങ്കിലും ഒരു പ്രതിരോധ പ്രസ്താവന കൊടുപ്പിക്കാൻ കഴിഞ്ഞത് കൂട്ടപ്പീഡിപ്പിക്കലിന് വിധേയമാക്കിയതിന് ശേഷമാണെന്നുള്ളത് വ്യക്തമാണ്. ഇപ്പോൾ നമ്മൾ ബാബുവിനെ

പിന്തുണച്ചില്ലെങ്കിൽ പിന്നെ മുൻമന്ത്രിമാരെ വച്ച് കെ.പി.സി.സി. യോഗം കൂടണമെങ്കിൽ സെൻട്രൽ ജയിലിൽ പോയി കൂടണമെന്ന ഭീഷണി മുഴക്കിയായിരിക്കണം അദ്ദേഹത്തക്കൊണ്ട് ഇത് പറയിപ്പിച്ചതെന്നാണ് എന്റെ വിശ്വാസം. ഉള്ളത് പറയണമല്ലോ, ശ്രീ. ബാബുവിനെ തുടക്കം മുതൽ പിന്തുണയ്ക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി കാണിച്ചിരുന്ന ആത്മാർത്ഥത, അത് പറയാതിരിക്കാൻ പറ്റില്ല. മുഖത്ത് മാത്രമല്ല ശരീരം മുഴുവൻ കണ്ണും കാതുമുള്ള ശ്രീ. ഉമ്മൻ ചാണ്ടി ശ്രീ. ബാബുവിന്റെ ഒരിടപാടും അറിഞ്ഞില്ല എന്നുപറഞ്ഞാൽ ഈ ലോകത്ത് ആരെങ്കിലും വിശ്വസിക്കുമോ? അതുകൊണ്ട് എല്ലാമറിയുന്ന ശ്രീ. ഉമ്മൻ ചാണ്ടി ശ്രീ. ബാബു പത്തുകോടി രൂപ വാങ്ങി എന്ന ആരോപണത്തെച്ചൊല്ലി നൽകിയ രാജിക്കത്ത് പോക്കറ്റിലിട്ട് ശ്രീ. ബാബുവിനെ രക്ഷിക്കാൻ നടത്തിയ നാടകങ്ങൾ രാഷ്ട്രീയ കേരളം കണ്ട് ലജ്ജിച്ച് തലതാഴ്ത്തിയതാണ്. ശ്രീ. ബാബുവിനെ രക്ഷിക്കാൻ നിങ്ങളാരും വന്നില്ലെങ്കിലും ഇവിടെ അദ്ദേഹത്തെ രക്ഷിക്കാൻ വാദിച്ചില്ലെങ്കിലും ശ്രീ. ഉമ്മർ സാഹിബ് കഴിഞ്ഞ ദിവസം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വാദിക്കുന്നത് കേട്ടു....(ബഹളം)..എക്സൈസ് വകുപ്പിന്റെ ചർച്ചയാണ്...കഴിഞ്ഞ നയത്തെക്കുറിച്ച് പറയുമ്പോൾ.....അന്നത്തെ മന്ത്രി..(ബഹളം)..ശ്രീ. ബാബു എന്ന് പറയുന്നില്ല....കഴിഞ്ഞ എക്സൈസ് മന്ത്രിയെന്ന് പറഞ്ഞേക്കാം....പേര്

പറയുന്നില്ല......എത്രയോ പേര് പറഞ്ഞു.. പേര് പറയാൻ.........ഇത് സാധാരണ പറയുന്നതല്ലേ?

മി. സ്പീക്കർ: എന്താണ്.............യെസ്......പ്ലീസ്......പ്ലീസ്...അങ്ങ് സംസാരിക്കു....

ശ്രീ. എ. എം. ആരിഫ്: കഴിഞ്ഞ ദിവസം ഇതേ ചർച്ചയിൽ ശ്രീ. ഉമ്മർ സാഹിബ് ശ്രീ. ബാബുവിന് വേണ്ടി വാദിച്ചല്ലോ.......ഇവരാരും വാദിച്ചില്ലെങ്കിലും അദ്ദേഹം വാദിച്ചു.

മി. സ്പീക്കർ: അങ്ങ് സംസാരിക്കു.....അങ്ങ് സംസാരിക്കു...

ശ്രീ. എ. എം. ആരിഫ്: അദ്ദേഹം വാദിച്ചു. ഒരാളുപോലും അദ്ദഹത്തിന് വേണ്ടി വാദിച്ചില്ലെങ്കിലും ശ്രീ. ഉമ്മർ സാഹിബ് വാദിച്ചു. അദ്ദേഹം ചോദിച്ചതെന്താണ്? ശ്രീ. ബാബുവിന്റെ ഭാര്യയുടെ ലോക്കർ ഒഴിപ്പിക്കലൊക്കെ അന്വേഷിക്കാൻ പോകേണ്ട വല്ല കാര്യവുമുണ്ടോ? വീട്ടിലെ മറ്റ് അംഗങ്ങളുടെ പിന്നാലെ പോലീസ് പോകുന്നത് ശരിയാണോ എന്നൊക്കെ ചോദിച്ചാണ് അദ്ദേഹം ശ്രീ. ബാബുവിന് വേണ്ടി വാദിച്ചത്. അദ്ദേഹം ഒരു വക്കീൽകൂടിയാണ്. നിയമമറിയാവുന്ന ആളാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. പക്ഷെ ഇങ്ങനെ വാദിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. രണ്ട് വർഷം കൂടുമ്പോൾ നമ്മളൊക്കെ ഗവർണ്ണർക്ക് സ്റ്റേറ്റ്മെന്റ്

കൊടുക്കുന്നുണ്ട്. നമ്മുടെ മാത്രമാണോ? ഭാര്യ ഉൾപ്പടെയുള്ള കുടുംബാംഗങ്ങളുടെ കൂടി ചേർത്ത് കൊടുക്കണം. അങ്ങനെ കൊടുക്കണമെന്ന വ്യവസ്ഥ അറിയാമെന്നിരിക്കെ അവിടെ ലോക്കർ ഒഴിപ്പിക്കാൻ പോയ ദൃശ്യങ്ങളെല്ലാം മാധ്യമങ്ങളിൽ കാണിക്കുമ്പോൾ അതെല്ലാം അന്വേഷിക്കുന്നത് ശരിയാണോ എന്നുള്ള മട്ടിലേയ്ക്ക് അദ്ദേഹം പരാമർശിച്ചത് ഒട്ടും ശരിയായില്ല. അദ്ദേഹമെന്തിനാണ് ഇങ്ങനെ വ്യാകുലചിത്തനാകുന്നത്?

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. കെ. സി. ജോസഫ്: അങ്ങ് ചുമതലയേറ്റ് 4 മാസങ്ങൾക്കുള്ളിൽ പെൻഷൻ കൊടുക്കാൻ സാധിച്ചു, നല്ല കാര്യം. അപ്പോൾ ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ ഖജനാവ് കാലിയായിരുന്നില്ല. ആവശ്യമായ ഫണ്ട് ഖജനാവിലുണ്ടായിരുന്നു, എങ്കിലല്ലേ കൊടുക്കാൻ സാധിക്കുകയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർക്കാരിലേയ്ക്ക് മാസാമാസം പണം വരും. അത് ചെലവാക്കാനുള്ള മുൻഗണന നിശ്ചയിച്ചതിൽ പാവങ്ങൾക്ക് മുൻഗണന കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചുവെന്നാണ് പറഞ്ഞത്. നിങ്ങൾ ഒന്നും മിച്ചം വച്ചില്ലെങ്കിലും പെൻഷനുകളാക്കെ കുടിശ്ശികയാണെന്ന് അറിയാമെങ്കിലും അഞ്ചുവർഷം കഴിഞ്ഞല്ലേ ഇനി തെരഞ്ഞെടുപ്പുള്ളൂ, മൂന്നാം വർഷമല്ലേ ലോക്സഭാ

തെരഞ്ഞെടുപ്പ് വരുമ്പോൾ, അന്ന് നോക്കാമെന്ന് തീരുമാനിക്കാതെ പാവങ്ങളുടെ കാര്യം ഇപ്പോൾതന്നെ കൊടുക്കാൻ തീരുമാനിച്ചു. അപ്പോൾ പെൻഷന്റെ പാലം കടന്നു. അതുകഴിഞ്ഞാലോ കിഫ്ബിയെ കൊണ്ടുവരും. ശരിക്കുംപറഞ്ഞാൽ ബഡ്ജറ്റ് സന്തുലിതമായതിനുശേഷം വേണം ഓഫ് ബഡ്ജറ്റ് ബോറോയിംഗ് വേണ്ടത്. ഇവിടെ ബഡ്ജറ്റ് കുളമായി കിടക്കുമ്പോൾ ഇവർക്കെങ്ങനെ വായ്പ, നിക്ഷേപം കൊടുക്കുമെന്ന് പുറത്തുള്ള ഒരു ഇൻവെസ്റ്റർ ചിന്തിക്കും. കേരള സർക്കാരിന്റെ ക്രെഡിറ്റ് റേറ്റിംഗ് - നമ്മൾ ബോണ്ട് ഇറക്കുന്നതാണല്ലോ, കേരള സർക്കാരണല്ലോ കിഫ്ബിയുടെ ഉടമസ്ഥൻ. നമ്മൾ ഒരു റേറ്റിംഗ് കമ്പനിയുടെ മുന്നിൽപോയാൽ അവരാദ്യം നോക്കുക കമ്മി എത്രയെന്നാണ്. അപ്പോൾ അവരുടെ മുമ്പിൽ പോകാൻ സാധിക്കില്ല. സംസ്ഥാന ബഡ്ജറ്റ് സന്തുലിതമാകാനായി മൂന്നുനാലുവർഷമെടുക്കും. അത്രയ്ക്കും കുളമാണ്. അതുവരെ കാത്തുനിൽക്കാൻ നമുക്ക് സാധിക്കില്ല. ഇപ്പോൾതന്നെ നമ്മുടെ റോഡുകളും പാലങ്ങളുമടക്കമുള്ള പശ്ചാത്തലസൗകര്യങ്ങളിൽ നിക്ഷേപം തുടങ്ങിയാലേ അഞ്ചാം വർഷമാകുമ്പോൾ അതൊക്കെ തീർത്ത് ഉദ്ഘാടനം ചെയ്തിട്ട് പോകാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ തവണ 5000 കോടി രൂപയുടേത് നാലാം വർഷമായിപ്പോയി. ഉദ്ഘാടനമൊക്കെ ഇവരാണ് നടത്തിയത്. ഇനി അതുവേണ്ട, ഈ ഭരണത്തിൻകീഴിൽതന്നെ ഇതിന്റെ

ഉദ്ഘാടനം നടക്കും. അതുകൊണ്ട് കിഫ്ബിയുമായി പോകും. അങ്ങനെ മൂന്നാം വർഷമാകുമ്പോഴേക്കും ഈ കമ്മി കുറയ്ക്കാം. ജി.എസ്.ടി. വരുമ്പോൾ അതും നന്നായി പിരിക്കും. അതിനുള്ള മുൻകൈകൾ എടുക്കും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കഴിഞ്ഞ ഗവൺമെന്റ് മാന്ദ്യവിരുദ്ധപാക്കേജ് പ്രഖ്യാപിച്ച് എ.എസ്.ഉം ടി.എസ്.ഉം കൊടുത്ത് പക്ഷേ പലയിടത്തും നോക്കുമ്പോൾ എ.എസ്. കൊടുത്ത റോഡുകളുണ്ടായിരുന്നില്ല. അതെല്ലാം തപ്പിപ്പിടിച്ച് ചെയ്ത് ഞങ്ങളുടെ ഗവൺമെന്റ് അതിനെല്ലാം പേയ്മെന്റും കൊടുത്തു.

ഡോ. ടി. എം. തോമസ് ഐസക്: ഇതു വല്ലതും ഇവിടെ നടക്കുമോ യെന്നുള്ള ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ചോദ്യത്തിന് മറുപടി കൊടുത്തതാണ്. 5000 കോടി രൂപയുടെ നിങ്ങൾ പ്രഖ്യാപിച്ചു. എല്ലാം നടന്നു, പ്രയാസമൊക്കെയുണ്ടായിരുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നേരത്തെ ചോദിച്ച ചോദ്യത്തിന് അങ്ങുതന്നെ വളരെ കൃത്യമായ മറുപടി നൽകിയതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. അന്ന് 5000 കോടി രൂപ കൊടുക്കാൻ എന്തുകൊണ്ടാണ് തന്റേടമുണ്ടായത് ? അന്നത്തെ പ്രവണത വച്ചാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ രണ്ട് വർഷം കഴിഞ്ഞാൽ കേരളം മിച്ച സംസ്ഥാനമാകണം. മൂന്നാം വർഷം ഉറപ്പ്.

മിച്ച സംസ്ഥാനമാകുമെന്ന് പറഞ്ഞാൽ അർത്ഥമെന്താണ് ? വായ്പയെടുക്കുന്നത് മുഴുവൻ ഇൻവെസ്റ്റ്മെന്റായിരിക്കണം. മൂന്നുവർഷം കഴിഞ്ഞ് 15000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് വേണമെങ്കിൽ ഇപ്പോഴേ അതിനുള്ള വർക്കുകൾ ഓർഡർ ചെയ്താൽ മാത്രമേ ബില്ലുമായി ആളുകൾ വരികയുള്ളൂ. അതല്ലെങ്കിൽ ഇങ്ങനെ 10.5 ശതമാനത്തിന് വായ്പയെടുക്കുന്ന പണം, ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളും ചെയ്യുന്നതുപോലെ ട്രഷറിയിൽ നിന്നെടുത്ത് മിച്ചം വരുന്നത് റിസർവ് ബാങ്കിൽ സെക്യൂരിറ്റിയായിടും. സഭ അറിയാൻവേണ്ടി പറയുകയാണ്, സംസ്ഥാന സർക്കാരുകളുടെ 1.5 ലക്ഷം കോടി രൂപയായിരുന്നു അന്ന് ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ സെക്യൂരിറ്റിയായി കിടന്നത്. ഇതൊരിക്കലും കേരളത്തിൽ വരാൻ പാടില്ല. കൃത്യമായ കാഴ്ചപ്പാടുണ്ടായതുകൊണ്ടാണ് അന്ന് 5000 കോടി രൂപ കൊടുത്തത്, ചെയ്യുകയും ചെയ്തു. ഇതുപോലെ തന്നെയാണ് 20000 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളത്. ഉറപ്പായും നടന്നിരിക്കും. അഞ്ചുവർഷം കഴിയുമ്പോൾ കേരളത്തിലെ മുഴുവൻ സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, അദർ ഡിസ്ട്രിക്ട് റോഡുകൾ മുഴുവനും ബി.എം. & ബി.സി. ആയിരിക്കും. ഇവിടത്തെ വ്യവസായ ഇടനാഴി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഏറ്റെടുക്കാൻ പോകുന്ന സ്ഥലങ്ങൾ പറഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് ഇവിടെ ഇരുപതിനായിരം കോടി, അമ്പതിനായിരം കോടി എന്നൊക്കെ വലിയ വലിയ പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ വലിയ സന്തോഷമുണ്ട്. പി.ഡബ്ല്യു.ഡി.ക്ക് കുറച്ച് കാശ് കൊടുത്ത് ഈ റോഡൊന്ന് നന്നാക്കാൻ; മനുഷ്യൻ നടക്കാൻ വയ്യാത്ത സ്ഥിതിയാണ്. അതിന് അങ്ങ് കുറച്ച് പണം കൊടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: കൊടുത്തോളാം. രണ്ടുദിവസം കഴിഞ്ഞാൽ കിഫ്ബിയുടെ ആദ്യത്തെ യോഗം നടക്കുകയാണ്. അതിൽ പാസാക്കാൻ പോകുന്ന നാലായിരം കോടി രൂപയിൽ പകുതി പി.ഡബ്ല്യു.ഡി. യുടേതാണ്. മേജർ ഡിസ്ട്രിക്ട് റോഡുകളും സംസ്ഥാന പാതകളും അദർ ഡിസ്ട്രിക്ട് റോഡുകളും ബി.എം. & ബി.സി. യാക്കാൻ 50000 കോടി രൂപയാണ്. നിങ്ങളുടെ വർത്തമാനത്തിന്റെ ഒരു സ്വാരസ്യം എനിക്ക് മനസ്സിലായി.

ശ്രീ. പി. കെ. ബഷീർ: അങ്ങയുടെ കിഫ്ബി സ്വപ്നങ്ങളൊക്കെ പൂവണിയട്ടെ. എനിക്ക് ചോദിക്കാനുള്ളത് 5 കോടി, 10 കോടി രൂപയുടെ വർക്കുകൾ പൊതുമരാമത്ത് വകുപ്പിൽ അല്ലെങ്കിൽ മറ്റു വകുപ്പുകളിൽ,.. ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ഇടപെടുമ്പോൾ പണമില്ലെന്നുപറയുന്നു. 10 കോടിയ്ക്ക് താഴെയുള്ള പദ്ധതികൾ കിഫ്ബി പരിഗണിക്കുമോ? കിഫ്ബിയിൽ പരിഗണിക്കാൻ വരുന്ന

പദ്ധതികളുടെ പരിധി എത്രയാണെന്ന് അങ്ങ് വ്യക്തമാക്കാമോ?

ശ്രീ. ഹൈബി ഈഡൻ: അതിനോടനുബന്ധിച്ചുതന്നെയാണ് എന്റെ ചോദ്യവും.. എറണാകുളം, അങ്ങേയ്ക്ക് അറിയാവുന്ന സ്ഥലമാണ്. ബാനർജി റോഡിന്റെ ഒരു കിലോമീറ്റർ സ്ട്രെച്ച് ഡ്രെയിനേജ്, അതിന്റെ ഫുട്പാത്തടക്കം ചെയ്യണമെങ്കിൽ ഒന്നു മുതൽ രണ്ടുകോടി രൂപ വരെയാകും. അങ്ങനെയുള്ള വർക്കുകൾക്ക് പി.ഡബ്ല്യു.ഡി.യിൽ പൈസയില്ലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അങ്ങനെയുള്ള ഡ്രെയിനേജ് സിസ്റ്റം നന്നാക്കാനും പ്രധാനപ്പെട്ട മേജർ റോഡുകൾ നവീകരിക്കാനുംവേണ്ടി കിഫ്ബിയുടെ മേജർ വർക്കുകളല്ലാത്തവയ്ക്കുവേണ്ടി പി.ഡബ്ല്യു.ഡി.ക്ക് പൈസ കൊടുക്കുമോ എന്നതാണ് ചോദ്യം. ?

ശ്രീ. എ. പി. അനിൽ കുമാർ: 4000 കോടി രൂപയുടെ എ.എസ്. അടുത്ത യോഗത്തിൽ കൊടുക്കുമെന്നുപറഞ്ഞത് വളരെ സന്തോഷമുള്ള ഒരു കാര്യമാണ്. എനിക്ക് ചോദിക്കാനുള്ളത്, 4000 കോടി രൂപയ്ക്ക് എ.എസ്. കൊടുക്കുന്നത് ബഡ്ജറ്റിനകത്തുനിന്നുള്ള തുക ഉപയോഗിച്ചുകൊണ്ടാണോ? കിഫ്ബിയ്ക്ക് ഇപ്പോൾ ഇൻവെസ്റ്റ്മെന്റ് വല്ലതും വന്നിട്ടുണ്ടോ അതോ പ്രതീക്ഷിച്ചു കൊണ്ടുള്ളതാണോ. ഏത് രീതിയിലാണ് ഈ എ.എസ്. കൊടുക്കാൻ പോകുന്നത്?

ശ്രീ. ടി. വി. ഇബ്രാഹിം: അങ്ങ് പറയുന്നത് മേജർ റോഡുകളുടെ കാര്യമാണ്. അതേസമയം കഴിഞ്ഞ പ്രാവശ്യം ചെറിയ ഗ്രാമീണ റോഡുകൾ മുഴുവൻ വൺ ടൈം സെറ്റിൽമെന്റിന്റെ പേരിൽ പരിഹരിക്കപ്പെട്ടു. ഇപ്പോൾ ആ റോഡുകളെല്ലാം നാശമായിക്കഴിഞ്ഞിട്ടുണ്ട്. അതിന് പി.ഡബ്ല്യു.ഡി.ക്ക് പ്രത്യേക ഫണ്ട് കൊടുക്കുമോ എന്നാണ് ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: നിങ്ങൾ മറന്നുപോകുന്ന കാര്യം, ഇവിടെ ഒരു ബഡ്ജറ്റുണ്ട്. ബഡ്ജറ്റിന് പകരമല്ല കിഫ്ബി. ബഡ്ജറ്റിന് പുറത്ത് അധികം അഡീഷണാലിറ്റിയാണ് കിഫ്ബി. ഇവിടെ അപ്പുറത്തിരിക്കുന്നവർ പാസ്സാക്കിക്കൊണ്ടുപോയ ഒരു ബഡ്ജറ്റിനോട് കൂട്ടിച്ചേർക്കലുകൾ മാത്രമേ ചെയ്തിട്ടുള്ളൂ. വല്ലതും കുറച്ചിട്ടുണ്ടെങ്കിൽ ആരെങ്കിലും പറയണം. നിങ്ങൾ അവതരിപ്പിച്ച ബഡ്ജറ്റിൽനിന്നും പി.ഡബ്ല്യു.ഡി.യിൽ നിന്ന് എന്തെങ്കിലും എടുത്തു മാറ്റിയിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: ഇക്കാര്യത്തിൽ ഒരു ക്ലാരിറ്റി വേണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: ക്ലാരിറ്റിയാണ് പറയുന്നത്. ഇവിടെ ഒരു ബഡ്ജറ്റുണ്ട്. ആ ബഡ്ജറ്റ് നിങ്ങൾ തയ്യാറാക്കിയതാണ്. അതിനോടൊപ്പം 800 കോടി രൂപയുടെ......, സപ്ലിമെന്ററി ഇന്നലെ തന്നിട്ടുണ്ട്. അഡീഷണൽ ചെലവ്

കൂട്ടിച്ചേർക്കുകയല്ലാതെ ഒരു പൈസപോലും എടുത്തുമാറ്റിയിട്ടില്ല. ബഡ്ജറ്റ് പ്രകാരം പണം ആർക്കൊക്കെയാണോ കൊടുക്കേണ്ടത്, അതൊക്കെ കൊടുക്കും. അതിലെന്ത് സംശയമാണുള്ളത്.

4000 കോടി രൂപയുടേത് പാസ്സാക്കുന്നതുസംബന്ധിച്ച്, കിഫ്ബിയാണോ സംസ്ഥാന സർക്കാരിന്റെ പ്രോജക്ടുകൾ പാസ്സാക്കുന്നത്? അതിന് അതിന്റെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ പ്രകാരമുള്ള നടപടിക്രമങ്ങൾ, നിങ്ങൾ ഭരിച്ചിരുന്നപ്പോൾ എന്തൊക്കെയുണ്ടായിരുന്നോ അതുപോലെതന്നെ. കിഫ്ബി ഒരു പുതിയ ധനകാര്യ സ്ഥാപനമാണ്. കൊച്ചി മെട്രോ റെയിൽവേയ്ക്കായി ഡി.എം.ആർ.സി.ക്ക് നിങ്ങൾ പണം കൊടുത്തു. നിങ്ങളുടെ നിയമപ്രകാര മാണോ അത് ടെണ്ടർ വിളിച്ചുകൊടുക്കുന്നത് ? അവരുണ്ടാക്കിയ പ്രൊസീഡ്യുവർ പ്രകാരമാണ്. ഇതുപോലെ കിഫ്ബി ഒരു ധനകാര്യ സ്ഥാപനമാണ്. ആ ധനകാര്യ സ്ഥാപനം എങ്ങനെയാണ് പ്രോജക്ടുകൾക്ക് പണം നൽകുക എന്നതിനുള്ള ചട്ടങ്ങളുണ്ടാക്കിയിട്ട് അതനുസരിച്ച് കൊടുക്കും.

ശ്രീ സണ്ണി ജോസഫ് : സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞത്, ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന വികസന പ്രവർത്തനങ്ങളൊന്നും കുറയാതെ, അഡീഷണലായി കുറച്ച് വർക്കുകൂടി പുതിയ

ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞുവെന്നാണ്. ഇതിലൊരു വ്യത്യാസം, കഴിഞ്ഞ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തിൽ പുതിയ താലൂക്കുകളിൽ സ്ഥലമുള്ളതും എന്നാൽ താലൂക്കിന് ആസ്ഥാന മന്ദിരങ്ങൾ ഇല്ലാത്തതുമായ എല്ലാ താലൂക്കുകൾക്കും കെട്ടിടം പണിയുന്നതിനുവേണ്ടി 25 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പുതിയ പ്രസംഗത്തിൽ ചില പ്രത്യേക താലൂക്കുകൾക്ക് മാത്രമാണ്. നിലവിൽ കെട്ടിടമുള്ളതും എന്നാൽ....

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, കാര്യം മനസ്സിലായി. 25 കോടി രൂപ ബഡ്ജറ്റ് അക്കൗണ്ട് ഹെഡ്ഡിൽ ഉണ്ടായിരുന്നത് ഒരു പൈസയും കുറച്ചിട്ടില്ല. എന്നാൽ പ്രസംഗത്തിൽ എല്ലാ താലൂക്കിലും കെട്ടിടം പണിയും.... ആശുപത്രികൾ പറഞ്ഞു, എത്ര താലൂക്ക് ആശുപത്രിയാണുള്ളത് ? ഇന്ന് രാവിലെ ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നത് കേട്ടു. ഫിനാൻസ് വകുപ്പ് കണ്ടിട്ടുണ്ടോ? ഓരോരുത്തർക്കും തോന്നുന്ന രീതിയിൽ ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രിയെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നിട്ട് അതിന് പണമുണ്ടോയെന്ന് ചോദിച്ചുകഴിഞ്ഞാൽ....

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഡ്ജറ്റിൽ പറഞ്ഞ വർക്കുകൾ അത് പ്രകാരം നടക്കുമെന്നാണ് പറഞ്ഞത്. ശ്രീ. ഉമ്മൻ ചാണ്ടി അവസാനം അവതരിപ്പിച്ച

ബഡ്ജറ്റിലെ പണമുള്ള വർക്കിനെ സംബന്ധിച്ച് ഇതുവരെ യാതൊരു നടപടികളും നീങ്ങിയിട്ടില്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ, ഇവിടെ ചർച്ചയിൽ പങ്കെടുത്തതിനെ ത്തുടർന്ന് ഞങ്ങൾ രണ്ട് വർക്കുകൾ പറഞ്ഞിരുന്നു. അത് മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. പക്ഷെ, ഇതുവരെ അതിനെക്കുറിച്ച് ഡി.പി.ആർ. ചോദിക്കുകയോ അതുമായി ബന്ധപ്പെട്ട് ഒരു നടപടിയോ നടന്നിട്ടില്ല. ഈ രണ്ട് കാര്യത്തിൽ വ്യക്തത വേണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, മേജർ പ്രോജക്ടുകളെല്ലാം സ്വാഗതാർഹമാണ്. അത് മുന്നോട്ടുനടക്കുന്ന കാര്യങ്ങളാണ്. ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെ പി.ഡബ്ല്യൂ.ഡി.യിൽ കൊടുത്തിരിക്കുന്ന അലോട്ട്മെന്റ് പാച്ച് വർക്കിന് മാത്രമാണ്. നല്ല റോഡുകളെല്ലാം ബി.എം.ആന്റ് ബി.സി. നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നുവെന്നുള്ള അങ്ങയുടെ നിലപാട് സ്വാഗതാർഹമാണ്. പക്ഷെ, അതിന് വളരെ സമയമെടുക്കും. ഇപ്പോൾ നമ്മുടെ സീസൺ പ്രയോജനപ്പെടുത്തി റീടാറിംഗ് വർക്കുകൾക്ക് സാംങ്ഷൻ കൊടുത്തില്ലെങ്കിൽ കേരളം ഒട്ടാകെ റോഡുകൾ തകരുന്ന സ്ഥിതി വരും. അങ്ങ്, അത് പരിഗണിച്ച് റോഡ് റീ ടാറിംഗ് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രയോറിറ്റി കൊടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിങ്ങൾ പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ ആയിരുന്ന സമയത്ത് എങ്ങനെയാണ് വർക്കുകൾ കൊടുത്തിരുന്നത് അതുപോലെ തന്നെയാണ് ഇന്നും കൊടുക്കുന്നത്. റൂൾസ് ഓഫ് പ്രൊസീഡ്യുവറൊന്നും മാറിയിട്ടില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ, എ. പി. അനിൽകുമാർ, വളരെ കൃത്യമായ സൂക്ഷ്മതയുള്ള ചോദ്യം ചോദിച്ചു. ഈ നാലായിരം കോടി രൂപ കിഫ്ബിയിലാണോ; ബഡ്ജറ്റിന്റെ വിഹിതമാണോ; പ്രതീക്ഷിക്കുന്നതാണോ; ഇക്കാര്യം അത് വ്യക്തമാക്കണം.

മി. സ്പീക്കർ : നിങ്ങൾ ഉദ്ദേശിക്കുന്ന മറുപടി തന്നെ മന്ത്രി പറയണമെന്ന് നിർബന്ധിക്കാൻ പറ്റുമോ; മന്ത്രി ഒരു മറുപടി പറഞ്ഞു കഴിഞ്ഞില്ലേ ? നിങ്ങൾ ഉദ്ദേശിക്കുന്ന മറുപടി പറഞ്ഞിട്ടേ ഈ ചർച്ച അവസാനിപ്പിക്കുവെന്നുപറഞ്ഞാൽ എന്താണിത്. അങ്ങ് സംസാരിച്ച് അവസാനിപ്പിക്കണം. ഇനി ഒരു പ്രമേയം എടുക്കാനുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. പി. ടി.തോമസ് ഇങ്ങനെ ചോദിക്കുമെന്ന് കരുതിയില്ല. സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രൊസീഡ്യുവറില്ലേ; അതുപ്രകാരമല്ലേ ചെയ്യാൻ പറ്റൂ. കിഫ്ബിയുടെ ഡയറക്ടർ

ബോർഡ് ചേർന്നാൽ ബഡ്ജറ്റിലെ കാര്യമല്ല ചർച്ച ചെയ്യുന്നത്, മറിച്ച് ബഡ്ജറ്റിന് പുറത്ത് പ്രഖ്യാപിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മാത്രമാണ്. അക്കാര്യത്തിൽ സംശയം എന്താണ്? കമ്മി നികത്താനുള്ള പരിപാടിയില്ല, സാമ്പത്തിക കുഴപ്പം മൂർച്ഛിക്കാൻ പോവുകയാണ് തുടങ്ങിയ കാര്യങ്ങളാണ് പ്രതിപക്ഷ നേതാവ് ഉയർത്തിയത്. നമ്മൾ നികുതി പിരിവിലേയ്ക്ക് കടന്നപ്പോഴാണ് കഴിഞ്ഞ നാല് വർഷത്തിനിടയിൽ എത്രമാത്രം കുത്തഴിഞ്ഞുപോയതെന്ന് മനസ്സിലായത്. 12 ടാക്സസ് കമ്മീഷണർമാരുണ്ട്. അസസിംഗ് ഓഫീസർമാരെ നോക്കി. ശരാശരി ആറ് മാസം മാത്രമാണ് ഒരു അസസിംഗ് ഓഫീസർ ഒരു പോസ്റ്റിൽ ഇരുന്നിട്ടുള്ളത്. ഇതിന്റെ പ്രത്യേകത മനസ്സിലാക്കണമെങ്കിൽ, ജൂലൈ മാസത്തിൽ രണ്ട് ശതമാനം നികുതി മാത്രമേ വർദ്ധിച്ചിട്ടുള്ളൂവെന്ന് പറഞ്ഞു. അത് ശരിയാണ്. കഴിഞ്ഞ വർഷവും അങ്ങനെതന്നെ. ജൂലൈ മാസത്തിലാണ് ജനറൽ ട്രാൻസ്ഫർ വരുന്നത്. അന്ന് പിരിവ് നടക്കില്ല. ആറ് മാസം കൂടുമ്പോൾ ആൾക്കാരെ മുഴുവൻ മാറ്റിക്കൊണ്ടിരുന്നാൽ എങ്ങനെയാണ് നികുതി പിരിക്കാൻ കഴിയുന്നത്. ഇതിന്റെ ഫലമായി വന്ന കീഴ്വഴക്കങ്ങൾ..... മുഴുവൻ ഞാൻ പറയുന്നില്ല. അതുകൊണ്ട് ചെറിയ ഓപ്പറേഷനൊന്നും പോരാ. താഴെപ്പറയുന്ന നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്. എണ്ണിപ്പറഞ്ഞ് പോവുകയാണ് അതൊന്നും വിവരിക്കുന്നില്ല. അപ്പീൽ

കേസുകൾ മുഴുവൻ ഏകദേശ ഒന്നര വർഷം കൊണ്ട് തീർക്കണം. നാലായിരം കോടി രൂപ കെട്ടിക്കിടക്കുന്നുണ്ട്. നാല് പുതിയ അപ്പീൽ ഡി.സി.മാരുടെ പോസ്റ്റ് സൃഷ്ടിച്ച് അതിന്റെ കീഴിൽ പ്രവർത്തനം നടത്താൻ പോവുകയാണ്. ഏതാണ്ട് 2000 കോടി രൂപയുടെ കേസ്സുകൾ ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്നുണ്ട്. ആ കേസ്സുകൾ എത്രയുംപെട്ടെന്ന് തീർക്കാനായി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചുകൊണ്ട് പുതിയ ടാക്സ് ബെഞ്ച് സ്ഥാപിക്കുകയാണ്. ഹൈക്കോടതിയിൽ ഏതാണ്ട് 100 കോടി രൂപയുടെ നികുതി കേസ്സുകൾ... കഴിഞ്ഞ ഭരണത്തിന്റെ അവസാന കാലത്ത് അഞ്ച് വർഷം കവിഞ്ഞ് ടൈംബാറായതുമുഴുവനും ഇനി പിരിക്കാൻ പാടില്ലെന്ന് പറഞ്ഞു. അതുകൊണ്ട് എല്ലാം നിർത്തി ടൈംബാറാകാൻ പോകുന്ന മുഴുവൻ കേസ്സുകൾക്കും നോട്ടീസ് അയയ്ക്കാൻ പോവുകയാണ്. കമ്പ്യൂട്ടറൈസേഷൻ- അതിന്റെ സോഫ്റ്റ്‌വെയർ രണ്ട് മാസത്തിനുള്ളിൽ പൂർണ്ണമായും പ്രവർത്തനത്തിലാകും, സ്ക്രൂട്ടിനി പൂർത്തിയാകും. അഴിമതിരഹിത വാളയാർ, മഞ്ചേശ്വരം തുടങ്ങിയവ അടുത്ത മാസം പ്രവർത്തനം ആരംഭിക്കും. പുതിയ ബിൽ നിയമം അടുത്ത ധനകാര്യ വർഷത്തിൽ ആരംഭിക്കും. ഇത്തരത്തിലുള്ള ഒരു കൃത്യമായ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. അതിലുപരി അടുത്ത മാസം മുതൽ മിഷൻ എറണാകുളം എന്നുപറഞ്ഞ് പ്രത്യേക പദ്ധതി ആരംഭിക്കുകയണ്. എറണാകുളത്തുനിന്നാണ് 70 ശതമാനം നികുതിയും വരുന്നത്.

അവിടെ രണ്ട് ശതമാനം വർദ്ധനവേയുള്ളൂ. പിന്നെ കാര്യം നേരെയാകുമോ? അതുകൊണ്ട് എറണാകുളത്ത് പോയി താമസിച്ച് നികുതി കൂടുമോ ഇല്ലയോയെന്നുള്ളത് നോക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ശ്രീ. മോൻസ് ജോസഫ് ജി.എസ്.ടി.യെക്കുറിച്ച് ചോദിച്ചിരുന്നു. ഈ സമയത്ത് ഞാൻ പ്രതികരിക്കാൻ നിൽക്കുന്നില്ല. അങ്ങ് ചോദിച്ചത് പ്രധാനപ്പെട്ട ചോദ്യം തന്നെയാണ്. ഇപ്പോൾ അതുസംബന്ധിച്ച് പ്രസംഗിക്കാൻ നിന്നാൽ സഭ നീണ്ടുപോകും. അവസാനമായി ഡോ. എൻ. ജയരാജന്റെ പ്രധാനപ്പെട്ട ഒരുപാട് നിരീക്ഷണങ്ങളുണ്ടായിരുന്നു. ധനവിനിയോഗ ബില്ലാണ്, എങ്ങനെ വിനിയോഗം നടത്തണമെന്നതിനെക്കുറിച്ചുള്ള അടിസ്ഥാന പോരായ്മകൾ ഡോ. എൻ. ജയരാജ് ചൂണ്ടിക്കാണിച്ചിരുന്നു. ലാസ്റ്റ് ക്വാർട്ടറിലേയ്ക്ക് ചെലവുകളെല്ലാം വരുന്നത്. അൺ റിയലിസ്റ്റിക് എസ്റ്റിമേറ്റുകൾ, ബഡ്ജറ്റിന്റെ ഇന്റഗ്രിറ്റി ഇതൊക്കെ ശരിയാണ്. അതൊക്കെ തിരുത്താൻ ശ്രമിക്കാം. ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ നേരത്തേ സംസാരിക്കുമ്പോൾ ചില കാര്യങ്ങൾ ഉയർന്നുവന്നതുകൊണ്ടാണ് ഞാൻ ഇടപെട്ട് സംസാരിക്കുന്നത്. അല്ലെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

സംസാരിച്ചതോടെ അവസാനിക്കേണ്ടതേയുള്ളൂ. പ്രതിപക്ഷ നേതാവാണെങ്കിൽ ചില കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കണമെന്നും പറഞ്ഞു. ഏറ്റവും വലിയ പ്രത്യേകത തോന്നിയത്, രാജ്യത്ത് വർഗ്ഗീയതക്കെതിരെ ശക്തമായി പോരാടുന്നത് കോൺഗ്രസ്സാണെന്നാണ്. ബഹുമാന്യനായ ഒ. രാജഗോപാൽ ഇവിടെ ഇല്ലാത്തതുകൊണ്ട് അങ്ങനെ പറയുന്നതിൽ വലിയ തെറ്റില്ലായെന്നാണ് തോന്നുന്നത്. ശ്രീ. ഒ. രാജഗോപാൽ ഇവിടെ വരാൻ ഇടയായത് എങ്ങനെയാണ്? കോൺഗ്രസ്സിന്റെ ശക്തമായ മണ്ഡലത്തിൽ കോൺഗ്രസ്സിന് കെട്ടിവച്ച കാശ് നഷ്ടപ്പെടുകയാണുണ്ടായത്. അത് വർഗ്ഗീയതക്കെതിരെയുള്ള ഉറച്ച നിലപാടിന്റെ ഭാഗമായിട്ടായിരിക്കും. ഞാൻ കൂടുതൽ ഉദാഹരണങ്ങളിലേയ്ക്കൊന്നും ഇപ്പോൾ പോകുന്നില്ല. ഓരോ സ്ഥലത്തും ആളിങ്ങനെ മാറിമാറി പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് അങ്ങ് ചിന്തിക്കണം. അങ്ങ് ചിന്തിച്ചതുകൊണ്ടുമാത്രം കാര്യമുണ്ടോയെന്ന് അറിയില്ല. മറ്റുള്ളവരെല്ലാവരും കൂടി ചിന്തിക്കണ്ടേ; വർഗ്ഗീയതക്കെതിരെ ഉറച്ചതും വിട്ടുവീഴ്ചയില്ലാത്തതുമായ നിലപാട് എടുക്കാൻ തയ്യാറാകണം. വർഗ്ഗീയതക്കെതിരെ സമരസപ്പെട്ട് പോവുകയെന്ന നിലപാട് എടുക്കുമ്പോൾ, വർഗ്ഗീയതയും ഞങ്ങൾ വർഗ്ഗീയതമല്ലായെന്ന് പറയുന്നവരും തമ്മിൽ വലിയ വ്യത്യാസമുണ്ടാകില്ല. അതാണ്

സംഭവിക്കുന്നതെന്ന് കാണണം. ഇവിടെ ഉന്നയിച്ച മറ്റൊരു കാര്യം, യു.എ.പി.എ. ഉപയോഗിച്ചത് സംബന്ധിച്ചാണ്. യു.എ.പി.എ. ഉപയോഗിക്കുക എന്നത് ഇപ്പോഴത്തെ സംസ്ഥാന ഗവൺമെന്റിന്റെ നയമല്ല. എന്നാൽ ഇവിടെ ചില കേസുകൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് എൻ.ഐ.എ. കേസെടുക്കാൻ ഇടയാകുന്നുണ്ട്. എൻ.ഐ.എ. എടുക്കുന്ന കേസിൽ ഐ.എസ്. ബന്ധവും മറ്റും വരുമ്പോൾ സ്വാഭാവികമായും അതിൽ യു.എ.പി.എ. വരുന്നുണ്ട്. രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് ഹർഷിദ് ഖുറേഷി, റിസ്വാൻഖാൻ എന്നിവരുടെ പേരിൽ ഐ.എസ്. ബന്ധവുംകൂടിയുണ്ടായിരുന്നു. നിരോധിച്ച സംഘടനകൾ പ്രവർത്തിക്കുമ്പോൾ അതിന് കേസ് വന്നാൽ അതിൽ യു.എ.പി.എ. ചുമത്തണമെന്നാണ് വ്യവസ്ഥ. അതിന്റെ ഭാഗമായിട്ടാണ് യു.എ.പി.എ വരുന്നത്. കാസർഗോഡ്, യാസിൻ മുഹമ്മദ് എന്ന 29 വയസ്സുള്ള ബീഹാറുകാരിയെ ഡൽഹി എയർപോർട്ടിൽനിന്നും കേരള പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മൻസിത് അലിയാർ, അബു ബഷീർ, മാലിക് മുഹമ്മദ്, സഫ്‌വാൻ, ജെറുസഫ്. എം. കെ., സുബഹാനി തുടങ്ങി ഏഴുപേരെ കനകമലയിൽനിന്ന് എൻ.ഐ.എ. അറസ്റ്റ് ചെയ്തതാണ്. അതിലും ഈ

പറയുന്ന വകുപ്പുകൾ ചേർത്തിട്ടുണ്ട്. അതൊക്കെ എൻ.ഐ.എ.യുടെ പരിപാടികളായിട്ടാണ് വരുന്നത്.

പീസ് ഇന്റർനാഷണലിൽ പഠിച്ച ചിലർ ഐ.എസ്.ൽ ചേരുന്ന അവസ്ഥയുണ്ടായി. ഇതിന്റെ പേരിൽ ഒരു കേസ് നിലനിൽക്കുന്നുണ്ട്. അതിൽ കേസ് എടുത്തപ്പോൾ സ്വാഭാവികമായും യു.എ.പി.എ. ചേർക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി എൻ.ഐ.എ.ക്ക് കേസ് കൈമാറിയിരിക്കുകയാണ്. ഭീകര സംഘടനകളായി കേന്ദ്ര ഗവൺമെന്റ് നോട്ടിഫൈ ചെയ്ത സംഘടനകളിൽ ആര് ചേർന്നാലും അവർക്കെതിരെ യു.എ.പി.എ. പ്രകാരം കേസ് എടുക്കണമെന്നതാണ് നിയമ വ്യവസ്ഥ. അങ്ങനെയാണ് യു.എ.പി.എ. വന്നിട്ടുള്ളത്. സംസ്ഥാന ഗവണ്മെന്റ് ഇവിടെ ഏതെങ്കിലും കേസ് എടുക്കുമ്പോൾ ഐ.പി.സി. വകുപ്പുകൾ അനുസരിച്ചുള്ള കേസുകൾ മാത്രമെ എടുക്കുന്നുള്ളൂ.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇതൊക്കെ യു.എ.പി.എ. ചുമത്തി എൻ.ഐ.എ. അന്വേഷിക്കുന്ന കേസുകളാണ്. ഒരു പ്രസംഗത്തിനെതിരെ കേരള പോലീസ് ഒരു കേസ് എടുത്തിട്ടുണ്ട്. അതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അത് ഞാൻ അങ്ങയ്ക്ക് എഴുതിത്തരാം.

ശ്രീ. പിണറായി വിജയൻ: സർ, സർക്കാരിന്റെ നിലപാട് ഞാൻ വ്യക്തമാക്കി. അതിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് ഗൗരവമായി പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അദ്ദേഹം അത് എഴുതിത്തരുമ്പോൾ അതെന്താണെന്നുള്ളത് പരിശോധിക്കാം. കേരള പോലീസിൽ തമ്മിലടിയാണെന്ന് ഈ ഗവൺമെന്റ് വരുന്നതിനുമുമ്പുവരെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്ത ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. പോലീസിന്റെ കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. പോലീസ് തലപ്പത്ത് അങ്ങനെയുള്ള യാതൊരു തമ്മിലടിയും നടക്കുന്നില്ല. നല്ല കൂട്ടായിട്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഒരു പ്രശ്നങ്ങളും അവിടെ നിലനിൽക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വിദഗ്ദ്ധനാണെന്ന് പ്രതിപക്ഷ നേതാവ് സമ്മതിച്ചതിൽ സന്തോഷമുണ്ട്. അദ്ദേഹം നമ്മുടെ കൂട്ടത്തിലുള്ള നല്ലൊരു ധനകാര്യ വിദഗ്ദ്ധൻ തന്നെയാണ്. പക്ഷേ അതുവച്ച് ഗീതാ ഗോപിനാഥിനെ ചെറുതാക്കാൻ നോക്കേണ്ട. ഡോ. ടി. എം. തോമസ് ഐസക്കും ഗീതാ ഗോപിനാഥും രണ്ടും രണ്ടാണെന്നതന്നെ

കാണണം. അത് ആ തരത്തിൽതന്നെ കാണണം. അത് അങ്ങനെതന്നെ കാണേണ്ടതായിട്ടുണ്ട്. കണ്ണൂരിൽക്കൂടി നടക്കുന്ന ഒരു സ്ത്രീയെ ഇവിടെ അഡ്വൈസറാക്കി എന്ന മട്ടിലാണ് അദ്ദേഹം പരാമർശിച്ചത്. ഡോ. ടി. എം. തോമസ് ഐസക്-നെ പോലെയുള്ള ഒരാളുള്ളപ്പോൾ എന്തിനാണ് ഗീതാ ഗോപിനാഥിനെ കൊണ്ടുവന്നതെന്നാണ് ചോദിച്ചത്. ഉപദേശം തരാൻ വേണ്ടിയാണ് അവരെ നിയമിച്ചത്. ഉപദേശം കിട്ടിയാൽ അങ്ങ് പറഞ്ഞ സാമ്പത്തിക വിദഗ്ദ്ധൻ ഡോ. ടി. എം. തോമസ് ഐസക് അടക്കമുള്ളവർ ആലോചിച്ചിട്ടാണ് അത് വേണോ വേണ്ടേയെന്ന് നോക്കുന്നത്. സാമ്പത്തിക വിദഗ്ദ്ധരല്ലെങ്കിലും നാടിന്റെ കാര്യത്തിൽ എന്ത് ചെയ്യണമെന്ന് ഞങ്ങൾക്ക് എല്ലാവർക്കും ധാരണയുണ്ട്. അതിന് വലിയ സാമ്പത്തിക വൈദഗ്ദ്ധ്യമൊന്നും ആവശ്യമില്ല. എന്നാൽ സാമ്പത്തിക വൈദഗ്ദ്ധ്യമുള്ളവർ പറയുമ്പോൾ അത് നല്ല കാര്യമാണ്. അവരുടെ വൈദഗ്ദ്ധ്യവുംകൂടി ചേർത്തുപറയുമ്പോൾ എന്താണ് നമുക്ക് സ്വീകരിക്കാവുന്നതെന്ന് നോക്കാൻ കഴിയും.

അവർ ഹാർവാർഡിൽ അല്ലേ എന്ന് ഇവിടെ ആരോ പറഞ്ഞു. അവർ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ തന്നെയാണ്. ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ 2005 മുതൽ 2009 വരെ അസിസ്റ്റന്റ് പ്രൊഫസറായി

ഉണ്ടായിരുന്നു. 2009 മുതൽ 2010 വരെ അസോസിയേറ്റ് പ്രൊഫസറായി. ഇതെല്ലാം എക്കണോമിക്സിലാണ്. പ്രൊഫസർ ഓഫ് എക്കണോമിക്സിൽ 2010 മുതൽ 2015 വരെയായി. 2015 മുതൽ ഇതുവരെ John Zwaanstra Professor of International Studies and Economics. ഇതാണ് അവരുടെ തസ്തികകൾ. അവരെക്കുറിച്ചുള്ള സംശയങ്ങൾ അവരോടുതന്നെ ചോദിച്ചാൽ മതി. ഡോ. ടി.എം. തോമസ് ഐസകിനെപ്പോലെ ഒരു വിദഗ്ദനുള്ളപ്പോൾ എന്തിനാണ് ഇവരെ നിയമിച്ചതെന്ന് പ്രതിപക്ഷനേതാവ് ചോദിച്ചതുകൊണ്ടാണ് ഞാൻ ഇതൊക്കെ വ്യക്തമാക്കിയത്. ഇത് രണ്ടും രണ്ട് തന്നെയാണെന്ന് കാണാതിരിക്കേണ്ടതില്ല.

ആരോപണത്തെക്കുറിച്ച് വിജിലൻസ് അന്വേഷിക്കുമോയെന്ന് ഇവിടെ ചോദിച്ചു. കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോപണങ്ങളുടെ പെരുമഴയാണെന്ന് ഞാൻ പുറത്തുനിന്ന് കേട്ടിരുന്നു. അന്നത്തെ ഒരു കേസും വിജിലൻസിന് വിടുന്നു എന്ന് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞതായി കേട്ടിട്ടില്ല. അങ്ങനെയൊരു രീതി കണ്ടിട്ടില്ല. ഇവിടെ ബഹുമാന്യനായ വി. ഡി. സതീശനും ബഹുമാന്യയായ വകുപ്പുമന്ത്രിയും തമ്മിൽ പറഞ്ഞുവന്നപ്പോൾ അവസാനം ഡോളറും രൂപയും തമ്മിലുള്ള പ്രശ്നത്തിലാണ് എത്തിയത്.

ഡോളറും രൂപയും തമ്മിലുള്ള പ്രശ്നം നോക്കിയാൽ തീരുന്നതേയുള്ളൂ. രൂപയിലാണ് വാങ്ങിയതെന്നുള്ളത് അവർ പറഞ്ഞ കാര്യമാണ്. ലോക്കൽ പർച്ചേയ്സ് ആകുമ്പോൾ സ്വാഭാവികമായും അങ്ങനെയാണല്ലോ വരിക. അതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണത്തിന്റെയും ആവശ്യം വരുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനും മന്ത്രിയും തമ്മിലുള്ള തർക്കം ഡോളറും രൂപയും തമ്മിലുള്ള തർക്കമല്ല. കുറഞ്ഞ വിലയ്ക്ക് കൊടുത്തപ്പോൾ അത് റിജക്ട് ചെയ്തിട്ട് പത്ത് ദിവസം കഴിഞ്ഞപ്പോൾ കൂടിയ വിലയ്ക്ക് വാങ്ങിയതാണ്. ഡോളറിൽ അല്ലാ വാങ്ങിയതെന്ന് പറഞ്ഞു. 22.07.2016-ലെ ഗവൺമെന്റ് ഓർഡറിൽ പറഞ്ഞിരിക്കുന്നത് **...**...Ivory Coast and the procurement price quoted by them was also USD 1689 MT for 47 lbs out turn' എന്നാണ്. ഗവൺമെന്റ് ഓർഡറിൽ ഡോളറിലാണ് ക്വാട്ട് ചെയ്തിരിക്കുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ട് മന്ത്രി എന്നെ പരിഹസിക്കുന്നതിനുവേണ്ടി ഡോളറിൽ അല്ലായെന്ന് പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ. ജി.ഒ. യിലാണ് പറഞ്ഞിരിക്കുന്നത്. എന്നെ പരിഹസിക്കുകയും കളിയാക്കുകയും എനിക്ക് ഉളുപ്പില്ലാന്നുമൊക്കെ പറഞ്ഞു.

എനിക്ക് നല്ല മര്യാദയുള്ളതുകൊണ്ട് ഇതിനകത്തുള്ള മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോയില്ല. ഇതിന്റെ യഥാർത്ഥ കാര്യം എന്നെക്കൊണ്ട് ആവശ്യമില്ലാതെ പറയിപ്പിക്കരുത്. ഇവിടെ ബഹുമാന്യനായ മന്ത്രി നേരത്തെ പറഞ്ഞ കാര്യം, ലോക്കൽ പർച്ചേയ്സ് നടത്തിയപ്പോൾ അത് കോപ്പി റൈറ്റിലാണ് വാങ്ങിയതെന്ന്. ഇതാണ് യഥാർത്ഥ വസ്തുത; അതിന് തർക്കിക്കേണ്ട കാര്യമില്ല. അതുപോലെതന്നെ അന്നത്തെ പരിപ്പിന്റെ വിലയും ഇന്നത്തെ വിലയും... അതൊക്കെ അതിന്റെ വിശദാംശങ്ങളാണ്. അതിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ഇത്തരമൊരു കാര്യത്തിൽ, മുഖ്യമന്ത്രിയെന്ന നിലയിൽ വിജിലൻസ് അന്വേഷണത്തിന് വിടേണ്ട ഒരു പ്രസക്തിയും വരുന്നില്ല. അടിസ്ഥാനപരമായി ഒരു നിലയും ആ തരത്തിലുയർന്നു വരുന്നില്ല.

ഇവിടെ വേറൊരു കാര്യം കൂടി വ്യക്തമാക്കേണ്ടതുണ്ടെന്ന് തോന്നുന്നു. കിഫ്ബിയുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. ആദ്യമൊക്കെ കിഫ്ബിയുമായി ബന്ധപ്പെട്ട് ചില സംശയങ്ങൾ സ്വാഭാവികമായിട്ട് ഉണ്ടാകും. ആ സംശയങ്ങൾ ദൂരീകരിക്കുന്നതിന് അന്ന് ബഹുമാന്യനായ ധനകാര്യമന്ത്രി നല്ലതുപോലെ സമയം എടുത്ത് കാര്യങ്ങൾ

വിശദീകരിച്ചു. അന്ന് പറഞ്ഞ കാര്യങ്ങൾ തന്നെ വീണ്ടും സംശയമായിട്ട് വരികയാണ്. കിഫ്ബിയെന്നു പറയുന്നത്, ഇവിടെ വ്യക്തമാക്കിയതുപോലെ ഒരു സാമ്പത്തിക ഏജൻസി എന്ന നിലയ്ക്കുള്ള സ്ഥാപനമാണ്. ഒരു സാമ്പത്തിക സംവിധാനം, അത്രയേയുള്ളൂ. കിഫ്ബിയല്ല എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്. കേരളത്തിലെ ഗവൺമെന്റുമായി ബന്ധപ്പെട്ട് വിവിധ ഡിപ്പാർട്ടുമെന്റുകളുണ്ട്. അതിൽ നിങ്ങൾ ചില ഒളിയമ്പുകൾ എയ്യുന്നുണ്ടെന്നുള്ളത് വേറൊരു കാര്യം. ആ ഡിപ്പാർട്ടുമെന്റുകളെല്ലാം ഡിപ്പാർട്ടുമെന്റുകളായി തന്നെ നിലനില്ക്കുകയാണ്. കിഫ്ബി ഏതെങ്കിലും വർക്കുകൾ സ്വതന്ത്രമായിട്ട് എടുക്കുകയല്ല ചെയ്യുക; അതിനുവേണ്ട പണമാണ് കിഫ്ബി കൊടുക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, കേരളത്തിന്റെ സമഗ്രമായ വികസനം, സർവ്വതലസ്പർശിയായ, സമഗ്രമായ വികസനമെന്നാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. അത് സാമൂഹികനീതിയിൽ അധിഷ്ഠിതമായതാണ്. അത്തരമൊരു വികസനം എങ്ങനെയെന്ന കാഴ്ചപ്പാട് ഞങ്ങൾ ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ തന്നെ മുന്നോട്ടുവച്ചിരുന്നു. ഇവിടെയിരിക്കുന്ന എല്ലാവരുടെയും കയ്യിലുണ്ട്. അത് ഞങ്ങളുടെ പ്രകടന പത്രികയാണ്. അത് നിങ്ങളുടെ കയ്യിലുമുണ്ടാകും. ഓരോരുത്തരും, ഓരോ

വകുപ്പും ചെയ്യേണ്ട കാര്യങ്ങൾ എങ്ങനെയെന്ന് അത് നോക്കിയാൽ തന്നെ മനസ്സിലാകും. ഓരോ മേഖലയെക്കുറിച്ചും വിശദമായി അതിൽ പറഞ്ഞിട്ടുണ്ട്. അതിന് പണം വേണം. ആ പണം ഇന്നത്തെ ബഡ്ജറ്റിലില്ല; ബഡ്ജറ്റ് അനുസരിച്ച് ഉണ്ടാവില്ല; അതിനുപുറമെയുള്ള പണം വേണം. ആ പണം കണ്ടെത്താനുള്ള ഒരു സംവിധാനമാണ് ഇവിടെ ഒരുക്കിയത്; അതിന്റെ പേരാണിത്. ആ പണം കിട്ടുമോ ഇല്ലയോ എന്നുള്ള ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. ആ ആശങ്ക പ്രകടിപ്പിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഞങ്ങൾ ഉറപ്പായും കാണുന്നത് ആ പണം ലഭിക്കുമെന്നു തന്നെയാണ്. നിശ്ചയിച്ചതിലും കൂടുതൽ പണം ലഭിക്കും. യാതൊരു സംശയവും വേണ്ട.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എന്റെ സംശയം എന്താണെന്നുവച്ചാൽ നമ്മൾ കുറച്ച് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്, ചെലവ് ചുരുക്കൽ മുതലായ കാര്യങ്ങളൊന്നുമില്ലെങ്കിൽ, വേറെ എവിടെനിന്നെങ്കിലും പണം കൊണ്ടുവന്നില്ലെങ്കിൽ ഈ കിട്ടുന്ന പണം നിത്യനിദാന ചെലവിന് പോകും. ഡെവലപ്പ്മെന്റിന് നോക്കുമ്പോൾ പണ്ട് എ.ഡി.ബി.യുടെ കാലത്ത് പറ്റിയതുതന്നെ ഇവിടെയും പറ്റുമെന്ന് ഫോർകാസ്റ്റ് ചെയ്തുവെന്നേയുള്ളൂ. അതിന് വിരുദ്ധമായി തെളിയിക്കുന്നതിൽ എനിക്ക്

വിരോധമില്ല. എന്നാൽ എന്റെ അഭിപ്രായം അത്രയേ ഉണ്ടാവുകയുള്ളൂവെന്നാണ്.

ശ്രീ. പിണറായി വിജയൻ: സർ, ആ ആശങ്ക ശരിയാണ്. കാരണം ഇന്നലെയും ചർച്ച ചെയ്ത വിഷയം അതാണല്ലോ. ഭരണ നവീകരണത്തിനുവേണ്ടി പണം എടുത്തിട്ട് ആ പണം വേറെ വഴിക്ക് ചെലവഴിച്ചതാണ് നമ്മൾ കണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു ആശങ്കയുണ്ടാകുന്നതിൽ തെറ്റില്ല. കിഫ്ബിയുടെ കാര്യത്തിൽ ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അത് വ്യക്തമാക്കിയതല്ല, നിയമം തന്നെ വന്നിരിക്കുകയാണ്. ആ പണം ബഡ്ജറ്റുമായി കൂടിച്ചേരുന്നില്ല. ബഡ്ജറ്റിന്റെ ഭാഗവുമല്ല. ബഡ്ജറ്റിന്റെ ഭാഗമല്ലെങ്കിലും വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന നടപ്പാക്കുന്ന പദ്ധതിയായിട്ടുതന്നെയാണ് അത് വരിക. അവിടെയാണ് വ്യത്യാസം മനസ്സിലാക്കേണ്ടത്. കിഫ്ബി എന്നത് ഏതെങ്കിലും ഒരു പദ്ധതി നടപ്പാക്കുകയല്ല. വിവിധ ഡിപ്പാർട്ടുമെന്റുകൾ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് കാണും. ആ പണത്തിന് കിഫ്ബിയെ സമീപിക്കും. പണം കിഫ്ബി നൽകും ഇതാണുണ്ടാകുന്നത്. അത് ബഡ്ജറ്റുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. കെ. സി. ജോസഫ്: സർ, ആക്ടിൽ അങ്ങനെയല്ല. അതിൽ പറയുന്നത് പണം ഡിപ്പാർട്ട്മെന്റുകൾക്ക് കൊടുക്കുമെന്നാണ്. ..........(മൈക്ക്

ഓഫ്)............

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതിനാണ് SPV ഉണ്ടാകുമെന്ന് പറഞ്ഞത്. ഈ പണം ചെലവഴിക്കാൻ Special Purpose Vehicle ഉണ്ടാകുമെന്ന് പറഞ്ഞില്ലേ? ആ തരത്തിലാണ് ചെലവഴിക്കുന്നത്. അതുസംബന്ധിച്ച് വേറെ ആശങ്കയുണ്ടാകേണ്ടതില്ല.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, ആവശ്യമായ ഡിപ്പാർട്ടുമെന്റുകൾ വഴി ചെലവഴിക്കേണ്ട പണം കിഫ്ബി കൊടുക്കുമെന്നാണ് അങ്ങ് പറഞ്ഞത്. ബഡ്ജറ്റിനകത്ത് ധനകാര്യമന്ത്രി പറഞ്ഞത്, കിഫ്ബി സമാഹരിക്കുന്ന പണം ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ടുമെന്റുകൾ വഴി ചെലവഴിക്കുകയോ ഇല്ലായെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത് അങ്ങ് പറഞ്ഞതിന് വിരുദ്ധമല്ലേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുതന്നെയാണ് ഞാനും പറഞ്ഞത്. പറഞ്ഞാലും മനസ്സിലാകില്ലായെന്നു പറയുന്നത് ഒരു വല്ലാത്ത അവസ്ഥ തന്നെയാണ്. ഞാൻ പറഞ്ഞത്, എന്താണോ പ്രവൃത്തി ആ പ്രവൃത്തി തീരുമാനിക്കുന്നത് ഓരോ ഡിപ്പാർട്ടുമെന്റുമാണ്. ഡിപ്പാർട്ടുമെന്റ് തീരുമാനിക്കുന്ന പ്രവൃത്തിക്ക് പണം ബഡ്ജറ്റിൽ ഇല്ലായെന്ന് വിചാരിക്കുക. എന്നാൽ കൂടുതൽ

പണം ആവശ്യവുമാണ്. അതിന് കിഫ്ബി സഹായിക്കും. കിഫ്ബി സഹായിക്കുന്നതോടെ അത് ബഡ്ജറ്റ് വർക്കല്ല. അതൊരു എസ്.പി.വി. സംവിധാനമുണ്ടാക്കി അതിലൂടെ നടപ്പാക്കുന്ന വർക്കായിട്ട് മാറും. എന്നാലും അത് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ തന്നെയാണ് നടക്കുന്നത്. ഒരു ആശയക്കുഴപ്പവും ഇതിൽ ഉണ്ടാകേണ്ടതില്ല. കൃത്യമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ നമുക്ക് സാധിക്കും. ഇത്രയും കാര്യങ്ങളേ എനിക്ക് പറയാനുള്ളൂ. .......(ബഹളം)......

മി. സ്പീക്കർ: ......പ്ലീസ്.....അദ്ദേഹം ഇരുന്നു. പ്ലീസ്....... പ്ലീസ്........ ഇല്ല, ഇനിയില്ല. .......(ബഹളം)...... ശ്രീ. പി. ടി. തോമസ് അങ്ങ് ഇതൊന്നും അറിയാത്ത ആളാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്ത് സംസാരിക്കണമെന്ന് നമുക്ക് തീരുമാനിക്കാൻ പറ്റുമോ? അദ്ദേഹം പറയേണ്ട കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. .......പ്ലീസ്.... ഇതു ശരിയല്ല. ........പ്ലീസ്....

## 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, അങ്ങേയ്ക്ക് 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ:**

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. എൽദോ എബ്രഹാം

14. ശ്രീമതി ഗീതാ ഗോപി

15. ശ്രീ. ജോർജ് എം. തോമസ്

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജെയിംസ് മാത്യു

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. സി. കൃഷ്ണൻ

24. ശ്രീ. കെ. കൃഷ്ണൻകുട്ടി

25. ശ്രീ. കെ. കുഞ്ഞിരാമൻ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. വി. കെ. സി. മമ്മത് കോയ

28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

32. ശ്രീ. എ. സി. മൊയ്തീൻ

33. ശ്രീ. മുഹമ്മദ് മുഹസിൻ

34. ശ്രീ. ഡി. കെ. മുരളി

35. ശ്രീ. മുരളി പെരുനെല്ലി

36. ശ്രീ. സി. കെ. നാണു

37. ശ്രീ. എം. നൗഷാദ്

38. ശ്രീ. യു. ആർ. പ്രദീപ്

39. ശ്രീ. എ. പ്രദീപ് കുമാർ

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ ഹരി

42. ശ്രീ. പി. ടി. എ. റഹീം

43. ശ്രീ. എം. രാജഗോപാലൻ

44. ശ്രീ. കെ. രാജൻ

45. ശ്രീ. ആർ. രാജേഷ്

46. ശ്രീ. റ്റി. വി. രാജേഷ്

47. ശ്രീ. രാജു എബ്രഹാം

48. ശ്രീ. ആർ. രാമചന്ദ്രൻ

49. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

50. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

51. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

52. ശ്രീ. മുല്ലക്കര രത്നാകരൻ

53. പ്രൊഫ. സി. രവീന്ദ്രനാഥ്

54. ശ്രീ. കാരാട്ട് റസാഖ്

55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. എ. കെ. ശശീന്ദ്രൻ

57. ശ്രീ. സി. കെ. ശശീന്ദ്രൻ

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. ബി. സത്യൻ

61. ശ്രീ. എ. എൻ. ഷംസീർ

62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

63. ശ്രീ. ജി. സുധാകരൻ

64. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

65. ശ്രീ. കെ. സുരേഷ് കുറുപ്പ്

66. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ

67. ശ്രീ. തോമസ് ചാണ്ടി

68. ഡോ. ടി. എം. തോമസ് ഐസക്

69. ശ്രീ. പി. ഉണ്ണി

70. ശ്രീമതി വീണാ ജോർജ്ജ്

71. ശ്രീ. കെ. വി. വിജയദാസ്

72. ശ്രീ. ഇ. കെ. വിജയൻ

73. ശ്രീ. പിണറായി വിജയൻ

74. ശ്രീ. എൻ. വിജയൻ പിള്ള

**<u>പ്രതികൂലിക്കുന്നവർ:</u>**

1. ശ്രീ. അബ്ദുൾ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുള്ള

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. വി. റ്റി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

21. ശ്രീ. മോൻസ് ജോസഫ്

22. ശ്രീ. കെ. മുരളീധരൻ

23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

24. ശ്രീ. രമേശ് ചെന്നിത്തല

25. ശ്രീ. കെ. എസ്. ശബരീനാഥൻ

26. ശ്രീ. വി. പി. സജീന്ദ്രൻ

27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. കെ. എം. ഷാജി

30. ശ്രീ. വി. എസ്. ശിവകുമാർ

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 74 |
| പ്രതികൂലിക്കുന്നവർ | - | 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ചട്ടം 130 )